# പുനഃപ്രതിഷ്ഠ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
ഫീലിയോ ബുക്ക്സ്
കോലഞ്ചേരി – 683 562

# പുനഃപ്രതിഷ്ഠ

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെൻ്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Lijo Puthusseril
●
Printed at
Don Bosco IGACT, Kochi - 28
●
Price: ` 80
●

All rights reserved with the publisher

# ആമുഖം

“Reading maketh a full man, writing an exact man and conference a ready man.” Lord Bacon പറഞ്ഞ ഒരു മനോഹരമായ വാക്യമാണിത്. വായന, മനുഷ്യനെ സമ്പന്നനാക്കുന്നു; മനുഷ്യനെ നിറഞ്ഞവനാക്കുന്നു. ജീവിതത്തിൽ നിറവു നൽകി അനുഗ്രഹിക്കുന്നു. എഴുത്ത് മനുഷ്യനെ തികഞ്ഞവനാക്കുന്നു. എന്നാൽ ചർച്ചകളും പര്യാലോചനകളും മനുഷ്യനെ സുസജ്ജനാക്കുന്നു. വായനയുടെ മേന്മകൊണ്ട് നാം സമ്പന്നരായിത്തീരുന്ന അത്ഭുതാനുഭവങ്ങൾ അനേകർക്കുണ്ട്. വിജ്ഞാന സംവർദ്ധകമായ അനേകം ഗ്രന്ഥങ്ങളുണ്ട്. സംസ്ക്കാരത്തിന്റെ അഭ്യുന്നതിക്കും വർദ്ധനയ്ക്കും വായന കൂടിയേ കഴിയൂ. വിദ്വത്ജനങ്ങൾ വായനകൊണ്ട് സ്വയം ശക്തരായിത്തീരുന്നു; അനേകരെ ധന്യരാക്കുകയും ചെയ്യുന്നു.

എന്നാൽ ആദ്ധ്യാത്മിക സംസ്ക്കാരത്തിന്ന് ഉതകുന്ന മൂല്യവത്തായ അനേകം ഗ്രന്ഥങ്ങളുണ്ട്. എഫ്.ബി. മേയർ, സി.എച്ച്. സ്പർജൻ, ‘Pilgrim’s progress’ എഴുതിയ ജോൺ ബെനിയൻ, ബൈബിൾ വ്യാഖ്യാനമെഴുതിയ വില്യം മക്ഡൊണാൾഡ്, വാച്ച്മാൻ നീ, ബസിലിയാ ഷ്ലിൻക്, മെർലിൻ ക്രോതേഴ്സ്, നോർമൻ വിൻസന്റ് പീൽ, എ.ഡബ്ല്യു. ടോസർ, ഭക്തസിംഗ്, സുന്ദർസിംഗ്, എസ്.എൽ. ബ്രെംഗിൾ, കെ.വി. ചെറിയാൻ, ബില്ലി ഗ്രഹാം, മൗറിസ് റൗലിംഗ്സ്, ഡി.എൽ. മൂഡി മുതലായ അനേകം ഭക്തരായ പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽക്കൂടി ഭക്തിസാഹിത്യത്തിന് ഉയിരും ഉന്മേഷവും പകർന്നിട്ടുള്ളവരാണ്.

ഈ മഹാന്മാരുടെ ഗ്രന്ഥങ്ങൾ വായിക്കാനിടയായതാണ് വായനാലോകത്തേക്ക് എനിക്ക് പ്രവേശിക്കാൻ വഴിയൊരുക്കിയത്. പക്ഷേ ഞാൻ വായിക്കുന്തോറും പഠിക്കുന്തോറും അതിവിശാലമായ ഒരു വിജ്ഞാനലോകമാണ്, വിജ്ഞാന പാരാവാരമാണ് എനിക്കു മുന്നിൽ കാണുന്നത്. ഈ മഹാസമുദ്രത്തിന്റെ മണൽപ്പരപ്പിലേക്കോ, പരിസരത്തിലേക്കു പോലുമോ എത്തിനോക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഞാൻ അഭിമാനിക്കുന്നില്ല. ആകെയുള്ളത് വചനം പഠിക്കാനുള്ള ഒരാഗ്രഹം കർത്താവ് തന്നു എന്നുള്ളതു മാത്രമാണ്.

പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടതു മുതൽ ഞാൻ അനേകം ആത്മീയഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. പലതും എന്നെ ആവേശം കൊള്ളിച്ചു. ചിലതെല്ലാം എന്നെ കരയിപ്പിച്ചു; മറ്റു ചിലതെല്ലാം എന്നെ ചിന്തിപ്പിച്ചു. ആത്യന്തിക ഫലം, കർത്താവിന്റെ വേല എങ്ങനെയെല്ലാമാണ് ചെയ്യേണ്ടത് എന്നുള്ള ഒരന്വേഷണമായിരുന്നു. അങ്ങനെയാണ് ആത്മീയ ഗ്രന്ഥരചനയുടെ ലോകത്തേക്ക് ഞാൻ കാലെടുത്ത് വച്ചത്.

മഹാന്മാരായ ഗ്രന്ഥകാരന്മാർ പറഞ്ഞുവച്ച കാര്യങ്ങൾ അവർ എഴുതിയില്ലായിരുന്നെങ്കിൽ ഈ തലമുറയിലെ എനിക്കും എന്നെപ്പോലുള്ള അനേകർക്കും മഹത്തായ ആശയങ്ങൾ ലഭിക്കുകയില്ലായിരുന്നല്ലോ. ബില്ലി ഗ്രഹാം, വാറൻ വിയേഴ്സ്ബി മുതലായ ധന്യാത്മാക്കൾ എഴുതിവച്ച ആശയങ്ങൾ നമുക്കിന്ന് ലഭിക്കുന്നത് അവരുടെ ഗ്രന്ഥങ്ങൾ ജീവിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അവരിന്ന് ഭൂമിയിലില്ലെങ്കിലും ആ പുണ്യാത്മാക്കൾ ധരിച്ചതും പഠിച്ചതുമായ ആശയങ്ങൾ, കാലങ്ങൾ മാറിമാറിപ്പോയാലും എന്നേക്കും നിലനിൽക്കുന്നവയാണല്ലോ. അതാണ് പുസ്തകരചനയിലേക്ക് ചുവടുവയ്ക്കുവാൻ എനിക്ക് പ്രേരകമായത്.

എന്റെ ഈ നൂറ്റിനാൽപതാമത്തെ പുസ്തകമുൾപ്പെടെയുള്ള എല്ലാ പുസ്തകങ്ങളും അഗാധമായ പാണ്ഡിത്യമു

ള്ളവയൊന്നുമല്ല, നിഷ്കൃഷ്ടമായ പഠനവുമില്ല. ദൈനംദിന പ്രായോഗിക ജീവിതത്തിൽ ഭക്തി പുലർത്തുക, വിശുദ്ധജീവിതം നയിക്കുക, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തത്തിൽ കൂടിയുള്ള പാപമോചനം പ്രാപിക്കുക, ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തുവിനെ അടുത്തറിയാൻ കഴിയുക, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുപറ്റം വിശ്വാസികളെ ഒരുക്കുക, ഒരുകാലത്ത് മാനസാന്തരപ്പെട്ടവരെങ്കിലും ലോകത്തിലേക്കും പാപത്തിലേക്കും തിരിഞ്ഞ് ജീവൻ നഷ്ടപ്പെട്ടവർക്ക് ഒരു മടങ്ങിവരവിനുള്ള ആഹ്വാനം നൽകുക ഇതെല്ലാമാണ് ഈ പുസ്തകത്തിന്റെ രചനയുടെ പിന്നിലെ ലക്ഷ്യം.

'പുന:പ്രതിഷ്ഠ' ക്രിസ്തീയജീവിതത്തിൽ കൂടിയേ കഴിയൂ. മുന്നോട്ട് കുതിച്ചോടിയ വിശ്വാസികൾ പലരും ഓട്ടക്കളത്തിൽ തളർന്നു വീണിട്ടുണ്ട്. അതുകൊണ്ട് 'മാനസാന്തരപ്പെട്ടവരുടെ മാനസാന്തരം' ലക്ഷ്യമാക്കി ഒരു പുസ്തകമെഴുതണമെന്നുള്ള ആശയാണ് ഈ ഗ്രന്ഥരചനയുടെ ഉത്സാഹത്തിനു കാരണം.

എത്രയോ ദൈവമക്കളുടെ വിശ്രമരഹിതമായ അദ്ധ്വാനം കൊണ്ടാണ് ഈ പുസ്തകം പ്രകാശം കാണുന്നത്. അവരുടെ അത്യുത്സാഹവും കഠിനാദ്ധ്വാനവും ഇല്ലായിരുന്നെങ്കിൽ ഈ പുസ്തകം വെളിച്ചം കാണുകയില്ലായിരുന്നു. കൈയെഴുത്തു കോപ്പി, ഡി.റ്റി.പി., കവർപേജ്, എഡിറ്റിംഗ്, പ്രിന്റിംഗ് മുതലായ വിഭിന്ന കാര്യങ്ങളിൽ വിശ്രമമില്ലാതെ പണിയെടുത്ത എന്റെ ആത്മീയ സഹോദരരുടെ അദ്ധ്വാനത്തിന് കരുണയുള്ള കർത്താവ് പ്രതിഫലം നല്കട്ടെ എന്ന് മാത്രമേ ഞാൻ ആശംസിക്കുന്നുള്ളൂ.

ഏറ്റവും ഒടുവിലായി തെറ്റുകളുണ്ടോ എന്നു നോക്കി തിരുത്തിത്തന്ന ഓർത്തഡോക്സ് സഭയിലെ അങ്കമാലി ഭദ്രാസനത്തിലെ റവ. ഫാ. തോമസ് പഴമ്പിള്ളി അച്ചനോടും കേരള

സ്റ്റേറ്റ് സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ് ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. എം.എ. ആൻഡ്രൂസിനോടും എനിക്കുള്ള ഉള്ളഴിഞ്ഞ നന്ദി ഞാൻ ഇവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ഇതു വായിക്കുന്ന ഓരോരുത്തർക്കും ഒരു പുനഃപ്രതിഷ്ഠയ്ക്ക് ഇത് സഹായകമായിത്തീരും എന്നുള്ള വിശ്വാസത്തോടും പ്രാർത്ഥനയോടും കൂടെ ഞാൻ ഈ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

*''എന്നാൽ അവർ ഞങ്ങളോട്: ഞങ്ങൾ സ്വർഗ്ഗത്തിനും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു; ഏറിയ സംവത്സരം മുമ്പെ പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു. അത് യിസ്രായേലിന്റെ ഒരു മഹാരാജാവ് പണിതതായിരുന്നു. എങ്കിലും ഞങ്ങളുടെ പിതാക്കന്മാർ സ്വർഗ്ഗത്തിലെ ദൈവത്തെ കോപിപ്പിച്ചതുകൊണ്ട് അവൻ അവരെ ബാബേൽ രാജാവായ നെബൂഖദ്നേസർ എന്ന കൽദയന്റെ കൈയിൽ ഏല്പിച്ചു; അവൻ ഈ ആലയം നശിപ്പിച്ച് ജനത്തെ ബാബേലിലേക്കു കൊണ്ടുപോയി.''* *എസ്രാ 5 : 11, 12*

Rebuilding of the Temple.

എസ്രായുടെ പുസ്തകവും നെഹമ്യാവിന്റെ പുസ്തകവും തിരുവചനത്തിൽ നമുക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള പുസ്തകങ്ങളാണ്. ചരിത്രപരമായ പശ്ചാത്തലം അറിഞ്ഞെങ്കിൽ മാത്രമേ ആ പുസ്തകങ്ങളുടെ സാരം നമുക്ക് ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ.

എസ്രായുടെ പുസ്തകത്തിലും നെഹമ്യാവിന്റെ പുസ്തകത്തിലും പറയുന്ന രണ്ട് സാമ്രാജ്യങ്ങളുടെ ചരിത്രമുണ്ട് ലോകചരിത്രത്തിൽ. ആദിമകാലം മുതലുള്ള ലോകചരിത്രം നോക്കിയാൽ നാല് മഹാസാമ്രാജ്യങ്ങൾ ഉണ്ടായിട്ടുണ്ട്.

1. ബാബിലോണിയൻ സാമ്രാജ്യം

2. പേർഷ്യൻ സാമ്രാജ്യം
3. ഗ്രീക്ക് സാമ്രാജ്യം
4. റോമൻ സാമ്രാജ്യം.

നെബൂഖദ്നേസർ എന്ന വളരെ സമർത്ഥനായ ഒരു ഭരണാധികാരിയുടെ കീഴിലുണ്ടായിരുന്ന ഒരു സാമ്രാജ്യമായിരുന്നു ബാബിലോണിയൻ സാമ്രാജ്യം. നെബൂഖദ്നേസറിനു ശേഷം ബാബിലോണിയൻ സാമ്രാജ്യം ബേൽശസ്സർ രാജാവ് ഭരിച്ചു. അദ്ദേഹത്തിന്റെ ഭരണം വളരെ ദുർബ്ബലമായിരുന്നു.

അന്ന് പേർഷ്യയിൽനിന്നുള്ള സൈന്യം വന്ന് ബേൽശസ്സറിനെ കൊല്ലുകയും അവിടെ പേർഷ്യൻ സാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു. പേർഷ്യൻ സാമ്രാജ്യത്തിൽ സൈറസ് എന്ന് പറയുന്ന കോരശ് രാജാവുണ്ട്. ഡേറിയസ് എന്നു പറയുന്ന ദാര്യാവേശ് രാജാവുണ്ട്. "സേർസസ്" എന്നു പറയുന്ന അഹശ്വരോശ് ചക്രവർത്തിയുണ്ട്. ഇതെല്ലാം ചരിത്ര വസ്തുതകളാണ്.

പേർഷ്യൻ സാമ്രാജ്യം വളരെ ശക്തമായ സാമ്രാജ്യമായിരുന്നു. അതിലെ സൈറസ് ചക്രവർത്തി വളരെ വിശ്രുതനായിരുന്നു. അതിനുശേഷം വന്ന ദാര്യാവേശ് രാജാവും പരാക്രമശാലിയായ ചക്രവർത്തിയായിരുന്നു.

അർത്ഥഹ്ശഷ്ടാ രാജാവും അഹശ്വേരോശ് രാജാവും അവിടുത്തെ പ്രസിദ്ധരായ ചക്രവർത്തിമാരായിരുന്നു. ചരിത്രവും വേദപുസ്തകവും എല്ലാം ഒരുമിച്ചാണ് പോകുന്നത്. ചരിത്രത്തിൽ ഇല്ലാത്ത വസ്തുതയല്ല വേദപുസ്തകത്തിൽ ഉള്ളത്.

പേർഷ്യൻ സാമ്രാജ്യത്തിന് ശേഷം വന്ന വളരെ ശക്തമായ സാമ്രാജ്യമായിരുന്നു ഗ്രീക്ക് സാമ്രാജ്യം. ഗ്രീക്ക് സാമ്രാജ്യത്തിന്റെ ശക്തനായ ഭരണാധികാരിയായിരുന്നു അലക്സാണ്ടർ ചക്രവർത്തി. ആ സാമ്രാജ്യം ഛിന്നഭിന്നമായിപ്പോയി. പിന്നീട് വന്നതാണ് റോമൻ സാമ്രാജ്യം.

ജൂലിയസ് സീസർ, ഔഗുസ്തോസ് കൈസർ എന്ന് വേദപുസ്തകം പറയുന്ന അഗസ്റ്റസ് സീസർ എന്നീ ചക്ര വർത്തിമാരുടെ കീഴിൽ വന്ന റോമൻ സാമ്രാജ്യവും വിശ്രുത മായിരുന്നു. ദൈവത്തിന്റെ വചനത്തിൽ ഈ സാമ്രാജ്യ ങ്ങൾക്കെല്ലാം വളരെ പ്രാധാന്യമുണ്ട്.

ഈ സാമ്രാജ്യങ്ങളെല്ലാം വളരെ ഉയരുകയും ക്ഷയിക്കു കയും ചെയ്തെങ്കിലും ഇതിന്റെയെല്ലാം പിന്നിൽ ദൈവ ത്തിന്റെ കരം പ്രവർത്തിച്ചിരുന്നു എന്ന് തിരുവചനം പറയുന്നു. നെബൂഖദ്നേസർ രാജാവ് ബാബിലോണിയൻ ചക്രവർത്തി യായിരുന്ന കാലത്താണ് രാജാവും രാജാവിന്റെ സൈന്യ ങ്ങളും വന്ന് യരൂശലേമിനെ ഉപരോധിച്ചത്.

യെരൂശലേം പട്ടണം ആക്രമിയ്ക്കുകയും യെരൂശലേം ദേവാലയത്തെ അവർ ഇടിച്ചുപൊടിച്ചു കളകയും ചെയ്തു. ശലോമോൻ പണിത യെരൂശലേം ദേവാലയം വളരെ മഹത്തര മായ, ദൈവത്തിന്റെ വിശുദ്ധ ദേവാലയമായിരുന്നു.

ഏഴു വർഷംകൊണ്ടാണ് ദേവാലയത്തിന്റെ പണി ശലോ മോൻ തീർത്തത്. വളരെ മനോഹരമായ ആ ദേവാലയം പക്ഷേ, നെബൂഖദ്നേസർ രാജാവ് വന്ന് നശിപ്പിച്ച് കളഞ്ഞു. അതോടുകൂടി യഹൂദന്മാരെല്ലാവരും നിലവിളിയായി. യാഗം മുടങ്ങി. ആരാധന മുടങ്ങി.

നെബൂഖദ്നേസർ രാജാവ് ദേവാലയത്തിലുണ്ടായിരുന്ന അനേകം വിശുദ്ധപാത്രങ്ങളെ ബാബിലോണിയായിലേക്ക് കൊണ്ടുപോയി. വിശുദ്ധി പകർന്നിരുന്ന പാത്രങ്ങൾ! ആരാധ നയ്ക്ക് ഉപയോഗിച്ചിരുന്ന പാത്രങ്ങൾ! നെബൂഖദ്നേസർ പാത്രങ്ങൾ കൊണ്ടുപോയി എന്നു മാത്രമല്ല, തന്റെ മകനായ ബെൽശസ്സർ രാജാവ് അതിൽ വീഞ്ഞ് പകർന്ന് കുടിക്കുകയും രസിക്കുകയും മദിക്കുകയും ചെയ്തു.

എല്ലാം ദൈവം കണ്ടുകൊണ്ടിരുന്നു. യെരൂശലേം ദേവാ ലയം നശിപ്പിക്കുന്നതിനുമുമ്പ് ദൈവം തന്റെ ജനത്തിന് അരുള

പ്പാട് കൊടുത്തിരുന്നു. യിരമ്യാപ്രവാചകനിൽക്കൂടി കൊടുത്ത അരുളപ്പാട്: “നിങ്ങൾ എല്ലാവരും വിദേശ ചക്രവർത്തിക്ക് അടിമകളാകും, നിങ്ങളിൽ അനേകരെ നെബൂഖദ്നേസർ വന്നു പിടിച്ചുകൊണ്ടുപോകും” എന്നായിരുന്നു. (യിരെമ്യാവ് 34 : 2, 3)

പക്ഷേ, അന്നത്തെ രാജാവ് യിരമ്യാപ്രവാചകനെ കെട്ടിയിട്ടു. യെരൂശലേമിനെതിരായി പ്രവചിച്ചതുകൊണ്ട് പ്രവാചകന് വളരെ പീഡയുണ്ടായി.

എന്നാൽ പ്രവാചകൻ പറഞ്ഞു: നിങ്ങൾ എന്നെ പീഡിപ്പിച്ചാലും സത്യം സത്യമാണ്. ഈ നാട് മുടിയും. ഈ ദേശത്ത് നിന്ന് എല്ലാ അനുഗൃഹീതവസ്തുക്കളെയും ബാബേലിലേയ്ക്ക് കൊണ്ടുപോകും. ഈ ദേശത്ത് നിന്ന് അനേകം പേരെ അടിമകളാക്കിക്കൊണ്ടുപോകും. നിങ്ങൾ പ്രവാസികളായി ബാബേലിലേയ്ക്ക് പോകേണ്ടി വരും. (യിരെമ്യാവ് 38 : 22, 23)

ഇതെല്ലാം പറഞ്ഞെങ്കിലും ജനം ശ്രദ്ധിച്ചില്ല. ജനത്തിന് അതു പറഞ്ഞ ആളോടാണ് ദേഷ്യം വന്നത്. സിദെക്കിയാവ് രാജാവിന് ദേഷ്യം വന്നു. യിരെമ്യാവിനെ പിടിച്ച് ബന്ധിക്കുകയും പട്ടിണി കിടത്തുകയും ചെയ്തു.

പക്ഷേ യിരമ്യാവ് പറഞ്ഞുകൊണ്ടിരുന്നു. അങ്ങനെ തന്നെ സംഭവിച്ചു. അന്ന് യെരൂശലേം ദേവാലയം ഇടിച്ചുപൊളിച്ച് കളഞ്ഞതിനുശേഷം പിന്നീട് ബാബേലിലേക്ക് അടിമകളായി കൊണ്ടുപോയിരുന്ന യഹൂദന്മാർ അവിടെ ബാബേൽ നദിയുടെ തീരത്തിരുന്ന് കരഞ്ഞുകൊണ്ടിരുന്നു.

ഞങ്ങൾക്ക്, മുമ്പുണ്ടായിരുന്ന ആരാധന തിരികെ കിട്ടുമോ? മുമ്പുണ്ടായിരുന്ന സൗഭാഗ്യങ്ങൾ ഞങ്ങൾക്ക് തിരികെ കിട്ടുമോ എന്നെല്ലാം അവർ ആശയോടെ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അവരെ ധൈര്യപ്പെടുത്താൻ സെരുബ്ബാബേൽ എന്നു പറയുന്ന ഗവർണറും യഹോസാദാക്കിന്റെ മകനായ യോശുവ എന്ന മഹാപുരോഹിതനും അവിടെ ഉണ്ടായിരുന്നു.

അവരുടെ വചനം കേട്ട് ജനം ധൈര്യപ്പെട്ടുകൊണ്ടിരുന്നു. അപ്പോഴാണ് ദൈവം പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ മനസ്സുണർത്തിയത്. കോരശ് രാജാവ് കല്പന പുറപ്പെടുവിച്ചു: "അടിമകളായി വന്ന യഹൂദന്മാരെല്ലാവരും അവരുടെ ദേശത്തേയ്ക്ക് മടങ്ങിപ്പോകട്ടെ." (എസ്രാ 1 : 2-5) അങ്ങനെ അവർ തിരികെ പോയി.

അവർ യെരൂശലേമിൽ എത്തി. അവർക്ക് പ്രോത്സാഹനം കൊടുക്കാൻ ഹഗ്ഗായി പ്രവാചകനും സെഖര്യാവ് പ്രവാചകനും ഉണ്ടായിരുന്നു. പ്രവാചകന്മാർ അവർക്ക് ദൈവത്തിന്റെ വചനം പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. പുരോഹിതനായ യഹോസാദാക്കിന്റെ മകനായ യോശുവ അവരെ ആത്മീയമായി പരിശീലിപ്പിച്ചുകൊണ്ടിരുന്നു.

അന്ന് ജനം സന്തോഷിച്ച് യെരൂശലേമിലെത്തി ഇടിഞ്ഞുപോയ ദേവാലയം പണിയാൻ തുടങ്ങി. അപ്പോഴാണ് പുതിയ പ്രശ്നം വന്നത്. ഇവരേതോ വിപ്ലവകാരികളാണ്, വിദേശത്തുനിന്നു വന്നവരാണ്, ഏതോ ആലയം പണിയുന്നു എന്നെല്ലാം പറഞ്ഞ് ആളുകൾ ബഹളം കൂട്ടി.

കോരശിന് ശേഷം വന്ന അർത്ഥഹ്ശഷ്ഠാ രാജാവ്: "ഇവർ രാജാവിനോടും രാജകൂട്ടത്തോടും മത്സരിക്കുന്നവരാണെങ്കിൽ അവരുടെ പണിമുടങ്ങട്ടെ" എന്ന് പറഞ്ഞ് മുടക്ക് കല്പന പുറപ്പെടുവിച്ചു.

പക്ഷേ, ജനത്തിന് ഒരു പ്രയാസവും തോന്നിയില്ല. പിന്നീട് അവർ ദാര്യാവേശ് രാജാവിന് ഒരു എഴുത്ത് കൊടുത്തു. ഒരു നിവേദനം കൊടുത്തു. ഞങ്ങൾ രാജഗൃഹത്തോട് മത്സരിക്കുന്നവരല്ല. ഞങ്ങൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ശുശ്രൂഷക്കാരാണ്.

ഞങ്ങൾ ഈ നാട്ടിലേക്ക് വന്നത് ദൈവത്തിന്റെ കൃപകൊണ്ടാണ്. ഞങ്ങൾ അടിമകളായി ബാബേലിൽ പാർത്തവരായിരുന്നു. എന്നാൽ ഞങ്ങളെ ദൈവം വിടുവിച്ചുകൊണ്ടുവ

ന്നു. ഞങ്ങൾ തിരിച്ചു വന്നത് ഇവിടെ ഉണ്ടായിരുന്ന ദേവാലയം ഒന്നുകൂടി പുതുക്കിപ്പണിയാനാണ്.

തകർന്നുപോയ ദേവാലയം പുതുക്കിപ്പണിയുക. അതാണ് ഞങ്ങളുടെ ഉദ്ദേശ്യം. ഇതെല്ലാം അവർ രാജാവിനെ ബോധ്യപ്പെടുത്തി. ഏറിയ സംവത്സരം മുമ്പേ ഈ ആലയം പണിതതായിരുന്നു. അത് നശിച്ചുപോയപ്പോൾ, ഇപ്പോൾ ഞങ്ങളീ ആലയം പണിയുന്നു.

പ്രിയപ്പെട്ടവരേ, എന്താണതിന്റെ അർത്ഥം? ഏറിയകാലമായി പണിതിരുന്ന ആലയം ഇന്ന് തകർന്നുപോയി. പൂർവ്വിക പിതാക്കന്മാരുടെ കാലത്തുണ്ടായിരുന്ന വിശ്വാസം തകർന്നുപോയി. പിതാക്കന്മാരുടെ കാലത്തുണ്ടായിരുന്ന ഐശ്വര്യം ക്ഷയിച്ചുപോയി. സന്തോഷവും സമാധാനവും നഷ്ടപ്പെട്ടുപോയി.

ഇന്ന് ആലയം ശൂന്യമായിക്കിടക്കുന്നു. ആലയത്തിന്റെ പണി മുടങ്ങിക്കിടക്കുന്നു. ആത്മീയമായി ആലയം എന്ന് പറഞ്ഞാൽ എന്താണ്?

> *"നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ."*
>
> *1 കൊരിന്ത്യർ 3 : 16, 17*

നിങ്ങളാണ് ദൈവത്തിന്റെ ആലയം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അപ്പൊസ്തലനായ പൗലോസിൽക്കൂടി പറയുകയാണ്. നിങ്ങൾ ഓരോരുത്തരുമാണ് ദൈവത്തിന്റെ പള്ളി. ദൈവാത്മാവ് നമ്മിൽ വസിക്കണം.

ദൈവാത്മാവ് നമ്മിൽ വസിക്കുവാൻ തക്കവണ്ണം ഒരിക്കൽ നാം ഒരു തീരുമാനം എടുത്തതാണ്. എന്താണ് തീരുമാനം? "സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മിശിഹായെ

ഞാൻ സ്വീകരിക്കുന്നു.” നാമെല്ലാവരും മാമോദീസായിൽ ഈ സമർപ്പണം എടുത്തവരാണ്. മാമോദീസായുടെ സമയത്ത് തലതൊട്ടപ്പനോ, തലതൊട്ടമ്മയോ നമുക്കുവേണ്ടി ഈ തീരുമാനം എടുത്തതാണ്.

ഓരോ മനുഷ്യനും സാത്താന്റെ ബന്ധനത്തിലാണ്. ഭാഗ്യവശാൽ ദൈവം നമുക്ക് മോചനം തന്നു. സ്വാതന്ത്ര്യം തന്നു. ദൈവം നമ്മുടെ പാപബന്ധനങ്ങളെ അഴിച്ചുകളഞ്ഞു. പാപത്തിന്റെ ബന്ധനം നിങ്ങളിൽ ഉണ്ടായിരുന്നില്ലേ? ഈ ആലയം അശുദ്ധമാക്കിയത് എങ്ങനെയെല്ലാമാണ്?

ഏതെല്ലാം തിന്മകളാണ് നമ്മിൽ വന്നത്? അസത്യം പറഞ്ഞു, മോഷ്ടിച്ചു, കവർച്ചകൾ നടത്തി. നാം പുറമേ മാന്യന്മാരായി ജീവിച്ചപ്പോഴും മറ്റുള്ളവരുടെ പലതും നമ്മിൽ വന്നുചേർന്നു. നാം തെറ്റായ വഴികളിൽക്കൂടി നടന്നു. നമ്മുടെ കുടുംബജീവിതം ഭദ്രമായിരുന്നില്ല. പലപ്പോഴും വഴക്കും പിണക്കവുംകൊണ്ട് കുടുംബജീവിതം ശിഥിലമായിപ്പോയിരുന്നു. സ്നേഹം ശൂന്യമായിപ്പോയിരുന്നു. ഭാര്യയും ഭർത്താവും അകന്ന് പോയിരുന്നു.

അനേകം കുടുംബങ്ങളിൽ സ്നേഹമില്ല. മാതാപിതാക്കളെ അനുസരിക്കുന്നില്ല. ഈ ആലയം അശുദ്ധമായിത്തീർന്നു. അശുദ്ധവാക്കുകൾ പറഞ്ഞു. ശപിച്ചു. പ്രാകി. അപ്പോഴെല്ലാം ദൈവം തന്ന ആലയം നാം അശുദ്ധമാക്കിക്കളഞ്ഞു. നിങ്ങൾ ദൈവത്തിന്റെ ആലയമാണ്. നിങ്ങൾ നിങ്ങളെത്തന്നെ നശിപ്പിക്കരുത്. വിശുദ്ധമായ ആലയമാണ് നമ്മുടെ ഓരോരുത്തരുടേയും ശരീരം.

മാമോദീസായിൽ ഒരു സമർപ്പണം എടുത്തു. അത് എന്താണെന്നുപോലും അറിയാതെ ഓരോരുത്തരും ജീവിച്ചു. ഞാൻ സാത്താനെ ഉപേക്ഷിച്ചവനാണ്. ഞാൻ യേശുവിന് മാത്രമേ എന്റെ ഹൃദയത്തിൽ ഇടം കൊടുക്കുകയുള്ളു എന്ന് തീരുമാനം വന്നില്ല. ഇനി ഞാൻ കോപിക്കുകയില്ല എന്ന് നിങ്ങ

ളുടെ ഉള്ളം പറഞ്ഞില്ല. നിസ്സാരകാര്യങ്ങൾക്കുപോലും വഴക്കടിച്ചുകൊണ്ടിരുന്നു. പല വീടുകളിലും കലഹമായിരുന്നു.

നമ്മുടെ കണ്ണുകൊണ്ട് ചീത്തപ്പടങ്ങൾ കണ്ട് രസിച്ചിട്ടില്ലേ? കണ്ണ് അരുതാത്തേടത്തേക്ക് നോക്കിയില്ലേ? കണ്ണ് ചൊവ്വേ നോക്കേണ്ടതാണ്. സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനെല്ലാം ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്തുപോയി എന്നാണ് കർത്താവിന്റെ വചനം പറയുന്നത്. (മത്തായി 5: 28)

നമ്മുടെ ജീവിതമാകുന്ന പള്ളി അശുദ്ധമായിപ്പോയി. നമ്മുടെ കൈ എന്തെല്ലാം തൊട്ടു? എന്തെല്ലാം എഴുതി? ഈ കൈകൊണ്ട് ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടോ? ഈ കൈകൊണ്ട് അർഹതയില്ലാത്ത പണം നാം സമ്പാദിച്ചുവോ? ഈ കൈ വിശുദ്ധമാണോ?

ഓരോ അവയവം പ്രതി നാം ചിന്തിക്കണം. നമ്മുടെ ഹൃദയം അശുദ്ധമോഹങ്ങൾകൊണ്ട് നിറഞ്ഞില്ലേ? നമ്മുടെ അവയവങ്ങളിൽ വന്ന അശുദ്ധി എങ്ങനെ കഴുകിപ്പോകും? നാം ഇന്ന് ഇതൊന്നും മനസ്സിലാക്കാതെ പള്ളിയിൽ പോവുകയും നോമ്പ് നോക്കുകയും ചെയ്യുന്നു.

എന്നാൽ പാവപ്പെട്ട ജനം ഒന്നും അറിയുന്നില്ല. ഈ ആലയം അശുദ്ധമായിപ്പോയി എന്ന് ആർക്കും മനസ്സിലാകുന്നില്ല. എന്നാൽ പ്രിയരേ, നാം ഈ ആലയം അശുദ്ധമാക്കരുത്.

നിങ്ങളുടെ ചിന്താമണ്ഡലം എങ്ങനെയായിരുന്നു? അത് അശുദ്ധചിന്തകൾ, മലിനമായ വിചാരങ്ങൾ, മ്ലേച്ഛമായ മോഹങ്ങൾ, കയ്പ്പും നീരസവും വിദ്വേഷവും നിറഞ്ഞ ചിന്തകൾ, ചിലരെക്കുറിച്ചെല്ലാം മുൻവിധിയുള്ള ചിന്തകൾ തുടങ്ങിയവകൊണ്ട് നിറഞ്ഞിരിക്കുകയല്ലേ?

അഴുക്കായ കാര്യങ്ങൾക്ക് വേണ്ടി പണം ചിലവഴിച്ചുവെങ്കിൽ നാം ലജ്ജിക്കേണ്ടിയിരിക്കുന്നു. നമുക്ക് കർത്താവ് തന്ന

പണം നാം എന്തിനെല്ലാം ഉപയോഗിച്ചു? മകളേ, നിന്റെ ആരോഗ്യമുള്ള ശരീരം നീ എന്തിനുവേണ്ടി ഉപയോഗിച്ചു? ഈ ആലയം അശുദ്ധമായിപ്പോയി.

അന്ന് നെബുഖദ്നേസർ രാജാവ് വന്ന് ആലയം നശിപ്പിച്ചുകളഞ്ഞു, വാതിലുകൾ ചുട്ടുകളഞ്ഞു, മതിലുകൾ ഇടിച്ചുകളഞ്ഞു, എല്ലാം ശൂന്യമാക്കിക്കളഞ്ഞു എന്നതുപോലെ ഇന്ന് നമ്മുടെ പലരുടേയും ജീവിതം ശൂന്യമായിരിക്കുകയാണ്. ഒരു സമാധാനവുമില്ല, സംതൃപ്തിയുമില്ല.

നിങ്ങളിൽ പലരും പ്രകടമായ ഒരു പാപവും ചെയ്തിട്ടില്ലെങ്കിലും ഒരു സംതൃപ്തിയില്ല. ആകെ ഒരങ്കലാപ്പ്. ഒരു അസമാധാനം. പൊതുവെ പറഞ്ഞാൽ സ്വസ്ഥതയില്ല. ഒരു സന്തോഷമില്ല. പലപ്പോഴും ഹൃദയം മൂകമാണ്. ദുഃഖം നിറഞ്ഞതാണ്. തൃപ്തിയില്ലാത്ത ജീവിതം! ഒരു നിമിഷം നിങ്ങൾ ചിന്തിയ്ക്കൂ. ദൈവത്തിന്റെ ആലയമാകുന്ന ഈ ശരീരം വിശുദ്ധമായി സൂക്ഷിച്ചുവോ?

പ്രിയപ്പെട്ടവരേ, ഞാൻ നിങ്ങളോട് സ്നേഹത്തോടെ പറയാം. ഞാനും യൗവ്വനകാലം കഴിഞ്ഞ് പോന്നതല്ലേ? ഇന്ന് എനിക്ക് പ്രായമായി. എന്നാൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് പറയട്ടെ, ഭാഗ്യവശാൽ അഴുക്കായതൊന്നിലും പോകാൻ എനിക്ക് ഇട വന്നില്ല. കൃപയാൽ എന്റെ 17-ാമത്തെ വയസ്സിൽ തന്നെ ജീവിതം കർത്താവിന് സമർപ്പിച്ചു.

അതുകൊണ്ട് തിന്മയുടെ ഏതെങ്കിലും കാര്യം ലേശം വരാൻ തുടങ്ങുമ്പോഴേയ്ക്കും ഞാനത് തിരിച്ചറിഞ്ഞിരുന്നു. പാടില്ല, ഞാൻ ദൈവത്തിന്റെ പൈതലാണ്. ക്രിസ്തുവിന്റെ രക്തം കൊടുത്ത് എന്നെ വിലയ്ക്ക് വാങ്ങിയതാണ്. ഞാൻ ക്രിസ്തുവിനുവേണ്ടി എന്നെത്തന്നെ വിറ്റവനാണ്. ഈ ജീവിതത്തിൽ പിശാച് കടക്കാൻ ഞാൻ സമ്മതിക്കുകയില്ല.

ദൈവത്തിന്റെ വചനം പറയുന്നു: “സാത്താനോട് എതിർത്തുനില്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടി

പ്പോകും; ദൈവത്തോട് അടുത്തുചെല്ലുവിൻ, അവൻ നിങ്ങളോട് അടുത്തു വരും.” (യാക്കോബ് 4: 7, 8) സാത്താനോട് എതിർത്തു നിൽക്കണം. ദൈവപൈതലേ, നീ ചിന്തിക്കൂ. നിന്റെ ജീവിതത്തിൽ പിശാചിന്റെ പരീക്ഷണങ്ങളും പ്രലോഭനങ്ങളും വരുമ്പോൾ നീ എതിർത്തു നിന്നിട്ടുണ്ടോ?

നിങ്ങളുടെ ജീവിതത്തിൽ വ്യക്തമായ ഒരു തീരുമാനം വന്നിട്ടുണ്ടോ? ഇത്രയും കാലം പിശാചിന് പന്താടാൻ എന്റെ ശരീരം വിട്ടുകൊടുത്തുപോയി. അബദ്ധം പറ്റിപ്പോയി. എന്റെ ശരീരം അശുദ്ധമായിപ്പോയി. എന്റെ കർത്താവേ, ലോകത്ത് ആരും അറിഞ്ഞില്ലെങ്കിലും നീ അത് അറിഞ്ഞല്ലോ.

ഇല്ല, ഇനി എന്നെ ഞാൻ അശുദ്ധിയ്ക്ക് കൊടുക്കുകയില്ല. പിശാചിന്, എന്നെ വിട്ടു കൊടുക്കുകയില്ല. ഞാൻ എന്റെ മാതാപിതാക്കളെ അനുസരിച്ച് ജീവിക്കും. ഞാൻ ഒരു വിശുദ്ധനായി ജീവിക്കും. ഞാൻ ഒരു ശുദ്ധിമതിയായി ജീവിക്കും.

## രണ്ട്

*“യഹോവേ, നീ എന്നെ ശോധന ചെയ്ത് അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തു നിന്ന് ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു; എന്റെ വഴികളൊക്കെയും നിനക്ക് മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല. നീ മുമ്പും പിമ്പും എന്നെ അടച്ച് നിന്റെ കൈ എന്റെമേൽ വച്ചിരിക്കുന്നു. ഈ പരിജ്ഞാനം എനിക്ക് അത്യത്ഭുതമാകുന്നു; അത് എനിക്ക് ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു. നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേയ്ക്ക് പോകും? തിരുസന്നിധി വിട്ട് ഞാൻ എവിടേയ്ക്ക് ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്. ഞാൻ ഉഷസ്സിൻ ചിറകുധരിച്ച്, സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലംകൈ എന്നെ പിടിക്കും. ഇരുട്ട് എന്നെ മൂടിക്കളയട്ടെ; വെളിച്ചം എന്റെ ചുറ്റും രാത്രിയായിത്തീരട്ടെ എന്ന് ഞാൻ പറഞ്ഞാൽ ഇരുട്ടുപോലും നിനക്ക് മറവായിരിക്കയില്ല; രാത്രി പകൽപോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്ക് ഒരുപോലെതന്നേ.”*

*സങ്കീർത്തനങ്ങൾ 139 : 1 – 12*

ദൈവത്തിന് ഒന്നും മറഞ്ഞിരിക്കുന്നില്ല. നിത്യനായ ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. നമ്മുടെ ജീവിതത്തിലെ രഹസ്യപാപങ്ങൾ പോലും കർത്താവ് കാണുന്നു. എല്ലാം ദൈവം രേഖപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ പാപങ്ങളെല്ലാം രേഖപ്പെടുത്തിവയ്ക്കുന്ന പുസ്തകത്തിന്റെ പേരാണ് സ്മരണയുടെ പുസ്തകം അല്ലെങ്കിൽ ഓർമ്മയുടെ പുസ്തകം. എന്നാൽ വിശുദ്ധിയിൽ ജീവിച്ച ദൈവമക്കളുടെ പേർ എഴുതുന്ന ഒരു പുസ്തകമുണ്ട്. ആ പുസ്തകത്തിന്റെ പേരാണ് ജീവന്റെ പുസ്തകം. ജീവന്റെ പുസ്തകമുണ്ട്, സ്മരണയുടെ പുസ്തകവുമുണ്ട്.

നിങ്ങൾ ചിന്തിക്കൂ. ഈ ആലയം അശുദ്ധമാണോ? ഇതിൽ വേണ്ടാതീനങ്ങൾ ഉണ്ടോ? ആരോടെങ്കിലും വൈരാഗ്യമോ പിറുപിറുപ്പോ ഉണ്ടോ? സ്വന്തം കുടുംബത്തിൽത്തന്നെ ആരോടെങ്കിലും ചേർച്ചക്കുറവുണ്ടോ? നാം ന്യായം പറഞ്ഞുകൊണ്ടിരിക്കുകയാണോ? എന്റെ കൈയിൽ തെറ്റൊന്നുമില്ല, മറ്റവന്റെ കൈയിലാണ് തെറ്റ് എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണോ?

നിങ്ങൾ താഴുക. ജീവിതത്തിലെ തെറ്റുകൾ നിങ്ങൾ കണ്ടുപിടിക്കുക. പരിശുദ്ധാത്മാവ് നിങ്ങൾക്ക് പാപബോധം തരും. ഓരോരുത്തരും തങ്ങളുടെ ഹൃദയത്തിലേക്ക് നോക്കുക.

കർത്താവേ, എന്റെ ഹൃദയം ചീഞ്ഞിരിക്കുന്നു. ഈ ആലയം ഇന്ന് ശൂന്യമായിരിക്കുന്നു. എന്റെ ശരീരമാകുന്ന ദേവാലയം ഇന്ന് അശുദ്ധമായിരിക്കുന്നു. എനിക്ക് ഒരു പ്രാർത്ഥനാജീവിതമുണ്ടായിരുന്നു, അത് ശത്രു അപഹരിച്ചുകൊണ്ടുപോയി. എനിക്ക് തിരുവചനം വായിക്കുന്ന സ്വഭാവമുണ്ടായിരുന്നു, അതും ശത്രു അപഹരിച്ചുകൊണ്ടുപോയി.

ഇന്ന് വചനം കേൾക്കാൻ ഒരു താത്പര്യമില്ല. ഇന്ന് പ്രാർത്ഥിക്കാൻ സമയമില്ല. ഇന്ന് ജീവിതത്തിൽ അശുദ്ധി വരുന്നുണ്ടോ എന്ന് നോക്കുവാൻ സമയമില്ല. അനേകം തെറ്റുകൾ

വന്നുകൊണ്ടിരിക്കുന്നു. കർത്താവേ, നീ എന്നോട് മനസ്സലിയണമേ.

ഇപ്പോൾ നിങ്ങൾ ദൈവത്തോട് പറയണം. കർത്താവേ, തിരിഞ്ഞുനോക്കുമ്പോൾ ലജ്ജിക്കാനേ ഉള്ളൂ. ഏങ്ങലടിച്ച് കരഞ്ഞുകൊണ്ട് ഞാനിതാ വരികയാണ്. എന്നോട് നീ മനസ്സലിയണമേ. എന്റെ പാപങ്ങൾ നീ ക്ഷമിക്കണമേ.

അതുകൊണ്ടാണ് പിതാക്കന്മാർ പാടിയത്:

“നോക്കണമെൻ ദുരിതം നാഥാ,
പലതരദോഷം ഞാൻ ചെയ്തു കോപിപ്പിച്ചു,
ശരണമെനിക്കില്ല.

വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തി-
ട്ടില്ലൊരു ഗുണവും എൻ വ്രണമോ കഠിനം

നൽവൈദ്യാ നിന്നേയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു നിങ്കൽ വരുന്നോൻ
സുഖമേൽക്കും നൂനം

എൻ പാപത്തിൽ ഞാൻ ചാകാൻ
ഇടയാകരുതയ്യോ നാഥാ എൻബാഷ്പങ്ങൾ
ചൊരിഞ്ഞീടുന്നിപ്പോൾ

അജമോ മാടോ ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ കാഴ്ചയതായി-
ട്ടർപ്പിക്കുന്നില്ല

ശെമവൂൻ തൻഭവനേ വന്ന
പാപിസ്ത്രീപോൽ ഇരുതുള്ളി കണ്ണീർ കണ്ടെൻ-
മേൽ ദയ തോന്നണമേ.”

കർത്താവേ, എന്റെ ദുരിതങ്ങൾ കൂടിയിരിക്കുന്നു. ആത്മാവ് വ്രണം ബാധിച്ചിരിക്കുന്നു. അനേകം മുറിവുകൾ

എനിക്കു വന്നിരിക്കുന്നു. അനേകം വൈദ്യന്മാരെ ഞാൻ കണ്ടു. പക്ഷേ, അവർ ചെയ്ത ഔഷധങ്ങളൊന്നും ഫലപ്പെട്ടില്ല. നേർച്ച കഴിച്ചു. വഴിപാട് കഴിച്ചു. പള്ളിയിൽ പോയി മെഴുകുതിരി കത്തിച്ചു വച്ചു. ചെയ്യേണ്ടതെല്ലാം ഞാൻ ചെയ്തു. പക്ഷേ, എന്റെ പാപം പോയില്ലല്ലോ കർത്താവേ; എനിക്ക് കഷ്ടതയാണല്ലോ. നല്ല വൈദ്യനായ യേശുവേ, നീ വന്ന് എനിക്ക് സൗഖ്യം തരണമേ.

ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും വലിയ നേട്ടം പാപമോചനമാണ്. എല്ലാ പാപങ്ങളും ക്ഷമിച്ചുതരുവാൻ കർത്താവായ യേശുവിന് മനസ്സാണ്. യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. ഒരു പക്ഷേ, ആരും അറിയാത്ത ചില പാപങ്ങൾ നിങ്ങളുടെ ജീവിതത്തിലുള്ളതും കർത്താവ് ക്ഷമിച്ചുതരും.

കർത്താവിനോട് നിങ്ങൾ ഏറ്റുപറയുക. ഇന്നിന്ന പാപങ്ങൾ എനിക്കു വന്നുപോയി. ഇനിയില്ല കർത്താവേ. ഇനിമുതൽ ഞാനൊരു ശുദ്ധിമതിയായി ജീവിക്കും. മനസ്സറിഞ്ഞ് ഒരു പാപത്തിന് എന്നെ കിട്ടുകയില്ല, ഉറപ്പാണ്. എന്റെ പാപം ക്ഷമിച്ചുതരണമേ. ഞാൻ തിരുമുമ്പാകെ വന്ന് എന്റെ പാപത്തെ ഓർത്ത് കണ്ണീർ പൊഴിക്കുന്നു. എന്റെ കണ്ണുനീർ കണ്ട് നീ എന്നോട് മനസ്സലിയണമേ. എന്നെ സ്വീകരിക്കണമേ.

കർത്താവേ, തിരുമുമ്പാകെ കൊണ്ടുവരുവാൻ എന്റെ കൈയിൽ വിലപ്പെട്ടതായിട്ട് ഒന്നുമില്ല. എല്ലാം പാഴാക്കിക്കളഞ്ഞവനാണ് ഞാൻ. എന്റെ രക്ഷകനെ കണ്ടെത്തുവാൻ വിലപ്പെട്ട അവസരങ്ങൾ നീ എനിക്കു തന്നു. എല്ലാം ഞാൻ നഷ്ടപ്പെടുത്തി. കർത്താവേ, എന്റെ ജീവിതത്തിൽ അനേകം അശുദ്ധികൾ വന്നുപോയി. ഞാൻ കോപാക്രാന്തനായി പെരുമാറിപ്പോയി.

ഒരാട്ടിൻകുട്ടിയെ കൊണ്ടുവരുവാൻ എന്റെ കൈയിലില്ല. ഒരു കാളക്കിടാവിനെ കൊണ്ടുവരുവാൻ എന്റെ കൈയിലില്ല.

കഴിഞ്ഞകാല ജീവിതത്തിലേക്ക് നോക്കിയാൽ നല്ലതൊന്നുമില്ല കർത്താവേ. എല്ലാം ചീത്തയായിപ്പോയി. ആകെയുള്ളത് ഒരു കൂമ്പാരം പാപം മാത്രം.

ഈ ഭാരച്ചുമടെല്ലാം ഞാനിതാ നിന്റെ കുരിശിൻ ചുവട്ടിൽ ഇറക്കിവയ്ക്കുന്നു. കർത്താവേ, എനിക്ക് വേറെ പോക്കിടമില്ല. ഒരു ദിവസം ഞാൻ ഇവിടെനിന്ന് കടന്നുപോകുമ്പോൾ നിത്യഅന്ധകാരത്തിലേക്ക് പോകേണ്ടിവരും. അതുകൊണ്ട് ഇന്ന് നിത്യപ്രകാശത്തിലേക്ക് ചേർക്കുവാൻ നീ വന്നിരിക്കുന്നതുകൊണ്ട് ഞാനിതാ എന്റെ പാപങ്ങളെല്ലാം ഉപേക്ഷിച്ച് നിന്റെ പാദപീഠത്തിലേക്ക് എന്നെത്തന്നെ അർപ്പണം ചെയ്യുന്നു.

കർത്താവേ, എന്റെ അനുതാപം കണ്ട് നീ എന്നോട് മനസ്സലിയണമേ. നിങ്ങൾ കരയൂ, അനുതപിക്കൂ, പ്രാർത്ഥിക്കൂ. നിത്യനായ രക്ഷകൻ നിങ്ങളുടെ അനുതാപം കാണട്ടെ. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ ദൈവമേ, നീ നിരസിക്കുന്നില്ല.

> *"വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവിൻ."* *യോവേൽ 2 : 13*

വസ്ത്രങ്ങളെയല്ല, ഹൃദയങ്ങളെത്തന്നെ കീറിക്കൊണ്ട് ചെല്ലുവിൻ. ദൈവത്തിന്റെ ആലയം പണിയുക. ഈ ആലയം പിതാക്കന്മാരുടെ കാലത്ത് പണിതതാണ്. പക്ഷേ, ശത്രു വന്ന് അത് നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. അനുഗൃഹീതരായ വിശുദ്ധ പിതാക്കന്മാരുടെ കാലത്ത്, മാർ അപ്രേമിന്റേയും മാർ യാക്കോബിന്റേയും കാലത്ത് വിശുദ്ധി ഉണ്ടായിരുന്നു. അന്നെല്ലാം ദൈവസ്നേഹമുണ്ടായിരുന്നു.

ഇന്നോ, എല്ലാം പോയ്പ്പോയി. ആത്മാവിന്റെ ചൈതന്യം നഷ്ടപ്പെട്ടുപോയി. ഈ ആലയം പുതുക്കിപ്പണിയണം.

> *"എന്നാൽ അവർ ഞങ്ങളോട്: ഞങ്ങൾ സ്വർഗ്ഗ*

*ത്തിനും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു; ഏറിയ സംവത്സരം മുമ്പേ പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു. അത് യിസ്രായേലിന്റെ ഒരു മഹാരാജാവ് പണിതതായി രുന്നു.”* *എസ്രാ : 5 : 11*

*“ഈ ദേവാലയത്തിന്റെ പ്രതിഷ്ഠക്ക് നൂറു കാള യെയും ഇരുന്നൂറ് ആട്ടുകൊറ്റനെയും നാനൂറ് കുഞ്ഞാടിനെയും യിസ്രായേൽ ഗോത്രങ്ങളുടെ എണ്ണത്തിനൊത്തവണ്ണം എല്ലാ യിസ്രായേലിന്നും വേണ്ടി പാപയാഗത്തിനായി പന്ത്രണ്ട് വെള്ളാട്ടു കൊറ്റനെയും യാഗം കഴിച്ചു.”* *എസ്രാ 6 : 17*

പാപമോചനം കിട്ടണമെങ്കിൽ യാഗം കഴിയ്ക്കണം. ഈ ശരീരം യാഗമായി അർപ്പിക്കണം. ഇനി അശുദ്ധി തൊടുകയില്ല എന്ന് ദൈവത്തോട് വാക്കുപറയണം. വന്നതെല്ലാം വന്നു പോയി. എന്നാൽ ഈ ശരീരമിതാ തിരുമുമ്പാകെ ഞാൻ പുന: പ്രതിഷ്ഠ ചെയ്യുന്നു.

എന്റെ ശരീരത്തിൽ അഴുക്കു പറ്റിപ്പോയിരുന്നു. ഈ നാവ് നുണ പറഞ്ഞിരുന്നു. ചിലരെ പരിഹസിച്ചിരുന്നു. മക്കളെ പ്രാകിയിരുന്നു. ഭർത്താവിനെ പ്രാകിയിരുന്നു. എന്നെത്തന്നെ ഞാൻ പ്രാകിയിരുന്നു. എല്ലാം തെറ്റായിപ്പോയി.

നിരാശയുടെ ആധിക്യത്തിലേക്ക് ഞാൻ ആണ്ടുപോയി. എന്നാൽ നാഥാ, ഞാൻ എന്നെത്തന്നെ യാഗമായി സമർപ്പി ക്കുന്നു. ദൈവത്തിന്റെ ആലയം പണിയണമെങ്കിൽ, ദൈവ ത്തിന്റെ ആലയത്തിൽ ആരാധന അർപ്പിക്കണമെങ്കിൽ യാഗം അർപ്പിക്കണം.

*“യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ.”*
*സങ്കീർത്തനങ്ങൾ 50 : 5*

യാഗം കഴിച്ച് ദൈവത്തോടു നിയമം ചെയ്തവരായ വിശുദ്ധന്മാരെ മാത്രമേ ദൈവത്തിന്റെ അടുക്കൽ കൂട്ടുകയുള്ളൂ.

സ്നേഹിതരേ, ഞാൻ ചോദിക്കട്ടെ. നിങ്ങൾ യാഗം കഴിച്ചിട്ടുണ്ടോ? മൂന്ന് പൈതങ്ങളുടെ നേർച്ച കഴിക്കുന്ന കാര്യമല്ല പറയുന്നത്. വീട്ടിലെ കഷ്ടകാലം മാറാൻ വേണ്ടി എന്റെ അമ്മ നേർച്ച കഴിച്ചിരുന്നു. പിറവം പള്ളിയിലേക്കും കോതമംഗലം പള്ളിയിലേക്കും നേർച്ച നേർന്നു. പക്ഷേ, അതെല്ലാം വ്യർത്ഥമായതായിരുന്നു.

ജീവിതത്തിൽ ഇങ്ങനെയുള്ള വ്യർത്ഥമായ ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി മനുഷ്യൻ ഒന്നുമറിയാതെ കുരുക്കിൽ വീഴുന്നു. ഈ വഴിപാടുകൾ കൊണ്ടോ, ഇങ്ങനെയുള്ള നേർച്ചകൾകൊണ്ടോ ഒരു പ്രയോജനവുമില്ല.

സ്വർഗ്ഗത്തിൽ കർത്താവിനോട് ചേർന്നിരിക്കുന്ന പരിശുദ്ധന്മാർ ഇതെല്ലാം കണ്ട് സന്തോഷിക്കുമെന്നാണോ നിങ്ങൾക്ക് തോന്നുന്നത്? ഇന്ന് പരിശുദ്ധന്മാരുടെ പേരിൽ വലിയ കലഹങ്ങൾ നടക്കുന്നു. സിംഹാസനത്തിന്റെ പേരിൽ തർക്കങ്ങൾ നടക്കുന്നു.

എന്നാൽ സാക്ഷാത്തായ ആരാധന എന്താണ്? യേശുക്രിസ്തുവിനെ മാത്രം ആരാധിക്കുക. യേശുക്രിസ്തുവിന്റെ വചനം കേൾക്കുക. വചനപ്രകാരം ജീവിക്കുക. പാപമില്ലാത്ത ജീവിതം നയിക്കുക.

ജീവിതത്തിൽ എല്ലാം യാഗം അർപ്പിക്കണം. യാഗം അർപ്പിച്ചാൽ പിന്നെ അത് ബാക്കിയില്ല. എല്ലാം ദഹിച്ചു കഴിഞ്ഞു. നിങ്ങൾ നിങ്ങളെത്തന്നെ യാഗമായി അർപ്പിച്ചിട്ടുണ്ടോ? അത് വലിയോരു ആത്മീയാനുഭവമാണ്.

ഞാൻ വചനം കേട്ടതുകൊണ്ട് എത്രയോ പ്രാവശ്യം എന്റെ ജീവിതം യാഗമായി അർപ്പിച്ചു. എന്റെ ശരീരം യാഗ

മായി അർപ്പിച്ചു. എന്റെ അവയവങ്ങൾ യാഗമായി അർപ്പിച്ചു. എന്റെ നാവ്, എന്റെ കണ്ണുകൾ, എന്റെ ഓരോ ചലനവും യാഗമായി സമർപ്പിച്ചു. അതുകൊണ്ടാണ് ഞാൻ കർത്താവിന്റെ വേല ചെയ്യുന്നത്. എന്റെ ദൈവം കൃപയാൽ എന്നെ ഇതുവരെയും നിർത്തി. എന്റെ ആയുസ്സ് നീട്ടിത്തന്നു. 2016 ജൂലൈ മാസം ഹൃദയത്തിന്റെ ബൈപാസ് ശസ്ത്രക്രിയ നടത്തി. ആയുസ്സ് പോയി എന്നാണ് എല്ലാവരും കരുതിയത്. ഞാൻ വെന്റിലേറ്ററിൽ കിടക്കുകയായിരുന്നു. ഡോക്ടർമാർ എന്റെ മക്കളോട് പറഞ്ഞു, അപകടമായ നിലയിലാണെന്ന്.

ഞാൻ കാര്യത്തിന്റെ ഗൗരവം അറിഞ്ഞില്ല. എന്നാൽ ലോകമെമ്പാടുമുള്ള ദൈവമക്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. കർത്താവ് എനിക്ക് കുറച്ചുകാലംകൂടി ആയുസ്സ് നീട്ടിത്തന്നു. ദൈവത്തിന് സ്തോത്രം.

ഞാൻ ഈ ജീവിതം ദൈവത്തിന് യാഗമായി അർപ്പണം ചെയ്തതാണ്. ഈ ജീവിതം യേശുവിന് കൈമാറിയതാണ്. വേറെ യാതൊരു ലാക്കുമില്ല. യേശുവിനുവേണ്ടി ചിലവഴിക്കപ്പെടുക എന്നുമാത്രം. ഒന്നിനും കർത്താവ് കുറവ് വരുത്തിയില്ല. യേശുവില്ലെങ്കിൽ പൂജ്യമാണെന്ന് ഞാൻ അറിയുന്നു.

എന്റെ വിദ്യാഭ്യാസമോ എന്റെ ജോലിയോ എനിക്ക് കിട്ടുന്ന പെൻഷനോ ഒന്നുമല്ല, എനിക്ക് യേശു ഉള്ളതാണ് ഏറ്റവും വലിയ സൗഭാഗ്യം. ഈ ഹൃദയത്തിനുള്ളിൽ യേശു വാഴുകയാണ്. യേശു എന്റെ അവയവങ്ങളെ നിയന്ത്രിക്കുകയാണ്. ഞാൻ തികഞ്ഞവനായിട്ടൊന്നുമല്ല. ഇന്നും ഞാൻ പൂർണ്ണനായിട്ടില്ല. പക്ഷേ, കർത്താവ് ദിനംപ്രതി എന്നെ കഴുകിക്കൊണ്ടിരിക്കുന്നു. ദിനംപ്രതി ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. നിത്യതയിലേക്ക് എന്നെ അടുപ്പിച്ചുകൊണ്ടിരിക്കുന്നു.

“രാവിലുറങ്ങുമ്പോഴരികിൽ കാവലെനിക്കായ് തിരുരക്തം.” തിരുരക്തം കാവലായിട്ടുണ്ട്. ഉറങ്ങിക്കിടക്കുമ്പോൾ ദുഃസ്വപ്നം വരാതെ, അന്ധകാരശക്തി അടുത്തുവരാതെ തിരു

രക്തം കാവലായി നിൽക്കുന്നു.

നിങ്ങളിതെല്ലാം പ്രാർത്ഥിക്കുന്നവരല്ലേ? പാടുന്നവരല്ലേ? നിങ്ങൾക്ക് ഈ അനുഭവമുണ്ടോ? അത് ഈ ഭൂമിയിൽ വച്ച് സമ്പാദിക്കാൻ സാധിക്കും. അത് നിങ്ങളെ അറിയിക്കാനാണ് കർത്താവ് ഈ പുസ്തകത്തിലൂടെ നിങ്ങളോട് സംസാരിക്കുന്നത്. യാഗമായി അർപ്പണം ചെയ്യുക. എന്റെ കർത്താവേ, എന്നേയും എനിക്കുള്ളതിനേയും ഞാൻ യാഗമായി അർപ്പണം ചെയ്യുന്നു. ഞാനിതാ പടകും വലയും വിട്ട് നിന്നെ അനുഗമിക്കുന്നു.

ഇവിടെയുള്ളതെല്ലാം മായ. ഇന്ന് ഇവിടെ എനിക്കുള്ളതെല്ലാം വിട്ട് ഞാനങ്ങ് പോകും. ഒന്നും കൂടെപ്പോരുകയില്ല. പ്രിയപ്പെട്ട ഭർത്താവ് കൂടെ പോരുകയില്ല. പ്രിയപ്പെട്ട ഭാര്യ കൂടെപ്പോരുകയില്ല. മരണത്തിന്റെ വിനാഴികയിൽ അവരെല്ലാം അമ്പരപ്പോടെ നോക്കിനിൽക്കും.

വേദനയോടെ വിതുമ്പിക്കൊണ്ട് നിൽക്കും. അതിനപ്പുറമൊന്നും ചെയ്യാൻ ആർക്കും സാധിക്കുകയില്ല. ആ കരച്ചിലല്ലാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. എല്ലാവരും പിന്തിരിഞ്ഞ് പോരും.

എല്ലാവരും വിട്ടുപോകും. എല്ലാവരും മാറിപ്പോകും. എല്ലാവരും അക്കരയ്ക്ക് പറന്നുപോകും. ഞാനെന്ന് പറയുന്ന മനുഷ്യനോ ഏകനായി നിൽക്കും. അന്ന് താങ്ങാൻ യേശുവുണ്ടെങ്കിൽ ഭാഗ്യം. അപ്പോൾ നമ്മെ തലോടിത്തരാൻ യേശുവിന്റെ തൃക്കരമുണ്ടെങ്കിൽ ഭാഗ്യം.

ഇന്ന് നിങ്ങളുടെ ജീവിതം യേശുവിന്റെ കരങ്ങളിലേയ്ക്ക് കൊടുക്കാമോ? നിങ്ങളുടെ ഭാവി യേശുവിന്റെ കൈകളിലേക്ക് വച്ച് കൊടുക്കാമോ? എനിക്ക് ഒന്നും വേണ്ട യേശുവേ, നീ മാത്രം മതി. യേശുവേ, നീയുണ്ടെങ്കിൽ എല്ലാമുണ്ട്. നീയുണ്ടെങ്കിൽ സമാധാനമുണ്ട്. നീയുണ്ടെങ്കിൽ സംതൃപ്തിയുണ്ട്. നീയുണ്ടെങ്കിൽ അനുഗ്രഹമുണ്ട്. നീയുണ്ടെങ്കിൽ

മാലാഖമാരുടെ തുണയുണ്ട്. നീയുണ്ടെങ്കിൽ പരിശുദ്ധാത്മാവാകുന്ന ദൈവമുണ്ട്. കർത്താവേ, നീയുണ്ടെങ്കിൽ എനിക്കെല്ലാമുണ്ട്.

ഞാൻ ദരിദ്രനാണെങ്കിലും എനിക്ക് വിദ്യാഭ്യാസമില്ലെങ്കിലും നീയുണ്ടെങ്കിൽ ഞാൻ സമ്പന്നനാണ്. യേശുവേ, നീ എന്റെ ജീവിതത്തിലേക്ക് എഴുന്നള്ളി വരണമേ. നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്നെ നീ സ്വീകരിക്കണമേ.

യേശുവേ, എന്റെ ഹൃദയത്തിൽ നീ പ്രവേശിച്ച് എന്നിൽ വന്ന് വാഴണമേ. എന്നെ ഭരിക്കണമേ. എന്നെ നിയന്ത്രിക്കണമേ. നീ എന്നെ നടത്തണമേ. ദൈവത്തോടു നിങ്ങൾ പറയുവിൻ. യേശുവിതാ അരികത്ത് വന്ന് മുട്ടുന്നു; അരികത്ത് വന്ന് വാദിക്കുന്നു.

*"വരുവിൻ, നമുക്ക് തമ്മിൽ വാദിക്കാം എന്ന് യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവച്ച് കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിനിരയായിത്തീരും; യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു."*

*യെശയ്യാവ് 1 : 18 - 20*

നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും മഞ്ഞുപോലെ വെളുക്കും. രക്തം പുരണ്ട വസ്ത്രം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ വെണ്മയുള്ളതായിത്തീരും. ചുവന്ന വസ്ത്രം വെള്ളവസ്ത്രമായിത്തീരും. അതിന് നിങ്ങൾ എന്താണ് ചെയ്യേണ്ടത്. നിങ്ങൾ മനസ്സുവച്ച് കേട്ട് അനുസരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് നന്മ വരും; നല്ലകാലം

വരും.

പിന്നെയും മത്സരിച്ചാൽ വലിയോരു ശിക്ഷ നിങ്ങൾക്ക് വരാൻ പോകുന്നു. യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു.

ദൈവം നിങ്ങളുടെ മുമ്പിൽ വന്ന് കെഞ്ചുകയാണ്: മോളേ, നിന്റെ ഹൃദയം എനിക്ക് തരുമോ? മകനേ, നിന്റെ ഹൃദയം എനിക്കുവേണ്ടി തുറക്കുമോ? ഞാൻ ഈ ആലയം പുതുക്കിപ്പണിയാം. നിന്നെ ഞാൻ യഥാസ്ഥാനപ്പെടുത്താം. നഷ്ടപ്പെട്ടുപോയ ആലയത്തിന്റെ സ്ഥാനത്ത് പുതിയ ആലയം പണിയാം.

ഇതുവരെ ആലയം പണിതതെല്ലാം ശത്രുവന്നു നശിപ്പിച്ചുകളഞ്ഞു. വിശുദ്ധപാത്രങ്ങളെ അപഹരിച്ചുകൊണ്ടുപോയി. അനേകം യുവാക്കളെ അപഹരിച്ചുകൊണ്ടുപോയി. ദേവാലയത്തിൽ ഇന്ന് ആരാധനയില്ല, സ്തുതിയില്ല.

ആലയം പണിയാൻ നിങ്ങൾക്കു തുടങ്ങാമോ? ഇന്ന് നിങ്ങൾ ആലയത്തിന് അടിസ്ഥാനം ഇടണം. എന്റെ ജീവിതമാകുന്ന ആലയം, എന്റെ കർത്താവിന് വാഴാനുള്ള ആലയം, എന്റെ യേശുവിനെ ആരാധിയ്ക്കാനുള്ള ആലയം അതിന് ഇന്ന് ഞാൻ അടിസ്ഥാനമിടുന്നു. ഈ ആലയം പണി പൂർത്തീകരിക്കാൻ എനിക്ക് ഭാഗ്യം തരണേ. കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

## മൂന്ന്

*“അങ്ങനെ യെരൂശലേമിലെ ദൈവാലയത്തിന്റെ പണി മുടങ്ങി; പാർസി രാജാവായ ദാര്യാവേശിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടുവരെ പണി മുടങ്ങിക്കിടന്നു.”* *എസ്രാ 4 : 24*

ആലയംപണി നടക്കരുതെന്ന് ശമര്യർ ആഗ്രഹിച്ചു. അവർ വളരെ ഉത്സാഹിച്ചു. രാജകൊട്ടാരത്തിലേക്ക് എഴുത്തുകൾ അയച്ചു, നിവേദനങ്ങൾ അയച്ചു. ഈ കൂട്ടർ ദൈവത്തിന്റെ നാമത്തിലൊക്കെയാണ് ചെയ്യുന്നത്. പക്ഷേ, അതൊന്നും ന്യായീകരിക്കത്തക്കതല്ല. നമ്മുടെ രാജ്യത്തിനും രാജാവിനും അത് ഭീഷണിയാണ്. രാജാവിനെതിരായിട്ട് വിപ്ലവം നടത്താനുള്ള പരിപാടിയാണ് അവർക്കുള്ളത്. അത് ദോഷമായിത്തീരാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഈ കൂട്ടരെ അമർച്ച വരുത്തേണ്ടതാണ് എന്ന് ശമര്യർ രാജാവിനെ ബോധിപ്പിച്ചു.

രാജാവ് കല്പന കൊടുത്താണ് പണി തുടങ്ങിയത്. രാജാവിന്റെ ഖജനാവിൽ നിന്ന് സഹായിക്കാനുള്ള രൂപ പോലും കൊടുത്തിരുന്നു. അത്രയും കാര്യങ്ങളെല്ലാം ചെയ്തു കഴിഞ്ഞതിനുശേഷം ഇവരുടെ ഈ നിവേദനങ്ങൾ രാജാവിനു സമ്മതിച്ചു കൊടുക്കേണ്ടിവന്നു.

*“അവരുടെ ഉദ്ദേശം നിഷ്ഫലമാക്കേണ്ടതിന്നു അവർ പാർസിരാജാവായ കോരെശിന്റെ കാലത്തൊക്കെയും പാർസിരാജാവായ ദാര്യാവേശിന്റെ വാഴ്ചവരെയും അവർക്കു വിരോധമായി*

*കാര്യസ്ഥന്മാരെ കൈക്കൂലി കൊടുത്തു വശത്താക്കി. അഹശ്വേരോശിന്റെ കാലത്ത്, അവന്റെ വാഴ്ചയുടെ ആരംഭത്തിൽ തന്നേ, അവർ യഹൂദായിലെയും യെരൂശലേമിലെയും നിവാസികൾക്കു വിരോധമായി അന്യായപത്രം എഴുതി അയച്ചു. അർത്ഥഹ്ശഷ്ടാവിന്റെ കാലത്ത് ബിശ്ലാമും മിത്രെദാത്തും താബെയേലും ശേഷം അവരുടെ കൂട്ടക്കാരും പാർസിരാജാവായ അർത്ഥഹ്ശഷ്ടാവിന് ഒരു പത്രിക എഴുതി അയച്ചു." എസ്രാ 4 : 5 – 7*

Petition! "ബാബിലോണിയയിൽ നിന്ന് ഒരു കൂട്ടർ വന്നിരിക്കുന്നു. അവർ നമ്മുടെ നാട് നശിപ്പിക്കും. രാജസ്ഥാനത്തെ ഇളക്കിമറിക്കും. നാടിനാകെ അപകടമാണ്. ഇവിടെയുള്ള ജനത്തിന് ദോഷമാണ്."

എങ്ങനെയും ഈ ദേവാലയം പണി മുടക്കണമെന്ന് തീരുമാനിച്ച് അവർ രാജകൊട്ടാരത്തിലെ പ്രധാനപ്പെട്ട ആളുകളെ കൈക്കൂലി കൊടുത്തു വശത്താക്കി. ഓരോ രാജാവിന്റെ കാലത്തും ഇവരിൽനിന്ന് ഭീഷണി ഉണ്ടായിക്കൊണ്ടിരുന്നു. രാജാവ് മാറി വന്നാലും ദൈവജനത്തിനെതിരായ ഉപജാപങ്ങൾ, സംഘടനാശക്തി മാറിപ്പോയില്ല.

സാത്താന്റെ വലിയ പ്രവർത്തനം ഇന്നും നമ്മുടെ സമൂഹമദ്ധ്യത്തിലുണ്ട്. സാത്താന്റെ ഭീകരമായ പ്രവർത്തനങ്ങൾ എങ്ങനെയും ദൈവവേല മുടക്കണമെന്നാണ്. ദൈവവേല ചെയ്യുന്നവരെ നശിപ്പിക്കണം. ഒന്നും സാധിക്കാത്തവരെപ്പോലെ അവരെ നിശ്ശേഷം മുടിച്ചുകളയണം. ഇതാണ് സാത്താന്റെ ആഗ്രഹം. ഏദൻതോട്ടത്തിൽ തുടങ്ങിയ ശത്രുത്വം തലമുറകളായി, നൂറ്റാണ്ടുകളായി വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇന്നും സാത്താൻ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

*"എന്നാൽ ഹഗ്ഗായിപ്രവാചകനും ഇദ്ദോവിന്റെ മകൻ സെഖര്യാവും എന്ന പ്രവാചകന്മാർ യഹൂദാ*

*യിലും യെരൂശലേമിലും ഉള്ള യഹൂദന്മാരോടു തങ്ങളുടെമേൽ വിളിക്കപ്പെട്ട യിസ്രായേലിന്റെ ദൈവത്തിന്റെ നാമത്തിൽ പ്രവചിച്ചു. അങ്ങനെ ശെയൽതീയേലിന്റെ മകനായ സെരുബ്ബാബേലും യോസാദാക്കിന്റെ മകനായ യേശുവയും എഴുന്നേറ്റു യെരൂശലേമിലെ ദൈവാലയം പണിവാൻ തുടങ്ങി; ദൈവത്തിന്റെ പ്രവാചകന്മാർ അവരോടുകൂടെ ഇരുന്നു അവരെ സഹായിച്ചു."*

*എസ്രാ 5 : 1, 2*

മുടങ്ങിപ്പോയ പണി ആരംഭിക്കുകയാണ്. രണ്ടു പ്രവാചകന്മാർ അതിന് ആവശ്യമുള്ള വചനം കൊടുത്തു. എന്നും പ്രവാചകന്മാർ കൂടിയേ കഴിയൂ. ദൈവശബ്ദം കേട്ട് ദൈവവചനം പ്രസ്താവിക്കുന്ന ദൈവത്തിന്റെ പ്രവാചകന്മാർ എല്ലാ ദേശങ്ങളിലും എല്ലാ സഭകളിലും ഉണ്ടാകണം.

സെഖര്യാപ്രവാചകനും ഹഗ്ഗായിപ്രവാചകനും പ്രവചിച്ചു. ജനത്തിന് ഉത്സാഹം വരാൻവേണ്ടി, ഇനിയും മുടങ്ങിക്കിടക്കാതെ ആലയംപണി തുടർന്നു നടത്താൻവേണ്ടി അവർ പ്രവചിച്ചു.

അന്ന് ശെയൽത്തിയേലിന്റെ മകനായ സെരുബ്ബാബേൽ ഗവർണ്ണറായിട്ടുണ്ട്. യെഹോസാദാക്കിന്റെ മകനായ യോശുവ മഹാപുരോഹിതനായിട്ടുണ്ട്. പുരോഹിതനും ഗവർണ്ണറും പ്രവാചകന്മാരും, ഈ മൂന്നു സമൂഹം യോജിച്ചു. ദൈവാലയത്തിന്റെ മുടങ്ങിക്കിടക്കുന്ന പണി തുടങ്ങണമെങ്കിൽ എല്ലാവരും യോജിക്കണം. പ്രവാചകന്മാരും പുരോഹിതന്മാരും തമ്മിലടിച്ചാൽ പറ്റുകയില്ല. പ്രവാചകന്മാരോട് നീ പ്രവചിക്കണ്ട എന്നുപറഞ്ഞാൽ പറ്റുകയില്ല. പുരോഹിതന്മാർ: നീ പ്രവചിക്കണ്ട, അരുളപ്പാടെല്ലാം ഞങ്ങൾക്കാണെന്നു പറഞ്ഞാൽ പണി മുടങ്ങിപ്പോകും. പ്രവാചകനും പുരോഹിതനും രാജാവും എല്ലാം ഒരേ സ്വരത്തിൽ ഏകകണ്ഠമായി ദൈവത്തിന്റെ ആലയംപണി തുടങ്ങാനായി ഉത്സാഹിപ്പിക്കണം.

ദൈവത്തിന്റെ ആലയം ശൂന്യമായി കിടക്കുന്നു. ആലയം തകർന്നു കിടക്കുന്നു. നിങ്ങൾക്കു തോന്നുന്നുണ്ടോ എന്റെ ആലയം ശൂന്യമായി കിടക്കുന്നു എന്ന്? ഈ ആലയത്തിന്റെ ഉള്ളിൽ ആത്മാവ് നിർജ്ജീവമാണെന്ന് നിങ്ങൾക്കറിയാമോ? ആത്മാവ് ജീവനില്ലാതെ പൈശാചികന്റെ പിടിയിൽ ഞെരിഞ്ഞുകൊണ്ടിരിക്കുകയാണെന്ന്, സാത്താൻ നിങ്ങളെ പന്താടുകയാണെന്ന്, നിങ്ങളെ പാവ കളിപ്പിക്കുകയാണെന്ന് അറിയാമോ?

നിങ്ങളെക്കൊണ്ട് അവൻ കോപിപ്പിക്കും. വീട്ടിൽ കലഹം ഉണ്ടാക്കിക്കും. മക്കൾ മാതാപിതാക്കൾക്കെതിരായി തിരിയും. മാതാപിതാക്കൾ മക്കളെയോർത്ത് നെടുവീർപ്പിടും. കുടുംബത്തിൽ അലോഹ്യങ്ങൾ ഉണ്ടാകും. ഭാര്യയും ഭർത്താവും തമ്മിൽ ഭിന്നതയുണ്ടാകും. ഇതെല്ലാം പിശാചിന്റെ കെണികളാണെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടോ?

ചില ദൈവമക്കൾ മറ്റു ദൈവമക്കളെ കുറ്റം പറയുന്നു. മറ്റുള്ളവരെ ദുഷിക്കുന്നു. മറ്റുള്ളവരുടെ കുറ്റമാണ് അവർ കാണുന്നത്, സ്വന്തം കുറ്റം കാണുന്നില്ല. സ്വന്തം സ്ഥിതി അറിയുന്നില്ല. സ്വന്തം ആത്മാവിന്റെ ദാരിദ്ര്യം മനസ്സിലാക്കുന്നില്ല. ആത്മീയസമ്പന്നന്മാരാണെന്ന് അവർ ധരിച്ചുവച്ചിരിക്കുന്നു. വലിയൊരപകടമാണത്. അനേകരിന്ന് ആലയംപണി മുടങ്ങിക്കിടക്കുന്നു എന്നുള്ള കാര്യം അറിയുന്നില്ല.

അനേകംപേർ ശുശ്രൂഷകന്മാരായി എഴുന്നേൽക്കേണ്ടിയിരിക്കുന്നു. കർത്താവിന്റെ വരവുവരെയും വേല മുടങ്ങാതെ നടക്കണം. ഏതെങ്കിലും ഒരാൾ മാറി എന്നുള്ളതുകൊണ്ട് വേല മാറാൻ പാടില്ല. ക്രിസ്തുവിന്റെ വേലയാണത്. ക്രിസ്തുവിന്റെ വേല നടത്താൻ തന്നെത്തന്നെ സമർപ്പിക്കുന്ന ചിലരെങ്കിലും ഉണ്ടാകണം. ഹഗ്ഗായിപ്രവാചകനും സെഖര്യാപ്രവാചകനും ക്രിസ്തുവിന്റെ വേലയ്ക്കുവേണ്ടി തങ്ങളെത്തന്നെ സമർപ്പിച്ചു, തങ്ങളെത്തന്നെ വിട്ടുകൊടുത്തു.

എല്ലാം മറന്ന് ക്രിസ്തുവിന്റെ വേലയ്ക്കുവേണ്ടി സമർപ്പിച്ചവരുണ്ട്. മറ്റെന്തെല്ലാം മാറ്റിവെച്ചാലും യേശുവിന്റെ വേല എന്നുള്ളത് നിർബ്ബന്ധമുള്ള ചിലരുണ്ട്. ഭാഗ്യമാണത്. എല്ലാം മാറ്റിവയ്ക്കുന്നു. എന്റെ യേശു എന്ന ചിന്ത മാത്രം.

ഇന്ന് അനേകർ വചനം കേൾക്കുന്നുണ്ട്. പക്ഷേ, ഇന്ന് പുരോഹിതന്മാർ വിഘടിച്ചു നിൽക്കുകയാണ്. ദൈവത്തിന്റെ ശുശ്രൂഷക്കാർ, ഭരണസിരാകേന്ദ്രം എതിരായി നിൽക്കുകയാണ്. പക്ഷേ, അതും പറഞ്ഞുനിൽക്കാൻ നമുക്ക് നേരമില്ല. എത്രയുംവേഗം വേല തീർക്കണ്ടേ?

ഓരോരുത്തർക്കും വേലയുണ്ട്. ഈ വേലകൾ നടത്താൻ നാം ഉത്സാഹിക്കേണ്ടിയിരിക്കുന്നു. എന്തെല്ലാം വേലയാണ് എനിക്ക് ചെയ്യാൻ പറ്റുന്നത്? ഒന്നാമത് വേണ്ടത് വിശ്വാസമാണ്. ഇന്ന് അനേകം പേർക്ക് വിശ്വാസമില്ല. ദൈവത്തിലുള്ള വിശ്വാസം. പരിശുദ്ധാത്മാവിലുള്ള വിശ്വാസം. പരിശുദ്ധാത്മാവിന്റെ വചനത്തിലുള്ള വിശ്വാസം. പരിശുദ്ധാത്മാവ് ഇറങ്ങി നിന്ന് പ്രവർത്തിക്കുന്ന ദൈവമക്കളിലുള്ള വിശ്വാസം. ഇന്ന് അത് നഷ്ടപ്പെട്ടുപോയിരിക്കുന്നു.

നിങ്ങളുടെ ജീവിതത്തിൽ ചില വ്യക്തമായ നിഷ്ഠകളും പ്രതിഷ്ഠകളും വേണം. എന്താണ് എന്റെ ജീവിതത്തിന്റെ ലക്ഷ്യം? എന്റെ വേലയുടെ ലക്ഷ്യം എന്താണ്? നിങ്ങൾ കർത്താവിന്റെ വേലക്കുവേണ്ടി ചുമൽ ചായ്ക്കുക.

> *"എന്നാൽ അവരുടെ ശ്രേഷ്ഠന്മാർ കർത്താവിന്റെ വേലയ്ക്ക് ചുമൽ കൊടുത്തില്ല." നെഹമ്യാവ് 3 : 5*

അനേകം ശ്രേഷ്ഠന്മാർ ചുമൽ കൊടുക്കുന്നില്ല.

നിങ്ങൾ എല്ലാം മറന്നു വേല ചെയ്യുക. തന്നെത്തന്നെ മറന്നു വേല ചെയ്യുക. സ്വകാര്യലാഭങ്ങൾ മറന്നു വേല ചെയ്യുക. സ്വകാര്യ ലാക്കുകൾ മറന്ന്, എല്ലാം മറന്ന് കർത്താവിന്റെ വേലക്കാരായിത്തീരുക.

മോശയുടെ കാലം കഴിഞ്ഞു. പക്ഷേ, ദൈവജനം തകർന്നില്ല. യോശുവയുടെ കാലം കഴിഞ്ഞു, ദൈവജനം തകർന്നില്ല. നേതാക്കന്മാർ, ജനത്തെ നടത്തിയവർ മാറിപ്പോയി. പക്ഷേ, ജനം തളർന്നില്ല. ശമൂവേലിന്റെ കാലത്ത് ജനം ഉണർന്നു. ശമൂവേലിന്റെ കാലം കഴിഞ്ഞു. പിന്നെയും കാലങ്ങൾ മുന്നോട്ടുപോയി. ഏലിയാവിന്റെ കാലം വന്നു. പിന്നെയും കാലം മുന്നോട്ടുപോയി. ഏലീശായുടെ കാലം വന്നു. പിന്നെയും കാലം മുന്നോട്ടുപോയി. അത്യുന്നതൻ എല്ലാം കണ്ടുകൊണ്ടിരിക്കുന്നു. എല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു.

അന്ന് ഹഗ്ഗായിപ്രവാചകനും സെഖര്യാപ്രവാചകനും ജനത്തെ ഉണർത്തി, ജനത്തിന് ഉപദേശം കൊടുത്തു, പ്രബോധനം കൊടുത്തു. അവർക്ക് ആവശ്യമുള്ള വചനം കൊടുത്തു. എങ്ങനെയും ആലയം പണിയുന്നതിനുവേണ്ടി അവരെ ഉത്സാഹിപ്പിച്ചു.

ഇന്ന് അനേകർ അവിശ്വസ്തരാണ്. വേലക്കാരാണ്, പ്രവർത്തിക്കുന്നവരാണ്. പക്ഷേ, വിശ്വസ്തതയോടെ വചനം കൈകാര്യം ചെയ്യുന്നില്ല. സ്വർഗ്ഗത്തിൽ നിന്നും കിട്ടുന്ന അപ്പം എല്ലാവർക്കും പങ്കിട്ടു കൊടുക്കണം. സ്വർഗ്ഗത്തിലെ അപ്പം ചിലർക്ക് ശാസനയാണ്. ചിലർക്ക് അത് ശിക്ഷണമാണ്. ചിലർക്ക് ഉള്ളു നോവുന്ന രീതിയിലാണ് പറയുന്നത്. പക്ഷേ, എല്ലാം നന്മയ്ക്കായിട്ടു തീരും.

കർത്താവ് ഈ തലമുറയിൽ അത്ഭുതം പ്രവർത്തിപ്പാൻ ആഗ്രഹിക്കുന്നു. അത് നിങ്ങളിൽ നിന്നുകൊണ്ട് നടത്താൻ ആഗ്രഹിക്കുന്നു. നിങ്ങളെത്തന്നെ വിട്ടുകൊടുക്കാൻ പറ്റുമോ? ഹഗ്ഗായിപ്രവാചകൻ വിട്ടുകൊടുത്തതുപോലെയും സെഖര്യാപ്രവാചകൻ വിട്ടുകൊടുത്തതുപോലെയും നിങ്ങളെത്തന്നെ വിട്ടുകൊടുക്കാൻ തയ്യാറാകുമോ? ഹഗ്ഗായി, പ്രായംചെന്ന പ്രവാചകനാണ്. സെഖര്യാവ് യുവാവായ പ്രവാചകനാണ്. യുവാവായാലും ശരി വൃദ്ധനായാലും ശരി, കർത്താവിന്റെ

വചനം പറയാൻ വ്യത്യാസമില്ല. ഒരു മയവുമില്ലാതെ പറഞ്ഞു കൊള്ളുക. വളരെ വ്യക്തമായി പറഞ്ഞുകൊള്ളുക.

ഹഗ്ഗായിപ്രവാചകന്റെ പുസ്തകത്തിൽ നാലുകാര്യങ്ങൾ നമുക്കു പഠിക്കാനുണ്ട്.

*"ദാര്യാവേശ് രാജാവിന്റെ രണ്ടാം ആണ്ട്, ആറാം മാസം, ഒന്നാം തിയ്യതി യഹോവയുടെ അരുളപ്പാടു ഹഗ്ഗായിപ്രവാചകൻമുഖാന്തരം യഹൂദാദേശാധിപതിയായി ശെയൽതീയേലിന്റെ മകനായ സെരുബ്ബാബേലിനും മഹാപുരോഹിതനായി യെഹോസാദാക്കിന്റെ മകനായ യോശുവെക്കും ഉണ്ടായതെന്തെന്നാൽ: സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യഹോവയുടെ ആലയം പണിവാനുള്ള കാലം വന്നിട്ടില്ലെന്നു ഈ ജനം പറയുന്നുവല്ലോ. ഹഗ്ഗായിപ്രവാചകൻ മുഖാന്തരം യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?"*

*ഹഗ്ഗായി 1 : 1– 4*

It is a rebuke. പ്രവാചകൻ ശകാരിക്കുകയാണ്. പ്രവാചകൻ തർജ്ജനം ചെയ്യുകയാണ്. പ്രവാചകൻ ശാസിക്കുകയാണ്. അമ്പതിനായിരത്തോളം ആളുകൾ ബാബിലോണിയായിൽ നിന്ന് തിരിച്ചുവന്നു. ഈ ആളുകൾ വന്നിട്ട് അവർക്ക് വീടു പണിയാനാണ് ശ്രമം. അവരുടെ സ്വന്തം കാര്യമാണ് നോക്കുന്നത്. ആലയം പണിയെക്കുറിച്ച് ചിന്തിക്കുന്നില്ല. ഹഗ്ഗായിപ്രവാചകന് വലിയ വേദന വന്നു. ദൈവം പറഞ്ഞു: "നീ ചെന്ന് ജനത്തോട് പ്രവചിക്ക." ഹഗ്ഗായി പ്രവചിച്ചു.

"എന്റെ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?"

ഹഗ്ഗായിപ്രവാചകൻ പ്രവചിച്ചപ്പോൾ ആദ്യം ശകാര

മാണ് – Rebuke!

ഇതെല്ലാം വായിക്കുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, നീ എന്നെ ശാസിച്ചാണെങ്കിലും എന്നോട് വഴക്കു പറഞ്ഞാണെങ്കിലും എന്നെ നന്നാക്കി എടുക്കണമേ. ഏതു വിധത്തിലാണെങ്കിലും നിന്റെ വചനം എനിക്കു കിട്ടിയാൽ മതി. എന്റെ അകത്തു വാഴുന്ന ദുഷ്ടപ്പിശാചുക്കളെ മാറ്റാൻ എന്നെക്കൊണ്ടു സാധിക്കുന്നില്ല. നീ എന്നെ ശാസിച്ച് ദുഷ്ടപ്പി ശാചുക്കളെ എന്നിൽനിന്ന് അകറ്റിക്കളയണമേ.

ഇന്ന് നിങ്ങൾക്ക് മനം തിരിയാം; Rebuke ലഭിക്കട്ടെ.

നിങ്ങൾ സ്വന്തം വീടുപണിയാൻ നോക്കുകയാണോ? ആലയം ശൂന്യമായി കിടക്കുന്നു. ആരാധന മുടങ്ങിക്കിടക്കുന്നു. അതിനെക്കുറിച്ച് നിങ്ങൾ എന്താണ് ചിന്തിക്കാത്തത്? ശരി യല്ലേ? നമ്മുടെ ഏതെങ്കിലും കാര്യങ്ങൾ നാം മാറ്റിവച്ചി ട്ടുണ്ടോ? നമ്മുടെ മക്കളുടെ വിവാഹത്തിന്റെ കാര്യം മാറ്റി വച്ചോ? പഠിത്തത്തിന്റെ കാര്യം മാറ്റിവച്ചോ? മാറ്റിവച്ചത് എതാണ്? കർത്താവിന്റെ വേല മാറ്റിവച്ചു. പരീക്ഷക്കുവേണ്ടി എന്നു പറഞ്ഞ് കർത്താവിന്റെ വേലയ്ക്കു വരാതെയിരുന്നു.

ഇന്നും ആഴത്തിൽ വിശ്വാസമില്ല. പരിശുദ്ധാത്മാവിനെ വിശ്വാസമില്ല. വചനം തരുന്നത് ദൈവത്തിന്റെ ആത്മാവാ ണെന്ന വിശ്വാസമില്ല. വചനം തരുന്നത് എന്റെ നന്മയ്ക്കുവേ ണ്ടിയാണെന്നുള്ള വിശ്വാസമില്ല; എന്നെ രൂപാന്തരപ്പെടു ത്താൻ ദൈവം ആഗ്രഹിക്കുന്നു എന്നു വിശ്വാസമില്ല; എന്നിൽ നിന്നുകൊണ്ട് ചില അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നു എന്ന വിശ്വാസമില്ല; യേശുക്രിസ്തു ജീവി ക്കുന്നു എന്ന വിശ്വാസമില്ല.

ദൈവത്തിന്റെ ആത്മാവ് ശകാരം തന്നാലും ശരി, ശാന്ത മായി പറഞ്ഞാലും ശരി, അത് എന്റെ ദൈവത്തിന് എന്നോ ടുള്ള സ്നേഹം. ഞാൻ ഭാഗ്യവശാൽ ശകാരങ്ങൾ കേട്ടു വളർന്നവനാണ്. ഭൗതികമായ കാര്യങ്ങളിൽ അമ്മ എന്നെ തല്ലി

യിട്ടുണ്ട്, വളരെ വഴക്കു പറഞ്ഞിട്ടുണ്ട്. അമ്മയെ എനിക്ക് നല്ല പേടിയായിരുന്നു.

ആത്മീയമായ രീതിയിലേക്ക് വന്നപ്പോഴേക്കും ഞാൻ ഈ ലോകത്തിൽ കണ്ടിട്ടുള്ളതിലേക്കും വിശുദ്ധനായ ദൈവ പുരുഷനായ 'പപ്പ' എന്നെ എത്ര തവണ ശാസിച്ചിട്ടുണ്ട്! നിഷ്ക്കരുണം ശാസിച്ചിട്ടുണ്ട്. അന്നും പക്ഷേ, എനിക്ക് സംശയമുണ്ടായിരുന്നില്ല. എന്റെ യേശു എന്നെ അങ്ങനെയാണ് കാണുന്നത്. എനിക്ക് നല്ല ഉറപ്പുണ്ടായിരുന്നു. പപ്പ അതുപറഞ്ഞാൽ ഉറപ്പ്, അത് സത്യം. എനിക്ക് മനസ്സിലാകുന്നില്ലായിരിക്കാം. മനസ്സിലാകുന്നില്ലെങ്കിലും അത് സത്യം.

നിങ്ങൾ ആലയംപണി തുടങ്ങണം. അതിന് പ്രവാചകന്മാരുടെ വാക്ക് കേൾക്കണം. വചനം കേൾക്കണം. ഇന്ന് ഒരു തീരുമാനമെടുക്കുക: കർത്താവേ, ഈ ആലയംപണി ഇന്ന് മുടങ്ങിക്കിടക്കുകയാണ്. ഞാനിന്ന് വീണ്ടും ആലയം പണിയാൻ തുടങ്ങുന്നു. അതിന് പ്രവാചകന്മാരുടെ വാക്ക് ഞാൻ കേൾക്കും, വിശ്വസിക്കും. ഞാൻ പുതിയ സൃഷ്ടിയായി ജീവിക്കും.

# നാല്

*"ഈ ഉപകരണങ്ങൾ നീ എടുത്ത് യെരൂശലേമിലെ മന്ദിരത്തിലേക്ക് കൊണ്ടുചെല്ലുക; ദൈവാലയം അതിന്റെ സ്ഥാനത്തു പണിയട്ടെ എന്നു കല്പിച്ചു."*
*എസ്രാ 5 : 15*

*''എന്നാൽ അവർ ഞങ്ങളോട്: ഞങ്ങൾ സ്വർഗ്ഗത്തിനും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു; ഏറിയ സംവത്സരം മുമ്പെ പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു."*
*എസ്രാ 5 : 11*

ഏറിയ സംവത്സരം മുമ്പേ പണിതിരുന്ന ആലയമാണ്. പക്ഷേ, ഇടിഞ്ഞുപോയി. ദാവീദിന്റെ മകനായ ശലോമോൻ ഏഴുവർഷം കൊണ്ട്, വളരെ നാളത്തെ അദ്ധ്വാനം കൊണ്ട് പണിതീർത്ത ദൈവാലയം.

പിതാക്കന്മാരുടെ കാലത്ത് പണിതിരുന്ന ആലയം ശത്രു തകർത്തു കളഞ്ഞു. ദൈവാലയത്തിന്റെ മതിലുകൾ എല്ലാം തകർന്ന് ദൈവാലയത്തിന്റെ വാതിലുകൾ തീകൊണ്ട് വെന്തു കിടക്കുന്നു.

ദൈവാലയത്തിനകത്തുണ്ടായിരുന്ന യാഗപീഠമെല്ലാം പൊളിഞ്ഞുപോയി എന്നു മാത്രമല്ല, യാഗപീഠത്തിന്റെ കല്ലുകളെല്ലാം ചിതറിപ്പോയി. എന്നാൽ ആലയം പണി ജാഗ്രതയോടെ ചെയ്യേണ്ട വേലയാണ് എന്ന് എസ്രാ പുരോഹിതന് മനസ്സിലായി. അത് ജാഗ്രതയോടെ

നിവർത്തിക്കേണ്ട വേലയാണ് എന്ന് ഹഗ്ഗായി പ്രവാചകൻ പ്രവചിച്ചു. അത് വളരെ ജാഗ്രതയോടെ അതിവേഗം അതിന്റെ സ്ഥാനത്തു തന്നെ പണിയണം എന്നുള്ള കാര്യം സെരുബ്ബാബേൽ എന്ന ഗവർണ്ണർ തീരുമാനിച്ചു. പ്രവാചകന്മാരായ സെഖര്യാവും ഹഗ്ഗായിയും പ്രവചിച്ചു, അത് വീണ്ടും പുതുക്കിപ്പണിയണമെന്ന്. എസ്രാ പുരോഹിതൻ അതിന് മുൻകൈയെടുത്തു.

മൂന്ന് ഭരണ സിരാകേന്ദ്രങ്ങളുണ്ടായിരുന്നു. രാജാവ്, പ്രവാചകൻ, പുരോഹിതൻ. അന്നത്തെ ഭരണസംവിധാനം അങ്ങനെയായിരുന്നു. ഈ മൂന്നും യോജിച്ചു. ഏതെല്ലാം തുറകളിലാണെങ്കിലും വിവിധരംഗങ്ങളിലാണെങ്കിലും ഇടിഞ്ഞു പൊളിഞ്ഞുപോയ ദൈവാലയം പണിയുവാൻ മൂവരും യോജിച്ചു; അവർ നേതൃത്വം കൊടുത്തു.

ദൈവാലയം ഇന്നും ചണ്ടിക്കൂമ്പാരങ്ങൾപോലെ ഇടിഞ്ഞുകിടക്കുന്നു! ഇത് നമ്മുടെ ഓരോരുത്തരുടെയും ആത്മീയമായ അവസ്ഥയാണ്. ദൈവാലയമാണ് നമ്മുടെ ശരീരം, നമ്മുടെ ഹൃദയം, നമ്മുടെ ആളത്വം!

കർത്താവായ യേശുക്രിസ്തു പരസ്യശുശ്രൂഷചെയ്ത കാലത്ത് യെരൂശലേം ദൈവാലയത്തിലേക്ക് ചെന്നു ദൈവാലയത്തെ ശുദ്ധീകരിച്ചു. യെരൂശലേം ദൈവാലയം അന്ന് കൊള്ളരുതായ്മകൊണ്ടും അഴിമതികൊണ്ടും എല്ലാ വിധത്തിലും അധ:പതിച്ചു കിടക്കുകയായിരുന്നു. അന്ന് യെരൂശലേം ദൈവാലയത്തിൽ കള്ളക്കച്ചവടങ്ങൾ നടക്കുന്നുണ്ടായിരുന്നു. മഹാപുരോഹിതന്മാർ വളരെ ഹീനമായ രീതിയിൽ ജനത്തെ നയിച്ചുകൊണ്ടിരുന്നു. അവിടെയുള്ള പ്രവാചകന്മാർ എല്ലാം മന്ദതയുള്ളവരായിപ്പോയി. അന്നത്തെ പ്രവാചകന്മാർ ദൈവത്തിന്റെ വചനം ഇല്ലാത്തവരായിപ്പോയി. പ്രവാചകനും പുരോഹിതനും രാജാവും ഒരുപോലെ അധ:പതിച്ച കാലഘട്ടത്തിലായിരുന്നു കർത്താവായ യേശുക്രിസ്തു വന്നത്.

ഇന്നും അതുപോലെ തന്നെ. യേശു വീണ്ടും വരാറായിരിക്കുന്നു. യേശുക്രിസ്തുവിന്റെ വരവിനുമുമ്പ് ഇന്ന് സഭകളെല്ലാം അധ:പതിച്ചുകിടക്കുന്നു, തകർന്നു കിടക്കുന്നു. ഒരു കാലത്ത് ആത്മീയമുണ്ടായിരുന്നു. ഒരു കാലത്ത് ദൈവബോധമുണ്ടായിരുന്നു. ഒരു കാലത്ത് ആത്മീയ തീക്ഷ്ണത ഉണ്ടായിരുന്നു. ഒരു കാലത്ത് ദൈവഭയമുണ്ടായിരുന്നു. പാപത്തെ വളരെ അറപ്പോടെ കണ്ടിരുന്ന ഒരു കാലമുണ്ടായി രുന്നു.

ഇന്നിത് വായിക്കുന്ന ചിലരെങ്കിലും ഒരുകാലത്ത് പാപത്തെ അറപ്പോടെ വെറുപ്പോടെ ഉപേക്ഷിച്ചവരായിരുന്നില്ലേ? എന്നാൽ ഇന്നോ? സ്തുതി മുടങ്ങിക്കിടക്കുന്നു. ആരാധന മുടങ്ങിക്കിടക്കുന്നു. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്നു പ്രാർത്ഥിക്കുന്നുണ്ട്.

പ്രാർത്ഥന നല്ലതാണ്. പക്ഷേ, സ്തുതിയോ സ്തോത്രമോ ആഴങ്ങളിൽനിന്ന് വരുന്നില്ല. ഹൃദയത്തിൽനിന്ന് വരുന്നില്ല. പുറമെ, ചുണ്ടുകളിൽ ചിലപ്പോൾ അതൊക്കെ വന്നു എന്നു വരും. പക്ഷേ, ചുണ്ടുകളിലേ ഉള്ളൂ. അതിനപ്പുറം ഹൃദയത്തിലേക്ക് കടക്കുന്നില്ല. ഹൃദയത്തിൽനിന്ന് വരുന്നുമില്ല. ദൈവവുമായിട്ടുള്ള ബന്ധം വിട്ടുപോയിരിക്കുന്നു.

പിതാക്കന്മാർ അതിനു പറയുന്ന വാക്ക് 'ശരണം കണ്ടിച്ചു പോയി' എന്നാണ്. ബന്ധം വിട്ടുപോയി. ദൈവത്തോടുള്ള ബന്ധമുണ്ടായിരുന്നു. പക്ഷേ, ബന്ധം മുറിഞ്ഞുപോയി. ഇലക്ട്രിസിറ്റി പകർന്നുവരുന്ന വയറിൽ ഒരിടത്ത് കുറച്ചു മുറിച്ചുകളഞ്ഞാലോ? വെളിച്ചം കിട്ടുകയില്ല. കാരണം, ഇലക്ട്രിസിറ്റിയുടെ ബന്ധം മുറിഞ്ഞുപോയിരിക്കുന്നു.

അതിനിടയ്ക്ക് തുരുമ്പു വന്നുകയറി. അല്ലെങ്കിൽ ഇടക്ക് ശത്രു വന്ന് അത് മുറിച്ചുകളഞ്ഞു. ഏതെങ്കിലും വിധത്തിൽ

കണക്ഷൻ നഷ്ടപ്പെട്ടു കിടക്കുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹത്തിന്റെ കണക്ഷൻ നഷ്ടപ്പെട്ടുപോയി. അനേകരുടെ ചിത്രമാണ് ഇത്.

പ്രായാധിക്യമുള്ള ഹഗ്ഗായിപ്രവാചകന് ജനത്തിന്റെ സ്ഥിതി കണ്ടപ്പോൾ വലിയ സങ്കടമായി. പ്രവാചകൻ അവരെ rebuke ചെയ്തു. ആലയം പുതുക്കിപ്പണിയുവാൻ ഉത്സാഹമില്ലാത്തവരെ പ്രവാചകൻ ശാസിച്ചു.

*"ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?" ഹഗ്ഗായി 1: 4*

എന്റെ ആലയം ശൂന്യമായിക്കിടക്കുന്നു. അത് തകർന്ന് കിടക്കുന്നു. ആരാധന മുടങ്ങിക്കിടക്കുന്നു. പള്ളികളുണ്ട്. പെരുന്നാളുകളുണ്ട്. ഉത്സവങ്ങളുണ്ട്. നല്ല ആഘോഷങ്ങളുണ്ട്. വെടിയും പടയും കുടയും എല്ലാമുണ്ട്. അതിനെക്കുറിച്ചല്ല പറയുന്നത്. നമ്മുടെ ഹൃദയമാകുന്ന ആലയം ഇന്ന് ശൂന്യമായി കിടക്കുന്നു. ബന്ധം നഷ്ടപ്പെട്ടു പോയിരിക്കുന്നു. ദൈവവുമായിട്ടുള്ള 'കണക്ഷൻ' നഷ്ടപ്പെട്ടു കിടക്കുന്നു. ആത്മാവ് നിർജ്ജീവമാണ്. കണക്ഷൻ ഇല്ലെങ്കിൽ നിർജ്ജീവമായി പോവുകയില്ലേ? കണക്ഷൻ ഇല്ലെങ്കിൽ പിന്നെ ജീവനുണ്ടോ അവിടെ?

അതുകൊണ്ടാണ് പിതാക്കന്മാർ പാടുവാൻ നമ്മെ പഠിപ്പിച്ചത്.

"ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിന്നായ്."

ദൈവത്തോടുള്ള ശരണത്തിൽ ജീവിക്കുന്നവർക്കു മാത്രമേ ആ ഉയിർത്തെഴുന്നേൽപ്പിൽ പങ്കാളികളാകാൻ സാധിക്കുകയുള്ളൂ. അവർക്കു മാത്രമേ സ്വർഗ്ഗീയ ഉദ്യാനത്തിലേക്ക്, സ്വർഗ്ഗീയ പറുദീസയിലേക്ക് കടക്കാൻ

ഒക്കുകയുള്ളൂ. പിതാക്കന്മാർ അങ്ങനെയാണ് പഠിപ്പിച്ചത്. വെറുതെ പള്ളിയിൽ പോയി കുരിശു വരച്ച് വിശ്വാസപ്രമാണം ചൊല്ലുമ്പോൾ 'വിശ്വസിക്കുന്നു' എന്നു പറഞ്ഞു. അതല്ലെങ്കിൽ വളരെ വിനയപൂർവ്വം അവിടെ നിന്നു. കുർബ്ബാനക്രമം നോക്കി വായിച്ചു. ഇതുകൊണ്ടൊന്നും സ്വർഗ്ഗരാജ്യത്തിൽ പോവുകയില്ല. ബന്ധം കിട്ടുകയില്ല. ബന്ധം കിട്ടണമെങ്കിൽ ക്രിസ്തുവിനോട് നാം ചേരണം.

വളരെ ഗൗരവമായിട്ട് എടുക്കേണ്ട ഒരു വിഷയമാണിത്. നാമിന്ന് 'ശരണം കണ്ടിക്കപ്പെട്ടവ'രാണോ? കൃപയുടെ ശരണത്തിലാണോ നാമിന്ന് നില്ക്കുന്നത്?

പല ദുശ്ശീലങ്ങൾ - കഞ്ചാവ്, gambling (ചൂതുകളി), ചീട്ടുകളി, കുതിരപ്പന്തയങ്ങൾ ഇങ്ങനെ പല തരത്തിലുള്ള വേണ്ടാത്ത കാര്യങ്ങളാൽ മനുഷ്യജീവിതം ഇന്ന് നശിച്ചു കിടക്കുകയാണ്. ആത്മാവ് തകർന്നു കിടക്കുകയാണ്. ആത്മാവിന് ജീവനില്ലാതിരിക്കുകയാണ്. ഈ അവസ്ഥ കണ്ടിട്ട് മനം തിരിയണം. മനം തിരിഞ്ഞാൽ ദൈവം സ്വീകരിക്കും.

*"സർവ്വശക്തങ്കലേക്ക് തിരിഞ്ഞാൽ നീ അഭിവൃദ്ധി പ്രാപിക്കും."* *ഇയ്യോബ് 22 : 23*

ക്രിസ്തുവുമായിട്ടുള്ള ശരണത്തിലേക്ക് വരണം. ക്രിസ്തു നമ്മുടെ ജീവിതത്തിലേക്ക് വരണം.

ഹഗ്ഗായി അവരെ ശാസിച്ചു: നിങ്ങൾക്ക് എന്തുകൊണ്ട് ഈ ആലയം പണിയണമെന്ന് തോന്നുന്നില്ല? പരദേശികളായി ബാബിലോണിയായിൽ താമസിച്ച കാലത്ത് അവിടെ നിങ്ങൾക്ക് സ്തുതിയില്ല. ജീവിതം മുഴുവൻ അധ:പതിച്ച അവസ്ഥയിലായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് ഭാഗ്യവശാൽ തിരിച്ചുവരാൻ സാധിച്ചല്ലോ.

നിങ്ങൾക്കിന്ന് വചനം കിട്ടുന്നുണ്ടല്ലോ. ഇന്ന് നിങ്ങളെ നടത്തുവാൻ പ്രവാചകന്റെ നാവിൽ വചനമുണ്ടല്ലോ. നിങ്ങളെ

നടത്തുവാൻ പുരോഹിതന്മാർക്ക് അതിനുള്ള ശുശ്രൂഷയുണ്ടല്ലോ. ഇന്ന് നിങ്ങളെ നടത്തുവാനുള്ള എല്ലാ സജ്ജീകരണങ്ങളുമുണ്ടല്ലോ. രാജാവും നമുക്ക് അനുകൂലമാണല്ലോ. ഇത് ജാഗ്രതയോടെ നിവർത്തിക്കേണ്ടതാകുന്നു എന്നാണല്ലോ സൈറസ് ചക്രവർത്തി പറഞ്ഞത്. ഇങ്ങനെയിരിക്കെ നിങ്ങൾ എന്തുകൊണ്ട് യഥാസ്ഥാനപ്പെടുന്നില്ല? എന്തുകൊണ്ട് നിങ്ങൾ ആലയം പണിയുന്നില്ല? നിങ്ങൾ സ്വന്തം വീടുകൾ പണിയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഇന്നും അനേകരും സ്വന്തം അവസ്ഥ തിരിച്ചറിയുന്നില്ല. ശരണം കണ്ടിക്കപ്പെട്ടവരായി ആരെല്ലാമുണ്ട് എന്ന് നിങ്ങൾ തന്നെ ശോധന ചെയ്യുക. ആരും ആരെയും നോക്കണ്ട, അവനവനിലേക്ക് നോക്കുക. എന്റെ ജീവിതത്തിൽ ക്രിസ്തുവുമായിട്ടുള്ള ശരണത്തിലാണോ? മദ്യപാനം വിട്ടു പിരിയാൻ കഴിയാതെ ഞാൻ വിഷമിക്കുകയാണോ? ഞാൻ കുടുംബം കലക്കിക്കൊണ്ടിരിക്കുകയാണോ? മാതാപിതാക്കൾക്ക് എന്നും വേദന കൊടുത്തുകൊണ്ടിരിക്കുകയാണോ? വാസ്തവത്തിൽ ഞാൻ യേശുക്രിസ്തുവിനെ അനുഭവിക്കുന്നുണ്ടോ? ക്രിസ്തുവുമായിട്ടുള്ള ബന്ധത്തിലാണോ പോകുന്നത്? ഓരോ ദിവസവും ക്രിസ്തു പ്രസാദിക്കുന്നതുപോലെയാണോ ഞാൻ ജീവിതം നയിക്കുന്നത്?

ക്രിസ്തുവിന്റെ ജീവൻ തുടിച്ചാൽ സ്തുതി തുടങ്ങും. എന്റെ ചെറുപ്രായത്തിൽ, ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് ഞങ്ങളുടെ പള്ളിയിൽ സുവിശേഷപ്രസംഗമുണ്ട്. ചിലരുടെ പ്രസംഗം കേൾക്കാൻ വളരെ ഇഷ്ടമാണെനിക്ക്. പക്ഷേ, ചിലർ പ്രസംഗമദ്ധ്യേ സ്തോത്രം പറയുന്നത് എനിക്കിഷ്ടമായിരുന്നില്ല.

ചിലർ സ്തുതിയെന്നും ഹാലേലുയ്യായെന്നും പറയുന്നു. അതൊക്കെ അച്ചന്മാർ പറയേണ്ടതല്ലേ, നാമെന്തിനു പറയുന്നു എന്നൊക്കെ എനിക്ക് തോന്നിയിട്ടുണ്ട്. ചിലർ തനതു പ്രാർത്ഥന ചൊല്ലുന്നു. അനുഗ്രഹിക്കപ്പെട്ട ഒരു ദൈവദാസൻ

ഒരു കൺവൻഷന് മുമ്പ് പ്രാർത്ഥിച്ചു. എനിക്കു തോന്നി, ഇത് അച്ചന്മാർ ചെയ്യേണ്ട കാര്യമല്ലേ? ഇതൊക്കെ അൽമേനികൾ ചെയ്യുന്നത് ശരിയാണോ? അങ്ങനെ ഒരു ചോദ്യമായിരുന്നു എന്റെ ഹൃദയത്തിൽ.

പക്ഷേ, പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ട് കർത്താവ് എന്റെ ഉള്ളത്തിലേക്ക് വന്നതോടുകൂടി അറിയാതെ ഞാൻ സ്തോത്രം പറയാൻ തുടങ്ങി. എന്റെ നാവിൽ സ്തുതി നൃത്തം ചെയ്യാൻ തുടങ്ങി. ആത്മാവിനെ കിട്ടിയപ്പോൾ ഞാൻ സ്തുതിക്കാൻ തുടങ്ങി. സ്തുതി എനിക്ക് പ്രമോദമായി മാറി. സ്തുതിക്കുന്നവരോട് എനിക്ക് കൂട്ടുകെട്ടായി. സ്തുതിക്കുന്നവരോട് കൂടെയിരിക്കുന്നത്, സ്തുതിക്കുന്നവരുടെ കൂടെ യാത്രചെയ്യുന്നത് സന്തോഷമായി.

എന്റെ ആത്മീയ സ്നേഹിതനും ഗുരുവുമായിരുന്നു ശ്രീ എൻ.റ്റി. എബ്രഹാം. അദ്ദേഹം എന്നെ സ്തുതിക്കാൻ പഠിപ്പിച്ചു. അദ്ദേഹം എനിക്ക് വചനങ്ങൾ പറഞ്ഞുതന്നു. അനേകം ആത്മീയ കാര്യങ്ങൾ പറഞ്ഞു തന്നു. സ്തുതി എന്താണെന്ന് അനുഭവിച്ച മനുഷ്യനാണ് അദ്ദേഹം. ആത്മീയം എന്താണെന്ന് അദ്ദേഹം അനുഭവിച്ചു. അങ്ങനെ ഒരു പശ്ചാത്തലം ഞങ്ങളുടെ ഇടവകയിൽ ഞങ്ങൾക്ക് കിട്ടി.

അന്ന് കക്ഷി വഴക്കുകളില്ല. പരസ്പരം വൈരുദ്ധ്യങ്ങളൊന്നുമില്ല. എല്ലാവരും ഒന്നാണ്, ഒറ്റക്കെട്ടാണ്. ഒരു വികാരിയുടെ കീഴിൽ എല്ലാവരും ഒത്തൊരുമിച്ച് അണിനിരന്ന ഒരു കാലം. എന്തെല്ലാം ആത്മീയ വിപ്ലവങ്ങളാണ് അന്ന് ഇവിടെ നടന്നത്? പുറമെയും അകമെയും ഒരു വലിയ മാറ്റം വന്നു.

ഇന്ന് നിങ്ങൾ വാസ്തവമായി ആഗ്രഹിക്കുന്നു എങ്കിൽ ഇപ്പോൾ നിങ്ങൾ ഇരിക്കുന്ന ഇടത്ത് യേശു വന്നിട്ടുണ്ട്. യേശു നിങ്ങളുടെ അരികത്ത്, നിങ്ങളെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുക. നിങ്ങൾക്ക്

അസാദ്ധ്യമായ പാപം നിങ്ങളിൽനിന്ന് മാറ്റിത്തരാൻ, ഇതുവരെയും മാറ്റാൻ ശ്രമിച്ചിട്ടും മാറാത്ത മദ്യപാനത്തിന്റെ ഭീകരദോഷം നിങ്ങളിൽനിന്ന് മാറ്റുവാൻ കർത്താവിപ്പോൾ അദ്ധ്വാനിക്കുകയാണെന്ന് നിങ്ങൾ വിശ്വസിക്കുക. യേശുക്രിസ്തുവിന്റെ തൃക്കരം നിങ്ങളെ തൊടുന്നു എന്നു നിങ്ങൾ വിശ്വസിക്കുക.

നിങ്ങൾ ആലയം പണി ആരംഭിക്കാൻ ഇനി താമസിക്കരുത്. നാം തന്നെയാണ് ദൈവത്തിന്റെ ആലയം. ഈ മന്ദിരം നാം ഓരോരുത്തരുമാണ്. ഹഗ്ഗായി പ്രവാചകൻ ജനത്തെ ഉദ്ബോധിപ്പിക്കുക മാത്രമല്ല, അവരെ ശാസിക്കുകയും ചെയ്തു. Rebuke ചെയ്തു.

> *"ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ? ആകയാൽ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കുവിൻ. നിങ്ങൾ വളരെ വിതച്ചിട്ടും അല്പമേ കൊണ്ടുവരുന്നുള്ളൂ; നിങ്ങൾ ഭക്ഷിച്ചിട്ടും പൂർത്തിവരുന്നില്ല; പാനം ചെയ്തിട്ടും തൃപ്തി വരുന്നില്ല; വസ്ത്രം ധരിച്ചിട്ടും ആർക്കും കുളിർ മാറുന്നില്ല; കൂലിക്കാരൻ ഓട്ടസഞ്ചിയിൽ ഇടുവാൻ കൂലി വാങ്ങുന്നു. സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കുവിൻ. നിങ്ങൾ മലയിൽ ചെന്നു മരം കൊണ്ടുവന്ന് ആലയം പണിവിൻ; ഞാൻ അതിൽ പ്രസാദിച്ചു മഹത്വപ്പെടും എന്ന് യഹോവ കല്പിക്കുന്നു."* *ഹഗ്ഗായി 1 : 4 – 8*

നിങ്ങൾക്ക് ഇന്നത്തെ പ്രവർത്തനംകൊണ്ട് ഒന്നും കിട്ടുന്നില്ല. നിങ്ങൾ എന്തു ജോലി ചെയ്താലും കിട്ടുന്ന പൈസ നിങ്ങളുടെ കൈയിൽ തങ്ങുന്നില്ല. പണം ചോർന്നു പോകുന്നു. ഇന്ന് പത്തു രൂപ കിട്ടിയാൽ നാളെ പതിനഞ്ചു രൂപ

ചെലവാണ്. വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ പോകുന്നത്. നീക്കിബാക്കി വരുന്നില്ല. വളരെ വളരെ അദ്ധ്വാനിക്കുന്നുണ്ട്. പക്ഷേ, പ്രയോജനം കിട്ടുന്നില്ല.

ആർക്കുണ്ട് സംതൃപ്തി? പ്രവാചകൻ ചോദിക്കുകയാണ്. നിങ്ങൾക്ക് സംതൃപ്തിയുണ്ടോ വാസ്തവത്തിൽ? നിങ്ങളുടെ കുളിർ മാറുന്നുണ്ടോ? നിങ്ങളുടെ ദാഹം ശമിക്കുന്നുണ്ടോ? നിങ്ങളുടെ വിശപ്പ് മാറുന്നുണ്ടോ? ജനം ഓർത്തു: പ്രവാചകൻ പറയുന്നത് ശരിയാണല്ലോ. ജനം ഉണർന്നു. ആലയം പണി തുടങ്ങാൻ തീരുമാനിച്ചു.

അപ്പോൾ പ്രവാചകൻ സെരുബ്ബാബേൽ ഗവർണ്ണറോട് പറയുകയാണ്:

> *"ഏഴാം മാസം ഇരുപത്തൊന്നാം തിയ്യതി ഹഗ്ഗായിപ്രവാചകൻ മുഖാന്തരം യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: നീ യഹൂദാ ദേശാധിപതിയായി ശെയല്തീയേലിന്റെ മകനായ സെരുബ്ബാബേലിനോടും മഹാപുരോഹിതനായി യെഹോസാദാക്കിന്റെ മകനായ യോശുവയോടും ജനത്തിൽ ശേഷിപ്പുള്ളവരോടും പറയേണ്ടതെന്തെന്നാൽ: നിങ്ങളിൽ ഈ ആലയത്തെ അതിന്റെ ആദ്യ മഹത്വത്തോടെ കണ്ടവരായി ആർ ശേഷിച്ചിരിക്കുന്നു? ഇപ്പോൾ കണ്ടിട്ട് നിങ്ങൾക്ക് എന്തു തോന്നുന്നു? ഏതുമില്ലാത്തതുപോലെ തോന്നുന്നില്ലയോ? ഇപ്പോഴോ സെരുബ്ബാബേലേ, ധൈര്യപ്പെടുക എന്നു യഹോവയുടെ അരുളപ്പാട്; മഹാപുരോഹിതനായി യഹോസാദാക്കിന്റെ മകനായ യോശുവേ, ധൈര്യപ്പെടുക; ദേശത്തിലെ സകല ജനവുമായുള്ളോരേ, ധൈര്യപ്പെട്ട് വേല ചെയ്‌വിൻ എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ നിങ്ങളോടുകൂടെ ഉണ്ടല്ലോ എന്ന് സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്."*
>
> *ഹഗ്ഗായി 2 : 1 – 4*

2. Encouragement. ഒന്ന്, പ്രവാചകൻ ശാസിച്ചു – Rebuke. പ്രവാചകന്മാർ ശാസിക്കാനുള്ള ദൈവിക അധികാരമുള്ളവനാണ്. Spiritual authority ഉള്ളവരാണ്. സെരുബ്ബാബേൽ ഗവർണ്ണറാണ്, ഭരണകർത്താവാണ്.

ഭരണകർത്താവിനോട് പറയുകയാണ്: ഇപ്പോൾ ഞാൻ നിന്നെ ഉത്സാഹിപ്പിക്കുകയാണ്, encourage ചെയ്യുകയാണ്. നീ നേതൃത്വം കൊടുക്കുക. ശെയൽത്തിയേലിന്റെ മകനായ സെരുബ്ബാബേലേ, നീ ജനത്തെ ഉത്സാഹിപ്പിക്കുക. ഉടഞ്ഞുപോയ ആലയത്തെ പണിയുവാൻ നീ ജനത്തെ ഉത്സാഹിപ്പിക്കുക. Encouragement കിട്ടി.

യഹോവായ ദൈവം, അന്ന് സെരുബ്ബാബേലിനോട് പറഞ്ഞു, യോശുവയോട് പറഞ്ഞു, ജനത്തോട് പറഞ്ഞു. ഇന്ന് നമ്മോടും പറയുകയാണ്: നിങ്ങൾ ഇനി അമാന്തിക്കരുത്. ആലയം പണി അമാന്തിക്കരുത്. ഈ ജീവിതമാകുന്ന ആലയം, എന്റെ ശരീരമാകുന്ന ആലയം, അവിടെ ദൈവത്തിന്റെ ആത്മാവ് ഇറങ്ങണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ സിരകളിലൂടെ ഒഴുകണം. മൂർദ്ധാവ് മുതൽ ഉള്ളങ്കാലു വരെയും പരിശുദ്ധാത്മാവ് വ്യാപരിച്ചുകൊണ്ടിരിക്കണം.

അതൊരു ഭാഗ്യാനുഭവമാണ്. പരിശുദ്ധാത്മാവ് ശരീരത്തിലൂടെ ഒഴുകുന്നത്, പരിശുദ്ധാത്മാവ് ശരീരത്തിൽ വന്നു നിറയുന്നത്, പരിശുദ്ധാത്മാവ് ഹൃദയത്തിൽ വന്നു നിറയുന്നത്, അതൊരു സവിശേഷാനുഭവമാണ്. നിങ്ങൾ ദാഹിക്കണം, അതിനുവേണ്ടി ആഗ്രഹിക്കണം. അതിനുവേണ്ടി പ്രാർത്ഥിക്കണം. പരിശുദ്ധാത്മാവ് ഈ ആലയം പണി തുടങ്ങും.

ഇന്ന് ഏതെല്ലാം കാര്യങ്ങളിലാണ് മനസ്സ് നിരാശപ്പെട്ടിരിക്കുന്നത്? മകനേ, നിരാശപ്പെടേണ്ട. നിന്റെ വേദന, നീ അനുഭവിക്കുന്ന യാതന ഞാൻ കാണുന്നുണ്ട്. മോളേ, നിന്റെ ജീവിതത്തിലെ ദുരിതങ്ങൾ ഞാൻ അറിയുന്നുണ്ട്. ഞാൻ

അറിയാതെ ഒന്നും നടക്കുന്നില്ല. നിന്റെ കണ്ണുനീരെല്ലാം ഞാൻ എന്റെ തുരുത്തിയിൽ ആക്കിവച്ചിട്ടുണ്ട്. പ്രതിഫലം വിളമ്പുന്ന നാളിൽ നിനക്ക് മറുപടിയായി എല്ലാ അനുഗ്രഹങ്ങളും തരാൻ പോവുകയാണ്. ഇന്ന് ഭൂമിയിൽ നീ കണ്ണീർ പൊഴിക്കുന്നു. അന്ന് നിത്യതയിലേക്ക് വരുമ്പോൾ നീ ആർപ്പോടെ, ആനന്ദത്തോടെ, ആഘോഷത്തോടെ നൃത്തം ചെയ്യും. (സങ്കീർത്തനങ്ങൾ 126 : 5)

നിനക്ക് നല്ലകാലം വരാനിരിക്കുന്നു. നീ അധൈര്യപ്പെടേണ്ട. ഒട്ടും സംശയിക്കേണ്ട. ആലയം പണി തുടങ്ങിക്കൊള്ളൂ. അനുകൂലമായ സാഹചര്യമാണ്. ആലയം പണിയാൻ പറ്റിയ എല്ലാ വിഭവങ്ങളും ഇന്നുണ്ട്. കോരശ് രാജാവ് എല്ലാം കല്പിച്ചു തന്നിട്ടുണ്ട്. കോരശിന്റെ ഖജനാവിൽനിന്ന് പൈസ തരുന്നുണ്ട്. ഇന്ന് ഒന്നിനും മുട്ടില്ലാതെ കിടക്കുകയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങൾക്കറിയാമോ? ഇന്ന് വേണമെങ്കിൽ നിങ്ങൾക്ക് തിരിയാം. ഇന്ന് ഈ encouragement കേട്ടുകൊണ്ട് നിങ്ങൾ ആലയം പണിയാൻ ഉത്സാഹിക്കുക. ഇന്ന് ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, എന്റെ ഈ ശരീരമാകുന്ന ആലയം, എന്റെ ജീവിതമാകുന്ന ആലയം പണിയാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു. കർത്താവേ, ഒറ്റയ്ക്കൊരു കാര്യം മാത്രം ഞാൻ നിന്നോട് യാചിക്കുന്നു. അന്ന് പത്മൊസ് ദ്വീപിൽ യോഹന്നാൻശ്ലീഹാക്ക് വെളിപ്പെട്ട തേജോരൂപിയായ യേശുവേ, നീ ഇപ്പോൾ എന്റെ ഈ നിസ്സാരമായ ഹൃദയത്തിനുള്ളിലേക്ക് വന്ന് ഇവിടെ കാൽചവുട്ടി നില്ക്കണം. എന്റെ നാവിന്റെ അഗ്രത്തിൽ വന്നുനിന്നുകൊണ്ട് ജനത്തോട് നീ സംസാരിക്കണം.

കർത്താവേ, തീ എന്റെ സിരകളിലൂടെ ഒഴുകി, ആത്മാവിന്റെ തീയാൽ ജ്വലിപ്പിച്ച് എന്നെ നിന്റെ ദാസനാക്കി, ദാസിയാക്കി മാറ്റണം. പരിശുദ്ധാത്മാവിനെ പകരുന്ന ഒരു ദാസിയായി, പരിശുദ്ധാത്മാവിനെ പകരുന്ന ഒരു ദാസനായി ഇനിയുള്ള

കാലം ജീവിക്കണം. ഇനി എത്രകാലമുണ്ടെന്ന്, എത്ര നേരമുണ്ടെന്ന് എനിക്കറിയാൻ വയ്യ.

നേരം വൈകി അസ്തമിപ്പാറായി. ഇതാ, ഇരുളാകാൻ തുടങ്ങുന്നു. രാത്രിയാകാൻ തുടങ്ങുന്നു. സന്ധ്യ മയങ്ങി കഴിഞ്ഞിരിക്കുന്നു. എപ്പോഴാണ് എന്റെ യേശു വരുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട് ഇപ്പോൾ ഈ ആലയം പണിയാൻ ഞാനിതാ അടിസ്ഥാനമിടുന്നു. Encourage ചെയ്യാൻ പ്രവാചകന്മാരുണ്ട്, പുരോഹിതന്മാരുണ്ട്. പ്രോത്സാഹിപ്പിക്കുവാൻ എല്ലാ സജ്ജീകരണങ്ങളുമുണ്ട്. ഭരണകർത്താക്കളുണ്ട്. ഇന്ന് ഒന്നിനും കുറവില്ല. ഞാനാണ് കുറവോടെ നില്ക്കുന്നത്. എനിക്കാണ് അനർത്ഥം വന്നിരിക്കുന്നത്.

നാഥാ, ഇപ്പോൾ നിന്റെ തൃക്കരം നീട്ടി എന്നെ തൊടുക. എന്നെ നീ ആലിംഗനം ചെയ്യുക. എന്നെ നീ ആശ്ലേഷിക്കുക. എന്നെ നിന്റെ മാറോടണയ്ക്കുക. തിരുമാറിലെ ആ സ്പന്ദനങ്ങൾ ഏറ്റെടുക്കുവാൻ എന്നെ യോഗ്യനാക്കിത്തീർക്കുക. എന്റെമേൽ നിന്റെ തീമഴ പെയ്യട്ടെ. സ്വർഗ്ഗത്തിന്റെ തീ മഴ, സ്വർഗ്ഗത്തിന്റെ തീപ്പൊരി എന്റെമേൽ പെയ്യട്ടെ. എന്നെ നിന്റെ ആത്മാവിനാൽ നിറയ്ക്കട്ടെ. അശുദ്ധാത്മാക്കൾ വിട്ടുപോകട്ടെ; ദുശ്ശീലങ്ങൾ മാറിപ്പോകട്ടെ. ദുസ്സ്വഭാവങ്ങൾ തീർന്നുപോകട്ടെ. എല്ലാ തിന്മയും മാറിപ്പോകട്ടെ.

# അഞ്ച്

എന്തുകൊണ്ടാണ് ഓരോരുത്തർക്ക് ഓരോവിധത്തിലുള്ള പ്രശ്നങ്ങൾ വരുന്നത്? ചിലർക്ക് മക്കളെക്കുറിച്ചുള്ള ആവലാതികളുണ്ട്. അവരുടെ പഠിക്കാനുള്ള കഴിവുകേടിനെക്കുറിച്ച്, ചില മനോദൗർബ്ബല്യങ്ങളെക്കുറിച്ച്, ചില മാറാവ്യാധികളെക്കുറിച്ച് വേദനയുണ്ട്. എന്തെല്ലാം പ്രശ്നങ്ങളാണ്! പക്ഷേ, നാം ഇവിടെ വച്ച് ക്രിസ്തുവിനെ അനുഭവിച്ചാൽ കർത്താവ് അതിനെല്ലാം പരിഹാരം തരും.

ചിന്തിക്കാൻ കഴിവില്ലാത്ത കുട്ടികളുണ്ട്. അവർക്ക് സ്വയമായി ചിന്തിച്ച് ക്രിസ്തുവിനെ സ്വീകരിക്കാൻ പറ്റില്ല. പക്ഷേ, അവരുടെ അപ്പനും അമ്മയും കുട്ടിയുടെ രോഗം മാറാൻ പ്രാർത്ഥിക്കുന്നതിന് മുമ്പ്, എന്റെ കർത്താവേ, എന്റെ ഈ കുഞ്ഞിന് അന്തരാത്മാവിൽ എല്ലാ ബന്ധനങ്ങളും അഴിച്ച് നിന്റെ സന്നിധിയിലേക്ക് വരുമ്പോൾ പൂർണ്ണതയോടെ വന്നു നില്പാൻ കൃപ തരണമേ എന്ന് പ്രാർത്ഥിച്ചാൽ, അപ്പനും അമ്മയും വിശുദ്ധരായി നിന്നാൽ അവരിൽ നിന്നുകൊണ്ട്, അവരുടെ പ്രാർത്ഥന കേട്ട് കർത്താവ് ആ കുഞ്ഞിന് നിത്യജീവൻ കൊടുക്കും.

ഏതെങ്കിലും തരത്തിൽ പരാധീനതയുള്ളവർ, മനോഭാരമുള്ളവർ, മക്കളെക്കുറിച്ചോ ഭർത്താവിനെക്കുറിച്ചോ ഭാര്യയെക്കുറിച്ചോ ആവലാതിയുള്ളവർ, അവർ ഒരാളെങ്കിലും ഒരു വിശുദ്ധനായി, ശുദ്ധിമതിയായി നിന്നാൽ ആ വ്യക്തിയിൽ നിന്നുകൊണ്ട് കർത്താവ് ആ കുടുംബത്തിന്റെ പോരായ്മകൾ മാറ്റും. ആ വ്യക്തിയിലുള്ള പോരായ്മകൾ മാറ്റും. മക്കളിലുള്ള

പോരായ്മകൾ മാറ്റും. ഭർത്താവിലുള്ള പോരായ്മകൾ മാറ്റും. ഇവിടെ വച്ച് ഒരു പക്ഷേ അനുഭവിക്കാൻ പറ്റിയെന്നു വരികയില്ല, സാരമില്ല. അക്കരെ ദേശത്ത് സ്വർഗ്ഗീയ രാജാധിരാജന്റെ തിരുമുമ്പാകെ ചെല്ലുമ്പോൾ പൂർണ്ണതയുടെ നിറവിൽ ദൈവത്തെ സ്തുതിക്കാൻ സാധിക്കും.

ഭാര്യയെ സംശയിക്കുന്ന ഭർത്താക്കന്മാരുണ്ട്. ഭർത്താവിനെ സംശയിക്കുന്ന ഭാര്യമാരുണ്ട്. ഗലാത്യലേഖനം അഞ്ചാം അദ്ധ്യായം 19 മുതൽ 22 വരെയുള്ള വാക്യങ്ങളിൽ കാണാം, 'ജാരശങ്ക.' ഭാര്യയെ സംശയം. ഭർത്താവിനെ സംശയം. അതൊരു പൈശാചികബാധയാണ്. ഒരു കാരണവുമില്ല ഭാര്യയെ സംശയിക്കാൻ. ഒരു കാരണവുമില്ല ഭർത്താവിനെ സംശയിക്കാൻ. പക്ഷേ, ഏതോ ദുഷ്ടശക്തി ഹൃദയത്തിൽ വസിച്ചുകൊണ്ട് ഭർത്താവിനെക്കുറിച്ചോ ഭാര്യയെക്കുറിച്ചോ ചില അരുതാത്ത ചിന്തകൾ കൊടുക്കുന്നു.

നേരിട്ടുകാണുന്നതുപോലെ ചിന്തകൾ വരികയാണ്. അത് ഒരു പൈശാചിക ബാധയാണ് എന്നറിഞ്ഞ് – ആ വ്യക്തി ഒരു പക്ഷേ, ചികിത്സയ്ക്ക് തയ്യാറാവുകയില്ലായിരിക്കും – ഒരു നല്ല മനോരോഗവിദഗ്ദ്ധനെക്കണ്ടാൽ മരുന്നുകൊണ്ട് മാറാവുന്നതേയുള്ളൂ കാര്യം. പക്ഷേ, അതിനു തയ്യാറല്ല. എനിക്ക് രോഗമില്ലെന്നാണ് ചിന്തിക്കുന്നത്. അതാണ് ആ രോഗത്തിന്റെ പ്രത്യേകത തന്നെ.

പക്ഷേ, അങ്ങനെ ചിന്തിക്കാതെ വളരെ സ്നേഹമായിട്ട്, ഭാര്യയും ഭർത്താവും ഒരുമിച്ച് വളരെ സന്തോഷമായിട്ടിരിക്കുമ്പോൾ, നമുക്ക് ഒരു ഡോക്ടറെ കാണാം എന്ന് പറഞ്ഞാൽ അദ്ദേഹം സ്വീകരിക്കുമെങ്കിൽ ഡോക്ടറെ കാണാൻ പോകണം. പക്ഷേ അതുകൊണ്ടുമായില്ല. ആത്മാവ് ദൈവരാജ്യത്തിൽ പോകണ്ടേ? അതിന് ഒരാൾ സ്വന്തം ജീവിതം യേശുക്രിസ്തുവിനുവേണ്ടി എരിഞ്ഞടങ്ങാൻ വിട്ടുകൊടുക്കുക.

ഒരു മെഴുകുതിരി കത്തിച്ചുവച്ചിരിക്കയാണ്. ആ മെഴുകു

തിരി കത്തിക്കത്തി വരുമ്പോൾ വെളിച്ചം ചുറ്റിലും വ്യാപിക്കും. പക്ഷേ, മെഴുകുതിരി കുറഞ്ഞുകുറഞ്ഞു വരും. അങ്ങനെ ജീവിതാവസാനംവരെയും മെഴുകുതിരിയായി ദീപം കത്തി നില്ക്കുക, പ്രകാശിച്ചു നില്ക്കുക.

നിങ്ങൾ ഒരാളിൽ അങ്ങനെ ദീപം പ്രകാശിച്ച് കണ്ടാൽ, കർത്താവിനുവേണ്ടി ത്യാഗം സഹിച്ചും നിന്ദ വഹിച്ചും കഷ്ടത സഹിച്ചും നിന്നാൽ നിങ്ങളുടെ ഹൃദയത്തിൽ വസി ക്കുന്ന കർത്താവ് ആ പ്രകാശപൂരം ഭാര്യയിലേക്ക് അല്ലെങ്കിൽ ഭർത്താവിലേക്ക് പകർന്ന് എല്ലാ നന്മകളിലേക്കും നയിക്കു കയും നിത്യതയിൽ ദൈവത്തെ സ്തുതിക്കാൻ ഇടയാവുകയും ചെയ്യും.

പറയുന്ന വാക്കുകളിലല്ല, ക്രിസ്തുവിന്റെ ഒരു ശിഷ്യ നായി, ക്രിസ്തുവിന്റെ ഒരനുയായിയായി, ക്രിസ്തുവിന്റെ അതേ ഭാവത്തിലും സ്വഭാവത്തിലും ക്രിസ്തുവിന്റെ അതേ പ്രകൃതിയിലും നില്ക്കാൻ സാധിച്ചാൽ അനേകരുടെ വീണ്ടെ ടുപ്പിന്, അനേകരുടെ രക്ഷയ്ക്ക് അതു കാരണമായിത്തീരും.

ഞാൻ ഒരു സംഭവം വായിച്ചു. ആൻ സ്റ്റീൽ എന്നു പറ യുന്ന ഒരു പെൺകുട്ടി. അവളുടെ മൂന്നാമത്തെ വയസ്സിൽ അമ്മ മരിച്ചുപോയി. പാവം, ആ കുഞ്ഞ് കരഞ്ഞ് കരഞ്ഞ് വളർന്നു. പക്ഷേ, ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും അവൾക്ക് ഒരു രോഗമുണ്ടെന്ന് കണ്ടുപിടിച്ചു. ക്ഷയരോഗം! ശരീരം മെലിഞ്ഞുണങ്ങുന്നു. അവളുടെ അപ്പൻ അവൾക്കു വേണ്ടി ഡോക്ടർമാരെ കണ്ടു, ചികിത്സിച്ചു. രോഗം തത്ക്കാല ത്തേക്ക് മാറി, അവൾ വളർന്നു വന്നു.

അതിനിടയ്ക്കാണ് അവൾക്ക് വേറൊരപകടം പറ്റിയത്. കാലിന് മുടന്തു ബാധിച്ചു. എന്താണ് ആ കൊച്ചിന് ഇങ്ങനെ വരുന്നത്? അമ്മ മരിച്ചു. ക്ഷയരോഗം വരുന്നു. കാലും മുടന്താ യി. ഏതായാലും അവൾ ദൈവത്തിങ്കലേക്ക് തിരിഞ്ഞു. ക്രിസ്തുവിനായി അവളുടെ ജീവിതം സമർപ്പിച്ചു. ക്രിസ്തുവി

നോട് അവൾ വാക്കു പറഞ്ഞു: കർത്താവേ, ഞാൻ രോഗിയാണെങ്കിലും ഞാൻ മുടന്തുള്ളവളാണെങ്കിലും ഞാൻ അനാഥയാണെങ്കിലും നീ എന്റെ ഹൃദയത്തിൽ ജീവിച്ചാൽ മതി. എനിക്ക് അതുമാത്രം മതി.

അവൾക്ക് ഇരുപത്തൊന്നു വയസ്സായി. റോബർട്ട് എന്ന യുവാവുമായി വിവാഹം ആലോചിച്ചു. വിവാഹത്തിന്റെ തൊട്ടു തലേദിവസം ആ യുവാവ് വെള്ളത്തിൽ മുങ്ങി മരിച്ചു. എന്തൊരു കഷ്ടത! ഒരാളെ കഷ്ടത വേട്ടയാടുകയാണ്; ദുരിതം വേട്ടയാടുകയാണ്.

ആ പെൺകുട്ടി പിന്നെ വേറെ വിവാഹത്തിനൊന്നും പോയില്ല. അവൾ തന്റെ ജീവിതത്തിന്റെ യാതനകളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ടു. യാതനകളെല്ലാമുണ്ടെങ്കിലും അവൾ തളരാതെ ക്രിസ്തുവിൽ പിടിച്ചുനിന്നു. ക്രിസ്തുവിൽ ആശ്രയിച്ചുനിന്നു. എന്റെ ജീവിതത്തിൽ സംഭവിക്കുന്നതൊന്നും ക്രിസ്തു അറിയാതെയല്ല, എന്റെ ജീവിതത്തിൽ സംഭവിക്കുന്നതൊന്നും ക്രിസ്തു കാണാതെയല്ല, ക്രിസ്തു എല്ലാം കാണുന്നുണ്ട്. ഇതിനെന്തോ ഒരു ആത്യന്തിക നന്മയുണ്ട്. എന്താണെന്നെനിക്കറിഞ്ഞുകൂടാ. കർത്താവേ, എന്നെ ഞാൻ നിനക്കു തരുന്നു. അവൾ പറഞ്ഞു: എന്റെ ഈ രോഗഗ്രസ്തമായ ശരീരവും, കഷ്ടതയും ദുരിതവുമായ ജീവിതവും ഞാൻ നിനക്കു തരുന്നു.

അവൾ മുപ്പത്തിനാല് ക്രിസ്തീയഗാനങ്ങൾ നാടകരൂപത്തിൽ തയ്യാറാക്കി അവതരിപ്പിച്ചു. ഇരുന്നൂറിലേറെ വേറെ ഗാനങ്ങൾ എഴുതി നല്ലൊരു ഗായികയായിത്തീർന്നു. നല്ല ഗാനരചയിതാവായിത്തീർന്നു. അവളിൽനിന്ന് അനേകർ അനുഗ്രഹം പ്രാപിച്ചു. അനേകർക്ക് അവളുടെ ജീവിതം പ്രയോജനകരമായിത്തീർന്നു. അവളുടെ ജീവിതത്തിൽ ഭൗതികമായ പല നന്മകളും നഷ്ടപ്പെട്ടു എങ്കിലും അവൾ നിരാശപ്പെട്ടില്ല.

ഒരു പക്ഷേ, നിങ്ങളിൽ അനേകംപേർ നാനാവിധത്തി

ലുള്ള പ്രയാസങ്ങളും പ്രശ്നങ്ങളും എല്ലാമായി ഉള്ളുലഞ്ഞ് ഇരിക്കുന്നവരായിരിക്കും. എനിക്ക് എന്തുകൊണ്ട് ഇങ്ങനെ യെല്ലാം വന്നു എന്നു ചിന്തിക്കുന്നവർ കാണും. അതിനു തക്ക വണ്ണം ഞാനൊരു പാപവും ചെയ്തിട്ടില്ലല്ലോ എന്നു ചിന്തിക്കു ന്നവരും കാണും.

ഒരിക്കലും പാപത്തിന്റെ ഫലമായിട്ടാണ് രോഗം വരുന്ന തെന്ന് ചിന്തിക്കരുത്. അങ്ങനെയും വരാം. പക്ഷേ, എല്ലാ രോഗ ങ്ങളും പാപത്തിന്റെ ഫലമായിട്ട് വരുന്നതല്ല. പാപത്തിന്റെ ഫലമായിട്ടാണ് ആപത്ത് വരുന്നതെന്ന് ചിന്തിക്കരുത്. അല്ലാ തെയും വരാം.

ക്രിസ്തുവുമായി നാം രമ്യതയിലാകണം. ക്രിസ്തുവു മായി നാം താദാത്മ്യം പ്രാപിക്കണം. ക്രിസ്തുവുമായിട്ട് ഒന്നാ യിത്തീരണം. ഞാനും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിൽ ഒരു തടസ്സമുണ്ടാകരുത്. ക്രിസ്തുവുമായിട്ടുള്ള സ്നേഹബന്ധത്തിന് വിഘ്നം വരരുത്.

നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ട്. നമസ്ക്കാരം ചൊല്ലുന്നുണ്ട്. വേദപുസ്തകം വായിക്കുന്നുണ്ട്. യോഗത്തിന് വരുന്നുണ്ട്. ഇതെല്ലാമുണ്ടെങ്കിലും നിങ്ങൾ തന്നത്താൻ അറിയണം, ഞാൻ ക്രിസ്തുവുമായി ഐക്യത്തിലാണോ? എന്റെ ഹൃദയം ക്രിസ്തുവുമായി ചേർച്ചയിലാണോ? ക്രിസ്തുവുമായി ഒന്നാണോ? ഒരു ഹൃദയമാണോ ഞാനും ക്രിസ്തുവും തമ്മിൽ? ക്രിസ്തുവുമായുള്ള ബന്ധത്തിൽ ഒരു വിടവില്ല എന്നു പറയത്തക്കവണ്ണം ജീവിതം ക്രിസ്തുവിന് പ്രസാദകര മായിത്തീർന്നിട്ടുണ്ടോ?

അങ്ങനെ ക്രിസ്തുവിന് പ്രസാദകരമായ ജീവിതമായി ത്തീരുവാനുള്ള തീരുമാനമാണ് യഥാസ്ഥാനപ്പെടുക എന്നു പറയുന്നത്. ക്രിസ്തുവുമായുള്ള സ്നേഹബന്ധത്തിലേക്ക് വരുന്നതിന് തടസ്സമായിട്ടുള്ളതെല്ലാം മാറ്റുക. എന്തെല്ലാം മാറ്റേണ്ടി വന്നാലും നഷ്ടമല്ല. നമുക്ക് വിലയേറിയതെന്നു

തോന്നുന്ന എന്തെല്ലാം മാറ്റിയാലും സാരമില്ല. കാരണം, കർത്താവ് പറഞ്ഞു:

> *"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം?" മത്തായി 16 : 26*

ആത്മാവ് നഷ്ടപ്പെടരുത്. സർവ്വലോകവും നേടി, ശരിയാണ്. ഒട്ടേറെ സമ്പാദിച്ചു, നല്ലത്. രൂപയുണ്ടെങ്കിൽ പലർക്കും പല ഉപകാരങ്ങളും ചെയ്യാമല്ലോ. നല്ല നല്ല സൗകര്യങ്ങളെല്ലാമുണ്ടായി, കൊള്ളാം. പക്ഷേ, അതുകൊണ്ടൊന്നും നാം സംതൃപ്തരാകാൻ പാടില്ല. നമ്മുടെ ആകെയുള്ള സംതൃപ്തി ക്രിസ്തുവും ഞാനും തമ്മിൽ ഒന്നായി എന്നുള്ളതാണ്. ഞാനും ക്രിസ്തുവും തമ്മിൽ നിരപ്പിലാണ് എന്നുള്ള ഒരുറപ്പ് നമുക്ക് കിട്ടണം. അതാണ് യഥാസ്ഥാനപ്പെടുക എന്നു പറയുന്നത്.

ഇത് ഒരു ഉയർന്ന നിലവാരമാണ് എന്നു നിങ്ങൾ വിചാരിക്കരുത്. സാധാരണക്കാരായ നമുക്ക് സാധിക്കും. അതിന് വിദ്യാഭ്യാസം വേണ്ട. വേദപുസ്തകപരിജ്ഞാനവും വേണ്ട.

ഹഗ്ഗായി പ്രവാചകൻ ആലയം പണിയുന്നതിന് ജനത്തെ ഉദ്ബോധിപ്പിച്ചു. നഷ്ടപ്പെട്ടുപോയ ദേവാലയം പുതുക്കിപ്പണിയുന്നതിന് ജനം അമാന്തിച്ചുനിന്നു. ബാബിലോണിയായിലേക്ക് അടിമകളായിപ്പോയ ജനത്തിന് ദേവാലയം പുതുക്കിപ്പണിയുന്നതിന് അനുവാദം കിട്ടി, നന്നായി. പക്ഷേ, അവർ വന്നപ്പോൾ ആലയം പണിയല്ല ഒന്നാമത് ശ്രദ്ധിച്ചത്, സ്വന്തം വീടുപണിയാണ്. പ്രവാചകൻ അവരെ ശാസിച്ചു, Rebuke!

ദൈവത്തിന്റെ ആലയം ശൂന്യമായി കിടക്കുന്നത് നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ സ്വന്തം വീടുപണിയാൻ ശ്രമിക്കയാണോ? ദൈവത്തിന്റെ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ? പ്രവാചകന്റെ ശാസന ചെന്നപ്പോൾ ജനം ഉണർന്നു. ദൈവത്തിന്റെ

പരിശുദ്ധാത്മാവ് വന്ന് ശാസിച്ചാൽ, സ്വന്തം മനസ്സാക്ഷി യെയോ താത്പര്യത്തെയോ അതിക്രമിച്ച് പരിശുദ്ധാത്മാവ് ആ വ്യക്തിയിൽക്കൂടി സംസാരിക്കുകയാണെങ്കിൽ ആ പ്രവാച കൻ പറയുന്നത് കൈക്കൊള്ളുന്നവർക്ക് മഹാഭാഗ്യമായി രിക്കും.

ആലയം പണിയുന്നതിനു വന്ന ജനം ആലയം പണി യാതെ, ആരാധന തുടങ്ങാതെ സ്വന്തം വീടു പണിയാൻ പോയ തിൽ പ്രവാചകൻ രോഷം പൂണ്ടു. പ്രവാചകൻ അമർഷ ത്തോടെ ചോദിച്ചു: "നിങ്ങൾക്കിപ്പോൾ തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?" (ഹഗ്ഗായി 1 : 4)

ഇന്ന് നിങ്ങൾ ചിന്തിക്കണം. എന്റെ ജീവിതം ക്രിസ്തുവു മായി നിരപ്പായിട്ടുണ്ടോ? നാം പലപല കാര്യങ്ങൾ ചെയ്യുന്നു. വീടു പണിയുന്നു; മക്കളെ പഠിപ്പിക്കുന്നു; മക്കളുടെ വിവാഹം നടത്തുന്നു; മക്കൾക്കു വീടുവച്ചുകൊടുക്കുന്നു; വാഹനങ്ങൾ വാങ്ങുന്നു; കൃഷിചെയ്യുന്നു. കൊള്ളാം, നല്ലത്. പക്ഷേ, ആദ്യം ക്രിസ്തുവുമായി നിരപ്പാകാതെ, യേശുക്രിസ്തുവിനോട് ഒന്നായി ചേരാതെ നാം എന്തെല്ലാം ഇവിടെ ചെയ്താലും എന്തെല്ലാം കാട്ടിക്കൂട്ടിയാലും ഒന്നും നിലനില്ക്കുകയില്ല. മര ണത്തിനപ്പുറത്തേക്ക് അതു നമ്മെ കൊണ്ടുപോവുകയില്ല. മര ണത്തിന്നപ്പുറത്തേക്ക് ഇതൊന്നും നമ്മുടെ കൂടെ പോരുകയില്ല.

ഓരോ ദിവസവും വൈകുന്നേരം കിടക്കാൻ നേരത്ത് നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, നാളെ പ്രഭാതം ഞാൻ കാണുമോ? നാളെ പ്രഭാതത്തിൽ ഞാൻ ഒരു ജഡമായി കിട ക്കുകയായിരിക്കുമോ? നാളെ സന്ധ്യയാകുന്നതിനുമുമ്പ് എന്റെ ഈ ശരീരം മണ്ണിനടിയിൽ ആകുമോ? കർത്താവേ, നാളെ ഒരു ദിവസം എന്തായിരിക്കും? എനിക്കറിഞ്ഞുകൂടാ. നിങ്ങൾക്കൊരു ബോദ്ധ്യം വേണം. നിസ്സാരമായിട്ട് ചിന്തിക്ക രുത്. ഈ ആയുസ്സ് നിസ്സാരമാണ്.

*"യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയി*

*ക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു; എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു; ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ."*

*സങ്കീർത്തനങ്ങൾ 39 : 4, 5*

ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ ആകുന്നു. ഒറ്റയ്ക്കൊരു ശ്വാസം മാത്രം. ശ്വാസം നിലച്ചുപോകാൻ പ്രത്യേകിച്ചു രോഗമൊന്നും വേണ്ട. മെഡിക്കൽ സയൻസ് പറയുന്നത് ഓരോരുത്തരിലും പ്രത്യേക കാരണമൊന്നും കൂടാതെ ശ്വാസം നിലച്ചുപോകാനുള്ള സാദ്ധ്യതയുണ്ടെന്നാണ്. ഒരു കാരണവുമില്ല, ഒരു രോഗവുമില്ല, ഒരു സെക്കന്റ്കൊണ്ട് എല്ലാം നിലച്ചുപോകാം. മനുഷ്യരെല്ലാം വെറും നിഴലായി നടക്കുന്നു.

ഈ ഭൂമിയിലെ ജീവിതം, നാം ഈ ഭൂമി കഴിഞ്ഞ് അപ്പുറത്തേക്ക് ചെന്നു കഴിയുമ്പോൾ ഒരു സ്വപ്നം കാണുന്നതുപോലെ തോന്നുന്നു. രാത്രി പന്ത്രണ്ട് മണിക്കൂറുള്ളതിൽ ഏഴു മണിക്കൂർ ഉറങ്ങിയെന്നിരിക്കട്ടെ. ആ ഏഴുമണിക്കൂർ ഉറങ്ങുന്നതിൽ നാലോ അഞ്ചോ മിനിറ്റാണ് ഒരു സ്വപ്നം കാണുന്നത്. സ്വപ്നം കണ്ടുകഴിഞ്ഞ് പിന്നീട് നാം നോക്കുമ്പോൾ പഴയതുപോലെ തന്നെ. സ്വപ്നമെല്ലാം വെറും വ്യർത്ഥം. അതൊന്നും നിലനിൽക്കുന്നതല്ല, സ്വപ്നമാണ്.

എന്നതുപോലെ, നീണ്ട ആയുസ്സിൽ നിത്യതയോടു ബന്ധപ്പെടുത്തി നോക്കുമ്പോൾ ഈ ഭൂമിയിലെ ജീവിതം സ്വപ്നംപോലെ. അക്കരെ ചെന്നുകഴിയുമ്പോൾ സ്വപ്നം കാണുന്നതുപോലെ ഭൂമിയിലെ കാര്യങ്ങളൊക്കെ ചിലപ്പോൾ ഓർത്തു എന്നു വരും.

ഇങ്ങനെ കടന്നുപോകുന്ന മനുഷ്യൻ, ഈ ഭൂമിയിൽ

വച്ച് ദൈവവുമായി നിരപ്പായിത്തീരുക. ദൈവവുമായി ഒന്നായിത്തീരുക. കർത്താവായ യേശുക്രിസ്തുവുമായി നിങ്ങൾ സൗഹൃദസംഭാഷണം നടത്തുന്നവരായിത്തീരുക. ഒരു നല്ല സ്നേഹിതനോട് ഉള്ളു തുറന്ന് പറയുന്നതുപോലെ ക്രിസ്തുവിന്റെ അരികത്തിരുന്ന് നിങ്ങളുടെ പ്രാരബ്ധങ്ങൾ പറയാം. കഷ്ടപ്പാടുകൾ പറയാം. വേദനാവിഷയങ്ങൾ പറയാം. നിങ്ങളുടെ ദു:ഖങ്ങളും ദുരിതങ്ങളും പറയാം. നിങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പറയാം. എല്ലാം തുറന്നു പറയാം. അതിന് ഇന്ന സഭയിലായിരിക്കണമെന്നില്ല. സഭയല്ല മാറേണ്ടത്, നമ്മുടെ ഹൃദയമാണ്. നമ്മുടെ സ്വഭാവമാണ് മാറേണ്ടത്.

ഹൃദയം മാറ്റുന്ന ക്രിസ്തുവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുമ്പോൾ നിങ്ങൾക്ക് ക്രിസ്തുവിനോട് എല്ലാം തുറന്നുപറയാം. നിങ്ങളുടെ പരാധീനതകൾ, ബലഹീനതകൾ, പോരായ്മകൾ, വീഴ്ചകൾ, താഴ്ചകൾ, അനുഭവിക്കുന്ന പ്രതിസന്ധികൾ, പ്രശ്നങ്ങൾ എല്ലാം തുറന്നുപറയുമ്പോൾ കർത്താവ് കേട്ടുകൊണ്ടിരിക്കും. ഭൂമിയിലെ മനുഷ്യനാണെങ്കിൽ, മതി നമുക്ക് ഇനി പിന്നീടൊരവസരത്തിൽ സംസാരിക്കാം എന്നു പറയും. കർത്താവ് അങ്ങനെയല്ല.

സ്നേഹിതാ, നീ പറയുന്നതെല്ലാം കേൾക്കാൻ കർത്താവ് കാതോർത്തിരിക്കുകയാണ്. നിങ്ങൾ ഒരു ദിവസം ഏതെങ്കിലും പ്രത്യേകസമയം പ്രാർത്ഥിക്കാറുണ്ടോ? രാവിലെയും വൈകുന്നേരത്തുമുള്ള പ്രാർത്ഥനയല്ല, Private prayers. സ്വന്തമായിട്ടുള്ള പ്രാർത്ഥന. അങ്ങനെയുള്ള സമയമുണ്ടോ? നിങ്ങളെ കാത്ത്, നിങ്ങൾ വരുന്നതും കാത്ത് കർത്താവ് അവിടെ ഇരിക്കുകയാണ്. നിങ്ങൾ ഒരു പ്രത്യേക സമയത്ത് ചെല്ലുമെന്ന് കർത്താവിനറിയാം. ആ സമയം തെറ്ററുത്. കർത്താവ് നിങ്ങൾക്കു തന്നിരിക്കുന്ന സമയമാണ്. ആ സമയം നിങ്ങൾ അവിടെ ചെന്നിരുന്ന് കർത്താവിന്റെ പാദത്തിൽ മുട്ടുകുത്തണം. അവിടെ ചെന്നിരുന്ന് നിങ്ങൾ പ്രാർത്ഥിക്കണം. കർത്താവുമായി ഒരു ബന്ധം വരണം. യഥാസ്ഥാനപ്പെടണം.

നഷ്ടപ്പെട്ടുപോയ സ്ഥാനത്തേക്ക് തിരികെ വരണം.

1. Rebuke! ജനത്തിനു ശാസന കിട്ടി. ഹഗ്ഗായി പ്രവാചകൻ ശാസിച്ചു.
2. Encouragement! സെരുബ്ബാബ്ബേലും പുരോഹിതനായ യഹോസാദാക്കിന്റെ മകനായ യോശുവയും ജനത്തിന് പ്രോത്സാഹനം കൊടുത്തു.

മൂന്ന് ഭരണകേന്ദ്രങ്ങൾ! രാജാവ്, പ്രവാചകൻ, പുരോഹിതൻ ഇവർ മൂവരും കൂടി ചേർന്നാണ് ജനത്തിന്റെ ക്ഷേമം അന്വേഷിച്ചത്. അവർ തമ്മിൽ വിഘടനം ഉണ്ടായിരുന്നില്ല. എവിടെയെല്ലാം ഏതെല്ലാം കാലത്ത് വിഘടനം ഉണ്ടായിട്ടുണ്ടോ, രാജാവ് പുരോഹിതന്റെ വാക്ക് കേൾക്കാതെ പോയിട്ടുണ്ടോ, പുരോഹിതൻ രാജാവിനുവേണ്ടി പ്രാർത്ഥിക്കുന്നത് മുടങ്ങിപ്പോയിട്ടുണ്ടോ, അപ്പോഴെല്ലാം പ്രജകൾക്ക് നഷ്ടം വരും. എപ്പോഴും രാജാവും പ്രവാചകനും പുരോഹിതനും ഒത്തൊരുമിച്ച് നില്ക്കേണ്ടതാണ്.

ഇന്ന് നിർഭാഗ്യവശാൽ ഇതൊന്നും ജനങ്ങൾക്കറിഞ്ഞുകൂടാ. പ്രവാചകന്മാർ പ്രവചിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അവരെക്കൊണ്ട് വേല ചെയ്യിക്കുകയും വേണം. അവർക്ക് പറയാൻ അവസരം കൊടുക്കണം. അത് പുരോഹിതന്മാരും രാജാവും ചെയ്യേണ്ട കാര്യമാണ്. പ്രവാചകൻ സ്വർഗ്ഗത്തിൽ നിന്ന് നേരിട്ട് കിട്ടുന്ന അരുളപ്പാടുകൾ പുരോഹിതനെയും രാജാവിനെയും അറിയിക്കുന്നു. പുരോഹിതൻ ജനത്തിനുവേണ്ടി മദ്ധ്യസ്ഥത വഹിച്ചു പ്രാർത്ഥിക്കുന്നു. രാജാവോ, ജനത്തെ ആ പ്രവചനത്തിനൊത്തതുപോലെ വഴി നടത്തുന്നു, ഭരിക്കുന്നു.

ഇന്ന് ഇതെല്ലാം താറുമാറായി കിടക്കുകയല്ലേ? ഇന്ന് ആർക്കും പ്രത്യേകിച്ച് ആരോടും കടപ്പാടില്ല. യാതൊരു ബാദ്ധ്യതയുമില്ല. തോന്നിയതുപോലെയുള്ള ജീവിതം! സഭകൾ മുടിയുന്നു. വിശ്വാസികൾ തകരുന്നു. ജനസമൂഹം ഛിന്നി

ക്കുന്നു. സഭകൾ ഇന്ന് നാഥനില്ലാക്കളരിപോലെയാകുന്നു. ഇടയനില്ലാത്ത ആടുകളെപ്പോലെ ആടുകൾ ചിതറിപ്പോകുന്നു. Encourage ചെയ്യണം, പ്രോത്സാഹനം കൊടുക്കണം.

ജനത്തിന് പ്രോത്സാഹനം കൊടുക്കുന്നത് സെരുബ്ബാബേലും - ഗവർണ്ണർ - യഹോസാദാക്കിന്റെ മകൻ യോശുവയും. വേദപുസ്തകത്തിൽ നൂന്റെ മകനായ യോശുവാ, മോശയ്ക്കുശേഷം ജനത്തെ നടത്തിയ ഒരു ദൈവദാസനാണ്. യഹോസാദാക്കിന്റെ മകനായ യോശുവ, ഒരു മഹാപുരോഹിതനാണ്. മഹാപുരോഹിതനും ഗവർണ്ണറും രണ്ടുപേരും ദൈവത്തെ ജനത്തോടടുപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

> *"ദാര്യാവേശിന്റെ രണ്ടാം ആണ്ട്, ഒമ്പതാം മാസം, ഇരുപത്തിനാലാം തിയ്യതി ഹഗ്ഗായിപ്രവാചകൻ മുഖാന്തരം യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ പുരോഹിതന്മാരോട് ന്യായപ്രമാണത്തെക്കുറിച്ച് ചോദിക്കേണ്ടതെന്തെന്നാൽ: ഒരുത്തൻ തന്റെ വസ്ത്രത്തിന്റെ കോന്തലയ്ക്കൽ വിശുദ്ധമാംസം വഹിച്ച്, ആ കോന്തല കൊണ്ട് അപ്പമോ പായസമോ വീഞ്ഞോ എണ്ണയോ ഏതെങ്കിലും ഒരു ഭക്ഷണസാധനമോ തൊട്ടാൽ അത് വിശുദ്ധമാകുമോ? അതിനു പുരോഹിതന്മാർ ഇല്ല എന്നുത്തരം പറഞ്ഞു. എന്നാൽ ഹഗ്ഗായി: ശവത്താൽ അശുദ്ധനായ ഒരുത്തൻ അവയിൽ ഒന്നു തൊടുന്നു എങ്കിൽ അത് അശുദ്ധമാകുമോ എന്നു ചോദിച്ചതിന്: അത് അശുദ്ധമാകും എന്ന് പുരോഹിതന്മാർ ഉത്തരം പറഞ്ഞു. അതിന്നു ഹഗ്ഗായി ഉത്തരം പറഞ്ഞതെന്തെന്നാൽ: അങ്ങനെതന്നേ ഈ ജനവും, അങ്ങനെതന്നേ ഈ ജാതിയും എന്റെ സന്നിധിയിൽ ആകുന്നു എന്നു യഹോവയുടെ അരുളപ്പാട്. അവരുടെ കൈക*

*ളുടെ പ്രവൃത്തിയൊക്കെയും അങ്ങനെ തന്നേ; അവർ അവിടെ അർപ്പിക്കുന്നതും അശുദ്ധം അത്രേ. ആകയാൽ നിങ്ങൾ ഇന്നു തൊട്ടു പിന്നോക്കം, യഹോവയുടെ മന്ദിരത്തിങ്കൽ കല്ലിന്മേൽ കല്ലുവച്ചതിന്നു മുമ്പുള്ള കാലം വിചാരിച്ചു കൊൾവിൻ. ആ കാലത്തു ഒരുത്തൻ ഇരുപതു പറയുള്ള കൂമ്പാരത്തിലേക്കു ചെല്ലുമ്പോൾ പത്തു മാത്രമേ കാണുകയുള്ളൂ; ഒരുത്തൻ അമ്പതു പാത്രം കോരുവാൻ ചക്കാലയിൽ ചെല്ലുമ്പോൾ ഇരുപതു മാത്രമേ കാണുകയുള്ളൂ. വെൺകതിരും വിഷമഞ്ഞും കൽമഴയുംകൊണ്ട് ഞാൻ നിങ്ങളെ നിങ്ങളുടെ കൈകളുടെ സകല പ്രവൃത്തികളിലും ദണ്ഡിപ്പിച്ചു; എങ്കിലും നിങ്ങൾ എങ്കലേക്ക് തിരിഞ്ഞില്ല എന്നു യഹോവയുടെ അരുളപ്പാട്."*

*ഹഗ്ഗായി 2 : 10 – 17*

പുരോഹിതന്മാരോട് പറയുകയാണ്: നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിപ്പിൻ. അവർക്ക് Conviction വരാൻ പ്രവർത്തിക്കുകയാണ്.

1. ശാസന – Rebuke
2. പ്രോത്സാഹനം – Encouragement.
3. കുറ്റബോധം – Conviction

പുരോഹിതന്മാർക്ക് Conviction – കുറ്റബോധം വരേണ്ടിയിരിക്കുന്നു. ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കാൻ ചെല്ലേണ്ട പുരോഹിതൻ ജനത്തേക്കാൾ കഷ്ടമായ രീതിയിൽ ജീവിച്ചാൽ എത്രയോ ഭയാനകമായിരിക്കും! ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ ഇടനിലനില്ക്കേണ്ടത് പുരോഹിതനാണ്. ആ പുരോഹിതൻ തെറ്റിപ്പോകുന്നു. അവർക്കുള്ള കേട് അവർ അറിയുന്നില്ല. അവരുടെ പാപത്തെക്കുറിച്ച് അവർ ഓർക്കുന്നില്ല, അനുതപിക്കുന്നില്ല.

ഹഗ്ഗായി പ്രവാചകൻ അവർക്ക് Conviction കൊടുക്കാൻ ശ്രമിച്ചു.

ആദ്യം ജനത്തിന് rebuke കൊടുത്തു. ഇപ്പോൾ പുരോഹിതന്മാർക്ക് കുറ്റബോധം കിട്ടാനായിട്ട് അവരോട് സംസാരിച്ചു. അവരോട് ചോദിച്ചു: നിങ്ങൾ ഈ വിശുദ്ധ വസ്തുക്കളെ ഉപയോഗിക്കാൻ എന്ത് അധികാരം? ഈ വിശുദ്ധിയെ തൊടാൻ നിങ്ങൾക്ക് എന്താണ് അധികാരമുള്ളത്? ആരുതന്നു നിങ്ങൾക്ക് ഈ അധികാരം? നിത്യനായ ദൈവം അശുദ്ധിയെ പ്രോത്സാഹിപ്പിക്കുകയില്ല. എങ്കിൽപ്പിന്നെ നിങ്ങൾ ആരുടെ സേവകരാണ്? നിങ്ങൾ പിശാചിന്റെ സേവകരായിട്ട് നില്ക്കുകയല്ലേ?

ഹഗ്ഗായി പ്രവാചകൻ ശക്തമായി പ്രവചിച്ചു. പുരോഹിതന്മാർക്ക് ഇഷ്ടപ്പെട്ടില്ല. അവർക്ക് തൃപ്തിയായില്ല. പ്രവാചകനെ അപ്പോൾ ധിക്കരിക്കാൻ വയ്യാത്തതുകൊണ്ട് അവർ കേട്ടു നിന്നു എന്നേയുള്ളൂ. പക്ഷേ, പ്രവാചകൻ അല്പംപോലും സംശയമില്ലാതെ അവരെ ശക്തമായി ശാസിച്ചു. അശുദ്ധി കഴുകിക്കളയാൻ മനസ്സില്ലാത്ത പുരോഹിതന്മാരെ ശാസിച്ചു. കുറ്റബോധം കിട്ടാൻ അവരോട് സംസാരിച്ചു.

നിങ്ങളുടെ ഉള്ളിൽ പരിശുദ്ധാത്മാവ് വ്യാപരിക്കുകയാണെങ്കിൽ അപ്പനിലായാലും അമ്മയിലായാലും എത്ര മുതിർന്നവരിലായാലും തെറ്റു കണ്ടാൽ നിങ്ങൾക്കു തുറന്നുപറയാൻ സാധിക്കും. നിങ്ങളിൽ ദൈവത്തിന്റെ ആത്മാവ് വന്നാൽ തെറ്റ് പ്രോത്സാഹിപ്പിക്കാൻ പാടില്ല. നിങ്ങളുടെ കുടുംബത്തിൽ, നിങ്ങളുടെ മക്കളുടെ ഇടയിൽ ആരിലെങ്കിലും തെറ്റു വന്നാൽ ശക്തമായി ശാസിക്കണം. ശാസിച്ചെങ്കിൽ മാത്രമേ അവർ നന്നാവുകയുള്ളൂ.

അപ്പോൾ, എനിക്ക് കൂട്ടായ്മയിൽ ഒരു സ്ഥാനം തരുന്നില്ല, എന്നെ കണക്കാക്കുന്നില്ല, എന്റെ കുറ്റം പറയുകയാണ് എന്നൊക്കെ തോന്നിപ്പോയാൽ നഷ്ടം അവർക്കുതന്നെയാണ്.

പ്രിയപ്പെട്ടവരേ, എന്തുമാത്രം corrections നമുക്കാവശ്യ

മാണ്! കുറ്റബോധം കിട്ടുന്നതിന് എന്തുമാത്രം വചനം നമുക്കാവശ്യമാണ്! ഓരോ വചനശുശ്രൂഷയിലും നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, ഇന്ന് എന്റെ ജീവിതത്തിൽ മറഞ്ഞിരിക്കുന്ന തെറ്റുകൾ ചൂണ്ടിക്കാണിച്ചു തരണമേ. എന്റെ ജീവിതത്തിൽ എവിടെയാണ് ഇനിയും തെറ്റു തിരുത്താനുള്ളതെന്ന് മനസ്സിലാക്കിത്തരണമേ. എന്റെ ജീവിതം എത്രയോ നിസ്സാരം!

ഈ നിസ്സാരമായ, താത്ക്കാലികമായ ജീവിതം നഷ്ടപ്പെടുത്തിക്കളഞ്ഞാൽ എന്റെ ഭാവി ഏറ്റവും ഭയാനകമായിത്തീരുമല്ലോ. നിത്യനരകാഗ്നിയിലേക്ക്, നിത്യദണ്ഡനത്തിലേക്ക് ഞാൻ പോകുമല്ലോ. കർത്താവേ, എന്റെ ജീവിതത്തിൽ നിത്യസ്വർഗ്ഗത്തിൽ എത്തുന്നതിന് തടസ്സമായി എന്തെല്ലാമുണ്ട്? ഈ ഭൂമിയിൽ ഞാൻ നിവർത്തിക്കേണ്ടതായി എന്തെല്ലാമുണ്ട്? ഞാൻ ചെയ്തു തികയ്ക്കേണ്ട കാര്യങ്ങൾ ചെയ്തുതികയ്ക്കുന്നതിന് എന്റെ ജീവിതത്തിൽ തടസ്സമായി എന്തെല്ലാമുണ്ട്? കർത്താവേ, കാണിച്ചു തരണമേ.

എനിക്ക് സ്വയമായി ബോദ്ധ്യമുള്ളതെല്ലാം ഞാൻ ഏറ്റുപറഞ്ഞു, എല്ലാം ഉപേക്ഷിച്ചു. പക്ഷേ, ഇനിയും എന്തെല്ലാമൊക്കെയോ ഉണ്ട്. എന്റെ ഉപബോധമനസ്സിൽ അടിഞ്ഞുകൂടികിടക്കുന്ന ചില ധാരണകളുണ്ട്. എന്റെ അബോധമനസ്സിൽ കിടക്കുന്ന ചില ഭാവങ്ങളുണ്ട്. എന്റെ ബോധമനസ്സിൽ എനിക്ക് ഓർമ്മയിലുള്ള പല പാപങ്ങളുമുണ്ട്. ഇതെല്ലാം വ്യക്തമായി കാണിച്ചുതന്ന് എനിക്ക് തകർന്ന ഒരു ഹൃദയം തരണമേ.

നിങ്ങൾക്കു ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം കുറ്റബോധം കിട്ടുക, പാപബോധം കിട്ടുക എന്നുള്ളതാണ്. പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ നിങ്ങൾക്കു പാപബോധം കിട്ടും. പാപത്തെ തിരിച്ചറിയാൻ, നിങ്ങളുടെ പോക്ക് അപകടത്തിലേക്കാണെന്ന് മനസ്സിലാക്കാൻ ഒരു വെളിവുകിട്ടും. പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ അതാണ് നടക്കുന്നത്. ശുദ്ധീകരണം പ്രാപിക്കുക. ജീവിതം ആകമാനം കഴുകപ്പെടുക.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗങ്ങളിൽ അതാണ് പറഞ്ഞുതരുന്നത്. ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടാൻ സാധിക്കുമെന്ന് വ്യക്തമായി പ്രതിപാദിക്കുന്നു. ഒരു സഭയെക്കുറിച്ചും പറയുന്നില്ല. സമുദായത്തിന്റെ കാര്യം പറയുന്നില്ല. മതങ്ങളുടെ കാര്യം പറയുന്നില്ല. ഏതെങ്കിലും മതോപദേശം പറയുന്നില്ല. സഭ മാറ്റുന്നില്ല. മതം മാറ്റുന്നില്ല.

എന്താണ് ആകെ നടക്കുന്നത്? ഒരേയൊരു കാര്യം മാത്രം, ആഴങ്ങളിൽ മറഞ്ഞിരിക്കുന്ന പാപങ്ങളെ ചൂണ്ടിക്കാണിച്ചു തരുന്നു. Conviction തരുന്നു.

പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും. പാപത്തെക്കുറിച്ച് ബോധം വരുത്തും. ദൈവനീതി എന്താണെന്നുള്ളതിനെക്കുറിച്ച് ബോധം വരുത്തും. ദൈവനീതി അനുഭവിച്ചില്ലെങ്കിൽ വലിയൊരു ന്യായവിധി വരാൻ പോകുന്നു എന്നുള്ള ഓർമ്മ തരും. അതാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്.

നിങ്ങളുടെ ജീവിതത്തിൽ ഒരു Conviction വരണം. കുറ്റബോധം വരണം. കുറ്റബോധം വന്ന് നിങ്ങൾ നെടുവീർപ്പിടണം. കർത്താവേ, എന്നെ രക്ഷിക്കണമേ. എന്റെ പാപം വലുതായിരിക്കുന്നല്ലൊ. എന്റെ ജീവിതത്തിലേക്ക് ഒന്നു കടന്നു വരണമേ. എന്നെ നീ സ്വീകരിക്കണമേ. എന്റെ തെറ്റുകളെല്ലാം പൊറുക്കണമേ. എന്റെ തെറ്റുകൾ അവിടുന്നു കാണുന്നതു പോലെ എനിക്കും കാണുവാൻ കൃപ തരണമേ.

അങ്ങനെ പ്രാർത്ഥിക്കുമ്പോൾ കർത്താവിന്റെ മുഖം നിങ്ങളുടെ നേരെ തിരിക്കും. സ്നേഹത്തോടെ കർത്താവ് നിങ്ങളെ നോക്കും. കുറ്റബോധത്തോടെ വിനയപ്പെട്ട് ദൈവസന്നിധിയിൽ അഭയയാചന ചെയ്യുന്നവനെ കർത്താവ് അനുഗ്രഹിക്കും. കർത്താവിന്റെ തൃക്കരം നിങ്ങളുടെ നേരെ നീട്ടും. എന്തൊരു ഭാഗ്യമാണത്!

ഇപ്പോൾ ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്കിത് അനുഭവമാക്കാം. എന്റെ ഉള്ളിൽ തെറ്റുകൾ ഉണ്ടല്ലോ കർത്താവേ. ഇതൊന്നു മാറിക്കിട്ടണമല്ലോ. നിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് എന്റെ അകത്തുനിന്ന് എല്ലാ തെറ്റുകളും എല്ലാ പാപങ്ങളും മാറ്റിക്കളയണമേ. പൂർണ്ണവിശുദ്ധനായി നിന്റെ തിരുമുമ്പാകെ നില്പാൻ എന്നെ യോഗ്യനാക്കിത്തീർക്കണമേ.

വേറൊന്നും വേണ്ട, വേറൊന്നും ഞാൻ ചോദിക്കുന്നില്ല. കർത്താവേ, നീ എന്നെ പൂർണ്ണമായി വിശുദ്ധീകരിക്കണമേ. മാനുഷിക അംശങ്ങളെല്ലാം എന്നിൽ നിന്ന് മാറ്റി എന്നെ ആത്മീയവശത്തിലേക്ക് തിരിക്കണമേ. എന്നെ ദൈവികനായി മാറ്റണമേ.

## ആറ്

*“ഇരുപത്തിനാലാം തിയ്യതി യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം ഹഗ്ഗായിക്കുണ്ടായതെന്തെന്നാൽ: നീ യഹൂദാദേശാധിപതിയായ സെരുബ്ബാബേലിനോട് പറയേണ്ടത്: ഞാൻ ആകാശത്തെയും ഭൂമിയെയും ഇളക്കും. ഞാൻ രാജ്യങ്ങളുടെ സിംഹാസനം മറിച്ചിടും; ജാതികളുടെ രാജ്യങ്ങളുടെ ബലം നശിപ്പിച്ചുകളയും; ഞാൻ രഥത്തെയും അതിൽ കയറി ഓടിക്കുന്നവരെയും മറിച്ചുകളയും; കുതിരകളും പുറത്തുകയറി ഓടിക്കുന്നവരും ഓരോരുത്തൻ താന്താന്റെ സഹോദരന്റെ വാളിനാൽ വീഴും. അന്നാളിൽ – സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട് – എന്റെ ദാസനായി ശെയല്ത്തിയേലിന്റെ മകനായ സെരുബ്ബാബേലേ, ഞാൻ നിന്നെ എടുത്തു മുദ്രമോതിരമാക്കും എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്.” ഹഗ്ഗായി 2 : 20 – 23*

ഒന്ന് – Rebuke

രണ്ട് – Encouragement.

മൂന്ന് – Conviction.

നാല് – Promise – വാഗ്ദത്തം.

സെരുബ്ബാബേലിന് കർത്താവ് ഒരു വാഗ്ദത്തം കൊടു

ക്കുകയാണ്. ഞാൻ നിന്നെ എടുത്ത് എന്റെ വലങ്കൈയിലെ മുദ്രാമോതിരമാക്കും.

> *"എന്നെ ഒരു മുദ്രാമോതിരമായി നിന്റെ ഹൃദയത്തിന്മേലും ഒരു മുദ്രാമോതിരമായി നിന്റെ ഭുജത്തിന്മേലും വച്ചുകൊള്ളേണമേ." ഉത്തമഗീതം 8 : 6*

ദൈവത്തിന്റെ അധികാരത്തിന്റെ മുദ്രയുള്ള ഒരു മുദ്രാമോതിരമാക്കി നമ്മെ മാറ്റും. ദൈവത്തിന്റെ വേല വിശുദ്ധിയോടെ ചെയ്താൽ, വിശ്വസ്തതയോടെ ചെയ്താൽ ദൈവം നമ്മെ പിറകിലാക്കുകയില്ല, മുൻപന്തിയിലേക്കു കൊണ്ടുവരും. എന്റെ ദാസനായ ശെയല്ത്തിയേലിന്റെ മകനായ സെരുബ്ബാബേലേ, ഞാൻ നിന്നെ എടുത്തു മുദ്രാമോതിരമാക്കും.

കർത്താവിന്റെ വലങ്കൈയിലെ മുദ്രാമോതിരമായിത്തീരുക! കർത്താവിന്റെ അനുഗ്രഹത്തിന്റെ ഒരു ചിഹ്നമായി മാറുക! അടയാളമായി മാറുക!

നിങ്ങൾ ആഗ്രഹിക്കണം. "Expect great things from God, Pray for great things from God, pray, pray and pray ever more." R.A. Torrey പറഞ്ഞതാണ്.

Expect great things from God. ദൈവത്തിൽ നിന്ന് വൻകാര്യങ്ങൾ നിങ്ങൾ പ്രതീക്ഷിക്കണം. നിങ്ങൾ പലരും ചോദിക്കുന്നത്: കർത്താവേ, എന്റെ തലവേദന മാറ്റിത്തരണേ, പരീക്ഷയ്ക്കു നല്ല മാർക്കു തരണേ എന്നെല്ലാമാണ്. അതൊക്കെ പ്രാർത്ഥിക്കാം. പക്ഷേ, അതല്ല പ്രാർത്ഥന.

നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, വൻകാര്യം ഞാൻ ചോദിക്കുകയാണ്. നിന്റെ വലങ്കൈയിലെ ഒരു മുദ്രാമോതിരമായി വിളങ്ങാൻ എന്നെ നീ യോഗ്യനാക്കിത്തീർക്കണമേ. നിന്റെ സർവ്വനിക്ഷേപങ്ങളും മുഴുവനായി ചേർന്നിരിക്കുന്ന, സ്വർഗ്ഗത്തിന്റെ നിക്ഷേപങ്ങളെല്ലാമുള്ള മുദ്രാമോതിരമാക്കി

എന്നെ മാറ്റണമേ. കർത്താവേ, ഈ ഭൂമിയിൽവച്ച് ഇതെല്ലാം സാധിക്കുമെങ്കിൽ എനിക്കതാകണം.

*"വിത്ത് ഇനിയും കളപ്പുരയിൽ കിടക്കുന്നുവോ?"*
*ഹഗ്ഗായി 2 : 19*

കളപ്പുരയിൽ വിത്തുണ്ട് എന്ന് പറഞ്ഞിട്ടെന്തു പ്രയോജനം? സഭയ്ക്ക് വലിയ വലിയ ആദ്ധ്യാത്മികചൈതന്യമുള്ള മൂലധനമുണ്ട്. പൂർവ്വികപിതാക്കന്മാർ കാണിച്ചുതന്ന വിശുദ്ധ വഴിയുണ്ട്. സഭയ്ക്കൊന്നിനും കുറവില്ല. കത്തോലിക്കാസഭയ്ക്കാണെങ്കിലും യാക്കോബായസഭയ്ക്കാണെങ്കിലും ഓർത്തഡോക്സ് സഭയ്ക്കാണെങ്കിലും ഏതു സഭയ്ക്കും അതിന്റെ ഒരു മൂലധനമുണ്ട്. പണമല്ല, സ്വർഗ്ഗീയ രാജാധിരാജനായ ക്രിസ്തുവിന്റെ മുദ്ര! അത് പൂർവ്വികപിതാക്കന്മാരുടെ കാലത്ത് കിട്ടിയതാണ്.

വിത്തുണ്ട്. പക്ഷേ, കളപ്പുരയിൽ കിടക്കുന്നേയുള്ളൂ. എടുക്കുന്നില്ല. വിതയ്ക്കുന്നില്ല.

ഇതു കേട്ടിട്ട് നിങ്ങൾ ഒരു കാര്യം തീരുമാനിക്കുമോ? കർത്താവേ, ആ വിത്ത് കളപ്പുരയിൽ നിന്ന് വാരിയെടുത്ത് വിതറാൻ, അത് വിതയ്ക്കാൻ എന്റെ ആയുസ്സ് ഞാൻ നിനക്കു തരികയാണ്. കളപ്പുരയിൽ കിടക്കുന്ന വിത്ത് ഇത്രയും നാൾ ആരും ഉപയോഗിച്ചില്ല; ആരും എടുത്തില്ല; വിതച്ചില്ല. അതു കൊണ്ട് പുതിയ മുളകളുണ്ടായില്ല. പുതിയ കൃഷി നടന്നില്ല. കളപ്പുരയിൽ കിടക്കുന്ന വിത്ത് അവിടെ നിന്ന് എടുത്ത് വിതയ്ക്കാൻ ഞാൻ എന്നെ നിനക്കു തരുന്നു.

*"വിത്ത് ഇനിയും കളപ്പുരയിൽ കിടക്കുന്നുവോ? മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളവും ഒലിവുമരവും കായ്ക്കുന്നില്ലയോ?" ഹഗ്ഗായി 2 : 19*

ധാരാളം മരങ്ങളുണ്ട്. പക്ഷേ, ഒന്നും കായ്ക്കുന്നില്ല. മുന്തിരിയുണ്ട്, മാതളമുണ്ട്, അത്തിവൃക്ഷമുണ്ട്, ഒലിവുമര

മുണ്ട്. എല്ലാം തഴച്ചു വളരുന്നു. പക്ഷേ, ഫലം കിട്ടുന്നില്ല.

ഇന്ന് ആത്മീയമെന്നു പറയുന്ന രംഗങ്ങളിൽ എവിടെയാണ് ഫലം കായ്ക്കുന്നത്? പാവപ്പെട്ട ജനം വഞ്ചിക്കപ്പെടുകയല്ലേ ഇന്ന്?

സുവിശേഷത്തിന്റെ പേരിൽ ഇന്ന് സുവിശേഷകർ വഞ്ചന കാണിച്ചുകൊണ്ടിരിക്കുകയാണ്. പലതും ആത്മീയമല്ല. ഒരാൾ മാനസാന്തരപ്പെട്ട് ഹൃദയം കർത്താവിന് കൊടുത്ത് ക്രിസ്തു ഹൃദയത്തിൽ വരുമ്പോൾ രോഗസൗഖ്യം കിട്ടിയെന്നു വരും. അല്ലാതെ ആദ്യം രോഗസൗഖ്യം കൊടുത്തിട്ട് പിന്നെ മാനസാന്തരപ്പെടാൻ പറയുകയല്ല. മാനസാന്തരം പല പ്രസംഗങ്ങളിലുമില്ല. പാവപ്പെട്ട ജനത്തിന് രോഗസൗഖ്യം വേണം. അതുകേട്ട് ആളുകൾ ഓടിക്കൂടുന്നു.

ഇങ്ങനെയുള്ള അപകടകരമായ, വഞ്ചനാപരമായ കബളിപ്പിക്കുന്ന രംഗങ്ങളിലേക്ക് നാം പോകരുത്. സത്യവചനത്തിൽക്കൂടെ നാം പോകണം. ഒന്നാമത്തെ കാര്യം വിശുദ്ധനാകുക. ദൈവവുമായി നിരപ്പാകുക. അതിനുശേഷം കളപ്പുരയിൽ നിന്ന് വിത്തു വാരിയെടുത്തു വിതയ്ക്കുക.

*"വിത്ത് ഇനിയും കളപ്പുരയിൽ കിടക്കുന്നുവോ? മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളവും ഒലിവുമരവും കായ്ക്കുന്നില്ലയോ? ഇന്നുമുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും." ഹഗ്ഗായി 2 : 19*

ഇത്രയും കാലമായിട്ട് ഒന്നും കായ്ഫലം കിട്ടാതിരിക്കുകയാണ്. പ്രിയപ്പെട്ടവരേ, നിങ്ങൾ എന്തു ഫലം പുറപ്പെടുവിച്ചു ഇത്രയും കാലംകൊണ്ട്? നിങ്ങൾ ചിലതെല്ലാം ചെയ്തു, കൺവൻഷൻ നടത്തി. അഭിമാനകരമായി പലതും പറയാൻ കാണുമായിരിക്കും. പക്ഷേ, നിങ്ങളുടെ ജീവിതത്തിൽനിന്ന് എന്തു ഫലം പുറപ്പെട്ടു? നിങ്ങളുടെ അടുത്തു വരുന്നവർ, നിങ്ങൾ ഇടപെടുന്നവർ, നിങ്ങളുടെ വീട്ടിലുള്ളവർ, അവർക്കെന്താണ് നിങ്ങളിൽ നിന്ന് കിട്ടിയത്?

ഭാര്യ പലപ്പോഴും നിരാശയോടെ, ഭാരത്തോടെ, പരിഭവത്തോടെ മാറിയിരിക്കുന്ന സംഭവങ്ങളില്ലേ? ഭർത്താവ് പലപ്പോഴും കോപിഷ്ഠനായി അലറുകയും ഗർജ്ജിക്കുകയും ചെയ്യുന്ന അവസരങ്ങളില്ലേ? കുടുംബം കലങ്ങിയിരിക്കുകയല്ലേ? പല കുടുംബങ്ങളിലും സ്വസ്ഥതയുണ്ടോ?

ആത്മീയം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ദൈവികസാദൃശ്യം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ആരും വിത്തിനെക്കുറിച്ച് അറിയുന്നില്ല, ചിന്തിക്കുന്നില്ല. വിത്തു വിതയ്ക്കുന്ന കാര്യം ഓർക്കുന്നില്ല. ഓരോ ക്രിസ്ത്യാനിയും വിത്തു വിതയ്ക്കേണ്ടവനാണ്. ഓരോ വിശ്വാസിയും വിത്തു വിതയ്ക്കാൻ ഓടിനടക്കേണ്ടവനാണ്. സാക്ഷാൽ ജീവന്റെ അനുഭവം ലഭിച്ചുകഴിഞ്ഞാൽ, ക്രിസ്തു ഹൃദയത്തിൽ വന്നു കഴിഞ്ഞാൽ കർത്താവിന്റെ വേല ചെയ്യുവാനുള്ള ദാഹം ഉണ്ടാകും. ആരോടെങ്കിലും കർത്താവിനെക്കുറിച്ച് പറയണം, എങ്ങനെയും ആത്മാക്കളെ നേടണം, എങ്ങനെയും നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെ കർത്താവിങ്കലേയ്ക്ക് വരുത്തണം.

ഞാൻ ഭയത്തോടെ പറയട്ടെ, പലരും ഇന്ന് വിത്ത് തൊടാത്തവരാണ്. വിത്ത് എന്താണെന്ന് മനസ്സിലാകാത്തവരാണ്. ഭവനസന്ദർശനത്തിന് പോകുന്നവരുണ്ട്. എങ്കിലും നിർജ്ജീവമായ അനുഭവങ്ങളാണുള്ളത്. ആത്മാവ് ജീവനിലല്ല.

ഇപ്പോൾ നിങ്ങൾ തീരുമാനിക്കൂ: ഇനിമേൽ എന്റെ കർത്താവിനെ അനുഭവിച്ചുകൊണ്ട്, വിത്ത് കളപ്പുരയിൽ നിന്ന് വാരിയെടുത്ത് ഞാൻ ഓടിനടന്ന് വിതയ്ക്കും. ഇന്നുവരെ നല്ല ഫലം കായിച്ചിട്ടില്ല. വൃക്ഷം നല്ലതുപോലെ തഴച്ചുവളരുന്നുണ്ട്. മുന്തിരിവള്ളി നല്ലതുപോലെ വളരുന്നുണ്ട്. മാതളം നല്ലതുപോലെ വളരുന്നുണ്ട്. ഒലിവുമരത്തിൽ ധാരാളം ഇലകളുണ്ട്. അത്തിവൃക്ഷം തളിർത്ത് ഉല്ലസിച്ചു നിൽക്കുന്നുണ്ട്. പക്ഷേ, ഫലംതേടി വരുമ്പോൾ ഫലമില്ല.

ഇത്രയുംകാലം ഫലമില്ലാതിരുന്നു. ഞാൻ നിനക്കു

വേണ്ടി ഫലം കായ്ക്കുന്നവനായി നിന്നില്ല. എനിക്കുകിട്ടിയ നല്ല നല്ല അവസരങ്ങൾ ഞാൻ വേണ്ടതു പോലെ ഉപയോഗിച്ചില്ല. അനേകം അവസരങ്ങൾ എന്റെ സ്വയത്തിന് വേണ്ടിയെല്ലാം ഞാൻ വിനിയോഗിച്ചുപോയി. എന്റെ സ്വാർത്ഥതയ്ക്കുവേണ്ടി ഉപയോഗിച്ചുപോയി. എനിക്കിനിയും തെറ്റുകൾ തിരുത്താനുണ്ട്.

നമുക്കൊരുമിച്ച് ദൈവസന്നിധിയിലേക്ക് ചെല്ലാം: കർത്താവേ, ഇത്രയും കാലം പാഴാക്കിയ കാലങ്ങളാണ്. നാഥാ, കുറ്റബോധത്തോടെ അനുതപിച്ചുകൊണ്ട് എന്റെ കൈയിൽ ഏല്പിച്ച വിത്ത് വാരി വിതറുന്നതിന് ഞാനിതാ പുറപ്പെടുകയാണ്.

അപ്പോൾ കർത്താവ് ഒരു വാഗ്ദത്തം തരുന്നു:

*“ഇന്നു മുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും.”*
*ഹഗ്ഗായി 2 : 19*

ഇന്ന് നിങ്ങൾ ഓരോരുത്തരും അനുഗ്രഹം വാങ്ങിക്കൊണ്ടുപോകൂ. സ്വർഗ്ഗത്തിലെ ദൈവം വാക്കു തരികയാണ്: “ഇന്നു മുതൽ ഞാൻ നിങ്ങളെ അനുഗ്രഹിക്കും.” നിങ്ങളുടെ ജീവിതത്തിൽ ഇനി ഫലപ്രദമായ കാലങ്ങൾ ഉണ്ടാകും. അനുഗൃഹീതമായ വസന്തകാലങ്ങൾ ഉണ്ടാകും. സന്തോഷസമന്വിതമായ കാലങ്ങൾ നിങ്ങളെ എതിരേല്ക്കാൻ നിൽക്കുന്നു. വരുംകാലങ്ങൾ അനുഗ്രഹത്തിന്റെ കാലങ്ങളാക്കാമെന്ന് കർത്താവ് പറയുന്നു.

നിങ്ങൾ ഉത്സാഹത്തോടെ ദൈവത്തിന്റെ വേല ചെയ്യുന്നവരായിത്തീരും. ദൈവത്തിന്റെ ആശയാണീ പറയുന്നത്. ദൈവം വാഗ്ദത്തം – promise തരികയാണ്.

ദേവാലയം പണിയാനായിട്ട് യിസ്രായേൽജനം പുറപ്പെട്ടുവന്നതാണ്. പക്ഷേ, അവർ ദേവാലയം പണിയുവാൻ തയ്യാറായില്ല. ഹഗ്ഗായി പ്രവാചകൻ അവരെ ശാസിച്ചു. Rebuke

ചെയ്തു. ഹഗ്ഗായി പ്രവാചകൻ തന്റെ പ്രവചനത്തിൽക്കൂടി അവരെ encourage ചെയ്തു, പ്രോത്സാഹിപ്പിച്ചു. ഹഗ്ഗായിപ്രവാചകൻ അവർക്കുള്ള തെറ്റ് ചൂണ്ടിക്കാണിച്ച് അവർക്ക് conviction – കുറ്റബോധം – കൊടുത്തു. ഹഗ്ഗായി പ്രവാചകൻ അവർക്ക് promise കൊടുത്തു, വാഗ്ദത്തം കൊടുത്തു.

ഇന്ന് ഈ വാഗ്ദത്തം ഏറ്റു വാങ്ങാൻ നിങ്ങൾ തയ്യാറാണോ? നിങ്ങൾ വെറുതെ വായിച്ചു പോകരുത്. ഇന്ന് സജീവമായ ഒരു തീരുമാനത്തിലേക്ക് വരണം. വ്യക്തമായ തീരുമാനത്തിലേക്ക് വരണം. എന്റെ ജീവിതം ഇത്രയുംകാലം പാഴായിപ്പോയല്ലോ. ഞാൻ നേടേണ്ടത് നേടിയില്ലല്ലോ. കർത്താവേ, എനിക്ക് എത്ര നല്ല നല്ല അവസരങ്ങൾ നീ തന്നു.

എനിക്ക് ആരോഗ്യം തന്നു. രോഗം മാറ്റിത്തന്നു. ജീവിക്കാൻ മാർഗ്ഗം തന്നു. എനിക്ക് സ്നേഹമുള്ള ഭാര്യയെ തന്നു. ഭർത്താവിനെ തന്നു. വേറെ തെറ്റുകുറ്റങ്ങൾക്കൊന്നും പോകാത്ത ഒരു കുടുംബജീവിതം തന്നു. നല്ല കുഞ്ഞുങ്ങളെ തന്നു. ബുദ്ധിയുള്ള കുഞ്ഞുങ്ങളെ തന്നു. എനിക്ക് എല്ലാം തന്നല്ലോ. ഞാൻ വിഷമിച്ചുപോയ അവസരങ്ങളിൽ അത്ഭുതകരമായി എനിക്ക് വിടുതൽ തന്നല്ലോ. പ്രതിസന്ധിഘട്ടങ്ങളിൽ നീ എന്നെ രക്ഷിച്ചല്ലോ.

> *“യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.” സങ്കീർത്തനങ്ങൾ 116 : 12, 13*

കോപത്തിന്റെ പാത്രം ആയിരുന്നു. അത് രക്ഷയുടെ പാനപാത്രമായി മാറി.

> *“തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു.” സങ്കീർത്തനങ്ങൾ 116 : 15*

ദൈവത്തിന് വിലയേറിയ ഒരു മരണം കിട്ടത്തക്കവണ്ണം ഒരു ഭക്തനായി ജീവിക്കാൻ കർത്താവേ, ഞാനിതാ എന്നെ സമർപ്പിക്കുന്നു.

*"എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു."*

*സങ്കീർത്തനങ്ങൾ 103 : 1 – 3*

പ്രിയപ്പെട്ടവരേ, കർത്താവ് നിങ്ങളുടെ അകൃത്യങ്ങളെല്ലാം മോചിച്ച് നിങ്ങൾക്ക് ശുദ്ധീകരണം തന്ന് അനുഗ്രഹിച്ച് വിട്ട അവസരങ്ങളില്ലേ? ഓർത്തുനോക്കൂ. സ്തുതികളിന്മേൽ ഇറങ്ങിവന്ന് കർത്താവ് നിങ്ങളെ അനുഗ്രഹിക്കുകയും നിങ്ങൾക്ക് ജീവൻ തരികയും ചെയ്ത അവസരങ്ങളില്ലേ? നിങ്ങൾ അതിന് കർത്താവിന് എന്തു പകരം കൊടുത്തു? കർത്താവിന് നിങ്ങൾ എന്താണ് പ്രത്യുപകാരം ചെയ്തത്? കർത്താവിനോട് നിങ്ങൾ എത്രമാത്രം കടപ്പെട്ടിരിക്കുന്നു?

അനുഗൃഹീതമായ വചനങ്ങൾ നിങ്ങൾക്കു കിട്ടി. അനേകം അവസരങ്ങൾ കിട്ടി. ആരെയും പേടികൂടാതെ ഒരുമിച്ചുകൂടാനുള്ള നല്ല സാവകാശം കിട്ടി.

ഇന്ന് എല്ലാമുണ്ട്, ഒന്നിനും കുറവില്ല. ദൈവപൈതലേ, നീ ഇനിയും പാപത്തെ സ്നേഹിപ്പാനാണോ ഭാവം? ഇനിയും പാപത്തിലേക്കാണോ നീ പോകുന്നത്? ഇനിയും മദ്യപാനത്തിലേക്കാണോ പോകുന്നത്? ഇനിയും കഞ്ചാവിലേക്കാണോ പോകുന്നത്? മയക്കുമരുന്നിലേക്കാണോ പോകുന്നത്? ഇനിയും നീ കുതിരപ്പന്തയത്തിലേക്കോ അല്ലെങ്കിൽ gamblings – ചൂതുകളിയിലേക്കാണോ പോകുന്നത്?

മകനേ, നീ പലതും അനുഭവിച്ചില്ലേ? നഷ്ടം വരുത്തിവ

ച്ചില്ലേ? പല കഷ്ടങ്ങളും വന്നില്ലേ? എന്നിട്ടും നിനക്ക് മതിയാ യില്ലേ? നീ എടുത്ത ഓരോ സ്റ്റെപ്പും അപകടമാണെന്ന് നിനക്ക് മനസ്സിലായില്ലേ? അതിവേഗം അതിവേഗം, ക്രിസ്തുവിങ്ക ലേക്ക് തിരിയുക.

ആലയം പണി നടക്കട്ടെ. ഈ ആലയം അതിന്റെ സ്ഥാന ത്തുതന്നെ പണിയട്ടെ. ഉടഞ്ഞുപോയ സ്ഥാനത്തുതന്നെ ഈ ആലയം പണിയട്ടെ. അത് മാറ്റി വേറൊരിടത്ത് കൊണ്ടുപോക ണ്ട. നിങ്ങളുടെ ജീവിതത്തിൽ നഷ്ടപ്പെട്ടത് നിങ്ങൾ തന്നെ, അവിടെത്തന്നെ പണിയട്ടെ. വേറൊരിടത്തേക്ക് പോയിട്ടല്ല, വേറൊരു കൂട്ടായ്മയിലേക്ക് പോയിട്ടല്ല, ഇവിടെത്തന്നെ നിന്നുകൊണ്ട് നിങ്ങൾ ആലയം പണിയുവിൻ.

ആലയംപണി മുടങ്ങിക്കിടക്കരുത്. ഇനിയും ആരാധന മുടങ്ങിക്കിടക്കരുത്. ആരാധന നടക്കട്ടെ. എന്താണ് സത്യാരാ ധന? ആത്മാവിലുള്ള ആരാധന! ചുണ്ടുകൊണ്ടുള്ള ആരാധന യല്ല, വാക്കുകൊണ്ടുള്ള ആരാധനയല്ല, നാവുകൊണ്ടുള്ള ആരാധനയല്ല, ഹൃദയത്തിന്റെ ആഴത്തിൽനിന്നുള്ള ആരാധന! നന്ദിയും സ്തുതിയും സ്തോത്രവും!

“ഭയത്തോടുകൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു.”

നിങ്ങളുടെ ഹൃദയത്തിൽ സ്തുതിയുണ്ടോ? സ്തോത്ര മുണ്ടോ? സന്തോഷമുണ്ടോ?

നിങ്ങളുടെ ജീവിതത്തിൽ പല പ്രശ്നങ്ങളുണ്ട്. പല ഭാര ങ്ങളുണ്ട്. അതുകൊണ്ട് നിങ്ങൾ പലപ്പോഴും വിഷാദവിവശ രായി ഇരിക്കുകയാണ്. പ്രിയപ്പെട്ടവരേ, ഭാരങ്ങളിലേക്ക് നോക്കണ്ട. നിങ്ങളുടെ ജീവിതം കർത്താവിന് കൊടുക്കുവിൻ. അപ്പോൾ കർത്താവ് നിങ്ങളുടെ ഭാരങ്ങളിലേക്ക് നോക്കും. നിങ്ങളുടെ ചുമടുകളിലേക്ക് നോക്കും.

നിങ്ങളുടെ ജീവിതം കർത്താവിന് കൊടുത്താൽ നിങ്ങ

ളുടെ കാര്യം കർത്താവ് നോക്കും. നിങ്ങളുടെ മക്കളുടെ കാര്യവും മക്കളുടെ മക്കളുടെ കാര്യവും കർത്താവ് നോക്കും. ഉറപ്പാണ് ആ കാര്യം. നിങ്ങളുടെ ഭാവി കർത്താവ് നോക്കിക്കൊള്ളും. ഭാര്യയുടെ കാര്യം കർത്താവ് നോക്കിക്കൊള്ളും. ഭർത്താവിന്റെ കാര്യവും കർത്താവ് നോക്കിക്കൊള്ളും.

എല്ലാം നോക്കാൻ ഒരു നല്ല രക്ഷകൻ, ഒരു നല്ല ഉടമസ്ഥൻ നമുക്കുണ്ട്. അവന്റെ കരങ്ങളിലേക്ക് നിങ്ങളെ ഇപ്പോൾ വിട്ടു കൊടുക്കുക. അവന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏല്പിച്ചുകൊടുക്കുക.

*"ഗുരു വന്നിട്ടുണ്ട്, നിന്നെ വിളിക്കുന്നു."*

*യോഹന്നാൻ 11 : 28*

മോളേ, യേശു നിന്നെ വിളിക്കുന്നു. മോനേ, യേശു നിന്നെ വിളിക്കുന്നു. മരിച്ചുപോയ ലാസറിനെ ഉയർപ്പിക്കാനാണ് യേശു വന്നിരിക്കുന്നത്. യേശു വന്നിട്ടുണ്ട്. അവൻ നിങ്ങളെ പേരുപറഞ്ഞ് വിളിക്കുകയാണ്.

നിങ്ങൾ എഴുന്നേല്ക്കുക. യേശുവിനോട് പറയുക: കർത്താവേ, ഇത്രയുംകാലം തിരുവചനത്തിന്റെ അർത്ഥം അറിയാതെ ഞാൻ ജീവിച്ചുപോയി. എന്റെ കർത്താവിന് എന്നെക്കുറിച്ചുള്ള ഉദ്ദേശ്യമെന്തെന്നറിയാതെ ഞാൻ ജീവിച്ചുപോയി. എനിക്കു നീ നീട്ടിത്തന്ന അനുഗ്രഹം എന്തെന്നറിയാതെ ഞാൻ ജീവിച്ചുപോയി. കർത്താവേ, എന്നെത്തന്നെ നിന്റെ കരങ്ങളിലേക്ക് തരുന്നു.

ഞാൻ മറ്റാരോടും എന്നെ താരതമ്യപ്പെടുത്തുന്നില്ല. വേറൊന്നും ഞാൻ നോക്കുകയില്ല. എന്റെ യേശുവിന്റെ സ്വഭാവം എനിക്കായോ? യേശുവിന്റെ സ്നേഹമെനിക്കായോ? യേശുവിന്റെ ക്ഷമ എനിക്കു കിട്ടിയോ? യേശുവിന്റെ താഴ്മ എനിക്കു കിട്ടിയോ? യേശുവിന്റെ സൗമ്യത എനിക്കു കിട്ടിയോ?

“നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു.” സങ്കീർത്തനങ്ങൾ 18 : 35.

യേശുവിന്റെ സൗമ്യത നമ്മെ വലിയവനാക്കട്ടെ. യേശുവിന്റെ എളിമ നിങ്ങൾക്കു ലഭിക്കട്ടെ. യേശുവിന്റെ ലാളിത്യം നിങ്ങൾക്കു ലഭിക്കട്ടെ. യേശുവിന്റെ കരം നിങ്ങളുടെ മേൽ വരട്ടെ.

യേശു നിങ്ങളെ അനുഗ്രഹിക്കട്ടെ. യേശുവിന്റെ കൃപ നിങ്ങളുടെമേൽ പകരട്ടെ. യേശുവിന്റെ ശക്തി നിങ്ങളിലേക്കൊഴുകട്ടെ. തിരുരക്തം നിങ്ങളുടെമേൽ പതിയട്ടെ. എണ്ണിയാൽ തീരാത്ത പാപങ്ങളെല്ലാം ക്ഷമിച്ചുതരട്ടെ. വന്നുപോയ എല്ലാ പാപങ്ങളോടും യാത്ര പറഞ്ഞ് ഇന്ന് പുതിയജീവിതം തുടങ്ങുവിൻ.

നിങ്ങൾ കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം കൊടുക്കുക. ഇപ്പോൾത്തന്നെ കൊടുക്കുക. നിങ്ങൾ വ്യക്തമായ ഒരു തീരുമാനം എടുക്കുക. ഇനിമേൽ ഞാൻ പഴയ മനുഷ്യനായിരിക്കുകയില്ല. ഇതുവരെ ജീവിച്ചതുപോലെ ആയിരിക്കുകയില്ല. ഇന്നുമുതൽ യേശുവിന്റെ ദാസനായി, യേശുവിന്റെ അടിമയായി, യേശുവിന്റെ സ്വന്തമായി ഞാൻ ജീവിക്കും.

# ഏഴ്

*‘‘എന്നാൽ അവർ ഞങ്ങളോട്: ഞങ്ങൾ സ്വർഗ്ഗത്തിനും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു; ഏറിയ സംവത്സരം മുമ്പെ പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു. അത് യിസ്രായേലിന്റെ ഒരു മഹാരാജാവ് പണിതതായിരുന്നു.”*

*എസ്രാ 5 : 11*

*“ഈ ഉപകരണങ്ങൾ നീ എടുത്തു യെരൂശലേമിലെ മന്ദിരത്തിലേക്ക് കൊണ്ടുചെല്ലുക; ദൈവാലയം അതിന്റെ സ്ഥാനത്ത് പണിയട്ടെ എന്ന് കല്പിച്ചു.”*

*എസ്രാ 5 : 15*

ഏറിയ സംവത്സരം മുമ്പെ പണിതിരുന്ന ആലയം ഇപ്പോൾ ഞങ്ങൾ വീണ്ടും പണിയുന്നു. വീണ്ടും പണിയാൻ ഇടയായത് ആലയം നശിച്ചുപോയി എന്നുള്ളതുകൊണ്ടാണ്. ദൈവാലയം ഇടിഞ്ഞുപോയി. ശത്രു വന്ന് എല്ലാം നശിപ്പിച്ചു കളഞ്ഞു. ദൈവജനത്തിന്റെ ശത്രുവായിരുന്ന നെബൂഖദ് നേസർ രാജാവ് വന്ന് എല്ലാം നശിപ്പിച്ചു കളഞ്ഞു.

ദാര്യാവേശ് രാജാവ്, അന്നത്തെ പേർഷ്യൻ ചക്രവർത്തി കല്പന കൊടുക്കുകയാണ്: ഈ ദൈവാലയം അതിന്റെ സ്ഥാനത്തു തന്നെ പണിയട്ടെ. മുമ്പ് പണിതിരുന്ന സ്ഥാനത്തു തന്നെ ഈ ദൈവാലയം പണിയട്ടെ.

നമ്മുടെ ജീവിതത്തിൽ തകർന്നുകിടക്കുന്ന ഇടിവുകളെ നന്നാക്കുവാൻ നാം പരിശ്രമിക്കണം. തകർന്നു കിടക്കുന്ന

ഇടിവുകൾ! നല്ല ആത്മീയ തേജസ്സും ഔന്നത്യവും ഉണ്ടായിരുന്ന ഒരു കാലം പലർക്കുമുണ്ടായിരുന്നു. തീക്ഷ്ണതയോടുകൂടി ദൈവത്തെ ആരാധിച്ചിരുന്ന ഒരു കാലം.

കർത്താവിനെ സ്തുതിക്കുമ്പോൾ ആ സ്തുതിയിൽക്കൂടി നമ്മുടെ ഹൃദയത്തിൽ ആനന്ദം വഴിഞ്ഞൊഴുകുന്ന അനുഭവമുണ്ടായിരുന്നു. പ്രാർത്ഥിക്കാൻ ഇരിക്കുമ്പോഴേക്കും ദൈവസാന്നിദ്ധ്യം കിട്ടുന്ന കാലം. ഓരോ വിഷയവും ദൈവസന്നിധിയിൽ കൊടുത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അത് കർത്താവിന്റെ അടുക്കൽ എത്തി എന്ന് ഉറപ്പു കിട്ടിയിരുന്ന ഒരു നല്ലകാലം.

ദൈവത്തോട് അടുത്തു ജീവിച്ച ഒരു നല്ലകാലം. പ്രാർത്ഥനാജീവിതമുണ്ടായിരുന്നു. പക്ഷേ, ഇന്ന് അതെല്ലാം ഉടഞ്ഞുപോയി, തകർന്നു പോയി. ആ ദൈവാലയം അതിന്റെ സ്ഥാനത്ത് ഇപ്പോഴില്ല.

നമ്മുടെ പലരുടെയും ആത്മീയമായ അവസ്ഥ അതാണ്. ദൈവാലയത്തിന്റെ സ്ഥാനത്ത് ഇന്ന് പുറമെ കാണുന്ന ചില പുറംമോടികളുണ്ട്. പുറമെ കാണുന്ന ചില ആചാരങ്ങളുണ്ട്. ചില അനുഷ്ഠാനങ്ങളുണ്ട്. സാക്ഷാത്തായ ആരാധന മുടങ്ങി പ്പോയി.

ഇന്ന് പള്ളികളുണ്ട്. മനോഹരമായ ദൈവാലയങ്ങളുണ്ട്. കോടികൾ മുടക്കി ഉണ്ടാക്കുന്ന കുരിശിൻതൊട്ടികളുണ്ട്. വളരെ വിലയേറിയ വസ്തുക്കളുള്ള പള്ളിമേടകളുണ്ട്. പക്ഷേ, ആരാധന മുടങ്ങിപ്പോയി. ഇത് മനസ്സിലാക്കാൻ തന്നെ പ്രയാസമാണ്. ആരാധന മുടങ്ങിയിട്ടില്ലല്ലോ. എല്ലാ ഞായറാഴ്ചയും വിശുദ്ധകുർബ്ബാനയുണ്ട്; പ്രസംഗങ്ങളുണ്ട്. മുടക്കമൊന്നും വന്നില്ലല്ലോ. ഇതാണ് മനുഷ്യൻ കാണുന്നത്.

പക്ഷേ, അന്തരാത്മാവ് ചലനമറ്റ് നിർജ്ജീവമായി കിടക്കുകയാണ്. പുറമെ കാണുന്ന ചില ചട്ടക്കെട്ടുകളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട് എന്നുള്ളതല്ലാതെ

ആന്തരികമായ ഒരനുഭവത്തിന്റെ തനിമ നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഇത് വായിക്കുമ്പോൾ നിരാശരാകാനല്ല, പക്ഷേ, നിങ്ങൾ ഒരു പുതിയ ഉണർവ്വിന്റെ തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. കർത്താവേ, എന്റെ ജീവിതത്തിൽ ദൈവവുമായിട്ടുള്ള ബന്ധം നഷ്ടപ്പെട്ടുപോയിരിക്കുന്നല്ലോ.

ഇപ്പോഴത്തെ സ്ഥിതിയിൽ ഞാൻ മരിച്ചുപോയാൽ, അല്ലെങ്കിൽ നിന്റെ രണ്ടാമത്തെ വരവായാൽ ഞാൻ തിരുസന്നിധിയിലേക്ക് എത്തുകയില്ലല്ലോ. കർത്താവേ, ഇന്നത്തെ സ്ഥിതിയിൽ എന്റെ അന്തരാത്മാവിൽ ആരാധനയില്ലല്ലോ. അറിവുകളുണ്ട്. വീട്ടിൽ വേദപുസ്തകമുണ്ട്. വേദപുസ്തകം വായിക്കുന്നുണ്ട്. പ്രാർത്ഥനയുണ്ട്. നമസ്ക്കാരമുണ്ട്. പക്ഷേ, ആരാധന നഷ്ടപ്പെട്ടുപോയി.

പുറപ്പാടു പുസ്തകം അഞ്ചാം അദ്ധ്യായം ഒന്നാം വാക്യവും എട്ടാം അദ്ധ്യായം ഒന്നാം വാക്യവും വായിക്കുമ്പോൾ കാണാം: "എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയയ്ക്ക." ജനം അടിമത്തത്തിലാണ്. വലിയൊരു ഗൗരവമേറിയ വസ്തുതയാണ് കർത്താവ് പറയുന്നത്.

ഈ ജനം എന്നെ ആരാധിക്കേണ്ടിയിരിക്കുന്നു. എന്നെ ആരാധിക്കേണ്ടവരാണ് ഇവർ. എന്റെ സ്വന്തജനമായ യിസ്രായേൽക്കാരുടെ ആരാധന മുടങ്ങിപ്പോയിരിക്കുന്നു. അവർ ഫറവോരാജാവിന്റെ അടിമപ്പണി ചെയ്ത് വലയുകയാണ്. അവർ ദുരിതമനുഭവിച്ചുകൊണ്ട് വേല ചെയ്യുകയാണ്. അവർക്ക് ആരാധനയില്ല.

> *"അതിന്റെശേഷം മോശയും അഹറോനും ചെന്ന് ഫറവോനോട്: മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന് എന്റെ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു എന്നു പറഞ്ഞു."*
>
> *പുറപ്പാട് 5 : 1*

*“യഹോവ നദിയെ അടിച്ചിട്ട് ഏഴുദിവസം കഴിഞ്ഞപ്പോൾ മോശയോട് കല്പിച്ചത്: നീ ഫറവോന്റെ അടുക്കൽ ചെന്നു പറയേണ്ടത് എന്തെന്നാൽ: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയയ്ക്ക.”*

*പുറപ്പാട് 8 : 1*

ആരാധന ഉത്സവമാണ്. വലിയ ആനന്ദത്തിമിർപ്പാണ്. ആഘോഷമാണ്. ആ ഉത്സവത്തിന് എന്റെ ജനത്തെ വിട്ടയയ്ക്ക.

ഇന്ന് ജനത്തിന് സന്തോഷത്തിമിർപ്പുകളില്ല. പലരുടെയും ഹൃദയം നീറിക്കൊണ്ടിരിക്കുകയാണ്. അനേകമനേകം പ്രശ്നങ്ങൾ! ദൈനംദിന ജീവിതത്തിൽ നേരിടുന്ന അനേകം ദുരിതങ്ങൾ! വിശ്രമമില്ലാത്ത വിധത്തിൽ വരുന്ന ദു:ഖകരമായ അനുഭവങ്ങൾ! വളരെ ക്ലേശിച്ചാണ് ഇന്ന് മനുഷ്യൻ ജീവിക്കുന്നത്.

എന്തെല്ലാമാണ് ഓരോരുത്തരുടെയും കാര്യങ്ങൾ! ഓരോന്നോരോന്ന് അറിയുമ്പോഴാണ് ആർക്കും സ്വസ്ഥതയില്ലല്ലോ എന്നു മനസ്സിലാക്കുന്നത്. എല്ലാവരും അസ്വസ്ഥതയിലാണ്. എല്ലാവരും അശാന്തിയിലാണ്. സമാധാനമില്ല. നീറുന്ന പ്രശ്നങ്ങൾ! മനസ്സിനെ ഉരുക്കുന്ന പ്രശ്നങ്ങൾ! ഹൃദയം പൊള്ളിക്കുന്ന പ്രശ്നങ്ങൾ! ഇതെല്ലാമിന്ന് നമ്മെ അലട്ടിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാമുള്ളപ്പോൾ നമുക്ക് ദൈവത്തെ അന്വേഷിപ്പാൻ സാധിക്കുന്നില്ല.

ഭൗതികമായ കാര്യങ്ങളിൽ നമ്മുടെ മനസ്സ് വ്യാപൃത മായിരിക്കുകയാണ്. ലോകത്തിലെ അനേകം കാര്യങ്ങളിൽ നാം കെട്ടപ്പെട്ടു കിടക്കുകയാണ്. അതിൽനിന്ന് തലയൂരാൻ സാധിക്കാത്തതുപോലെ, ഒന്നു മോചനം പ്രാപിക്കാൻ സാധിക്കാത്തതുപോലെ നാം വിഷമിക്കുകയാണ്. ഓരോരു ത്തരുടേയും അനുഭവമാണിത്. നീറിപ്പുകയുന്ന മനസ്സുകളിൽ

ഒരാശ്വാസം കിട്ടാനുള്ള വഴി എങ്ങും കാണുന്നില്ല. നോക്കുന്നുണ്ട്. അന്വേഷിക്കുന്നുണ്ട്. ആശ്വാസത്തിന് വക കാണുന്നില്ല. തകർന്നുകൊണ്ടിരിക്കുന്ന സമൂഹം. നശിച്ചു കൊണ്ടിരിക്കുന്ന സമൂഹം. ലോകത്തിലെ അനേകം കാര്യങ്ങളിൽ ബന്ധിതമായി കിടക്കുന്ന ഒരു സമൂഹം.

എന്നാൽ കർത്താവ് ഫറവോന്റെ അടിമത്തത്തിൽ കിടക്കുന്ന ജനത്തോട് പറയുന്നു:

"എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയയ്ക്ക."

ജനം ആരാധിക്കാൻ പുറപ്പെടേണ്ടവരാണ്. ഉത്സവം കഴിക്കാൻ പുറപ്പെടേണ്ടവരാണ്. പക്ഷേ, അവരിന്ന് ബന്ധന ത്തിലാണ്.

സഹോദരങ്ങളേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ നിങ്ങളുടെ ബന്ധനങ്ങൾ എന്തെല്ലാമെന്ന്? നിങ്ങൾ തന്നത്താൻ ഓർത്തുനോക്കാറുണ്ടോ? ദൈനംദിന ജീവിതത്തിലേക്ക് ആത്മാർത്ഥമായി നോക്കിയാൽ നമുക്കുള്ള ബന്ധനങ്ങളെല്ലാം ലോകത്തോട് കെട്ടുപിണഞ്ഞുകിടക്കുന്നു. ഈ ലോകത്തിലെ ദു:ഖങ്ങൾ! ഈ ലോകത്തിലെ വിഷയങ്ങൾ! ഇതൊന്നും വിട്ട് ഓടുവാൻ നമുക്ക് സാദ്ധ്യമല്ല. ലോകത്തിലല്ലേ നാം ജീവിക്കുന്നത്?

എല്ലാ പ്രശ്നങ്ങളുമുണ്ട്. ഒന്നും മാറ്റിക്കളയുവാൻ നമുക്കൊട്ടു സാധിക്കയുമില്ല. ഇന്ന് അനേകമനേകം ചെറുപ്പക്കാരുടെ ഉള്ള് നീറിക്കൊണ്ടിരിക്കുകയാണ്. അനിശ്ചിതമായ ഭാവി! ഏതോ ഒരു മായാലോകത്ത് സഞ്ചരിക്കുന്നതുപോല അവർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

യുവാക്കന്മാർ പ്രത്യേകിച്ചും. സ്വന്തമായി കർത്താവിനോട് കൂടിച്ചേരുവാനുള്ള തീരുമാനമെടുക്കാതെ, യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് എങ്ങനെയെന്നറിയാതെ അനേകം യുവാക്കന്മാർ ഇന്ന് നാശത്തിന്റെ വഴിയിലൂടെ

പോയ്ക്കൊണ്ടിരിക്കുകയാണ്. അനേകം ദുശ്ശീലങ്ങൾക്ക് അവർ അടിമകളായി തീർന്നുകൊണ്ടിരിക്കുന്നു.

ഇന്ന് കോളേജുകളിലോ സ്കൂളുകളിലോ പോകുന്ന കുട്ടികൾ ജീവിതത്തിൽ അവരുടെ ലക്ഷ്യമെന്തെന്ന് ഇതുവരെയും ചിന്തിച്ചിട്ടില്ല. ഞാൻ എന്തിനുവേണ്ടി ജീവിക്കുന്നു? എന്തിനു വേണ്ടി പഠിക്കുന്നു? അവർക്കറിഞ്ഞുകൂടാ. വളരെ ഗൗരവമേറിയ പഠനം നടത്തേണ്ട കാലത്ത് അവർ വേണ്ടാത്ത പല ബന്ധങ്ങളിലേക്കും പോകുന്നു. ഗേൾഫ്രണ്ടെന്നോ ബോയ്ഫ്രണ്ടെന്നോ ഒക്കെ പറയുന്ന ചില സ്നേഹബന്ധങ്ങളിലേക്ക് പോകുന്നു. അവരുടെ ജീവിതം അശുദ്ധിയുടെ വ്യാപാരംകൊണ്ട് തിങ്ങിവരുന്നു. അവർ ചുമതലാബോധമില്ലാത്തവരായി ജീവിക്കുന്നു.

ആദ്യകാലത്ത് ശിശുവായിരുന്നപ്പോൾ അപ്പനും അമ്മയും അവർക്ക് ഏറ്റവും പ്രിയപ്പെട്ടവരായിരുന്നു. എന്നാൽ സ്കൂളിലെല്ലാം ചേർന്ന് കുറച്ചു കഴിഞ്ഞപ്പോഴേക്കും അവർ തങ്ങളുടെ ശത്രുക്കളായിക്കാണുന്നത് സ്വന്തം അപ്പനെയും അമ്മയെയും അദ്ധ്യാപകരെയുമാണ്. അവരുടെ പുരോഗതിക്ക് വിലങ്ങുതടിയായിട്ടാണ് മാതാപിതാക്കളെ കാണുന്നത്. അവർ പോകുന്നത് നാശത്തിലേക്കാണെന്നും അവരുടെ ജീവിതം ശൂന്യമാകാൻ പോവുകയാണെന്നും അവർ അറിയുന്നില്ല.

എന്നാൽ അവിടെയിവിടെ ചില കുട്ടികൾ വിശ്വസ്തരായി നില്ക്കുന്നവരുണ്ട്. അത് സന്തോഷകരമായ കാര്യമാണ്. ആത്മാർത്ഥമായി അദ്ധ്വാനിക്കുന്ന കുട്ടികളുണ്ട്. നല്ലതുപോലെ പഠിക്കാൻ മാത്രമായി വരുന്ന കുട്ടികൾ. എല്ലാ കോളേജുകളിലും സ്കൂളുകളിലും കാണും നല്ല കുറച്ചു കുട്ടികൾ. ഇതു വായിക്കുന്ന സഹോദരീസഹോദരന്മാരോട് പറയട്ടെ, നിങ്ങളുടെ മക്കൾ അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ അഭിമാന ഭാജനങ്ങളായിത്തീരണം.

ഇന്ന് അവർ ബന്ധിതരാണ്. ചീത്ത ശീലങ്ങളിൽ

ബന്ധിക്കപ്പെട്ടു കിടക്കുന്നു. ദുശ്ശീലങ്ങൾ! ഒരു പക്ഷേ, പ്രായമായ പലർക്കും അറിയാൻ വയ്യാത്ത എന്തെല്ലാം നൂലാമാലകളിലാണ് അവർ പിണഞ്ഞു കിടക്കുന്നത്.

അനേകമനേകം കുടുംബങ്ങൾ ഇന്ന് തീയിലാണ്. വെന്തെരിഞ്ഞു കൊണ്ടിരിക്കുകയാണ്. ആരും അറിയുന്നില്ല. മാതാപിതാക്കൾ നിശ്ചിന്തരാണ്; ചിന്തിക്കുന്നില്ല. മക്കൾ എങ്ങോട്ടു പോകുന്നു? എന്തിനു പോകുന്നു? അവർ അന്വേഷിക്കുന്നില്ല. മാതാപിതാക്കളുടെ കണ്ണും കാതും എപ്പോഴും തുറന്നിരിക്കണം. ഓരോന്നും നിരീക്ഷിച്ചു കൊണ്ടിരിക്കണം. മക്കൾ നാശത്തിലേക്ക് പോകുന്നുണ്ടോ, മക്കൾ അപകടത്തിലേക്ക് നീങ്ങുന്നുണ്ടോയെന്ന്.

പെൺകുട്ടികൾക്ക് അവരുടെ ജീവിതത്തിൽ ഒരു രഹസ്യവും ഉണ്ടായിരിക്കരുത്. അമ്മയോട് എല്ലാം പറഞ്ഞിരിക്കണം. ആരെങ്കിലും വന്ന് ചടുലമായ വാക്കുകൾ പറയുകയോ, ഒരു സ്നേഹത്തിന്റെ വാക്ക് പറയുകയോ ചെയ്താൽ അതും അമ്മയോടു വന്നു പറഞ്ഞിരിക്കണം. അതിന്റെ പിന്നിൽ കെണിയുണ്ട് എന്ന് അമ്മയ്ക്ക് മനസ്സിലാകും, കുട്ടിക്ക് മനസ്സിലാവുകയില്ല. എന്തൊരു സ്നേഹമാണെന്നേ കുട്ടി വിചാരിക്കുകയുള്ളൂ. ജീവിതത്തിൽ സ്നേഹം കിട്ടാത്ത കുട്ടികൾ, മാതാപിതാക്കളിൽ നിന്നുപോലും സ്നേഹം കിട്ടാത്ത കുട്ടികൾ ചില യൗവ്വനക്കാരിൽനിന്ന് സ്നേഹം തേടി പോകുന്നു. അത് അപകടകരമായ ദിശയിലേക്ക് നീങ്ങുകയും ചെയ്യുന്നു.

ദുശ്ശീലങ്ങളിൽ തകർന്നുപോകുന്ന ഒരു തലമുറ. ഇന്ന് സമൂഹം ഏറ്റവും മലിനമായിരിക്കുന്നു; ഏറ്റവും മ്ലേച്ഛമായിരിക്കുന്നു. പ്രായമായവർ ഒരുപക്ഷേ അറിയുന്നുണ്ടാവില്ല. നിങ്ങളുടെ മക്കൾ കഞ്ചാവ് ഉപയോഗിക്കുന്നു എന്നോ അല്ലെങ്കിൽ മയക്കുമരുന്നു കുത്തിവച്ചു എന്നോ പറഞ്ഞാൽ നിങ്ങൾക്ക് വിശ്വസിക്കാൻ തോന്നുകയില്ല. എന്റെ മോൻ അത്

ചെയ്യില്ല, എന്റെ മോൾ അത് ചെയ്യില്ല എന്നേ പറയൂ. പക്ഷേ, നിങ്ങൾ അറിയുന്നില്ല അവർ അപകടത്തിലേക്ക് ഓരോ ചുവടും വച്ചുകൊണ്ടിരിക്കുകയാണ് എന്ന്.

ഇന്ന് ഏതെല്ലാം തരത്തിലുള്ള ബന്ധനങ്ങളാണ് ഓരോരുത്തരേയും കുരുക്കിയിട്ടിരിക്കുന്നത്. ഒന്നാംസ്ഥാനം ലോകകാര്യമാണ്. നിങ്ങൾ വളരെ താല്പര്യപൂർവ്വം മക്കളെ വളർത്തി. മക്കളെ സ്കൂളിൽ വിട്ടു. അവർ കോളേജിൽ പഠിക്കുന്നു. കോളേജിൽ അവർക്ക് ഒരു പരീക്ഷയ്ക്ക് മാർക്കു കുറഞ്ഞാൽ തീർച്ചയായും നിങ്ങൾക്ക് വേദനയുണ്ട്. കാരണം, നിങ്ങൾ മക്കളെ സ്നേഹിക്കുന്നു.

എന്നാൽ നിങ്ങളുടെ മക്കൾ പ്രാർത്ഥിക്കുന്നില്ലെങ്കിൽ ആ വേദനയുണ്ടോ നിങ്ങൾക്ക്? അവരുടെ ആത്മാവിന്റെ കാര്യം നോക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ആ വേദനയുണ്ടോ? മോൻ അല്ലെങ്കിൽ മോൾ പഠിച്ച് NET പരീക്ഷ പാസ്സായി നല്ല നിലയിൽ വന്നു; അല്ലെങ്കിൽ NEET പരീക്ഷ പാസ്സായി, ബാങ്ക്ടെസ്റ്റ് പാസ്സായി. അപ്പോൾ നല്ല സന്തോഷം. അല്ല അതിൽ തോറ്റുപോയി എന്നു വരുമ്പോൾ കടുത്ത ദു:ഖം. എന്നാൽ ആ വേദനയുടെ ഒരംശമെങ്കിലും വേദനയുണ്ടോ നിങ്ങളുടെ മക്കൾ പ്രാർത്ഥിക്കാത്തതിൽ? നിങ്ങളുടെ മക്കൾ കൂട്ടായ്മയിൽ വന്നിരിക്കാത്തതിൽ? നിങ്ങളുടെ മക്കൾ വചനം കേൾക്കാത്തതിൽ? നിങ്ങളുടെ മക്കളുടെ ആത്മാവ് മരിച്ചു കിടക്കുന്നതിൽ?

ആത്മാവ് മരിച്ചു കിടക്കുന്നു. ആത്മാവ് ബന്ധനത്തിലാണ്. അനേകം മാതാപിതാക്കൾ ഇതെല്ലാം മറന്നുപോവുകയാണ്. ഇതിന്റെയൊന്നും ഗൗരവം മനസ്സിലാക്കുന്നില്ല.

പ്രിയപ്പെട്ടവരേ, ഇന്ന് ദൈവാലയം അതിന്റെ സ്ഥാനത്ത് പണിയേണ്ടിയിരിക്കുന്നു. ഇടിഞ്ഞുപോയ ദൈവാലയം പുതുക്കിപ്പണിയേണ്ടിയിരിക്കുന്നു. പ്രതിഷ്ഠകൾ പുതുക്കേണ്ട അവസരമാണിത്. സമർപ്പണങ്ങൾ പുതുക്കണം.

എന്താണ് സമർപ്പണം? ജീവിതം എന്റേതല്ല, ക്രിസ്തുവിന്റേതാണെന്ന് സ്വയം ഏല്പിച്ചുകൊടുക്കുന്നതാണ് സമർപ്പണം. ഈ ജീവിതത്തിൽ എനിക്ക് യാതൊരു അവകാശവും ഇല്ല. എന്നെ നിത്യതയിൽ നിന്ന് കരുണയുള്ള കർത്താവ് ഈ ഭൂമിയിലേക്ക് കൊണ്ടുവന്നു. ഏതാനും വർഷം ഈ ഭൂമിയിൽ ജീവിക്കാൻ കർത്താവ് അനുവദിക്കുന്നു. ഇനി ഞാൻ നിത്യതയിലേക്ക് മാറാൻ പോകുന്നു.

ഈ ലോകജീവിതം ക്ഷണികമാണ്, താത്ക്കാലികമാണ്. എന്നാൽ നിത്യതയ്ക്കുവേണ്ടി ഞാൻ ഇവിടെവച്ച് ഒരുങ്ങിയില്ലെങ്കിൽ മഹാനഷ്ടമാണ്. ഈ ചിന്ത പലപ്പോഴും ആരേയും അലട്ടുന്നില്ല. നിത്യതയ്ക്കുവേണ്ടി ഒരുങ്ങുക. നിത്യതയ്ക്കു വേണ്ടി ഒരുക്കുക. വലിയവേലയാണ് നമ്മുടെ മുമ്പിൽ കിട്ടിയിരിക്കുന്നത്.

ഇന്ന് അനേകം ആളുകൾ ആത്മീയമായ കാര്യങ്ങൾക്ക് രണ്ടാം സ്ഥാനമല്ല, പത്താം സ്ഥാനം പോലും കൊടുക്കുന്നില്ല. ഈ ലോകത്തിലെ ജീവിതം, ഈ ലോകത്തിലെ പഠനം, ഈ ലോകത്തിലെ ഉദ്യോഗം, ഈ ലോകത്തിലെ കുടുംബം, ഈ ലോകത്തിലെ മക്കൾ, ഭാര്യ, ഭർത്താവ് ഇങ്ങനെ ഇതിലെല്ലാം തങ്ങി നില്ക്കുകയാണ്. അപ്പുറത്തേക്ക് നീങ്ങുന്നില്ല.

കരുണയുള്ള കർത്താവ് നമുക്ക് വചനം തരുന്നു. ആ വചനം ആരാധനയിലേക്ക് നമ്മെ നയിക്കുന്നു. വിശുദ്ധിയുടെ ആരാധന. ആത്മാവിന്റെ ആരാധന. പാപം വിട്ടുള്ള ജീവിതത്തിന്റെ ആരാധന. പാപത്തിന്റെ മേൽ ജയം നേടുന്ന ആരാധന. എന്തൊരു ഭാഗ്യമാണ്! നിങ്ങൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം ഉദ്യോഗം കിട്ടുന്നതല്ല, ശമ്പളം കിട്ടുന്നതല്ല, വലിയ വീടുണ്ടാക്കുന്നതല്ല. ഏറ്റവും വലിയ ഭാഗ്യം ആരാധന കിട്ടുക എന്നുള്ളതാണ്. ബന്ധനങ്ങൾ അഴിഞ്ഞുള്ള ആരാധന.

ആഭിചാരകനായ ശീമോനെക്കുറിച്ച് അപ്പൊസ്തല

പ്രവൃത്തികളുടെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. ശീമോൻ പല അത്ഭുതങ്ങളും കാണിച്ച് ജനത്തെ ഭ്രമിപ്പിച്ചുപോന്നു. ഇന്ന് സുവിശേഷലോകത്ത് അതുപോലുള്ള അനേകം അത്ഭുതങ്ങൾ നടക്കുന്നുണ്ട്. സുവിശേഷകന്മാർ പ്രസംഗിക്കുമ്പോൾ അത്ഭുതങ്ങൾ കാണിച്ച് ജനത്തെ കബളിപ്പിക്കുകയാണ്. പാവപ്പെട്ട ജനം വന്നു കൂടുന്നു. എന്തോ ചില പ്രയാസംകൊണ്ടും വേദനകൊണ്ടും അസുഖം മാറാനും കഷ്ടപ്പാടുകൾ മാറാനും ദാരിദ്ര്യം മാറാനും വിവാഹം നടക്കാനും എല്ലാമായിട്ട് പാവപ്പെട്ട ജനം ഓടിക്കൂടുന്നു. എന്നാൽ അവരെ ചില സുവിശേഷകന്മാർ കബളിപ്പിക്കുന്നു.

ചില അത്ഭുതങ്ങൾ കാണിച്ചു കൊടുത്തിട്ട് അവരെ തെറ്റായ വഴിയിലൂടെ നയിച്ചുകൊണ്ടു പോകുന്നു. അവർക്ക് ബന്ധനങ്ങളുണ്ട് എന്ന് ആരും അറിയുന്നില്ല. ആ കാര്യം മിണ്ടുന്നുമില്ല. സുവിശേഷകന്മാർ ആത്മാവിന്റെ അന്തരാള ത്തിലുള്ള ബന്ധനങ്ങൾ കാണിച്ചു കൊടുക്കുകയും അത് തിരുത്തുവാനും മോചനം പ്രാപിക്കുവാനുമുള്ള വഴികൾ പറഞ്ഞുകൊടുക്കുകയും വേണ്ടതാണ്. അതാണ് സുവിശേഷം.

നിങ്ങൾ പലരും സണ്ടേസ്കൂൾ പഠിപ്പിക്കുന്നവരായിരി ക്കുമല്ലോ. നിങ്ങൾ ചിലർ സുവിശേഷയോഗങ്ങൾ നടത്തുന്ന വരായിരിക്കുമല്ലോ. ചോദിക്കട്ടെ, ആത്മാവിന്റെ ബന്ധന ത്തെക്കുറിച്ച് നിങ്ങൾക്ക് വല്ലതും അറിയാമോ? ചിന്തിച്ചിട്ടുണ്ടോ?

ഞാൻ മാനസാന്തരപ്പെട്ടത് പതിനേഴാമത്തെ വയസ്സിലാ ണെങ്കിലും മുപ്പത്തിയാറാമത്തെ വയസ്സിൽ ഞാൻ ചിന്തിച്ചു, എനിക്ക് ആത്മാവിന്റെ ബന്ധനങ്ങളുണ്ട് എന്ന്. ഒരു രാത്രി ഏതാണ്ട് മുഴുവൻ സമയവും ഞാൻ മാറിയിരുന്നു ചിന്തിച്ചു, എന്തെല്ലാമാണ് എന്റെ ബന്ധനങ്ങൾ? എല്ലാം ഓരോന്നോരോ ന്നായി എഴുതിവച്ചു. പുറമെ യാതൊരു കുഴപ്പവുമില്ല. പുറമെ പ്രസംഗമുണ്ട്, സുവിശേഷയോഗമുണ്ട്, പ്രസംഗത്തിനു വേണ്ടിയുള്ള യാത്രകളുണ്ട്. വേല ചെയ്യാൻ ആഗ്രഹമുണ്ട്. കർത്താവിന്റെ വേല ചെയ്യുന്നതിൽ സന്തോഷമുണ്ട്. പക്ഷേ,

എന്റെ അകത്ത് ബന്ധനങ്ങളുണ്ടായിരുന്നു.

നിങ്ങളുടെ ബന്ധനങ്ങൾ മാറിയോ? നിങ്ങളുടെ ബന്ധനങ്ങൾ നിങ്ങൾ തിരിച്ചറിഞ്ഞോ? യഥാസ്ഥാനപ്പെടണ മെങ്കിൽ ബന്ധനങ്ങൾ മാറണം. ബന്ധനം മാറിയാൽ മാത്രമേ നിങ്ങൾക്ക് ആലയം പണി തുടരാൻ പറ്റുകയുള്ളൂ.

യഹോവയുടെ ആലയം അതിന്റെ സ്ഥാനത്തുതന്നെ പണിയേണ്ടതാണ്. നഷ്ടപ്പെട്ടുപോയ സ്ഥാനത്തുതന്നെ ആലയം പണിയണം. ബന്ധനങ്ങൾ ഓരോന്നോരോന്നായി അറുത്തുകളയുവാൻ നിങ്ങൾ തയ്യാറാകണം. ആരോടെല്ലാമാണോ നിങ്ങളുടെ ഹൃദയത്തിൽ വൈരുദ്ധ്യമുള്ളത്, ഇഷ്ടക്കുറവു ള്ളത്, മുഷിച്ചിലുള്ളത് അത് ഹൃദയത്തിൽനിന്ന് പാടേ കഴുകിക്കളയുക. അത് കഴുകിത്തരുവാനായി ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുക.

നിങ്ങൾക്ക് ആരോടെങ്കിലും ഇഷ്ടക്കുറവുണ്ടെങ്കിൽ, ആരോടെങ്കിലും മുഷിച്ചിലുണ്ടെങ്കിൽ, ആരേക്കുറിച്ചെങ്കിലും മുൻവിധിയുണ്ടെങ്കിൽ അതെല്ലാം ദൈവത്തിന്റെ മുമ്പാകെ നിങ്ങൾ തുറന്നുവയ്ക്കണം. ഒരുപക്ഷേ, ആ വ്യക്തി അറിഞ്ഞി ട്ടുണ്ടാവുകയില്ല നിങ്ങൾക്ക് ഇങ്ങനെ മുഷിച്ചിലുണ്ടെന്നോ ഇഷ്ടക്കുറവുണ്ടെന്നോ. പക്ഷേ, നിങ്ങൾ ദൈവസന്നിധിയിൽ തുറക്കണം.

കർത്താവേ, ഇത് എന്റെ ഉള്ളിന്റെ അവസ്ഥയാണ്. എന്റെ ഹൃദയത്തിന്റെ അവസ്ഥയാണ്. എനിക്ക് നീരസവും കയ്പ്പും പൊന്തിപ്പൊന്തി വരുന്നുണ്ട്. വേണ്ടാ, വേണ്ടാ എന്നു വിചാരിച്ചാലും എന്റെ ഇഷ്ടക്കുറവ് മാറുന്നില്ല. എന്റെ കയ്പ്പ് മാറുന്നില്ല. എന്റെ വൈരാഗ്യം മാറുന്നില്ല. എനിക്ക് ഉപദ്രവം ചെയ്യുന്നവന് ഏതെങ്കിലും നഷ്ടം വരട്ടെ എന്നു ചിന്തിക്കുന്ന ഒരു സ്വഭാവം എന്റെ ഹൃദയത്തിലുണ്ട്. അതൊന്നും യേശുവിന്റെ സ്വഭാവമല്ല. കർത്താവേ, ഞാൻ എവിടെച്ചെന്ന് ഏറ്റുപറഞ്ഞാലും തീരുകയില്ല. നാഥാ, എന്റെ ഹൃദയത്തിൽ

നിന്ന് അത് പറിച്ചുമാറ്റുവാൻ നിനക്കുമാത്രമേ കഴിയുകയുള്ളൂ.

കർത്താവായ യേശുവിന്റെ വചനം നമ്മുടെ ഹൃദയത്തിൽ തൊടുമ്പോൾ ആപത്തുകളും തിന്മകളും ബന്ധനങ്ങളുമെല്ലാം ഒഴിഞ്ഞുപോകും, പറിഞ്ഞുപോകും. അതാണ് വേണ്ടത്. കൂട്ടായ്മകളിൽ നാം വരുമ്പോൾ അതാണ് സംഭവിക്കേണ്ടത്.

ആരോടെല്ലാമാണ് എന്റെ ഹൃദയം പിണങ്ങിയിരിക്കുന്നത്? പുറമെ കാണിക്കില്ല. പുറമെ നല്ല ഭംഗിയായിട്ട് പെരുമാറും. പുറമെ സ്നേഹമായി പെരുമാറും. പക്ഷേ, എന്റെ അഹന്ത എത്രമാത്രമുണ്ട്? അകത്തെ ബന്ധനമാണ് അഹങ്കാരം. പുറമെ ഒന്നും മിണ്ടുന്നില്ല.

ഏതെങ്കിലും കാര്യത്തിൽ തെറ്റു ചൂണ്ടിക്കാണിച്ചാൽ പെട്ടെന്ന് പത്തി വിടർത്തുന്ന, പെട്ടെന്ന് അതിനെ എതിർക്കുന്ന ഒരഹന്ത അകത്തുണ്ട്. തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിനെ എതിർക്കുന്ന മനോഭാവമുണ്ട്. അതൊരു പാപമാണെന്ന് പലരും അറിയുന്നില്ല.

നിങ്ങളുടെ തെറ്റുകൾ ആരെങ്കിലും തുറന്നുപറഞ്ഞാൽ ഇഷ്ടപ്പെടുന്നുണ്ടോ? ഇല്ല, പലപ്പോഴും ഇഷ്ടപ്പെടുന്നില്ല. നിങ്ങളെക്കുറിച്ച് നല്ലത്, നല്ലത് എന്നു പറഞ്ഞാൽ എല്ലാവർക്കും ഇഷ്ടമാണ്. നല്ലത് എന്നു കേൾപ്പിക്കാൻ താല്പര്യമുണ്ട്. പക്ഷേ, അതിനുള്ള നന്മ നിങ്ങളിലില്ലതാനും.

ഇന്ന് ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിങ്ങൾ ഒരു കാര്യം ചെയ്യൂ. നിങ്ങളുടെ ബന്ധനങ്ങൾ ഓരോന്നോരോന്ന് അറുത്തുമുറിച്ചുകളയുവാൻ നിങ്ങൾ തയ്യാറാവുക. ഗോഗുൽത്തായിൽ ചൊരിഞ്ഞ ആ തിരുരക്തം ഒരു തുള്ളി നിങ്ങളുടെ മേൽ വീണാൽ ബന്ധനങ്ങളെല്ലാം മാറിപ്പോകും. വേറൊന്നും വേണ്ട.

കൂട്ടായ്മകളിൽ വന്നിരിക്കുമ്പോൾ നിങ്ങൾ ഇതുമാത്രം പറഞ്ഞാൽ മതി: കർത്താവേ, എന്റെ ആന്തരിക ബന്ധനങ്ങൾ

എന്തെല്ലാമെന്നുപോലും എനിക്കറിയാൻ വയ്യ. അറിയാവുന്നതെല്ലാം ഞാൻ ഏറ്റുപറഞ്ഞുപേക്ഷിക്കുന്നു. ആ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെ മേൽ വന്ന് പതിയണമേ. നാഥാ, എനിക്ക് പൂർണ്ണമായ മോചനം കിട്ടുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സഹോദരങ്ങളേ, ഇപ്പോൾ നിങ്ങളുടെ ജീവിതം കൊടുക്കാൻ പറ്റിയ സമയമാണ്. യേശുക്രിസ്തുവിനെ ക്ഷണിക്കാൻ പറ്റിയ സമയമാണ്. യേശുക്രിസ്തുവിന്റെ തിരുരക്തത്തിലേക്ക് നിങ്ങളെ ഏല്പിച്ചുകൊടുക്കാൻ പറ്റിയ സമയമാണ്. ഈ സമയം നഷ്ടപ്പെടുത്താതെ കർത്താവായ യേശുവിന്റെ തിരുരക്തം നിങ്ങളെ തൊടുവാനും നിങ്ങളെ കഴുകുവാനും തിരുരക്തത്തിന്റെ വിശുദ്ധീകരണം പ്രാപിപ്പാനും നിങ്ങൾ നിങ്ങളെത്തന്നെ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കുക.

# എട്ട്

എസ്രാ ആലയം പണി ആരംഭിക്കാൻ തീരുമാനിച്ചു. എസ്രായുടെ പുസ്തകത്തിൽ കാണുന്ന പ്രത്യേകത: "ആലയം ആ സ്ഥാനത്തുതന്നെ പണിയട്ടെ" (എസ്രാ 5 : 15). വേറൊരു വാക്യമുണ്ട്: "ഇത് ജാഗ്രതയോടെ നിവർത്തിക്കേണ്ടതാകുന്നു." (എസ്രാ 6 : 12)

എന്താണ് എസ്രാ ചെയ്തത്? അതാണ് ഗൗരവമേറിയ കാര്യം. ആലയം പണി ആരംഭിക്കുന്നതിന് ഉപോദ്ബലകമായി എസ്രാ കരഞ്ഞുകൊണ്ട് ആത്മതപനം ചെയ്തു. ദൈവത്തിന്റെ വേലയ്ക്കുവേണ്ടി പുറപ്പെടുന്ന ഒരു ദൈവദാസൻ തന്നത്താൻ കാണണം. ഞാൻ എന്തുമാത്രമുള്ളൂ എന്നറിയണം. ഞാൻ എത്ര പാപിയാണെന്നറിയണം. പക്ഷേ, നമ്മുടെ ഹൃദയം തകരുന്നുണ്ടോ? നമുക്കിപ്പോഴുമുണ്ട് ചില പിടുത്തങ്ങൾ. എനിക്കെന്നാലും ഇന്നിന്ന ഗുണങ്ങളുണ്ടല്ലോ, ഇന്നിന്ന കാര്യങ്ങളിൽ ചില മികവുണ്ടല്ലോ, ഇന്നിന്ന കാര്യങ്ങളിൽ ചില ഉയർച്ചകളുണ്ടല്ലോ, ചില മേന്മകളുണ്ടല്ലോ എന്നാണ് ചിന്ത.

പ്രിയപ്പെട്ടവനേ, നിനക്ക് ഒരു മേന്മയുമില്ല. നിനക്കൊന്നുമില്ല. നിന്റേതൊന്നുമില്ല. ഓരോ പ്രാവശ്യവും വചനത്തിനെഴുന്നേൽക്കുമ്പോൾ ഞാൻ കർത്താവിനോട് പറയും: ജനത്തിനു കൊടുപ്പാൻ എന്റെ കൈയിൽ യാതൊന്നുമില്ല. ജനത്തിന് ഭക്ഷണം കൊടുപ്പാൻ നീ പറയുന്നു. പക്ഷേ, കൈയിൽ ഒന്നുമില്ലല്ലോ കർത്താവേ. നീ നാവിൽ വരച്ചു തന്നാൽ ഞാൻ പറയാം. എന്റെ ചുണ്ടിൽ നിന്റെ തീക്കട്ട തൊട്ടാൽ ഞാൻ

പറയാം. നിന്റെ പരിശുദ്ധാത്മാവ് എന്റെ ഉള്ളത്തിലേക്ക് വന്നാൽ ഞാൻ പറയാം. എനിക്ക് സ്വന്തമായി ഒന്നുമില്ല. ആത്മാവിന്റെ വേല ചെയ്‌വാൻ തക്കവണ്ണം എനിക്കു യോഗ്യതയില്ല. ഈ തീജ്ജ്വാലയോടടുക്കാൻ എനിക്ക് യോഗ്യതയില്ല.

സ്വർഗ്ഗത്തിലെ തീയാണ് വചനം. സ്വർഗ്ഗത്തിലെ തീക്കട്ടയാണ് വചനം. ഈ വചനം എടുക്കുന്നത് വളരെ സൂക്ഷിച്ചുവേണം. അത് ഇരുവായ്ത്തലയുള്ള വാളാണ്. അങ്ങോട്ടുവെട്ടുന്ന വാളിന്റെ ഇങ്ങേത്തല ഇങ്ങോട്ടും വെട്ടും.

> *"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്."*
>
> *എബ്രായർ 4 : 12, 13*

ദൈവത്തിന്റെ വചനം, അത് ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതാണ്. ഞാൻ ഭയത്തോടെ പറയുകയാണ്. ജീവനുള്ള ക്രിസ്തുവിന്റെ വചനം ഞാൻ പറയുന്നു. വചനം പറയുമ്പോഴെല്ലാം എന്റെ ഹൃദയത്തിൽ ആധിയാണ്. എന്റെ കർത്താവേ, എന്റെ നാഥൻ പറയാത്ത ഒരു വാക്ക് എന്റെ നാവിൽ വരരുത്. എന്റെ യേശു വരച്ചു തരാത്ത ഒരു വാക്ക് എന്റെ നാവിൽ വരരുത്.

എന്റെ യേശുവിന്റെ ഭാവമല്ലാത്ത ഒരു ഭാവം എന്റെ

ഹൃദയത്തിൽ വരരുത്. യേശുവിന്റെ സ്വഭാവസംശുദ്ധിയും എളിമയും താഴ്മയും സൗമ്യതയും, അത് മാത്രമാണ് എന്റെ ആശ്രയം. കർത്താവേ, നിന്റെ തിരുമാറിൽ ഞാൻ അണയട്ടെ. നിന്റെ പാദം ഞാൻ കെട്ടിപ്പിടിച്ചു ചുംബിക്കട്ടെ. തൃപ്പാദത്തിൽ ഞാൻ മുത്തട്ടെ. കർത്താവേ, നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ വയ്ക്കണമേ.

സുവിശേഷവേല നിസ്സാരമല്ല. അത് നിസ്സാരമായി കാണരുത്. ആരെയും ഭ്രമിപ്പിക്കാനുള്ളതല്ല സുവിശേഷവേല. ആരെയും ആകർഷിക്കാനുള്ളതല്ല സുവിശേഷ വേല. ആര് ആകർഷിച്ചാലെന്ത്, ആകർഷിക്കപ്പെട്ടില്ലെങ്കിലെന്ത്? ഒന്നുമില്ല. ഒരിക്കലും ഞാൻ ഒരു hero ആകരുത്. ആരുടെയും hero ആകരുത്. Hero ഒരാളേയുള്ളൂ, അത് കർത്താവായ യേശുക്രിസ്തു മാത്രമാണ്. നായകൻ ഒരാളേയുള്ളൂ, അത് കർത്താവായ യേശുക്രിസ്തു മാത്രമാണ്. നേതാവ് ഒരാളേയുള്ളൂ, കർത്താവായ യേശുക്രിസ്തു മാത്രമാണ്. പിതാവ് ഒരാളേയുള്ളൂ, നിത്യനായ ദൈവം മാത്രമാണ്.

ഇപ്പോൾ നിങ്ങൾ ചിന്തിച്ച് നോക്കൂ, നിങ്ങൾക്കു പറ്റിയ അപകടങ്ങൾ എവിടെയെല്ലാമാണെന്ന്. ബുദ്ധികൊണ്ട് വിശകലനം ചെയ്തു പഠിച്ചുകൊണ്ടല്ല വചനം പറയേണ്ടത്. വചനം പറയേണ്ടത് ആത്മാവിലാണ്. സ്വർഗ്ഗത്തിൽനിന്ന് ഒഴുകി വരുന്ന നീരോട്ടം. സ്വർഗ്ഗത്തിൽനിന്ന് ഒഴുകി വരുന്ന ജീവവചനം. അത് ജനങ്ങളിലേക്ക് ഒഴുകിച്ചെല്ലുവാൻ സാധിക്കണമെങ്കിൽ ഈ പാവപ്പെട്ട മനുഷ്യനിൽ കരടൊന്നും ഇല്ലാതിരിക്കണം.

അങ്ങ് റിസർവോയറിൽ കിടക്കുന്ന വെള്ളം നമ്മുടെ അടുക്കളയിലേക്ക് ഒഴുകി വരുന്നു. ഇവിടെ ടാപ്പ് തുറക്കുമ്പോൾ വെള്ളം കിട്ടുന്നു. ആ വെള്ളം കിട്ടുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ഇടക്കെവിടെയോ ബ്ലോക്കുണ്ടായിരിക്കും.

എന്നാണ്. അതുകൊണ്ട് വചനം പറയുന്നവർ സൂക്ഷിക്കണം; അനുതപിക്കണം; എളിമപ്പെടണം.

എസ്രായുടെ പുസ്തകം ഒമ്പതാം അദ്ധ്യായവും നെഹമ്യാവിന്റെ പുസ്തകം ഒമ്പതാം അദ്ധ്യായവും ദാനിയേലിന്റെ പുസ്തകം ഒമ്പതാം അദ്ധ്യായവും ഒരുമിച്ചു ചേർത്തു വായിച്ചാൽ കുറെയേറെ ആന്തരികമായ ഉൾക്കാഴ്ച നിങ്ങൾക്ക് കിട്ടും. ഈ അദ്ധ്യായങ്ങൾ നെടുവീർപ്പിന്റെ അദ്ധ്യായങ്ങളാണ്. അത് സ്വയം വിനയപ്പെടുത്തുന്ന അദ്ധ്യായങ്ങളാണ്. ദൈവസന്നിധിയിൽ എസ്രാ വിനയപ്പെട്ടു.

> *"അവരുടെ പുത്രിമാരെ അവർ തങ്ങൾക്കും തങ്ങളുടെ പുത്രന്മാർക്കും ഭാര്യമാരായി എടുത്തതു കൊണ്ട് വിശുദ്ധസന്തതി ദേശനിവാസികളോട് ഇട കലർന്നു പോയി; പ്രഭുക്കന്മാരുടെയും പ്രമാണി കളുടെയും കൈ തന്നേ ഈ അകൃത്യത്തിൽ ഒന്നാമതായിരിക്കുന്നു എന്നും പറഞ്ഞു. ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ എന്റെ വസ്ത്രവും മേലങ്കിയും കീറി എന്റെ തലയിലും താടിയിലുമുള്ള രോമം വലിച്ചു പറിച്ചു സ്തംഭിച്ചു കുത്തിയിരുന്നു. പ്രവാസികളുടെ അകൃത്യം നിമിത്തം യിസ്രായേലിൻ ദൈവത്തിന്റെ വചനത്തിങ്കൽ വിറെക്കുന്നവരൊ ക്കെയും എന്റെ അടുക്കൽ വന്നുകൂടി; എന്നാൽ ഞാൻ സന്ധ്യായാഗംവരെ സ്തംഭിച്ചു കുത്തിയിരുന്നു. സന്ധ്യായാഗത്തിന്റെ സമയത്ത് ഞാൻ എന്റെ ആത്മതപനം വിട്ടു എഴുന്നേറ്റു കീറിയ വസ്ത്രത്തോടും മേലങ്കിയോടും കൂടെ മുട്ടുകുത്തി എന്റെ ദൈവമായ യഹോവയിങ്ക ലേക്ക് കൈമലർത്തി പറഞ്ഞതെന്തെന്നാൽ: എന്റെ ദൈവമേ, ഞാൻ എന്റെ മുഖം എന്റെ*

*ദൈവമായ നിങ്കലേക്ക് ഉയർത്തുവാൻ ലജ്ജിച്ചു നാണിച്ചിരിക്കുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളുടെ തലക്കു മീതെ പെരുകി കവിഞ്ഞിരിക്കുന്നു; ഞങ്ങളുടെ കുറ്റം ആകാശത്തോളം വളർന്നിരിക്കുന്നു.” എസ്രാ 9 : 2 – 6*

പ്രഭുക്കന്മാരും നേതാക്കന്മാരും, അവരാണ് ഈ അകൃത്യത്തിൽ ഒന്നാമതായി നില്ക്കുന്നത്. അവരെല്ലാം ദുഷ്ടത ചെയ്തിരിക്കുന്നു. അവർ തങ്ങളുടെ തനിമ നഷ്ടപ്പെടുത്തി. അവരുടെ sanctity നഷ്ടപ്പെടുത്തി. അവരുടെ വിശുദ്ധി നഷ്ടപ്പെടുത്തി. അവരെല്ലാം അന്യജാതിക്കാരുമായി വേഴ്ചകൾ ചെയ്തു.

ജനമെല്ലാം അകൃത്യത്തിൽ പോയല്ലോ. ആലയം പണിയാൻ വന്നവർ ആ ദേശത്തെ ജാതികളുമായി ഇടകലർന്നിരിക്കുന്നു. എസ്രായ്ക്ക് അധികാരചിഹ്നമായ മേലങ്കിയുണ്ടായിരുന്നു. അത് എസ്രാ കീറി.

“യിസ്രായേലിന്റെ ദൈവമായ യഹോവയുടെ വചനത്തിങ്കൽ വിറക്കുന്നവരൊക്കെയും എന്റെ അടുക്കൽ വന്നുകൂടി. (എസ്രാ 9 : 4) അതാണ് ശരിയായ കൂട്ടായ്മ. വചനം തീയാണ്. പാറയെ തകർക്കുന്ന ചുറ്റികയാണ്. ജീവന്റെ ജലമാണ്. ജീവന്റെ സമൃദ്ധിയാണ്. ജീവന്റെ ജ്വാലയാണ്. ഈ സ്വർഗ്ഗീയമായ വചനം അനേകരുടെ ഹൃദയത്തെ മുറിപ്പെടുത്തുന്നു.

ദൈവദാസനായ എസ്രാ സ്വയം വിനയപ്പെടുത്തി. എസ്രാ പാപം ചെയ്തില്ല. ജനത്തിന്റെ പാപം എസ്രാ ഏറ്റെടുത്തു. ജനം മുഴുവൻ തെറ്റിപ്പോയിരിക്കുന്നു. അവർ നിത്യ അന്ധകാരത്തിലേക്ക് പോകുന്നു. ആലയം പണിയാൻ വന്നവർ ആലയംപണി മറന്നുപോയിരിക്കുന്നു. അവരുടെ ലക്ഷ്യം തെറ്റിപ്പോയിരിക്കുന്നു. ആലയം പണിക്കു

വേണ്ടിയുള്ള ഉദ്യമങ്ങളെല്ലാം നഷ്ടപ്പെട്ടുപോയിരിക്കുന്നു. അവർ ശുദ്ധോദ്ദേശത്തോടെ വന്നെങ്കിലും ഇന്ന് അവരെല്ലാം തെറ്റിപ്പോയിരിക്കുന്നു. എസ്രാ കുത്തിയിരുന്നു ജനത്തിനു വേണ്ടി പ്രാർത്ഥിക്കുകയാണ്.

എസ്രാ കൈമലർത്തി പറയുകയാണ്: എന്റെ കർത്താവേ, എനിക്കു ലജ്ജയായിരിക്കുന്നു. നിങ്കലേക്കു നോക്കുവാൻ എനിക്കു യോഗ്യതയില്ല. ഈ ജനം മുഴുവൻ പാപം ചെയ്തുപോയിരിക്കുന്നു. ഈ ജനം പാപത്തിലേക്കും തിന്മയിലേക്കും പോയിരിക്കുന്നു. കർത്താവേ, എനിക്ക് തിരുമുമ്പാകെ വന്ന് അഭയയാചന ചെയ്യുവാനുള്ള യോഗ്യതയില്ല. ഞാൻ ഭയന്നാണ് വന്നിരിക്കുന്നത്.

എസ്രാ പാപം ചെയ്തില്ല. എസ്രാ വിശ്വസ്തതയോടെ ദൈവവേല ചെയ്യുകയാണ്. പക്ഷേ, എസ്രായ്ക്ക് മുഖം നിവർത്താൻ സാധിക്കുന്നില്ല. ജനം തകർന്നു പോയിരിക്കുന്നു. ജനം നശിച്ചുകൊണ്ടിരിക്കുന്നു. ജനം പാപത്തിലേക്ക് പോകുന്നു. ജനം ദൈവത്തെ അറിയുന്നില്ല. വചനം കേട്ട് അവരുടെ ഹൃദയം വിറയ്ക്കുന്നില്ല. ജനത്തെ ഓർത്ത് എസ്രാ പറയുകയാണ്: ഞങ്ങൾ പാപം ചെയ്തിരിക്കുന്നു. ഞാനിതെല്ലാം ജനത്തിനുവേണ്ടി തിരുമുമ്പാകെ കൊണ്ടു വരികയാണ്. അതെല്ലാം ഞാൻ ഏറ്റെടുത്തുകൊണ്ടുവന്ന് മദ്ധ്യസ്ഥത വഹിക്കുകയാണ്.

ഓരോ ദൈവപൈതലും കുടുംബത്തിന്റെ ഭാരങ്ങളും ശാപങ്ങളും ഏറ്റെടുത്തുകൊണ്ടു പ്രാർത്ഥിക്കണം. കുടുംബത്തിൽ നിങ്ങൾക്ക് അറിയാൻ പാടില്ലാത്ത ശാപങ്ങളുണ്ട്. പാപബന്ധനങ്ങളുണ്ട്. കുടുംബത്തിന്മേലുള്ള ശാപദോഷങ്ങളുണ്ട്. പരമ്പരാഗതമായ ശാപങ്ങളുണ്ട്. ആ ശാപങ്ങൾ, പാപങ്ങൾ, കുടുംബത്തിന്മേൽ ബാധിച്ചിരിക്കുന്ന ബാധകൾ മക്കളുടെമേലും മക്കളുടെ മക്കളുടെമേലും

പകരുന്നതിനുമുമ്പ് ഇന്ന് നിങ്ങൾ ദൈവത്തിങ്കലേക്ക് കൈമലർത്തുക.

നിങ്ങൾ പലരും ഇന്ന് സുഖലോലുപരായി കഴിയുകയാണ്. നിങ്ങളാരും പ്രാർത്ഥിക്കുന്നില്ല. അനേകംപേരും സ്വന്തം പാപമോർത്ത് കരയുന്നില്ല. ജനത്തിനുവേണ്ടി കരയുന്നില്ല. ജനത്തിനുവേണ്ടി കരയേണ്ടവരാണ് നാം. ജനത്തിനുവേണ്ടി പ്രാർത്ഥിക്കേണ്ടവരാണ് നാം. നമ്മെ ദൈവം വലിയോരു ഉദ്യോഗം ഭരമേല്പിച്ചിരിക്കുകയാണ്. നിത്യനായ ദൈവത്തിന്റെ സന്നിധിയിൽ ചെല്ലുമ്പോൾ നമ്മെ ഏല്പിച്ചിരിക്കുന്ന ആടുകളെക്കുറിച്ച് നാം എന്തുപറയും? നിത്യനായ ദൈവത്തിന്റ സന്നിധിയിലേക്ക് ഞാൻ കടന്നുചെല്ലുമ്പോൾ നീ എന്നെ ഒരു വേല ഭരമേല്പിച്ചു. പക്ഷേ, ഞാൻ വിശ്വസ്തനായില്ലല്ലോ എന്നു പറയേണ്ടി വരുമോ?

ഇതെല്ലാം വായിച്ച് നിങ്ങൾ തകരണം. കർത്താവേ, ഞാൻ ചെയ്യേണ്ടത് ചെയ്തില്ല, പ്രാർത്ഥിക്കേണ്ടതുപോലെ പ്രാർത്ഥിച്ചില്ല. ആർക്കുവേണ്ടിയും ഞാൻ കരഞ്ഞില്ല. ആരുടെയും നന്മക്കുവേണ്ടി ഞാൻ ആഗ്രഹിച്ചില്ല. ഞാൻ എന്റെ കാര്യത്തിലേക്ക് മാത്രം നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. കർത്താവേ, അനേകർക്കുവേണ്ടി കരയുവാൻ എനിക്ക് ഒരു ബന്ധം തന്നിരിക്കുന്നല്ലോ. കർത്താവേ, ഞാൻ ജനത്തിനുവേണ്ടി കരയുന്നു. എന്റെ അകൃത്യം തലയ്ക്കുമീതെ കവിഞ്ഞിരിക്കുന്നു. എസ്രാ കരഞ്ഞു പ്രാർത്ഥിക്കാൻ തുടങ്ങി:

> *"ഞങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ ഇന്നുവരെയും ഞങ്ങൾ വലിയ കുറ്റക്കാരായിരിക്കുന്നു; ഞങ്ങളുടെ അകൃത്യങ്ങൾ നിമിത്തം ഞങ്ങളും ഞങ്ങളുടെ രാജാക്കന്മാരും പുരോഹിതന്മാരും ഇന്നുള്ളതുപോലെ വിദേശ രാജാക്കന്മാരുടെ കൈയിൽ വാളിനും*

*പ്രവാസത്തിനും കവർച്ചെക്കും അപമാനത്തിനും ഏല്പിക്കപ്പെട്ടിരിക്കുന്നു.”* *എസ്രാ 9 : 7*

പഴയ തലമുറയുടെ കുറ്റം മുഴുവൻ ഏറ്റെടുക്കുകയാണ്. ഞങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ ഇന്നുവരെ ഞങ്ങൾ കുറ്റക്കാരാണ്. വാങ്ങിപ്പോയ പിതാക്കന്മാർ, അവരുടെ കാലം മുതലേ ഞങ്ങൾ കുറ്റക്കാരാണ്. അന്നുമുതലേ ഞങ്ങളുടെ ജീവിതത്തിൽ ദൈവബോധമുണ്ടായിരുന്നില്ല.

പള്ളി പണിതു, പണിയിച്ചു, ആരാധന നടന്നു. സെമിത്തേരിയുണ്ടായി. എന്നാൽ എന്റെ പിതാക്കന്മാരുടെ കാലത്ത് അവർ സത്യം അറിഞ്ഞില്ല. ദൈവവചനത്തിന്റെ അർത്ഥം അവർ അറിഞ്ഞില്ല. സാക്ഷാലുള്ള ദൈവം ആരാണെന്നോ എന്താണെന്നോ അവർ അറിഞ്ഞില്ല. ദൈവം എങ്ങനെയുള്ളവനാണെന്ന് അറിഞ്ഞില്ല. ദൈവം പരിശുദ്ധനാണെന്ന് ചിന്തിച്ചില്ല.

നാം തിരിഞ്ഞുചിന്തിക്കേണ്ടിയിരിക്കുന്നു. പിതാക്കന്മാരുടെ കാലം മുതലേ നാം അകൃത്യത്തിലാണ്, അനേകം തെറ്റുകളിലാണ്. നമ്മുടെ പലരുടെയും കുടുംബങ്ങളിൽ ആത്മഹത്യകൾ നടന്നിട്ടുണ്ടാകുമോ? കൊലപാതകം നടന്നിട്ടുണ്ടാകുമോ? കവർച്ചകൾ നടന്നിട്ടുണ്ടാകുമോ? നമുക്ക് അവകാശപ്പെടാത്ത എന്തെങ്കിലും കൈവശം വച്ചുകൊണ്ടിരിക്കുകയാണോ? പൂർവ്വികന്മാരുടെ കാലത്തായിരിക്കാം, മറ്റുള്ളവരുടേത് എന്തെങ്കിലും കബളിപ്പിച്ച് എടുത്തിട്ടുണ്ടോ?

ചില കുടുംബങ്ങൾ നാശത്തിലേക്കും ശൂന്യതയിലേക്കും പോകുന്നു. എന്താണ് കാരണം? എവിടെയോ ചില പാകപ്പിഴകൾ വന്നുപോയിട്ടുണ്ട്. എന്തോ ചില പാപങ്ങൾ വന്നുപോയിട്ടുണ്ട്. വേദപുസ്തകം പറയുന്നു: പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കുമെന്ന്. “എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ

അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കും" (പുറപ്പാട് 20 : 5). നാം ഭയപ്പെടുക.

പൂർവ്വിക കാലത്ത് എന്തെല്ലാമാണ് സംഭവിച്ചുപോയത്? പാവപ്പെട്ട സ്ത്രീകളെ അപമാനിച്ചിട്ടുണ്ടോ? വല്ല വിധവമാരെയും ഏതെങ്കിലും തരത്തിൽ വേദനിപ്പിച്ചിട്ടുണ്ടോ? അനാഥ ക്കുഞ്ഞുങ്ങളെ ഏതെങ്കിലും തരത്തിൽ വേദനിപ്പിച്ചിട്ടുണ്ടോ? അപ്പനും അമ്മയുമില്ലാത്ത കുഞ്ഞുങ്ങളുടെ സ്വത്ത് തട്ടിയെടുത്തിട്ടുണ്ടോ? കൊള്ളയും കൊലയും കവർച്ചയുമുള്ള കാലം. ആരും ചോദിക്കാനില്ലാത്ത കാലം. അന്ന് എന്തെല്ലാം അക്രമങ്ങൾ നടന്നിട്ടുണ്ടാകും?

പച്ചക്കള്ളങ്ങൾ പറഞ്ഞിട്ടില്ലേ? ചിന്തിച്ചുനോക്കൂ. നിങ്ങൾക്കറിയാൻ പാടില്ല, എന്നാൽ നിങ്ങളുടെ പൂർവ്വികന്മാരുടെ കാലത്ത് വന്നിട്ടുണ്ടാകും. കള്ളത്തരങ്ങൾ എഴുതിവച്ച് പ്രമാണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാകും. ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടാകും. ഇതെല്ലാം നിങ്ങളുടെ മേൽ വന്ന് കുന്നുകൂടാൻ പോകുന്നു. ഇന്ന് അനുതപിച്ചുകൊള്ളുക. അതിനുവേണ്ടി എന്താണ് ചെയ്യേണ്ടത്? എസ്രാ ജനത്തിനു വേണ്ടി പ്രാർത്ഥിച്ചു.

ഇന്ന് ജനത്തിനുവേണ്ടി കരയാൻ ദൈവമക്കളുണ്ടായാൽ നല്ലതായിരുന്നു. പ്രസംഗിക്കാനല്ല, കരയാൻ ദൈവമക്കൾ. ജനത്തിനുവേണ്ടി അവരുടെ വേദനകൾ ഏറ്റെടുത്ത് കരയാൻ ദൈവമക്കളുണ്ടാകണം. എട്ടും പൊട്ടും തിരിച്ചറിയാത്ത ജനം. ഇടങ്കൈ ഏത് വലങ്കൈ ഏത് എന്ന് തിരിച്ചറിയാത്ത പാവപ്പെട്ട ജനം. ഈ ജനം നാശത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു.

എന്റെ സഹോദരങ്ങളേ, നിങ്ങൾക്കൊന്ന് എഴുന്നേൽക്കാൻ പറ്റുമോ? നിങ്ങൾക്കൊന്ന് ഉണരാൻ പറ്റുമോ? കർത്താവേ, ഞാനൊരാൾ, എനിക്കുള്ള ആയുസ്സ് ദൈവത്തിന്റെ ഭാവം പൂണ്ട്, നിന്റെ വേല ചെയ്യാൻ ഞാനിതാ സമർപ്പിക്കുന്നു.

ആരെല്ലാം ആക്ഷേപിച്ചാലും ആരെല്ലാം എതിർത്താലും ആരെല്ലാം പരിഹസിച്ചാലും ആരെല്ലാം ഒറ്റപ്പെടുത്തിയാലും ഈ ജനത്തിന്റെ പാപം ഏറ്റെടുത്തുകൊണ്ട് നിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത വഹിച്ചു പ്രാർത്ഥിക്കാൻ ഞാനൊരാൾ ഇതാ വരുന്നു. അതിനുള്ള യോഗ്യത എനിക്കു തരണമേ. അതിനുള്ള ബലം എനിക്കു തരണമേ.

ഒരാൾ നൂറുകിലോയുള്ള എല്ലുപൊടിച്ചാക്കു ചുമന്നു കൊണ്ടുപോവുകയാണ്. അപ്പോൾ അവശനായ വേറൊരാൾ കൂടെ വന്നു പറഞ്ഞു: ഞാൻ ചുമന്നുകൊള്ളാം. പക്ഷേ, അയാൾക്ക് അത് ചുമക്കാൻ കഴിവില്ല. കാരണം, അയാൾ ബലഹീനനാണ്. അയാൾ അതു ചുമക്കാൻ തുടങ്ങിയാൽ താഴെ വീണുപോകും.

മറ്റുള്ളവരുടെ ബലഹീനത ചുമക്കുവാൻ നമുക്ക് സാധിക്കണമെങ്കിൽ നാം ശക്തരായിത്തീരണം.

ഞാൻ ശക്തനാകും. എന്റെ ബലഹീനത ഞാൻ കർത്താവിന്റെ സന്നിധിയിൽ ഏറ്റുപറഞ്ഞ് ക്രിസ്തുവിന്റെ കൃപയാൽ ശക്തിപ്പെടും. ആത്മാവിൽ ഞാൻ ബലം പ്രാപിക്കും. ആത്മാവിൽ നിറവു പ്രാപിക്കും. ആത്മാവിന്റെ ശക്തി ഞാൻ നേടും. കർത്താവേ, നിന്റെ ആത്മാവിനെ നേടിക്കൊണ്ട് നിനക്കുവേണ്ടി ഓടാൻ, നിനക്കു വേണ്ടി അദ്ധ്വാനിപ്പാൻ എന്നെത്തന്നെ തരുന്നു. നിനക്കുവേണ്ടി പ്രയത്നിക്കാൻ ഞാനിതാ വരുന്നു.

നിങ്ങൾക്ക് തീരുമാനമെടുക്കാൻ പറ്റിയ സമയമാണ്. എസ്രായുടെ പുസ്തകം ഒമ്പതാം അദ്ധ്യായം വായിച്ചാൽ കാണാം, എസ്രാ ഏറ്റുപറഞ്ഞ പാപങ്ങൾ എന്തെല്ലാമാണെന്ന്. എസ്രായുടെ പ്രാർത്ഥനയുടെ ഗാംഭീര്യം നാം മനസ്സിലാക്കുക.

ജീവനുള്ള ക്രിസ്തുവിന്റെ സ്നേഹം നിങ്ങളെ

തഴുകുവാൻ ആഗ്രഹിക്കുന്നു. നിങ്ങളെ പ്രയാസപ്പെടുത്താൻ കർത്താവ് ആഗ്രഹിക്കുന്നില്ല. കർത്താവ് നിങ്ങൾക്ക് ആശ്വാസം തരും, തണുപ്പു തരും, നീറുന്ന ഹൃദയത്തിൽ കുളിർമ തരും. കർത്താവേ, ഇന്നു ഞാനിതാ ഒരു തീരുമാനമെടുക്കുന്നു. ഇന്ന് എന്റെ ജീവിതം, ഈ നിസ്സാരമായ ആയുസ്സ് നിന്റെ കരങ്ങളിലേക്ക് ഞാൻ വച്ചുതരികയാണ്. എനിക്ക് സ്വന്തമായിട്ടുള്ളതെല്ലാം പാപമാണെന്ന് ഞാൻ ഏറ്റുപറയുന്നു. അതിലെല്ലാം ഒരു സ്വയമുണ്ട്. എന്നാൽ യേശുവേ, എന്റേതെല്ലാം മാറ്റി നിന്റേത് എന്റേതാക്കി തീർത്തു തരണമേ.

യേശുവേ, നിന്റെ അത്ഭുതകൃപ എന്റെ മേൽ പകരണമേ. യേശുവേ, നിന്റെ അത്ഭുതശക്തി എന്റെ മേൽ ഒഴുകണമേ. യേശുവിന്റെ കരങ്ങളിലേക്ക് കൊടുത്തുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കൂ.

എന്നെത്തന്നെ സന്നിധിയിൽ കാഴ്ചയണപ്പാനും നാഥാ!
എന്നെ നിനക്കു സുഗന്ധമതായ് അർപ്പിപ്പാനും കൃപചെയ്ക
ആത്മശരീര മനസ്സുകളാം എന്നുടെ തിരുമുൽക്കാഴ്ചകളെ
താതസുതാശ്വാസപ്രദനേ അൻപൊടു കൈക്കൊണ്ടരുളീടണമേ
ഐഹിക നേട്ടത്തിനു പകരം നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീ ലോകം നിരസിപ്പാനും കൃപ ചെയ്ക
കർത്താവേ നിൻ സുവിശേഷത്തിൻ പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാൽപാടിൽ തെറ്റാതെന്നെ നയിക്കണമേ

കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അവിടുത്തെ തിരുസാന്നിദ്ധ്യത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു; യാതൊരർഹതയുമില്ലെങ്കിലും അവിടുന്ന് ഞങ്ങളുടെ മദ്ധ്യത്തിലേക്ക് എഴുന്നള്ളി വന്നതിനാൽ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. നിന്റെ വേല ചെയ്യാനുള്ള യോഗ്യത ഞങ്ങൾക്കില്ലെങ്കിലും കരുണയുള്ള കർത്താവിന്റെ

സൗജന്യകൃപയാൽ ഞങ്ങളെ അവിടുത്തെ വേലയ്ക്ക് ആക്കിയതിനാൽ സ്തോത്രം.

ഇതു വായിക്കുന്ന എല്ലാവരേയും അവിടുത്തെ തൃക്കരം വച്ച് അനുഗ്രഹിക്കണമേ. ദു:ഖിച്ചിരിക്കുന്നവർക്ക് ആശ്വാസം നൽകണമേ. രോഗികൾക്ക് സൗഖ്യം നൽകണമേ. വീട്ടിലും ആശുപത്രിയിലും ആയിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരെ കാണുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യണമേ. പല വിധത്തിലുള്ള പീഡകളിൽ മനസ്സുനൊന്ത് വലഞ്ഞുകൊണ്ടിരിക്കുന്നവരെ എല്ലാവരേയും അവിടുന്ന് സന്ദർശിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. നിന്നെ എതിരേല്പാൻ ഞങ്ങൾക്ക് ഭാഗ്യം തരണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധമായ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമേൻ.

# ഒൻപത്

വേദപുസ്തകത്തിൽ ലൂക്കോസിന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം മുഴുവനും യഥാസ്ഥാനപ്പെടുന്നതിന്റെ ചരിത്രം വിവരിക്കുന്നതാണ്. മൂന്നു സംഭവങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ഒന്ന്, നൂറ് ആടുകളിൽ കാണാതെപോയ ഒരു ആടിനെത്തേടി ഇടയൻ പോകുകയും ആ ആടിനെ രക്ഷിച്ചുകൊണ്ടുവന്ന് ആലയിലാക്കുകയും ചെയ്യുന്നു. രണ്ടാമത്തേത്, പത്ത് ദ്രഹ്മപ്പണം (വെള്ളി നാണയം) ഉണ്ടായിരുന്ന ഒരു സ്ത്രീ, അതിൽ ഒരെണ്ണം നഷ്ടപ്പെട്ടപ്പോൾ വീട്ടിനകത്തെല്ലാം അടിച്ചുതൂത്തുവാരി നോക്കി, ചണ്ടിക്കൂമ്പാരങ്ങളുടെ ഇടയിൽ നിന്ന് നഷ്ടപ്പെട്ട നാണയം അവൾക്കു ലഭിച്ചു.

മൂന്നാമത്തേത്, രണ്ടു മക്കളുള്ള ഒരു പിതാവ്. ഇളയ മകൻ അപ്പനെ വിട്ട് ദൂരെ ദേശത്തേക്കുപോയി. അവൻ പാപജീവിതം നയിച്ചു. എന്നാൽ അവൻ തിരികെ വന്നു യഥാസ്ഥാനപ്പെട്ടു; അപ്പന്റെ ഊണുമേശയിൽ, അനുഗൃഹീത മേശയിൽ അവന് ഭോജനം ലഭിച്ചു.

നൂറിൽ ഒന്നു നഷ്ടപ്പെട്ടു, പത്തിൽ ഒന്ന് നഷ്ടപ്പെട്ടു, രണ്ടിൽ ഒന്നു നഷ്ടപ്പെട്ടു. നഷ്ടത്തിന്റെ കണക്കാണ് നാം കാണുന്നത്. പക്ഷേ, നഷ്ടപ്പെട്ടു എന്നുള്ളത് ശരിയാണെങ്കിലും നഷ്ടപ്പെട്ടത് തിരികെ കിട്ടി എന്നുള്ളതാണ് സന്തോഷം!

നിങ്ങൾ ചിന്തിക്കൂ. എനിക്കെന്തെല്ലാമാണ് നഷ്ടപ്പെട്ടിട്ടുള്ളത്? സൽപ്പേര് നഷ്ടപ്പെട്ടവരുണ്ട്. മാന്യത നഷ്ടപ്പെട്ടുപോയ ആളുകളുണ്ട്. ആരോഗ്യം നഷ്ടപ്പെട്ടുപോയവരുണ്ട്.

പണം നഷ്ടപ്പെട്ടുപോയവരുണ്ട്.

ഈ മൂന്ന് ഉപമയിലും മൂന്നു വാക്കുകൾ നമുക്കു കാണാം. ഒന്ന്, lost - നഷ്ടപ്പെട്ടു. രണ്ട്, found - കണ്ടുകിട്ടി. മൂന്ന്, rejoice - സന്തോഷിച്ചു.

Lost, Found and Rejoice!

സെന്റ് അഗസ്റ്റിൻ "Confessions" എന്ന പുസ്തകത്തിൽ പറഞ്ഞു: "എന്റെ നല്ല നാളുകളെല്ലാം ഞാൻ നഷ്ടപ്പെടുത്തിയല്ലോ; ഞാൻ കുറച്ചുകൂടി നേരത്തെ ക്രിസ്തുവിനെ കണ്ടെത്തിയില്ലല്ലോ. നഷ്ടമായിപ്പോയല്ലോ. കുറേക്കൂടി നേരത്തെ ഈ ഭാഗ്യാനുഭവം എനിക്ക് കിട്ടിയിരുന്നെങ്കിൽ!"

നഷ്ടത്തിന്റെ കണക്കുകൾ! ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ നിങ്ങൾക്ക് പലതും നഷ്ടപ്പെട്ടത് ഓർക്കാൻ പറ്റും. ഏറ്റവും വലിയ നഷ്ടം ക്രിസ്തുവിനെ നഷ്ടപ്പെടുത്തി യതാണ്. ഒരിക്കൽ ക്രിസ്തുവിനെ കിട്ടിയതായിരുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യം കിട്ടിയവരുണ്ട്. സ്തുതി കിട്ടിയവരുണ്ട്. വിശുദ്ധി കിട്ടിയവരുണ്ട്. ക്രിസ്തുവിന്റെ സ്നേഹം കിട്ടിയവരുണ്ട്. എന്തൊരു അനുഗൃഹീതമായ നാളുകളായിരുന്നു അതെല്ലാം!

1973 മുതൽ കുറെ വർഷങ്ങൾ ഇവിടെ സ്വർഗ്ഗത്തിന്റെ അനുഗ്രഹത്തിന്റെ പെരുമാരി പെയ്ത കാലങ്ങളായിരുന്നു. ആത്മാവിന്റെ മഴയുടെ കാലങ്ങൾ! പരിശുദ്ധാത്മാവ് തുരുതുരെ പെയ്തിറങ്ങിയ കാലങ്ങൾ! ജനഹൃദയങ്ങൾ ക്രിസ്തുവിനു വേണ്ടി തുറന്നുകൊടുത്ത കാലങ്ങൾ! ഓരോ കുടുംബത്തിലും ചലനങ്ങൾ ഉളവായ കാലങ്ങൾ! ആളുകൾക്ക് വലിയ മാറ്റങ്ങളുണ്ടായി.

അനേക ഭവനങ്ങളിൽ വഴക്കുമാറി, ഭിന്നത മാറി, അഭിപ്രായവ്യത്യാസങ്ങൾ മാറി. ഭാര്യയും ഭർത്താവും ഒന്നായി. മക്കൾ മാതാപിതാക്കളെ അനുസരിക്കുന്നവരായി.

സ്കൂളിൽ കൃത്യസമയത്ത് പോവുകയും കൃത്യസമയത്ത് വരികയും ചെയ്യുന്നു എന്നു മാത്രമല്ല, ശരിയായി പഠിക്കുന്ന കുട്ടികളുണ്ടായി. ദുശ്ശീലങ്ങൾ മാറി. എന്തെല്ലാം അത്ഭുതങ്ങളാണ് നടന്നത്!

മദ്യപാനികളായിരുന്ന ആളുകൾ അവരുടെ സ്വന്തം പറമ്പിൽ പനങ്കള്ളുണ്ടാക്കിയിരുന്ന പനകൾ വെട്ടിക്കളഞ്ഞു. വെറുതെ, ഒന്നും ചെലവു ചെയ്യാതെ രൂപ കിട്ടുന്ന കാര്യമായിരുന്നു. പക്ഷേ, അതു വേണ്ട എന്നുവച്ചു. ഇങ്ങനെ അത്ഭുതകരമായ ഒരു ആത്മീയസന്തോഷത്തിന്റെ അനുഭൂതിയിൽ ലയിച്ച് ആനന്ദിച്ച് ദൈവത്തെ സ്തുതിച്ച കാലം!

1973 മെയ് മാസം പതിനൊന്നാം തീയതി വെള്ളിയാഴ്ച രാവിലെ ഒമ്പതുമണിക്കാണ് പരിശുദ്ധാത്മാവ് തീപോലെ ഈ ഭവനത്തിൽ ഇറങ്ങിയത്. ആ കാലങ്ങളോർക്കുമ്പോൾ എന്റെ ഹൃദയം തുള്ളുന്നു. ഈ പ്രദേശങ്ങളെല്ലാം ആത്മാവിൽ ഉണർന്നു. യാക്കോബായ സഭയിലാണ് ഉണർവ്വ് തുടങ്ങിയത്. അന്ന് യാക്കോബായ, ഓർത്തഡോക്സ് സഭകൾ രണ്ടല്ല ഒന്നാണ്.

മാർത്തോമാ സഭയിലെ അഖിലകേരള ക്രിസ്തീയ കൂട്ടായ്മയുടെ നേതൃസ്ഥാനത്തുണ്ടായിരുന്ന ശ്രീ കെ.വി. ചെറിയാൻ ഒരിക്കൽ എന്നോട് പറഞ്ഞു: ഇനി നിങ്ങളുടെ ഇടയിലാണ് ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകാൻ പോകുന്നതെന്ന്. പറഞ്ഞത് അതുപോലെ സംഭവിച്ചു. വലിയ ആത്മീയ ഉണർവുണ്ടായി.

പക്ഷേ, ഇന്നത്തെ സ്ഥിതി പറഞ്ഞാൽ, പലതും നഷ്ടപ്പെട്ടുപോയി. പഴയ വീര്യം പോയി. പഴയ തീക്ഷ്ണത പോയി. പണ്ടുണ്ടായിരുന്ന ആത്മാവിന്റെ എരിവ് പോയി. പ്രാർത്ഥനയുണ്ട്, കൂട്ടായ്മയുണ്ട്, വചനമുണ്ട്, സാക്ഷ്യമുണ്ട് എല്ലാമുണ്ട്. പുറമെയുള്ള ചട്ടക്കെട്ടുകളെല്ലാമുണ്ട്. പക്ഷേ, അകത്തെ ശക്തി കുറഞ്ഞുപോയി.

ശക്തി പുതുക്കി കിട്ടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇന്ന്

കർത്താവിനോട് പ്രാർത്ഥിക്കണം. കർത്താവേ, ഞങ്ങൾക്ക് ശക്തി പുതുക്കിത്തരണം. ആത്മീയമായി വന്ന നഷ്ടങ്ങളെല്ലാം നികത്തിത്തരണം. കേടുകളെല്ലാം മാറ്റിത്തരണം. എല്ലാ കെടുതികളും നീക്കിത്തരണം. കർത്താവേ, ആത്മീയമായി ഒരു പുനരുദ്ധാരണം, ഒരു ഉയർച്ച ഞങ്ങൾക്ക് തരണം. ആത്മീയമായ ഉൽക്കർഷം, ആത്മീയമായ ഉണർവ്വ് തരണം.

നിങ്ങൾ ഓരോരുത്തരും പ്രാർത്ഥിക്കണം. ആരെല്ലാം പ്രാർത്ഥിക്കുന്നുവോ അവർക്കത് കിട്ടും. ചിലപ്പോൾ അവർ നമുക്കു പരിചയമില്ലാത്തവരായിരിക്കും. ഒരു പക്ഷേ, അവർ സ്റ്റേജിൽ വന്ന് സാക്ഷ്യം പറയുന്നില്ലായിരിക്കും. പക്ഷേ, എല്ലാ സ്ഥലങ്ങളിലും ആത്മീയമായ ഉണർവ്വിനുവേണ്ടി വാഞ്ഛിക്കുന്നവർക്കെല്ലാവർക്കും ഈ ഉണർവ്വ് ലഭിക്കുന്നുണ്ട്.

ആത്മീയമായി ഒരു ചൈതന്യം കിട്ടുന്നതിനുവേണ്ടി ദാഹിച്ചു പ്രാർത്ഥിക്കുന്നവർ, ഉപവാസമെടുക്കുന്നവർ, അതിനുവേണ്ടി ജാഗരിക്കുന്നവർ അവർക്ക് ആ അനുഗ്രഹം കിട്ടുന്നുണ്ട്. നിങ്ങൾ ഓരോരുത്തരും ആത്മീയമായ ഉണർവ്വ് എന്നിൽ തുടങ്ങണമേ എന്നു പ്രാർത്ഥിക്കണം. കർത്താവ് നിങ്ങളെ യഥാസ്ഥാനപ്പെടുത്തും. നഷ്ടങ്ങളെല്ലാം നികത്തിത്തരും. ഒട്ടേറെ നഷ്ടങ്ങൾ വന്നുപോയി. തിരിഞ്ഞു നോക്കുമ്പോൾ പാഴായ കാലങ്ങൾ!

മുടിയൻ പുത്രൻ ക്ഷാമം വന്നപ്പോൾ അപ്പന്റെ വീട്ടിലേക്ക് മടങ്ങിവന്നു. മകനേ, ദൈവം നിന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ ദൈവം നിനക്ക് ക്ഷാമം തരും. ക്ഷാമം നേരിടുന്നതിനുമുമ്പ്, മഹാനഷ്ടങ്ങൾ വരുന്നതിനുമുമ്പ്, മക്കൾ നഷ്ടപ്പെട്ടുപോകുന്നതിനുമുമ്പ്, മക്കൾ പൈശാചികന്റെ വലയിൽ കുടുങ്ങുന്നതിനുമുമ്പ് നിങ്ങൾ ഒരാൾ തിരിഞ്ഞുവന്നാൽ നല്ലത്.

നിങ്ങൾ ഇപ്പോൾ കർത്താവിനോട് പറയണം: എന്നെ യഥാസ്ഥാനപ്പെടുത്തണമേ. പഴയ വീര്യത്തിലേക്ക് എന്നെ

മടക്കിക്കൊണ്ടുവരണമേ. നഷ്ടപ്പെട്ട അവസ്ഥയിൽ നിന്ന് എനിക്ക് പുനരുദ്ധാരണം തരണമേ. നഷ്ടപ്പെട്ട അവസ്ഥയിൽ നിന്ന് എന്നെ തിരികെ കൊണ്ടുവന്ന്, സാക്ഷാത്തായ സ്ഥാനത്ത് ഇരുത്തണമേ. അനുഗൃഹീതമായ സ്വർഗ്ഗീയസമാധാനവും സ്വർഗ്ഗീയസന്തോഷവുമുള്ള നല്ല കാലത്തേക്ക് എന്നെ മടക്കിക്കൊണ്ടുവരണമേ.

> *"യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന്നു ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ; ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ."* *വിലാപങ്ങൾ 5 : 21*

ദൈവത്തോട് പറയൂ: നാഥാ, ഇന്ന് ഞാൻ ഒരു പുതിയ മനുഷ്യനായി എഴുന്നേല്ക്കുകയാണ്. പഴയ സന്തോഷത്തിലേക്ക്, പഴയ സമാധാനത്തിലേക്ക്, പഴയ വിശുദ്ധിയിലേക്ക് മടങ്ങിവരാനുള്ള തീരുമാനത്തോടെ സത്യവും നീതിയും വിശുദ്ധിയുമുള്ള ദൈവവഴിയിലേക്ക് ഞാനിതാ തിരിയുകയാണ്. എന്നെ നീ സ്വീകരിക്കണമേ.

> *"അല്ല, ഒരു സ്ത്രീക്ക് പത്തു ദ്രഹ്മ ഉണ്ട് എന്നിരിക്കട്ടെ; ഒരു ദ്രഹ്മ കാണാതെ പോയാൽ അവൾ വിളക്കുകത്തിച്ചു വീട് അടിച്ചുവാരി അതു കണ്ടുകിട്ടുംവരെ സൂക്ഷ്മത്തോടെ അന്വേഷിക്കാതിരിക്കുമോ? കണ്ടു കിട്ടിയാൽ സ്നേഹിതമാരെയും അയൽക്കാരത്തികളെയും വിളിച്ചുകൂട്ടി: കാണാതെപോയ ദ്രഹ്മ കണ്ടുകിട്ടിയതു കൊണ്ട് എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു പറയും. അങ്ങനെ തന്നേ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു."* *ലൂക്കോസ് 15 : 8 – 10*

ഒരു പാപി മാനസാന്തരപ്പെട്ടാൽ ദൈവദൂതന്മാരുടെ ഇടയിൽ സന്തോഷമുണ്ടാകും.

നിങ്ങളെ ഓരോരുത്തരേയും മാലാഖമാർ അറിയുന്നു. അക്കരെ കടന്നുചെല്ലുമ്പോൾ നിങ്ങൾക്ക് ആ മാലാഖമാരെ മുഖപരിചയമുണ്ടാകും. നിങ്ങൾക്കുവേണ്ടി വാഴ്ത്തപ്പെട്ട കർത്താവ് ഇന്ന് പിതാവിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത വഹിച്ചുകൊണ്ടിരിക്കുന്നു.

യേശുക്രിസ്തു നമുക്കുവേണ്ടി പക്ഷവാദം കഴിച്ചു കൊണ്ടിരിക്കുന്നു. ജീവനുള്ള ക്രിസ്തു നമ്മെ കണ്ടു കൊണ്ടിരിക്കുന്നു; നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ കാര്യം അന്വേഷിക്കാൻ പ്രത്യേകം മലാഖമാരെ ചട്ടംകെട്ടിയിരി ക്കുന്നു. എന്നെ വളരെ ഭദ്രമായി കേടുവരാതെ സൂക്ഷിച്ച് നിത്യതയിലേക്ക് എത്തിക്കുവാൻ മാലാഖമാരെ കാവലാക്കി നിർത്തിയിട്ടുണ്ട്.

നിങ്ങൾ ഒരാൾ പാപം ചെയ്യുമ്പോൾ നിങ്ങൾക്കുവേണ്ടി ദൈവം കരുതിയിരുന്ന മാലാഖമാർ ഉയരത്തിലേക്ക് ചെന്ന് പരസ്പരം കെട്ടിപ്പിടിച്ചു കരയുന്നു. ഇതെല്ലാം ഭക്തന്മാർ എഴുതിവച്ച കാര്യങ്ങളാണ്.

കേവലം മുപ്പത്താറ് വയസ്സ് പ്രായത്തിൽ പരിശുദ്ധനായി ത്തീർന്ന ഒരു ദൈവദാസനാണ് സാധു സുന്ദർസിംഗ്. അദ്ദേഹം സിക്ക് ബ്രാഹ്മണയുവാവായിരുന്നു. അദ്ദേഹം ക്രിസ്തുവിനെ രക്ഷകനായി കൈക്കൊണ്ടു. അദ്ദേഹത്തിന് ദിവ്യദർശനങ്ങൾ ലഭിച്ചു. ആത്മവിവശതയിൽ അദ്ദേഹം സ്വർഗ്ഗമണ്ഡലത്തിലേക്ക് കടന്നു ചെന്നു. അപ്പോൾ ഏതാനും മാലാഖമാർ കെട്ടിപ്പിടിച്ചു കരയുന്നു. ഉടനെ സുന്ദർസിംഗ് കൂടെയുള്ള മാലാഖയോട് ചോദിച്ചു: എന്താണ് അവർ കരയുന്നത്? മാലാഖ പറഞ്ഞു: ഈ മാലാഖമാരുടെ സംരക്ഷണയിൽ ഭൂമിയിൽ ഒരു ദൈവദാസനെ സംരക്ഷിക്കാൻ നിർത്തിയിരുന്നു. ആ ദൈവദാസൻ പാപം ചെയ്യുന്നതു കണ്ടിട്ട് ഇവർ കരയുകയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ പാപം വരുമ്പോൾ, ഇഷ്ടക്കേടും മുഷിച്ചിലും വരുമ്പോൾ, അഹങ്കാരം

വരുമ്പോൾ, സ്വാർത്ഥത വരുമ്പോൾ, ദുശ്ശീലങ്ങൾ വരുമ്പോൾ, പാൻപരാഗ്, ഹാൻസ്, കഞ്ചാവ്, മയക്കുമരുന്ന് ഇതെല്ലാം ജീവിതത്തിലേക്ക് വരുമ്പോൾ, മദ്യം നിങ്ങളുടെ കൂടെപ്പിറപ്പു പോലെ വരുമ്പോൾ, അപ്പോഴെല്ലാം നിങ്ങൾക്കുവേണ്ടി ദൈവം നിർത്തിയിരിക്കുന്ന മാലാഖമാർ കരയുകയാണ്.

ഇതെല്ലാം നാം നേരിട്ടു കാണുന്ന ഒരു ദിവസമുണ്ട്.

*"ഞാൻ നിന്നോട് കാര്യം തീർക്കുന്ന നാളിൽ നീ ധൈര്യത്തോടെ നില്ക്കുമോ? നിന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ? യഹോവയായ ഞാൻ അത് അരുളിച്ചെയ്തിരിക്കുന്നു; ഞാൻ നിവർത്തിക്കയും ചെയ്യും."* *യെഹസ്കേൽ 22 : 14*

കാര്യം തീർക്കുന്ന ഒരു നാളുണ്ട്. ഇന്നു മനുഷ്യന് പാപം ചെയ്യുന്നത് കളിയാണ്. ഇന്ന് വഴക്കു കൂടുന്നതിന്, മാതാപിതാക്കളോട് ധിക്കാരം കാണിക്കുന്നതിന് ഒരു പേടിയുമില്ല. അപ്പനേയും അമ്മയേയും ധിക്കരിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുന്നതിന് ആർക്കും ഒരു പേടിയുമില്ല. ഭാര്യയും ഭർത്താവും അഴുക്ക് ബന്ധങ്ങളിലേക്ക് പോകുന്നതിന് പേടിയില്ല. ദുശ്ശീലങ്ങളിലേക്ക് ചെന്നു ചാടുന്നതിന് ആർക്കും പേടിയില്ല. ഇന്റർനെറ്റിൽക്കൂടി അപകടത്തിലേക്ക് പോകല്ലേ എന്ന് പറയുമ്പോൾ കൊച്ചു കുട്ടികൾക്ക് മനസ്സിലാകുന്നില്ല. ഇന്നത്തെ ഏറ്റവും വലിയ കെടുതി ദൈവഭയമില്ല എന്നതാണ്.

എന്നാൽ ഞാൻ നിന്നോട് കാര്യം തീർക്കുന്ന ഒരു നാളുണ്ട്. അന്ന് നീ ധൈര്യത്തോടിരിക്കുമോ? നീ രഹസ്യമായി ചെയ്ത എല്ലാ കാര്യങ്ങളും വെളിവാകുന്ന ഒരു ദിവസമുണ്ട്. ഓരോ പ്രവൃത്തിക്കും തക്ക ശിക്ഷ കിട്ടും. ഓരോ വാക്കിനും ന്യായവിധിയുണ്ട്. ഓരോ ചിന്തയ്ക്കും ന്യായവിധിയുണ്ട്.

*"എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര*

*വാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും." മത്തായി 12 : 36*

ഏതെല്ലാം വാക്കുകളാണ് നാവിൽ വന്നത്? ചീത്ത വാക്കുകൾ വന്നിട്ടില്ലേ? കോപിക്കുന്ന വാക്കുകൾ വന്നിട്ടില്ലേ? ഗർജ്ജിക്കുന്ന വാക്കുകൾ വന്നിട്ടില്ലേ? അട്ടഹസിക്കുന്ന വാക്കുകൾ വന്നിട്ടില്ലേ? വൈരാഗ്യത്തോടെ പറയുന്ന വാക്കുകൾ വന്നിട്ടില്ലേ? ചിലരെ അപകടത്തിൽപ്പെടുത്തുന്ന വാക്കുകൾ വന്നിട്ടില്ലേ? ചില പെൺകുട്ടികളെ വീഴിക്കുന്ന വാക്കുകൾ വന്നിട്ടില്ലേ? ചില ആൺകുട്ടികളെ തെറ്റിലേക്ക് നയിക്കുന്ന വാക്കുകൾ വന്നിട്ടില്ലേ? ചിന്തിച്ചുനോക്കൂ.

കാര്യം തീർക്കുന്നനാളിൽ നിന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ? നീ ധൈര്യത്തോടെ നില്ക്കുമോ?

"നീതിയിൽ വിധിചെയ്യും-ന്യായാധിപതേ നീ
യേറ്ററുതേ വിധിയിൽ-കടമോർത്തീടരുതേ.
ബലഹീനത നീക്കി-ത്തുണചെയ്യുക നാഥാ!
രാപ്പകലടിയങ്ങൾ-ക്കാശ്രയമങ്ങല്ലോ."

"ദുഷ്ടന്മാരിൽ കാ-രുണ്യം പൂണ്ടോനേ
കാരുണ്യം ചെയ്നിൻ-ന്യായത്തീർപ്പിൻ നാൾ"

ഒരു ന്യായത്തീർപ്പിന്റെ ദിവസമുണ്ട്. കാര്യം തീർക്കുന്ന ഒരു ദിവസമുണ്ട്. ഇന്ന് നിനക്കുണ്ടായിരുന്ന വിലപ്പെട്ട നിധികളെല്ലാം കളഞ്ഞുകുളിച്ചിരിക്കുകയാണ്. നിനക്ക് ദൈവം തന്ന ബുദ്ധി പിശാചിനു കൊടുത്തിരിക്കുകയാണ്. ആ ബുദ്ധിയിൽക്കൂടി ഇപ്പോൾ പ്രവർത്തിക്കുന്നത് പിശാചാണ്. നിനക്ക് ദൈവം തന്ന ഒരു നല്ല ഹൃദയമുണ്ടായിരുന്നു. ഒരു ശുദ്ധ മനസ്സുണ്ടായിരുന്നു. അവിടെയെല്ലാം അഴുക്ക് പറ്റിപ്പിടിച്ചിരിക്കുകയാണ്. അത് പിശാചിന്റെ കൈയിലേക്ക് നീ കൊടുത്തു. അശുദ്ധമായ ആഗ്രഹങ്ങൾ വന്നു. അശുദ്ധമായ മോഹങ്ങൾ വന്നു. മ്ലേച്ഛമായ താല്പര്യങ്ങൾ വന്നു.

വിവാഹം കഴിഞ്ഞ ഒരു പെൺകുട്ടി ഒരിക്കൽ എന്റെ അടുക്കൽ വന്നു. അവൾ പറഞ്ഞു: എനിക്ക് സമാധാനമില്ല. ഞങ്ങളുടെ കുടുംബത്തിൽ സമാധാനമില്ല. ഞാൻ എന്റെ ഭർത്താവിനോട് അവിശ്വസ്തത കാണിച്ചുപോയി. എനിക്ക് തെറ്റുപറ്റിപ്പോയി. എനിക്കിനി രക്ഷയ്ക്ക് മാർഗ്ഗമുണ്ടോ? ഞാൻ പറഞ്ഞു: നിനക്ക് രക്ഷപ്പെടാം. തെറ്റ് ഭയാനകം തന്നെ. നിനക്ക് ദൈവം തന്ന ആരോഗ്യവും സൗന്ദര്യവുമെല്ലാം പിശാചിന് കൊടുക്കരുതായിരുന്നു. അബദ്ധമായിപ്പോയി. തെറ്റ് തെറ്റ് തന്നെ. പക്ഷേ, ഇപ്പോൾ നിനക്ക് വേണമെങ്കിൽ തിരിയാം. എന്റെ അടുക്കലേക്ക് നിന്നെ കൊണ്ടുവന്നത് ദൈവസ്നേഹമല്ലേ? ആ ദൈവസ്നേഹം നിന്റെ പിന്നാലെയുണ്ട്. നീ ഇപ്പോൾ മനം തിരിയുക. ഇനി തെറ്റിലേക്ക് പോകരുത്. ഇനിയുണ്ടാകില്ല എന്ന് അവൾ എന്നോട് വാക്കു പറഞ്ഞിട്ടാണ് പോയത്.

സഹോദരങ്ങളേ, എത്രയെത്ര ജീവിതങ്ങളാണ് തകർന്നു കിടക്കുന്നത്! വിശുദ്ധി നഷ്ടപ്പെടുത്തിയവർ! സ്നേഹം നഷ്ടപ്പെടുത്തിയവർ! ഹൃദയത്തിൽ ഇപ്പോഴും വൈരാഗ്യം വച്ചുകൊണ്ടിരിക്കുന്നവർ!

സങ്കടകരമായ കാര്യം, ഇന്നും പല പ്രദേശങ്ങളിലുമുള്ള കൂട്ടായ്മയിൽ മറ്റുള്ളവരെ നടത്തുവാനായി ആക്കിയിരിക്കുന്ന, അതാത് ദേശത്തിന്റെ കാവല്ക്കാരാക്കി വച്ചിരിക്കുന്ന പലർക്കും പരസ്പരം ഐക്യമില്ല; സ്നേഹമില്ല. കാര്യം ഗൗരവമാണ്. ഇതെല്ലാം മനസ്സിലാക്കിയിട്ട് നിങ്ങൾ ഒരു കാര്യം തീരുമാനിക്കൂ. ഞാനൊരാൾ വിശ്വസ്തതയോടെ നില്ക്കും. ഓരോരുത്തർ അങ്ങനെ തീരുമാനിക്കട്ടെ. It is better to light a candle than to curse the darkness. ഇരുട്ടിനെ ശപിക്കുന്നതിനേക്കാൾ നല്ലത് ഒരു ചെറുതിരിയെങ്കിലും കത്തിക്കുന്നതാണ്.

ഒരാൾ വിഷമിക്കുമ്പോൾ ഓടിച്ചെന്ന് ആ വിഷമത്തിൽ പങ്കാളിയാവുക. ഒരാൾ രോഗിയായിക്കിടക്കുമ്പോൾ ആ ആളെ ഏതു വിധത്തിൽ സഹായിക്കാം എന്നു ചിന്തിക്കുക. സാധിക്കുമോ? വേണമെങ്കിൽ സാധിക്കും.

ഒരു ചെറുപ്പക്കാരൻ ക്യാൻസർ രോഗബാധിതനായി മുവാറ്റുപുഴ നിർമ്മല ഹോസ്പിറ്റലിൽ കിടന്നു. ഡെന്റ്കെയറിലെ ജോൺ കുര്യാക്കോസ് - നാലായിരത്തോളം ജോലിക്കാരുള്ള സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ - ആശുപത്രി മുറിയിൽ ചെന്നിരുന്ന് വേദപുസ്തകം വായിച്ചുകേൾപ്പിച്ചു. വചനം പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. തന്നെയുമല്ല, ജോൺ കുര്യാക്കോസിന്റെ വീട്ടിൽനിന്ന് ചാരിക്കിടക്കാവുന്ന നല്ല വിലകൂടിയ ഒരു കസേര കൊണ്ടുവന്നിട്ടുകൊടുത്തു. പാലും മറ്റു സാധനങ്ങളും എത്തിച്ചുകൊടുത്തു. അതാണ് ദൈവികമായ കാഴ്ചപ്പാട്. അങ്ങനെയുള്ളവർ നമ്മുടെ കൂട്ടായ്മയിലുണ്ട്. ആരെയും കാണാനല്ല, കാണിക്കാനല്ല.

എറണാകുളത്തുള്ള റോബിന്റെ കുടുംബത്തിന്റെ, കോടികൾ വിലമതിക്കുന്ന സ്ഥലവും വീടും ശത്രു കൈയേറിയ സമയത്ത് ജോൺ കുര്യാക്കോസാണ് ആളുകളെ സംഘടിപ്പിച്ചു കൊണ്ട് അവിടെ ചെന്ന് അത് വീണ്ടെടുത്തുകൊടുത്തത്.

ഈ അടുത്ത സമയത്ത് മറ്റൊരു വലിയ പ്രശ്നമുണ്ടായി. ജോണും മറ്റുള്ളവരും ഓടി അവിടെയെത്തി. പ്രശ്നം പരിഹരിച്ചു, പോന്നു. കൈമിടുക്കുകൊണ്ടല്ല, കരവിരുതു കൊണ്ടല്ല, ആയുധംകൊണ്ടല്ല. ഹൃദയത്തിന്റെ നൈർമ്മല്യം കൊണ്ട് അവിടെ പ്രവർത്തിക്കാൻ കഴിഞ്ഞു.

നിങ്ങൾ എന്തുചെയ്തു? വിഷമിക്കുന്നവരുടെ കാര്യത്തിൽ എന്തു ചെയ്തു? വേദന അനുഭവിക്കുന്നവരുടെ കാര്യത്തിൽ നിങ്ങൾ എന്തു ചെയ്തു? വർത്തമാനം പറഞ്ഞാൽ പോരാ, അഹങ്കരിച്ചു നടന്നാൽ പോരാ, ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്തുകൊള്ളണം.

ഞാൻ അവശനിലയിൽ ലേക്ഷോർ ഹോസ്പിറ്റലിൽ കിടന്നപ്പോൾ ജോൺ എല്ലാ ദിവസവും വരും. ഞാൻ ഇന്റൻസീവ് കെയർ യൂണിറ്റിൽ ആയിരുന്നതുകൊണ്ട് എല്ലാ ദിവസവും എന്നെ കാണാൻ പറ്റുകയില്ല. പക്ഷേ, മുറിയിൽ വന്നിരിക്കും.

രാത്രി വൈകി തിരിച്ചുപോരും. ഒരു ദിവസം എന്റെ മുറിയിൽ ജോൺ വന്നു. ഞാൻ വായിച്ചിട്ടില്ലാത്ത ഒരു പുസ്തകം ജോൺ കൊണ്ടുവന്നു, ആ പുസ്തകം വായിക്കാൻ തുടങ്ങി. ആ പുസ്തകം വായിച്ചപ്പോൾ എനിക്കും ആവേശമായി, സന്തോഷമായി. എനിക്കും ആത്മാവിൽ ഒരാനന്ദം കിട്ടി. ഞാൻ ചോദിച്ചു: ഇത് വായിച്ചു തീർത്തിട്ട് പോയാൽ മതിയോ? രാത്രി പന്ത്രണ്ടരയ്ക്കുശേഷം അതു വായിച്ചു തീർത്തിട്ടാണ് ജോൺ തിരികെ പോയത്.

ജോൺ വെസ്ലി പറഞ്ഞിട്ടുണ്ട്: സഭയ്ക്ക് ഇന്നു ചെയ്യാനുള്ളത് ഒരേ ഒരു കാര്യം മാത്രം; ആത്മാക്കളെ നേടുക. The church has nothing to do, but to save souls. Therefore, spend and be spent in his work.

നീ നിന്നെത്തന്നെ ചെലവഴിക്കുക, ചെലവഴിക്കപ്പെടുക, കർത്താവിന്റെ വേലയ്ക്കുവേണ്ടി. ജോൺ വെസ്ലി അതു പറഞ്ഞിട്ട് ദൈവസന്നിധിയിൽ ഇരുന്നു പ്രാർത്ഥിക്കാൻ തുടങ്ങി: Bend me Lord, bend me Lord. എന്റെ ദൈവമേ, നീ എന്നെ താഴ്ത്തണമേ. എന്റെ തല കുനിയിക്കണമേ. ജോൺ വെസ്ലി അന്നും ഒരു അനുഗൃഹീത സുവിശേഷകനാണ്. അദ്ദേഹം വിനയപ്പെട്ടു, താഴ്ന്നു, ശുദ്ധീകരണം പ്രാപിച്ചു. ഇംഗ്ലണ്ടിലെ വെയിൽസിൽ വലിയ ആത്മീയ ഉണർവ്വുണ്ടായി.

നിങ്ങൾക്കിന്ന് ആത്മാക്കളെ നേടാൻ ഇറങ്ങാമോ? കർത്താവിന്റെ വേലയ്ക്കുവേണ്ടി ഇറങ്ങാമോ? വേദപുസ്തക മെടുത്ത് പ്രസംഗിക്കാൻ ഇറങ്ങാനല്ല. കർത്താവിന്റെ വേലയ്ക്കുവേണ്ടി സമർപ്പിച്ചാൽ നിങ്ങൾക്ക് ഏതു ശുശ്രൂഷയാണെന്ന് വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കിത്തരും.

കർത്താവേ, ഞാൻ എന്നെ നിനക്കു വിട്ടു തരുന്നു. ഇനി എന്റേതില്ല, നിന്റേതുമാത്രം. എന്റെ സ്വത്ത് എന്റേതല്ല; എന്റെ പദവിയും പ്രതാപവും പേരും യശസ്സും ഇനി എന്റേതല്ല, എന്റെ ആരോഗ്യം, എന്റെ ശരീരം ഇനി എനിക്കല്ല, നിനക്കാണ്.

എന്റെ ഓരോ അവയവവും എനിക്കല്ല, നിനക്കാണ്.

അങ്ങനെ വിട്ടു കൊടുക്കുമ്പോൾ യേശു നിങ്ങളിലേക്ക് ഇറങ്ങി നില്ക്കും. അവൻ നിങ്ങളെ ഉപയോഗിക്കാൻ തുടങ്ങും. നിങ്ങൾക്കുള്ള അറിവുകൾ, നിങ്ങളുടെ ജ്ഞാനം, നിങ്ങളുടെ പരിചയസമ്പത്ത് ദൈവം ഉപയോഗിക്കാൻ തുടങ്ങും.

ഒരു ഡോക്ടറാണെങ്കിൽ ഡോക്ടറുടെ പരിചയസമ്പത്തും കഴിവും മികവുമെല്ലാം ആത്മാക്കളുടെ പ്രയോജനത്തിനായി ഉപയോഗിക്കാൻ തുടങ്ങും. ഒരദ്ധ്യാപകനാണെങ്കിൽ അദ്ധ്യാപകന്റെ സ്വതസിദ്ധമായ ഗുണഗണങ്ങളെല്ലാം ദൈവത്തിന്റെ കൃപയ്ക്കുവേണ്ടി ഉപയോഗിച്ച് ആത്മാക്കളെ വീണ്ടെടുക്കാൻ ഉപയോഗിക്കാൻ തുടങ്ങും. ഒരു വീട്ടമ്മയാണെങ്കിൽ, നിന്റെ പെരുമാറ്റംകൊണ്ട്, നിന്റെ സ്വഭാവത്തിന്റെ മഹിമകൊണ്ട് വേലക്കാരെ ആകർഷിക്കാനും വേലക്കാരെ സ്വാധീനിക്കാനും സാധിക്കും.

നിന്റെ വീട്ടിലുള്ളവർക്ക് അനുഗ്രഹം പകരാൻ സാധിക്കും. നിന്റെ ഭർത്താവിന് കുളിർമ്മ പകരാൻ സാധിക്കും; സന്തോഷം കൊടുക്കാൻ സാധിക്കും. ആശ്വാസം കൊടുക്കാൻ സാധിക്കും. നീറിപ്പുകഞ്ഞ് പല പ്രശ്നങ്ങളിൽ തട്ടിമുട്ടി വലഞ്ഞു വരുന്ന ഭർത്താവിന് നിന്റെ ഒരു മധുരവാക്കുകൊണ്ട് അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ വിഷാദം മാറ്റുവാൻ സാധിക്കും. ക്രിസ്തുവിനെ നിങ്ങൾ വഹിക്കുക. ഒരേയൊരു ജോലിയേയുള്ളൂ നമുക്ക്, ആത്മാക്കളെ രക്ഷിക്കുക!

യൗവ്വനക്കാരാ, നീ ഒരു ഹോസ്റ്റലിൽ താമസിക്കുക യാണെങ്കിൽ അവിടെ നീ താമസിക്കുന്നതുകൊണ്ട് നിന്റെ സ്വഭാവമഹിമ മറ്റുള്ളവർക്ക് അനുകരണീയമായിത്തീരും. മറ്റുള്ളവർ അത് അനുകരിക്കാൻ തുടങ്ങും. ആദ്യമാദ്യം അവരൊക്കെ വെറുക്കും, കോപിക്കും. പക്ഷേ, അവരുടെ ഉള്ളിൽ ഒരു പേടിയുണ്ടായിരിക്കും. ഉള്ളിൽ ഒരു

ബഹുമാനമുണ്ടായിരിക്കും.

നിന്റെ കൂടെ ജോലി ചെയ്യുന്നവർ നിന്നെ പരിഹസിക്കും. കളിയാക്കിയെന്നു വരും. അവരുടെ ഹൃദയത്തിൽ പാപം വിടാൻ മനസ്സില്ലാത്തതുകൊണ്ട് ചെയ്യുന്ന ഒരു പ്രതികരണ മാണ്. അവർ ഇന്നല്ലെങ്കിൽ നാളെ നിന്റെ സ്വഭാവത്തിന്റെ ശ്രേഷ്ഠത അംഗീകരിക്കയും ദൈവത്തെ തേടുകയും ചെയ്യാൻ ഇടവരും.

ഇന്ന് നിങ്ങൾക്ക് നിങ്ങളെത്തന്നെ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കാൻ തോന്നുന്നുണ്ടോ? എങ്കിൽ പ്രാർത്ഥിക്കൂ. കർത്താവേ, ഞാനിതാ പാപത്തോട് യാത്ര പറഞ്ഞ് ഒരു പുതിയ ജീവിതം തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നു. നഷ്ടപ്പെട്ടതെല്ലാം എനിക്ക് തിരികെ തരണമേ. നഷ്ടപ്പെട്ട നല്ലകാലങ്ങൾ തിരികെ തരണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## പത്ത്

*"ഇങ്ങനെ അവൾ അവനെ ദിവസംപ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ചു അസഹ്യപ്പെടുത്തി; അവൻ മരിപ്പാന്തക്കവണ്ണം വ്യസനപരവശനായി തീർന്നിട്ടു തന്റെ ഉള്ളം മുഴുവനും അവളെ അറിയിച്ചു: ക്ഷൗരക്കത്തി എന്റെ തലയിൽ തൊട്ടിട്ടില്ല; ഞാൻ അമ്മയുടെ ഗർഭം മുതൽ ദൈവത്തിന്നു വ്രതസ്ഥൻ ആകുന്നു; ക്ഷൗരം ചെയ്താൽ എന്റെ ബലം എന്നെ വിട്ടു പോകും; ഞാൻ ബലഹീനനായി ശേഷം മനുഷ്യരെപ്പോലെ ആകും എന്നു അവളോടു പറഞ്ഞു."   ന്യായാധിപന്മാർ 16 : 16, 17*

വളരെ നിഷ്ഠയോടുകൂടി ജീവിതം തുടങ്ങിയ ഒരു അനുഗൃഹീത ദൈവദാസനാണ് ശിംശോൻ. അമ്മയുടെ ഗർഭം മുതലേ ശിംശോൻ വ്രതനിഷ്ഠയുള്ളവനായിരുന്നു. ഗർഭം മുതലേ ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവനായിരുന്നു. ദൈവികമായ അരുളപ്പാടുമൂലം അവന്റെ അമ്മ അവനെ ഗർഭം ധരിച്ച് ഏറ്റവും ശ്രേഷ്ഠമായ ഒരനുഭവത്തിലൂടെ വളർന്നു വരുന്നവനായിരുന്നു.

ഒരവസരത്തിൽ ഒരു കഴുതയുടെ താടിയെല്ല് അവന്റെ കൈയിൽ കിട്ടിയപ്പോൾ അവൻ ഫെലിസ്ത്യരുടെ നേരെ എറിഞ്ഞു കുന്നുകുന്നായി അവരെ ശവശരീരങ്ങളായി കൂട്ടി.

*"കഴുതയുടെ താടിയെല്ലുകൊണ്ട് കുന്ന് ഒന്ന്, കുന്ന് രണ്ട്; കഴുതയുടെ താടിയെല്ലുകൊണ്ട് ആയിരം പേരെ ഞാൻ സംഹരിച്ചു എന്ന്*

*ശിംശോൻ പറഞ്ഞു.” ന്യായാധിപന്മാർ 15 : 16*

അത്ര കരുത്തനായിരുന്നു ശിംശോൻ. അമാനുഷിക മായ ശക്തി അവനുണ്ടായിരുന്നു. ദൈവം കൊടുത്ത ശക്തി! ദൈവം അവന് അതിനുള്ള വ്രതങ്ങളും നിഷ്ഠകളും നൽകിയി രുന്നു.

നമുക്കൊക്കെ വേണം ഒരു വ്രതം. ഒരു നിഷ്ഠ. നമ്മുടെ ശക്തി ചോർന്നുപോകരുത്. ഒരു കാരണവശാലും ഏതെ ങ്കിലും ഒരു ഭൗതികമായ വിഷയം വന്ന് നമ്മുടെ നിഷ്ഠ തെറ്റി പ്പോകരുത്. യുവാക്കന്മാർക്ക് ഒരു നിഷ്ഠ വേണം. എന്നെ ഈ ഭൂമിയിലേക്ക് കൊണ്ടുവന്ന എന്റെ കർത്താവായ യേശുവിനെ മഹത്വപ്പെടുത്തുകയല്ലാതെ വേറെ ഒന്നും എന്റെ ജീവി തത്തിൽ സംഭവിക്കാൻ പാടില്ല. ഈ ഭൂമിയിൽ പിറന്നു വീഴു വാൻ, എന്റെ അമ്മയുടെ ഗർഭത്തിൽ ഉരുവാകുവാൻ എന്നെ കണ്ട് എന്നിൽ തന്റെ സ്നേഹം നിക്ഷേപിച്ച എന്റെ കർത്താ വിന് ഒരിക്കലും വേദന വരത്തക്കവണ്ണം ഒന്നും എന്റെ ജീവിത ത്തിൽ വരികയില്ല. അതൊരു നിഷ്ഠയാണ്. അതൊരു വ്രത മാണ്. അതൊരു ശപഥമാണ്. അതൊരു പ്രതിജ്ഞയാണ്.

ഗർഭം മുതലേ നാസീർ വ്രതസ്ഥനായ ശിംശോന്റെ ഭാവി എങ്ങനെ വേണമെന്ന് ദൈവം തന്നെ അവന്റെ അമ്മയ്ക്ക് അരുളപ്പാട് കൊടുത്തിരുന്നു.

> *“നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; ആകയാൽ നീ വീഞ്ഞും മദ്യവും കുടിക്കരുത്; അശുദ്ധമായതൊന്നും തിന്നുകയും അരുത്; ബാലൻ ഗർഭം മുതൽ ജീവപര്യന്തം ദൈവത്തിന്നു നാസീരായിരിക്കും എന്നു പറഞ്ഞു.”*
>
> *ന്യായാധിപന്മാർ 13 : 7*

അപ്പനും അമ്മയും ശ്രദ്ധിക്കേണ്ട കാര്യങ്ങളെല്ലാം ദൈവം പറയുകയാണ്. ഗർഭം മുതൽ, ദൈവത്തിനു വ്രത സ്ഥനാകാനുള്ളവന്റെ അമ്മയും അപ്പനും പ്രത്യേകം ശ്രദ്ധിച്ചു

ജീവിക്കേണ്ടതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. തന്നെയുമല്ല, അവന്റെ ജീവിതത്തിലും മുന്തിരിയുടേത് ഒന്നും തൊടരുത്. വീഞ്ഞുണ്ടാക്കുന്ന മുന്തിരിങ്ങയുടെ സത്ത് മനുഷ്യന്റെ സുബോധത്തെ വികലമാക്കുന്നതാണ് എന്ന് അന്നേ ദൈവം കണ്ടിരുന്നു; ദൈവം പറഞ്ഞിരുന്നു.

വീഞ്ഞ്, wine എന്നൊക്കെപ്പറയുന്നത് മദ്യമാണ് എന്ന് പലർക്കും അറിഞ്ഞുകൂടാ. മധുരപാനീയമാണെന്ന് വിചാരിക്കും. പക്ഷേ, ഓർത്തുകൊള്ളണം, ഓരോ വാക്കും ഓരോ ചുവടുവെപ്പും ശ്രദ്ധിച്ചില്ലെങ്കിൽ നാം അപകടത്തിൽ വീണുപോകും.

വ്രതസ്ഥനായ ശിംശോന് അസാമാന്യമായ ബലം ദൈവം കല്പിച്ചിരുന്നു. കാരണം, അന്ന് അത് ആവശ്യമായിരുന്നു. അന്ന് ഫെലിസ്ത്യർ യിസ്രായേൽജനത്തെ പീഡിപ്പിക്കുന്ന കാലമായിരുന്നു. മിദ്യാന്യരും യിസ്രായേൽജനത്തെ പീഡിപ്പിച്ചുകൊണ്ടിരുന്നു. യിസ്രായേൽക്കാർ വിതയ്ക്കും, കൊയ്യും, മെതിക്കും. കളത്തിൽ കൂമ്പാരമായി ധാന്യം കൂട്ടും. പക്ഷേ, മിദ്യാന്യർ വന്ന് എല്ലാം എടുത്തുകൊണ്ടുപോകും. കഷ്ടപ്പെടുന്നതെല്ലാം യിസ്രായേൽക്കാർ; പക്ഷേ, അതിന്റെ ഫലം അനുഭവിക്കുന്നതെല്ലാം ശത്രുക്കൾ. ഇങ്ങനെയായിരുന്നു ആ കാലം.

ഇന്നും അങ്ങനെയുണ്ട്. നാമെല്ലാം കഷ്ടപ്പെടുന്നു. പക്ഷേ, അതിന്റെ ഫലം പിശാച് അനുഭവിക്കുന്നു. പിശാച് അതിൽ സന്തോഷിക്കുന്നു. നാം കഷ്ടപ്പെട്ടുണ്ടാക്കുന്നത് പിശാച് റാഞ്ചിക്കൊണ്ടുപോകുന്നു. വളരെ ആറ്റുനോറ്റു വളർത്തിക്കൊണ്ടുവരുന്ന നമ്മുടെ കുഞ്ഞുങ്ങൾ പിശാചിന്റെ വലയിൽ പെട്ടുപോകുന്നു. സാത്താൻ അവരെ റാഞ്ചിക്കൊണ്ടുപോകുന്നു. നഷ്ടമാണ്; കഷ്ടമാണ്. കൊച്ചുകുട്ടികൾക്ക് അത് അപകടമാണെന്നു മനസ്സിലാവുകയില്ല. മാതാപിതാക്കൾ ശ്രദ്ധിച്ചേ പറ്റൂ. മക്കൾ നേർപാതയിൽ പോകണമെന്ന് മാതാപിതാക്കൾക്ക് നിർബ്ബന്ധമുണ്ടായിരിക്കണം. മാതാപിതാക്കൾ

അലസരായിപ്പോയാൽ അത് മക്കളുടെ ഭാവിയെ ബാധിക്കും. അവരുടെ ജീവിതം തന്നെ ഏറ്റവും നരകദുരിതമായിപ്പോകും.

ഫെലിസ്ത്യരെ തോല്പിക്കാനും അവരെ ജയിക്കാനും ശിംശോന് അസാമാന്യമായ കഴിവും ശക്തിയും കർത്താവ് കൊടുത്തിരുന്നു. ഇതെല്ലാം Symbolic ആണ്. നമുക്കെല്ലാവർക്കും ദൈവം ശക്തി തന്നിട്ടുണ്ട്. ശത്രുവിനെ ജയിക്കാൻ കൃപ തന്നിട്ടുണ്ട്. പക്ഷേ, നാം ജയിക്കുന്നുണ്ടോ? ഞാൻ ജയിക്കുന്നുണ്ടോ? ശത്രുവിന്റെ പ്രലോഭനങ്ങളെ നേരിടുമ്പോൾ ഞാൻ തോറ്റുപോകാറുണ്ടോ? എന്റെ ജീവിതത്തിൽ ശത്രുവിന്റെ പ്രേരണകൾ വരുമ്പോൾ, പാപത്തിന്റെ പ്രലോഭനങ്ങൾ വരുമ്പോൾ ഞാൻ ജയിച്ചുനിൽക്കുന്നുണ്ടോ? നാം പരിശോധിക്കേണ്ടതാണ്.

ശിംശോൻ ഒരവസരത്തിൽ ഒരൊറ്റക്കഴുതയുടെ താടിയെല്ലുകൊണ്ട് ആയിരത്തിലധികം ഫെലിസ്ത്യരെ സംഹരിച്ചുകളഞ്ഞു. ഫെലിസ്ത്യർക്ക് ശിംശോനെ പേടിസ്വപ്നമായിത്തീർന്നു. അത്രയും വലിയ സംഹാരം നടത്തിയതിനുശേഷം ശിംശോന് വല്ലാതെ ദാഹിച്ചു. മരുഭൂമിയിൽ വെള്ളം കിട്ടാനില്ലാതെ ദാഹിച്ചു വലഞ്ഞ് തൊണ്ട വരണ്ടുണങ്ങി. അയ്യോ! ഞാൻ ദാഹം കൊണ്ട് മരിക്കുമല്ലോ. ഈ അഗ്രചർമ്മികളായ ഫെലിസ്ത്യരുടെ കൈയാൽ ഞാൻ മരിക്കേണമോ? വലിയ ജയം കിട്ടിയതിനുശേഷമാണ് ശിംശോൻ ഇത് പറയുന്നത്. ദൈവം അപ്പോൾത്തന്നെ ആ പ്രാർത്ഥനയ്ക്ക് മറുപടി കൊടുത്തു.

വെള്ളത്തിനു സാദ്ധ്യതയില്ലാത്ത മരുപ്പറമ്പിൽ ഒരുറവ ദൈവം തുറന്നുകൊടുത്തു. ഉറവയിൽനിന്ന് വെള്ളം പൊട്ടിപ്പുറപ്പെട്ടു. ശിംശോൻ അത് കുടിച്ചു. ദാഹം തീർത്തു. ചൈതന്യം പ്രാപിച്ചു.

*"അപ്പോൾ ദൈവം ലേഹിയിൽ ഒരു കുഴി പിളരുമാറാക്കി, അതിൽനിന്ന് വെള്ളം പുറപ്പെട്ടു; അവൻ കുടിച്ചു ചൈതന്യം പ്രാപിച്ച് വീണ്ടും ജീവിച്ചു."*

*ന്യായാധിപന്മാർ 15 : 19*

ശിംശോൻ അവിടെ ജയിച്ചെങ്കിലും പിശാച് തോറ്റു പിന്മാറുന്നവനല്ല. അവൻ ലജ്ജിതനായി മാറുകയില്ല. അവൻ നാണം കെട്ടവനായി പിന്നെയും വരും. എങ്ങനെയെങ്കിലും ശിംശോനെ കൊല്ലണമെന്ന്, തകർക്കണമെന്ന് പിശാച് നിശ്ച യിച്ചുറച്ചു.

ഫെലിസ്ത്യർ, മിദ്യാന്യർ, അമ്മോന്യർ, മോവാബ്യർ, കനാന്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ, അമാലേക്യർ തുടങ്ങിയ ജാതികളെല്ലാം ശത്രുവായ പൈശാചികന്റെ, ദുരാ ത്മാക്കളുടെ പ്രതീകങ്ങളാണ്. ഈ ദുരാത്മാക്കളോടുള്ള യുദ്ധ ത്തിൽ നാം ജയിച്ചു ജയിച്ചു പോകണം. ഓരോ ദിവസവും പരീക്ഷണഘട്ടങ്ങളാണ്. ഓരോ ദിവസവും ഒരു ചെറിയ കാര്യ ത്തിൽപ്പോലും തെറ്റുപറ്റാതെ സൂക്ഷിക്കണം. എങ്കിലേ നമുക്ക് ദൈവസന്നിധിയിൽ ചെന്നെത്താൻ പറ്റുകയുള്ളൂ.

പലപ്പോഴും പറ്റുന്ന അപകടം, സാരമില്ല, എനിക്ക് കേടൊന്നും വരികയില്ല എന്ന ചിന്തയാണ്. അങ്ങനെ നാം ചിന്തിക്കുന്നുണ്ടെങ്കിൽ, അഥവാ എവിടെയെങ്കിലും ഒരു ജയം കിട്ടിക്കഴിഞ്ഞെങ്കിൽ ഉടനെ പ്രതീക്ഷിച്ചുകൊള്ളണം, വലി യോരു വേദനാകരമായ അനുഭവം വരാൻ പോകുന്നു എന്ന്.

ദൈവത്തിന്റെ വേല ചെയ്യുന്ന ദൈവമക്കൾക്ക് എവിടെ യെങ്കിലും ദൈവം കൃപ ചെയ്ത് ഒരനുഗ്രഹം ഉണ്ടായിയെ ങ്കിൽ പ്രതീക്ഷിച്ചുകൊള്ളണം, ശത്രു നിന്റെ അടുത്തുതന്നെ നിന്നെ വീഴിക്കാൻ നിൽക്കുന്നുണ്ട് എന്ന്.

ശിംശോന് അത്രയും വലിയ ജയം കിട്ടിക്കഴിഞ്ഞപ്പോൾ, ആയിരംപേരെ കഴുതയുടെ ഒരു താടിയെല്ലുകൊണ്ട് കൊന്നു കഴിഞ്ഞപ്പോൾ, തീർച്ചയായും അഭിമാനിക്കാൻ വകയുണ്ട്. അപ്പോഴാണ് കഠിനമായ ദാഹം. മരിക്കാൻ തക്കവണ്ണമുള്ള ദാഹം വരുന്നു. അവൻ തളർന്നുപോയി. അനേകം ദൈവമ ക്കൾക്ക് പറ്റുന്ന ഒരപകടം, ദൈവത്തിന്റെ വേലയിൽ നിൽക്കു മ്പോൾ ശത്രു പിന്നാലെയുണ്ട് എന്ന് അവർ അറിയുന്നില്ല.

ജയിച്ചുകിട്ടിയ ചില അനുഗ്രഹങ്ങൾ മനസ്സിൽ വച്ചുകൊണ്ട് പേടിക്കാനൊന്നുമില്ല എന്ന ഒരലംഭാവം വരുന്നത്, ഒരു തൃപ്തി വരുന്നത് അപകടകരമാണ്.

എന്റെ സ്വന്തം ജീവിതത്തിൽത്തന്നെ എനിക്കു പറ്റിയ അപകടങ്ങളിൽ നിന്നാണ് ഞാൻ ഇതെല്ലാം മനസ്സിലാക്കുന്നത്. എവിടെയെങ്കിലും ഒരു ശുശ്രൂഷ അനുഗ്രഹപ്രദമായി നടന്നു കഴിഞ്ഞാൽ ഉടനെ വലിയ ആത്മീയമായ തളർച്ചയും വരൾച്ചയും വരാവുന്നതാണ്. ദുഷ്ടപ്പിശാച് ആക്രമിച്ച് അടിമപ്പെടുത്താൻ നോക്കും. എവിടെയെങ്കിലും പഴുത് കിട്ടുമോ എന്ന് നോക്കും.

ശിംശോന് ദാഹം വന്നു. ശിംശോൻ പ്രാർത്ഥിച്ചു. ദൈവം ഉറവു കൊടുത്തു. ഉറവയിൽ നിന്ന് ശിംശോൻ കുടിച്ചു. ദാഹം തീർത്തു. വീണ്ടും ചൈതന്യം പ്രാപിച്ചു.

ഓരോ ദിവസവും വീണ്ടും ചൈതന്യം പ്രാപിക്കുന്ന ദിവസങ്ങളായിരിക്കണം നമുക്ക്. ഒരു ദിവസംപോലും വ്യർത്ഥമാക്കരുത്; നിസ്സാരമാക്കരുത്. ഓരോ ദിവസവും വീണ്ടും ചൈതന്യം വർദ്ധിപ്പിക്കുന്ന ദിവസങ്ങളായിരിക്കണം. ചൈതന്യം വർദ്ധിക്കുകയല്ലാതെ ഒരിക്കൽപ്പോലും, ഒരണുവിൽപോലും ചൈതന്യം കുറഞ്ഞുപോകരുത്.

ശിംശോന്റെ ജീവിതത്തിൽപ്പറ്റിയ ഒരു വലിയ weak point അവന്റെ ലൈംഗികമായ ആസക്തിയായിരുന്നു. ദൈവത്തിന്റെ വ്രതസ്ഥനാണെങ്കിലും ദൈവത്തിന്റെ ശ്രേഷ്ഠതയുള്ള അനുഗൃഹീത യോദ്ധാവാണെങ്കിലും ശത്രുവിന് പേടിസ്വപ്നമാണെങ്കിലും ശിംശോൻ 'ലൈംഗികത' എന്ന കാര്യത്തിൽ ഒരു പരാജയമായിരുന്നു. തെറ്റിലേക്ക് പോകാതെ, അപകടങ്ങളിലൊന്നും പെടാതെ, ലൈംഗികമായ പ്രലോഭനങ്ങളിൽപ്പെട്ട് ഉഴന്നുപോകാതെ കരുതലോടെ തന്നെയാണ് നിന്നത്. പക്ഷേ, എപ്പോഴോ ഒരപകടം പറ്റി.

*"അതിന്റെ ശേഷം അവൻ സോരേക് താഴ്വരയിൽ*

*ദെലീല എന്നുപേരുള്ള ഒരു സ്ത്രീയെ സ്നേഹിച്ചു. ഫെലിസ്ത്യ പ്രഭുക്കന്മാർ അവളുടെ അടുക്കൽ വന്നു അവളോട്: നീ അവനെ വശീകരിച്ചു അവന്റെ മഹാശക്തി ഏതിൽ എന്നും ഞങ്ങൾ അവനെ പിടിച്ചുകെട്ടി ഒതുക്കേണ്ടതിന്നു എങ്ങനെ സാധിക്കും എന്നും അറിഞ്ഞുകൊൾക; ഞങ്ങൾ ഓരോരുത്തൻ ആയിരത്തൊരുന്നൂറു വെള്ളിപ്പണം വീതം നിനക്കു തരാം എന്നു പറഞ്ഞു."*

*ന്യായാധിപന്മാർ 16 : 4, 5*

ദെലീല എന്നുപറയുന്ന ഒരു ദുഷ്ട സ്ത്രീ ശിംശോനെ കെണിയിലാക്കുവാൻ ഫെലിസ്ത്യർ ഉപയോഗിക്കാൻ ഇടയായിത്തീർന്നു. ശത്രുക്കൾ ദെലീലയെ ഉപയോഗിച്ചു. ആ ദുഷ്ട സ്ത്രീ ശിംശോനെ തെറ്റിലേക്ക് വശീകരിച്ചു. ആ സ്ത്രീ ദുഷ്ടയാണ്, തെറ്റിലേക്ക് വശീകരിക്കുന്നവളാണ് എന്നുള്ളതുകൊണ്ട് ശിംശോന് തെറ്റുപറ്റേണ്ട ആവശ്യമില്ല. ശിംശോന് പിടിച്ചുനിൽക്കാം.

ഇത്രത്തോളം എന്നെ കൊണ്ടുവന്ന എന്റെ ദൈവത്തിന് എന്നെ നിർത്താൻ സാധിക്കും, എന്നെ നയിക്കാൻ സാധിക്കും എന്ന് ഉറച്ചു വിശ്വസിക്കാമായിരുന്നു. ഇന്നുവരെയും എന്നെ നടത്തിയ ദൈവം, അത്ഭുതങ്ങളിൽക്കൂടെ എന്നെ നയിച്ചുകൊണ്ടിരിക്കുന്ന ദൈവം, ദുഷ്ടശക്തികളായ ഫെലിസ്ത്യപ്രഭുക്കന്മാരെ തകർക്കുവാൻ എന്നെ ഉപയോഗിച്ച ദൈവം ഇനിയും എന്നെ കാക്കും എന്നുറച്ചു വിശ്വസിച്ചുകൊണ്ട് ശിംശോന് നിൽക്കാമായിരുന്നു.

പക്ഷേ, ശിംശോൻ ആ സ്ത്രീയെ സ്നേഹിച്ചു. പാടില്ലായിരുന്നു. അവൻ പോകരുതായിരുന്നു. Sex അവന്റെ ഒരു ബലഹീനതയായിരുന്നു.

ഓരോ മനുഷ്യനും ചില ബലഹീനതകളുണ്ട്. ചിലർക്ക് പണമായിരിക്കും, ചിലർക്ക് മറ്റുള്ളവർ ആദരിക്കണം

എന്നുള്ള ചിന്തയായിരിക്കും, ചിലർക്ക് ലൈംഗികമായ മോഹങ്ങളായിരിക്കും ബലഹീനത. നമ്മിൽ എവിടെയാണ് weak point ഉള്ളതെന്ന് പിശാചിനറിയാം. ആ weak point-ൽ വന്ന് പിശാച് പിടികൂടും. അവിടെത്തന്നെ പിശാച് കെണിവെക്കും.

ശിംശോൻ ദെലീലയുടെ മടിയിൽ കിടന്നുറങ്ങി. ന്യായാധിപന്മാരുടെ പുസ്തകം പതിനാറാം അദ്ധ്യായം ആത്മാർത്ഥമായി വായിച്ചാൽ കരഞ്ഞുപോകും. ഒരു മല്ലന്റെ പതനം! ഒരു വീരജേതാവിന്റെ പതനം! വീരനായ ശിംശോന്റെ അധഃപതനം! വലിയ നഷ്ടമായിപ്പോയി. യിസ്രായേൽക്കാർക്ക് മുഴുവൻ നഷ്ടമായിപ്പോയി.

ആ സ്ത്രീയുമായുള്ള ബന്ധംകൊണ്ട് അവന്റെ ശക്തി ചോർന്നുപോകാൻ ഇടയായി. ഫെലിസ്ത്യ പ്രഭുക്കന്മാർ ആ സ്ത്രീയുമായി വാക്കുറപ്പിച്ചു. പണം കൊടുത്ത്, എവിടെയാണ് ശിംശോന്റെ ശക്തി ഇരിക്കുന്നതെന്ന് പറഞ്ഞാൽ അവനെ തകർക്കാം എന്ന് അവർ അവളോട് പറഞ്ഞു.

അവൾ ശിംശോനോട് ചോദിച്ചു: നിന്റെ ശക്തി എവിടുന്നാണ്? വളരെ സ്നേഹത്തോടെയാണ് ചോദിക്കുന്നത്. മടിയിൽ കിടത്തിക്കൊണ്ടാണ് അവൾ ചോദിക്കുന്നത്. ആദ്യമെല്ലാം അവൻ തന്ത്രപൂർവ്വം ഓരോരോന്നോരോന്ന് പറഞ്ഞു. പക്ഷേ, അവളുടെ ഉൾമുറിയിൽ പതിയിരുപ്പുകാരുണ്ടായിരുന്നു. നാമാരും അറിയുന്നില്ല, ഉൾമുറിയിൽ പതിയിരുപ്പുകാരുണ്ട്.

ശത്രു ഉൾമുറിയിൽത്തന്നെയുണ്ട്. വീട്ടിൽത്തന്നെയുണ്ട്. കൂട്ടായ്മയിൽത്തന്നെയുണ്ട്. ദൈവമക്കളുടെ ഇടയിൽത്തന്നെയുണ്ട്.

> *“ദെലീലാ പുതിയ കയർ വാങ്ങി അവനെ ബന്ധിച്ചിട്ട്: ശിംശോനേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു അവനോട് പറഞ്ഞു. പതിയിരുപ്പുകാർ ഉൾമുറിയിൽ ഉണ്ടായിരുന്നു.”*
>
> *ന്യായാധിപന്മാർ 16 : 12*

*"അവളുടെ ഉൾമുറിയിൽ പതിയിരുപ്പുകാർ പാർത്തിരുന്നു. അവൾ അവനോട്: ശിംശോനേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു പറഞ്ഞു."*

*ന്യായാധിപന്മാർ 16 : 9*

പതിയിരുപ്പുകാരുണ്ട്! ഓരോ വിശ്വാസിയും ഓർത്തുകൊള്ളണം. പതിയിരുപ്പുകാർ മനുഷ്യരാരുമല്ല, ദുഷ്ടപ്പിശാചിന്റെ ദുരാത്മാക്കൾ! നാം സംസാരിച്ചുകൊണ്ടിരിക്കുന്നു. വീട്ടിൽ ആഹാരം കഴിക്കാനിരിക്കുന്നു. ഓരോ കാര്യങ്ങൾ ചെയ്യുന്നു. പക്ഷേ, എപ്പോഴും എവിടെ നമ്മെ വീഴിക്കാമെന്ന് നോക്കിക്കൊണ്ട് ദുഷ്ടപ്പിശാചുക്കൾ തൊട്ടടുത്തുണ്ട്.

ദൈവമക്കൾ എപ്പോഴും കരുതലോടിരിക്കണം. ജീവിതത്തിൽ ഒരു കണികയിലെങ്കലും തെറ്റുവരാനിടയായാൽ പതിയിരുപ്പുകാർ നമ്മെ അമർത്തിക്കളയും, നമ്മെ ഒതുക്കിക്കളയും. ദെലീലാ ശിംശോനെ പിന്നെയും പിന്നെയും ഒതുക്കി. അവൾക്ക് പ്രവർത്തിക്കാൻ തക്ക സാഹചര്യം കിട്ടിയപ്പോൾ ശിംശോനെ അവൾ തകർത്തുകളഞ്ഞു. അവൾക്ക് പണം കിട്ടിയാൽ മതി. ശിംശോനെ ഉപയോഗിച്ചുകൊണ്ട് പണം കിട്ടാനാണവൾ നോക്കിയത്. ഫെലിസ്ത്യർ പണം കൊടുത്തു. അവൾ വാസ്തവത്തിൽ അവനെ ഒറ്റിക്കൊടുക്കുകയാണ് ചെയ്തത്. ശിംശോൻ അവളെ സ്നേഹിച്ച് അവിടെ ചെന്നെങ്കിലും അവൾ അവനെ സ്നേഹിക്കുകയല്ല ചെയ്തത്. അവൻമൂലം കിട്ടാവുന്ന ലാഭമെന്താണെന്നാണ് അവൾ ചിന്തിച്ചത്.

ഒരിക്കലും ദൈവത്തിന്റെ ആലോചന വിട്ട്, സാന്നിദ്ധ്യം വിട്ട് ഒരു ചുവടുമാറാൻ നമുക്കിടവരരുത്. ഓരോ ചുവടുവെപ്പിലും ഓരോ നിമിഷവും നാം നമ്മെത്തന്നെ സൂക്ഷിക്കണം. "An open door will tempt a saint" എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. ഒരു തുറന്ന വാതിൽ പരിശുദ്ധനെപ്പോലും പ്രലോഭിപ്പിക്കുമെന്ന്.

ഒരിക്കലും വാതിൽ തുറന്നുകൊടുക്കരുത്. ശത്രുവിന്

ഇടം കൊടുക്കരുത്. സംസാരിക്കുമ്പോൾ ഒരു വാക്കിൽ തെറ്റാതെ നോക്കണം. പെരുമാറ്റത്തിൽ തെറ്റാതെ നോക്കണം. നാം പലപ്പോഴും അറിയില്ല. പക്ഷേ, ദൈവസന്നിധിയിൽ അതെല്ലാം രേഖപ്പെടുത്തും. സൂക്ഷിക്കുക; ജീവിതത്തിന്റെ ഓരോ നിമിഷവും വളരെ ജാഗരൂകരായി നിൽക്കേണ്ടവരാണ് നാം.

ഒരു പ്രശംസാവാക്ക്, നമ്മെ പുകഴ്ത്തുന്ന ഒരു വാക്ക് കേൾക്കുമ്പോൾ അറിയാതെ നമ്മുടെ ഉള്ളത്തിൽ ഒരു കുളിർമ്മ വന്നുപോകും. നമ്മെക്കുറിച്ച് നല്ല ഒരഭിപ്രായം പറയുന്നത് കേൾക്കുമ്പോൾ നമുക്കൊരു ആനന്ദം ഉണ്ടായിപ്പോകും. നാം വിചാരിക്കും, വേറൊന്നും ചിന്തിച്ചില്ലല്ലോ. എനിക്കങ്ങനെ പ്രശംസയൊന്നുമില്ല. എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല. ഞാൻ പാവമല്ലേ? നിസ്സാരനല്ലേ? ഇതൊക്കെ പുറമെ പറയുമെങ്കിലും അകത്ത് ആരെങ്കിലും നമ്മെ പ്രശംസിക്കുമ്പോൾ ഒരു ഊറിയ രസം നമ്മുടെ ഹൃദയത്തിൽ വരുന്നു.

ആരെങ്കിലും നമ്മെക്കുറിച്ച് നല്ല വാക്ക് പറയുമ്പോൾ ഒരു ആന്തരികമായ സന്തോഷം നമുക്കുണ്ടാകുന്നു. ഇതെല്ലാം ആത്മീയജീവിതത്തിൽ തകർന്നുപോകാവുന്ന അപകടമാണ്.

ഒരവസരത്തിൽ കൂമ്പൻപാറ യാക്കോബായ പള്ളിയിൽ ഞാൻ വചനം പറയാൻ പോയി. അവിടെ വചനം പറഞ്ഞപ്പോൾ ശക്തിയേറിയ ആത്മവ്യാപാരം കിട്ടി. ഇരുപത്തെട്ടുപേർ അന്ന് ജീവിതം കർത്താവിനു സമർപ്പിച്ചു. എനിക്കു വലിയ സന്തോഷമായി. പരിശുദ്ധാത്മാവ് പ്രവർത്തിച്ചു.

എന്നാൽ അടുത്തദിവസം രാവിലെ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വിവേചനവരമുള്ള വിശുദ്ധനായ ദൈവപുരുഷൻ ചോദിച്ചു: “എന്തുപറ്റി?” ഞാൻ എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. ആത്മാവ് മരിച്ചുപോയി. എണ്ണ വറ്റിപ്പോയി, വിളക്കുകെട്ടുപോയി എന്നുപറഞ്ഞു. ഞാൻ ഞെട്ടിപ്പോയി.

എവിടെയാണ് തെറ്റുപറ്റിയതെന്ന് അറിയാതെ ഞാൻ വിഷമിച്ചു. അന്നു ഞാൻ തിരികെപോന്നു. വൈകിട്ട് ഇടവകപ്പ

ള്ളിയിലെ യോഗത്തിൽ ഞാൻ പ്രസംഗിച്ചില്ല. കാരണം, എന്റെ ആത്മാവ് മരിച്ചിരിക്കുന്നു. പിന്നെ എന്തു പ്രസംഗിക്കാനാണ്? എനിക്ക് ഒരു സ്വസ്ഥതയുമില്ല.

പിറ്റേദിവസം രാവിലെ ആ അനുഗൃഹീത ദൈവദാസൻ വന്നു, സംസാരിച്ചു. എനിക്ക് മനസ്സിലാക്കിത്തന്നു. ഒരു പ്രശം സ; നന്നായിട്ട് ദൈവത്തിന്റെ വചനം പറയാൻ പറ്റിയല്ലോ എന്നുള്ള ഒരു സംതൃപ്തി. അതൊരു പാപമാണെന്നുപോലും എനിക്കറിയാൻ പാടില്ലായിരുന്നു. അത് എനിക്ക് വലിയ ഒരു പാഠമായിരുന്നു. ആ ദൈവപുരുഷൻ എനിക്കുവേണ്ടി മദ്ധ്യ സ്ഥത വഹിച്ച്, പ്രാർത്ഥിച്ച് എന്റെ ബന്ധനങ്ങളഴിച്ചു. അതിനു ശേഷമാണ് എന്നെ ശുശ്രൂഷയ്ക്ക് ചേർത്തിരുത്തിയത്. പതി യിരുപ്പുകാർ ഉണ്ട് എന്ന് ഞാൻ അറിഞ്ഞില്ല. ദുഷ്ടപ്പിശാച് നോക്കിനിൽക്കുന്നത് ഞാൻ അറിഞ്ഞില്ല.

ഒരു കാര്യം ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ഓരോരുത്തരും എപ്പോഴും ശത്രു എന്നെ പിടികൂടാൻ സാദ്ധ്യതയുണ്ടോ എന്നു നോക്കിക്കൊ ള്ളണം. എന്തിലെങ്കിലും എനിക്ക് ഒരു സ്വയമഹത്വം വരുന്നു ണ്ടോയെന്ന് നോക്കിക്കൊള്ളണം. സ്വയപ്രശംസ വരുന്നുണ്ടോ, എന്തെങ്കിലും ഒരഭിമാനം വരുന്നുണ്ടോ, എവിടെയെങ്കിലും ജഡികമായ സന്തോഷം എനിക്ക് വരുന്നുണ്ടോയെന്ന് നോക്കി ക്കൊള്ളണം

ഉൾമുറിയിൽ പതിയിരിപ്പുകാരുണ്ട് എന്ന് നിങ്ങൾ ഓരോ രുത്തരും അറിയുക. ഓരോ ചിന്തയിലും ഓരോ വാക്കിലും ഓരോ നോക്കിലും ഓരോ പ്രവൃത്തിയിലും നിങ്ങളുടെ ജീവി തത്തെ നിങ്ങൾ സൂക്ഷ്മതയോടെ നോക്കിക്കൊണ്ടിരിക്കുക. ഒരിക്കലും തെറ്റുപറ്റരുത്. ഒരു പാപംപോലും വരരുതെന്ന് നിർബ്ബന്ധമുണ്ടായിരിക്കണം. അതൊരു മഹാഭാഗ്യമാണ്.

*“എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡല ത്തിന്റെ പ്രഭപോലെയും പലരെയും നീതിയി*

*ലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും."*

*ദാനിയേൽ 12 : 3*

എന്നുമെന്നേക്കും പ്രകാശിക്കുന്നവരായി നാം തീരണം. നാം അനുഗൃഹീതരായി, ദൈവത്തിന് പ്രസാദയോഗ്യരായിത്തീരണം. ഒരുനാൾ നാം കടന്നുചെല്ലുമ്പോൾ "നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന് വിളിക്കുന്നത് കേൾക്കാൻ ഇടവരണം. "ഇതാ, സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടമില്ല" എന്ന് കേൾക്കാൻ ഇടവരണം.

## പതിനൊന്ന്

*"ഇങ്ങനെ അവൾ അവനെ ദിവസംപ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ചു അസഹ്യപ്പെടുത്തി; അവൻ മരിപ്പാന്തക്കവണ്ണം വ്യസനപരവശനായി തീർന്നിട്ടു തന്റെ ഉള്ളം മുഴുവനും അവളെ അറിയിച്ചു: ക്ഷൗരക്കത്തി എന്റെ തലയിൽ തൊട്ടിട്ടില്ല; ഞാൻ അമ്മയുടെ ഗർഭം മുതൽ ദൈവത്തിന്നു വ്രതസ്ഥൻ ആകുന്നു; ക്ഷൗരം ചെയ്താൽ എന്റെ ബലം എന്നെ വിട്ടു പോകും; ഞാൻ ബലഹീനനായി ശേഷം മനുഷ്യരെപ്പോലെ ആകും എന്നു അവളോടു പറഞ്ഞു. തന്റെ ഉള്ളം മുഴുവനും അവൻ അറിയിച്ചു എന്നു കണ്ടപ്പോൾ ദെലീല ഫെലിസ്ത്യ പ്രഭുക്കന്മാരെ വിളിപ്പാൻ ആളയച്ചു: ഇന്നു വരുവിൻ; അവൻ തന്റെ ഉള്ളം മുഴുവനും എന്നെ അറിയിച്ചിരിക്കുന്നു എന്നു പറയിച്ചു. ഫെലിസ്ത്യപ്രഭുക്കന്മാർ അവളുടെ അടുക്കൽ വന്നു, പണവും കൈയിൽ കൊണ്ടുവന്നു. അവൾ അവനെ മടിയിൽ ഉറക്കി, ഒരു ആളെ വിളിപ്പിച്ചു തലയിലെ ജട ഏഴും കളയിച്ചു; അവൾ അവനെ ഒതുക്കിത്തുടങ്ങി; അവന്റെ ശക്തി അവനെ വിട്ടു പോയി."* *ന്യായാധിപന്മാർ 16 : 16 – 19*

അവൾ ഏറ്റവും വലിയ ചതിയാണ് ചെയ്തത്. ഫെലിസ്ത്യപ്രഭുക്കന്മാരെ ആളയച്ചു വരുത്തി. അവന്റെ തലയിലെ ജടയെല്ലാം കളഞ്ഞു. ജനിച്ചതിനുശേഷം തലമുടി ക്ഷൗരം

ചെയ്തിട്ടില്ല. അവന്റെ തലയിലെ ജടയിലാണ് അവന്റെ ശക്തി എന്ന് അവൻ പറഞ്ഞപ്പോൾ ശക്തി നഷ്ടപ്പെടുത്തുവാനായി അവൾ ഒരാളെ കൊണ്ടുവന്നു, അതിനുശേഷം ശിംശോനെ മടിയിൽ കിടത്തി, അവനെ തട്ടിത്തട്ടി ഉറക്കി. തലയിലെ ജട യെല്ലാം കളഞ്ഞു. അവൾ അവനെ ഒതുക്കിത്തുടങ്ങി. അവൾ ഒതുക്കിയൊതുക്കി അവന്റെ ശക്തി നിശ്ശേഷം നഷ്ടപ്പെട്ടു പോയി.

ദുഷ്ടപ്പിശാച് നമ്മളെ ഒതുക്കി നമ്മുടെ ശക്തി കളയാൻ ഇടവരരുത്. അരുതാത്ത ഒരു ചലനം നമ്മിൽ വരുവാൻ ഇടവര രുത്. ഒരു നോട്ടത്തിൽപ്പോലും തെറ്റുപറ്റാൻ ഇടവരരുത്. The second look is sinful. രണ്ടാമത്തെ നോട്ടം പാപമാണ്. കാണാൻവേണ്ടി നോക്കിയാൽ പാപമാണ്. കണ്ടുപോയി, പേടിക്കാനൊന്നുമില്ല. പക്ഷേ, കാണാൻ ആഗ്രഹിച്ച് നോക്കി യാൽ പാപമാണ്.

ഒരു ശബ്ദത്തിൽപ്പോലും ഒരു വാക്കിൽപ്പോലും തെറ്റുപ റ്ററുത്. എപ്പോഴും കരുതലോടെ നിൽക്കണം. ജാഗ്രതയോടെ നിൽക്കണം. ശിംശോന്റെ ശക്തി അവനെ വിട്ടുപോയി. അവൾ പറഞ്ഞു: ശിംശോനേ, ഫെലിസ്ത്യർ ഇതാ വരുന്നു. ശിംശോൻ പഴയതുപോലെ ചാടി എഴുന്നേറ്റു. ശക്തിയോടെ അവരെ എതിർക്കാൻ തയ്യാറായി.

> *"ശിംശോനേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു പറഞ്ഞു. ഉടനെ അവൻ ഉറക്കമുണർന്നു; യഹോവ തന്നെ വിട്ടു എന്നറിയാതെ: ഞാൻ മുമ്പി ലത്തെപ്പോലെ കുടഞ്ഞൊഴിഞ്ഞുകളയും എന്നു വിചാരിച്ചു. ഫെലിസ്ത്യരോ അവനെ പിടിച്ചു കണ്ണു കുത്തിപ്പൊട്ടിച്ചു ഗസ്സയിലേക്കു കൊണ്ടു പോയി ചെമ്പുചങ്ങലകൊണ്ടു ബന്ധിച്ചു; അവൻ കാരാഗൃഹത്തിൽ മാവു പൊടിച്ചുകൊണ്ടിരുന്നു."*
>
> *ന്യായാധിപന്മാർ 16 : 20, 21*

ഫെലിസ്ത്യപ്രഭുക്കന്മാർ ആദ്യം അവന്റെ കണ്ണ് രണ്ടും ചൂഴ്ന്നെടുത്തു. ശക്തിയില്ല. ഫെലിസ്ത്യരെ നേരിടാനുള്ള കരുത്തില്ല. അവന്റെ ദർശനം നഷ്ടപ്പെടുത്തി. അവന്റെ കാഴ്ച പ്പാടു മാറ്റി. ആത്മീയമായ ഒരു ദർശനം അവനുണ്ടായിരുന്നു. പക്ഷേ, ഫെലിസ്ത്യപ്രഭുക്കന്മാർ വന്ന് അവന്റെ കണ്ണ് രണ്ടും ചൂഴ്ന്നെടുത്തു. മല്ലൻ അന്ധനായിപ്പോയി. ശക്തിയുടെ പ്രതീ കമായ ശിംശോന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടു.

ആത്മീയശക്തി നഷ്ടപ്പെട്ട അനേകരുണ്ട്. ആത്മീയമായ കൃപാവരം നഷ്ടപ്പെട്ട അനേകരുണ്ട്. ആത്മീയമായ ശുശ്രൂഷ നഷ്ടപ്പെട്ട അനേകരുണ്ട്. ദൈവത്തിന്റെ കൃപ അനുഭവിച്ചി രുന്ന അനേകംപേർ ദൈവകൃപ നഷ്ടപ്പെട്ടവരായി ഇരിക്കു ന്നുണ്ട്. ഒരുകാലത്ത് ശക്തിയോടെ വചനം പറഞ്ഞിരുന്നു, ശക്തിയോടെ ആത്മാവിൽ ദൈവത്തെ സ്തുതിച്ചിരുന്നു. പക്ഷേ, ഇന്ന് അതെല്ലാം വിട്ടുപോയി. ദൈവം എന്നെ വിട്ടു പോയി എന്നറിയാതെ പിന്നെയും സടകുടഞ്ഞ് എഴു ന്നേൽക്കുന്നവരുണ്ട്. പുറമെയുള്ള ആഢംബരങ്ങളോ വചന ത്തിന്റെ ശബ്ദബഹുലതയോ ഉണ്ടായിരിക്കും. പക്ഷേ, ആത്മാ വുണ്ടായിരിക്കില്ല.

പരിശുദ്ധാത്മാവ് ഉള്ളിലില്ലാതെ ജീവിക്കാൻ ഇടവരരുത്. പരിശുദ്ധാത്മാവ് അകത്ത് എപ്പോഴും ജ്വലിച്ചുകൊണ്ടിരിക്കണം, കത്തിക്കൊണ്ടിരിക്കണം. നിങ്ങൾക്ക് കോപാവേശം വരു മ്പോൾ, ശാഠ്യം വരുമ്പോൾ, ചില കാര്യങ്ങളിൽ നിർബ്ബന്ധ ബുദ്ധി വരുമ്പോൾ, അപ്പോഴെല്ലാം പരിശുദ്ധാത്മാവ് വിട്ടുപോ കുകയാണ്.

അധികം ലഭിച്ചവനോട് അധികം ചോദിക്കും. അല്പം ലഭിച്ചവനോട് അല്പമേ ചോദിക്കുകയുള്ളൂ. ദൈവത്തിൽ നിന്ന് അധികം ലഭിച്ചവരാണ് നാം. വചനത്തിന്റെ ആഴങ്ങൾ അറിഞ്ഞവരാണ് നാം. നമ്മിൽനിന്ന് ദൈവം അധികം പ്രതീ ക്ഷിക്കുന്നു. നമുക്ക് ലഭിച്ചതിനൊത്തവണ്ണമാണ് ദൈവം നമ്മോട് ചോദിക്കുന്നത്. അനുഗൃഹീതമായ വചനം ധാരാളം

കിട്ടിയവരാണ്. നാം വചനത്തിന്റെ ശക്തി അറിഞ്ഞവരാണ്, വചനത്തിന്റെ മാധുര്യം അനുഭവിച്ചവരാണ്.

ശിംശോൻ തന്റെ ശക്തി വിട്ടുപോയതറിയാതെ സടകുടഞ്ഞെഴുന്നേറ്റു. പക്ഷേ, ഫെലിസ്ത്യർ അവനെ ചെമ്പുചങ്ങലയിൽ കുടുക്കി. കണ്ണ് രണ്ടും കുത്തിപ്പൊട്ടിച്ചു. അവനെ കൊണ്ടുപോയി ഫെലിസ്ത്യരുടെ ക്ഷേത്രത്തിൽ ബന്ധിച്ചിട്ടു. ദാഗോന്റെ ക്ഷേത്രത്തിൽ ദൈവപുരുഷനിപ്പോൾ ബന്ധനസ്ഥനായി!

ബന്ധനസ്ഥരായവർ ആരെങ്കിലും ഇത് വായിക്കുന്നുണ്ടോ? ഏതെങ്കിലും ബന്ധനങ്ങൾ നിങ്ങളെ ബാധിച്ചിട്ടുണ്ടോ? Sex-ന്റെ ബന്ധനമാകാം, മദ്യത്തിന്റെ ബന്ധനമാകാം, പൊടിവലിക്കുന്നതിന്റെ ബന്ധനമാകാം, കഞ്ചാവിന്റെയോ മയക്കുമരുന്നുകളുടെയോ ബന്ധനമാകാം, ഹാൻസിന്റെ ബന്ധനമാകാം, ചില കാര്യങ്ങളിലെ പിടിവാശിയാകാം. ഞാൻ പറഞ്ഞത് നടന്നേ പറ്റൂ എന്നുള്ള പിടിവാശി. ഏതെല്ലാം ബന്ധനങ്ങളാണ് നിങ്ങൾക്ക് ഓരോരുത്തർക്കുമുള്ളത്?

ഒരു കാലത്ത് വീര്യമുണ്ടായിരുന്ന അനേകം ദൈവമക്കൾ ഇന്ന് ബന്ധനസ്ഥരായിരിക്കുകയാണ്. കാരാഗൃഹത്തിലായിരിക്കുകയാണ്. ദാഗോന്റെ ക്ഷേത്രത്തിൽ കെട്ടിയിട്ടു, അവിടെ അവന് ഒരു ജോലി കൊടുത്തു. കണ്ണുകാഴ്ചയില്ലെങ്കിലും അവന്റെ കൈ ആട്ടുകല്ലിന്മേൽ പിടിപ്പിച്ചു. അവൻ മാവ് ആട്ടിക്കൊണ്ടിരുന്നു, ഫെലിസ്ത്യർക്ക് അപ്പം ചുടാൻ.

ശത്രുവിന് അപ്പം ചുടുന്ന വേല ദൈവദാസൻ ചെയ്യുകയാണ്. അനേകർ ഇന്ന് ശത്രുവിന്ന് അപ്പം ചുട്ടുകൊണ്ടിരിക്കുകയാണ്. ദൈവത്തിനുവേണ്ടി, ദൈവത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടി വേർതിരിക്കപ്പെട്ടവൻ ഇന്ന് ശത്രുവിന്റെ കൈയിലെ ഒരായുധമായിത്തീർന്നിരിക്കുന്നു, ഒരു പാത്രമായിത്തീർന്നിരിക്കുന്നു.

ശിംശോന് മനസ്സിലായി, എന്റെ ജീവിതം തീർന്നു. ഇവ

രെന്നെ കൊല്ലും, സംശയമില്ല; കണ്ണ് രണ്ടും കുത്തിപ്പൊട്ടിച്ചല്ലോ. അവൻ: ഞാനൊന്നു പിടിച്ചുനിൽക്കട്ടെ എന്നുപറഞ്ഞു. ദാഗോന്റെ ക്ഷേത്രത്തിലെ രണ്ട് തൂണിലും അവൻ കൈയെത്തിപ്പിടിച്ചു.

> *"ശിംശോൻ തന്നെ കൈക്കു പിടിച്ച ബാല്യക്കാരനോട്: ക്ഷേത്രം നിൽക്കുന്ന തൂണ് ചാരിയിരിക്കേണ്ടതിന്നു ഞാൻ അവയെ തപ്പിനോക്കട്ടെ എന്നുപറഞ്ഞു. എന്നാൽ ക്ഷേത്രത്തിൽ പുരുഷന്മാരും സ്ത്രീകളും നിറഞ്ഞിരുന്നു; സകല ഫെലിസ്ത്യപ്രഭുക്കന്മാരും അവിടെ ഉണ്ടായിരുന്നു; ശിംശോൻ കളിക്കുന്നത് കണ്ടുകൊണ്ടിരുന്ന പുരുഷന്മാരും സ്ത്രീകളുമായി ഏകദേശം മൂവായിരംപേർ മാളികയിൽ ഉണ്ടായിരുന്നു. അപ്പോൾ ശിംശോൻ യഹോവയോടു പ്രാർത്ഥിച്ചു: കർത്താവായ യഹോവേ, എന്നെ ഓർക്കേണമേ; ദൈവമേ, ഞാൻ എന്റെ രണ്ടു കണ്ണിനും വേണ്ടി ഫെലിസ്ത്യരോടു പ്രതികാരം ചെയ്യേണ്ടതിന്നു ഈ ഒരു പ്രാവശ്യം മാത്രം എനിക്കു ശക്തി നൽകേണമേ എന്നുപറഞ്ഞു. ക്ഷേത്രം നിൽക്കുന്ന രണ്ടു നടുത്തൂണും ഒന്നു വലങ്കൈകൊണ്ടും മറ്റേതു ഇടങ്കൈകൊണ്ടും ശിംശോൻ പിടിച്ച് അവയോടു ചാരി: ഞാൻ ഫെലിസ്ത്യരോടുകൂടെ മരിക്കട്ടെ എന്നു ശിംശോൻ പറഞ്ഞു ശക്തിയോടെ കുനിഞ്ഞു; ഉടനെ ക്ഷേത്രം അതിലുള്ള പ്രഭുക്കന്മാരുടെയും സകല ജനത്തിന്റെയും മേൽ വീണു. അങ്ങനെ അവൻ മരണസമയത്തു കൊന്നവർ ജീവകാലത്തു കൊന്നവരെക്കാൾ അധികമായിരുന്നു."* *ന്യായാധിപന്മാർ 16 : 26 – 30*

അവൻ അവസാനം ശക്തിക്കുവേണ്ടി ആഗ്രഹിച്ചു; ശക്തിക്കുവേണ്ടി ദാഹിച്ചു.

ശിംശോൻ ലേഹിയിൽവെച്ച് വെള്ളത്തിനുവേണ്ടി ദാഹിച്ചു. പിന്നീട് ദെലീലായുടെ സൗന്ദര്യത്തിനുവേണ്ടിയും അവളോടുകൂടിയുള്ള സുഖജീവിതത്തിനു വേണ്ടിയും ദാഹിച്ചു. ഇപ്പോഴിതാ ശക്തിക്കുവേണ്ടി വീണ്ടും ദാഹിക്കുന്നു.

നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും കാര്യത്തിൽ ശക്തി ചോർന്നു എന്നു തോന്നുന്നുണ്ടെങ്കിൽ, എവിടെയെങ്കിലും പോരായ്മ വന്നു എന്നു തോന്നുന്നുണ്ടെങ്കിൽ, എവിടെയെങ്കിലും വീഴ്ചവന്നു എന്ന് തോന്നുന്നുണ്ടെങ്കിൽ നിങ്ങൾ വളരെ കരുതലോടെ ഇപ്പോൾ ദൈവത്തോടു പറയണം: കർത്താവേ, വീണുപോയി, തെറ്റുപറ്റിപ്പോയി. അബദ്ധം വന്നുപോയി. ക്ഷമിക്കണമേ.

കർത്താവേ, ഒരുകാലത്ത് എനിക്ക് ഒരു ശക്തി ഉണ്ടായിരുന്നു. ജീവന്റെ ബലമുണ്ടായിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തി എന്റെമേൽ പകർന്നിരുന്നു. ഒരുകാലത്ത് ഞാൻ സ്തുതിക്കാൻ തുടങ്ങുമ്പോഴേക്കും പരിശുദ്ധാത്മാവ് പ്രാവുപോലെ പറന്നിറങ്ങിവരുന്ന അനുഭവം എനിക്കുണ്ടായിരുന്നു. ഞാൻ വചനം പറയാൻ തുടങ്ങുമ്പോൾ വചനത്തിന്റെ വാതിൽ എനിക്കു തുറന്നു തരുമായിരുന്നു.

ഇന്ന് ഞാൻ ശക്തിഹീനനായിത്തീർന്നിരിക്കുന്നു. ഇന്ന് എനിക്ക് കഴിവില്ലാതായിരിക്കുന്നു. ഇന്ന് ഞാൻ ബലഹീനതയിലായിരിക്കുന്നു. ഇന്നു ഞാൻ നിസ്സഹായനായിരിക്കുന്നു. എന്റെ കർത്താവേ, ഞാനിന്ന് ഏറ്റവും നിസ്സാരനായിപ്പോയിരിക്കുന്നു. ഒട്ടും ശക്തിയില്ലാത്തവനായിത്തീർന്നിരിക്കുന്നു. ശക്തിയില്ല എന്നുപറഞ്ഞുകൊണ്ട് ചെല്ലുമ്പോൾ ശക്തി പകരുന്നവനാണ് ദൈവം.

ശിംശോന്റെ കഥ ഒരു tragedy ആണ്. അതൊരു ദുരന്തകഥയാണ്. എത്രയോ ശ്രേഷ്ഠമായ, സൗഭാഗ്യകരമായ അനുഭവത്തിലേക്ക് വരേണ്ടതായിരുന്നു! എന്നാൽ ശിംശോൻ അതെല്ലാം കളഞ്ഞു; നഷ്ടപ്പെടുത്തി.

ഇന്ന് ഇത് വായിക്കുന്ന ആരെങ്കിലും ആത്മാവിന്റെ ശക്തി നഷ്ടപ്പെടുത്തിയവരായിട്ടുണ്ടോ? ഏതെങ്കിലും പാപ ത്തിനുവേണ്ടി, ലൈംഗികദാഹത്തിനുവേണ്ടി, പണത്തി നുവേണ്ടി, പ്രതാപത്തിനുവേണ്ടി മനുഷ്യരുടെ ബഹുമതിക്കു വേണ്ടി ശക്തി കളഞ്ഞുകുളിച്ചവരാരെങ്കിലും ഇത് വായിക്കു ന്നുണ്ടോ? നിങ്ങൾ ഇപ്പോൾ ദൈവത്തോടു പറയണം: കർത്താവേ, ശക്തിയില്ല.

ശിംശോൻ അവസാനസമയത്ത് പ്രാർത്ഥിച്ചു. ഇടയ്ക്ക് അവന് കേട് വന്നു ശരിയാണ്. അവസാനം അവൻ ദൈവ ത്തിൽ ആശ്രയിച്ചു. ശക്തിഹീനതയിൽ അവൻ ദൈവത്തോടു പറഞ്ഞു: കർത്താവേ, ക്ഷമിക്കണമേ. ഈ അവസാന സമ യത്ത് ഒറ്റയ്ക്കൊരു കാര്യം ഞാൻ നിന്നോടു ചോദിക്കുക യാണ്. എന്റെ കർത്താവേ, എന്റെ നഷ്ടപ്പെട്ടുപോയ ശക്തി ഒന്നു മടക്കിത്തരാമോ? നഷ്ടപ്പെട്ടുപോയ കൃപ എനിക്കു മട ക്കിത്തരാമോ?

നിങ്ങൾ ചോദിക്കുമ്പോൾ തരാൻ സ്വർഗ്ഗം സന്നദ്ധമാണ്. നിങ്ങൾക്കു തരാൻ നിത്യനായ ദൈവം സന്തോഷത്തോടെ നിൽക്കുകയാണ്. അനുതാപത്തോടെ ചോദിക്കുമ്പോൾ, തെറ്റുപറ്റി എന്നുള്ള ബോദ്ധ്യത്തോടെ ചോദിക്കുമ്പോൾ, അബദ്ധം പറ്റിപ്പോയി കർത്താവേ എന്നുപറഞ്ഞുകൊണ്ട് ചോദിക്കുമ്പോൾ തരാൻ സ്വർഗ്ഗത്തിലെ ദൈവം ശക്തനാണ്; മനസ്സലിവുള്ളവനാണ്.

ശിംശോൻ ആ അവസാനത്തെ പ്രാർത്ഥനയിൽ മൂവായി രത്തിലേറെ ഫെലിസ്ത്യരെ കൊന്നു. അവൻ ജീവിച്ചിരുന്ന കാലത്തു കൊന്നതിനേക്കാൾ കൂടുതൽ ഫെലിസ്ത്യരെ അവൻ മരണസമയത്ത് കൊന്നു. അവനും മരിച്ചു. പക്ഷേ, ഒരു ഭാഗ്യം ഉണ്ടായി.

> *"ഇനി എന്തു പറയേണ്ടൂ? ഗിദ്യോൻ, ബാരാക്ക്, ശിംശോൻ, യിഫ്താഹ്, ദാവീദ് എന്നിവരെയും*

*ശമൂവേൽ മുതലായ പ്രവാചകന്മാരെയും കുറിച്ച് വിവരിപ്പാൻ സമയം പോരാ." എബ്രായർ 11 : 32*

വിശ്വാസികളുടെ പട്ടികയിൽ ശിംശോനെ ചേർത്തണച്ചു. ജീവിതത്തിൽ തെറ്റുപറ്റിപ്പോയെങ്കിലും ജീവിതത്തിൽ പാപം വന്നുപോയെങ്കിലും ഒരു weak point ഉണ്ടായിരുന്നെങ്കിലും ഇപ്പോഴിതാ നിത്യനായ ദൈവം കരുണചെയ്ത് ശിംശോനെ വിശ്വാസികളുടെ പട്ടികയിലേക്ക് കയറ്റി നിർത്തി.

സ്നേഹിതരേ, ഇത്രയുംകാലം പലതും നഷ്ടപ്പെടുത്തി കളഞ്ഞവരാണെങ്കിലും, നിങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടവരാണെങ്കിലും, നിങ്ങൾ കുറ്റബോധം കിട്ടാതിരിക്കുന്നവരാണെങ്കിലും, ഇത്രയുംകാലം അഹമ്മതിയോടെയും ധിക്കാരത്തോടെയും അഹങ്കാരത്തോടെയും ദൈവത്തെ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്നവരാണെങ്കിലും ഇത്രയുംകാലം ആത്മാവിനു വിനയപ്പെടാതെ ദൈവത്തെ ചോദ്യം ചെയ്യുന്നവരായിപ്പോയെങ്കിലും ഇപ്പോൾ ഈ last moment കർത്താവ് നിങ്ങൾക്ക് തരികയാണ്. വേണമെങ്കിൽ നിങ്ങൾക്ക് തിരിയാം. വേണമെങ്കിൽ നിങ്ങൾക്ക് അനുതപിക്കാം. വേണമെങ്കിൽ നിങ്ങൾക്ക് കർത്താവിനോട് വാക്കുപറയാം.

കർത്താവേ, തെറ്റുകൾ പറ്റിപ്പോയി. അബദ്ധം പറ്റിപ്പോയി. ക്ഷമിക്കണമേ. എന്റെ ജീവിതത്തിലെ തെറ്റുകൾ എല്ലാം മാറ്റി എന്നെ വിശുദ്ധീകരിക്കണമേ. വിശ്വാസികളുടെ പട്ടികയിലേക്ക് എന്നെ ചേർക്കണമേ.

ഫെലിസ്ത്യന്റെ പേടിസ്വപ്നമായിരുന്ന ശിംശോൻ അവരുടെ കളിപ്പാവയായിപ്പോയെങ്കിലും അവനിതാ ദൈവത്തിന്റെ വിശ്വാസികളുടെ കൂട്ടത്തിലേക്ക് ചേരുന്നു.

ഇന്ന്, കളിപ്പാവയായിപ്പോയവർ ആരുണ്ട്? സാത്താന്റെ കളിപ്പാവയായിപ്പോയവർ! സാത്താൻ പന്താടിയവർ! നഷ്ടപ്പെട്ടവരായിരിക്കുന്നവർ ആരെല്ലാമുണ്ട്?

ഇപ്പോൾ നിങ്ങൾ ഒന്ന് തിരിവിൻ. ഇപ്പോൾ നിങ്ങൾ യേശുവിനെ ഒന്നു വിളിപ്പിൻ. ഇപ്പോൾ ദൈവത്തെ വിളിച്ചപേക്ഷിപ്പിൻ. യഹോവേ, എഴുന്നേൽക്കേണമേ. നിന്റെ ഭുജബലം ഉണർത്തി എന്റെ രക്ഷയ്ക്കായി വരേണമേ. ഇതാകുന്നു നിനക്ക് പ്രവർത്തിപ്പാനുള്ള സമയം. നാഥാ, ഞാൻ ഈ ജീവിതത്തിന്റെ അവസാനകാലയളവിൽ നിന്റെ കൃപയ്ക്കുവേണ്ടി യാചിച്ചുകൊണ്ട് നിന്നോട് പറയുകയാണ്: ഇപ്പോൾ നിന്റെ ആത്മശക്തി എന്റെമേൽ പകരണമേ, അത്ഭുതശക്തി എന്റെ മേൽ പകരണമേ. ആത്മാവിന്റെ കൃപ എന്റെമേൽ പകരണമേ. ആത്മാവിന്റെ തീജ്ജ്വാല എന്നിലൂടെ ഒഴുകണമേ. എന്റെ സിരകളിലൂടെ പരിശുദ്ധാത്മാവിന്റെ തീക്കട്ട ഒഴുകിയൊഴുകിപ്പോകണമേ.

യേശുവേ, നഷ്ടം വലുതാകുന്നു. ശത്രു ജയിച്ചുപോയല്ലോ. എന്റെ കുടുംബത്തിൽ ഞാൻ പരാജയപ്പെട്ടുപോയല്ലോ. ഭാര്യാഭർതൃബന്ധത്തിൽ ഞാൻ പരാജയപ്പെട്ടുപോയല്ലോ. എന്റെ ഭാര്യയെ ഞാൻ സ്നേഹിക്കാതെ പോയല്ലോ. എന്റെ ഭർത്താവിന് വിനയപ്പെടാതെ പോയല്ലോ. അനേകം ദുശ്ശീലങ്ങൾക്ക് ഞാൻ അടിമയായിപ്പോയല്ലോ.

എന്റെ weak point ഏതാണെന്ന് എനിക്ക് അറിയാമായിരുന്നിട്ടും ആ weak point-ൽ ഞാൻ തടയിടാൻ നോക്കിയില്ലല്ലോ. എന്റെ ജീവിതത്തിൽ ഒരു ബലഹീനവശമുണ്ടെന്ന് ഞാൻ അറിഞ്ഞില്ലല്ലോ കർത്താവേ. ആർക്കും കീഴ്പ്പെടാത്ത ഒരു മനസ്സെനിക്കുണ്ടെന്ന് ഞാൻ അറിഞ്ഞില്ലല്ലോ. നിങ്ങൾക്ക് തകരാം. നിങ്ങൾക്ക് വിനയപ്പെടാം. ദൈവസന്നിധിയിലേക്ക് കരഞ്ഞുകൊണ്ട് ഓടിവരാം.

## പന്ത്രണ്ട്

*"ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വത വാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനു മായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ള വരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു."* *യെശയ്യാവ് 57 : 15*

ചൈതന്യം കെട്ടിരിക്കുന്നവർക്ക് ചൈതന്യം ലഭിക്കുമെന്നാണ് ദൈവത്തിന്റെ വചനം പറയുന്നത്. അനേകരും ചൈതന്യം കെട്ടിരിക്കുകയാണ്; ഊർജ്ജസ്വലത നഷ്ടപ്പെട്ടിരിക്കുകയാണ്; വാടിത്തളർന്നിരിക്കുകയാണ്. ഒരു കാലത്ത് ചൈതന്യം ഉണ്ടായിരുന്നു; പക്ഷേ, ഇപ്പോൾ അതെല്ലാം നഷ്ടപ്പെട്ടുപോയി. പല കാരണങ്ങളാലാകാം.

ഒരുപക്ഷേ, വലിയ പരീക്ഷ എഴുതിയപ്പോൾ തോറ്റുപോയി. അത് നഷ്ടമാണ്. ഓ, ഇനി ഞാൻ പഠിച്ചാൽ പാസ്സാവുകയില്ല. കാരണം, പഴയ സിലബസ് മാറി. ബിസിനസ്സിൽ കനത്ത നഷ്ടം വന്നവരുണ്ട്. മനസ്സറിഞ്ഞ് തെറ്റൊന്നും ചെയ്തിട്ടില്ല. പക്ഷേ, നഷ്ടം വന്നു. ചൈതന്യം നഷ്ടപ്പെട്ടുപോയി.

ആരോഗ്യം പോയി. നല്ല ഓജസ്സോടെ ഓടിനടന്ന കാലമുണ്ടായിരുന്നു. നല്ല ചടുലമായി പ്രവർത്തിച്ച കാലമുണ്ടായിരുന്നു. പക്ഷേ ചൈതന്യം നഷ്ടപ്പെട്ടു.

അങ്ങനെ ചിന്തിച്ചാൽ എത്രയെത്ര കാര്യങ്ങളുണ്ട്! ഭർത്താവ് മരിച്ചുപോയി; ഭാര്യ ചൈതന്യം നഷ്ടപ്പെട്ടവളായി. ഭാര്യ മരിച്ചുപോയി; ഭർത്താവ് ചൈതന്യംകെട്ടവനായിത്തീർന്നു. മക്കൾ പെട്ടെന്ന് അവിചാരിതമായി കടന്നുപോയി; തീരാനഷ്ടം!

എന്നാൽ ദൈവവചനം പറയുന്നു, നിങ്ങൾക്ക് വീണ്ടും ചൈതന്യം തരാമെന്ന്. നഷ്ടപ്പെട്ട സൗഭാഗ്യങ്ങൾ മടക്കിത്തരാമെന്നാണ് യേശുക്രിസ്തു പറയുന്നത്. നിങ്ങൾക്ക് ചൈതന്യം ലഭിക്കണമെങ്കിൽ മനോവിനയം വേണം. മന:സ്താപം വേണം. നുറുങ്ങിയ ഹൃദയം വേണം. തകർന്ന മനസ്സ് വേണം.

നാമാരും തികഞ്ഞവരല്ല. പലതരത്തിലുള്ള പോരായ്മകൾ നമുക്കെല്ലാവർക്കുമുണ്ട്. ഇനി എന്തെല്ലാം ബലഹീനതകളാണ് മാറാനുള്ളത്! ഏതെല്ലാം പാപസ്വഭാവങ്ങളാണ് മാറാനുള്ളത്!

എന്നാൽ നിന്റെ കഴിഞ്ഞകാല ജീവിതത്തിലെ നഷ്ടങ്ങളും കഷ്ടങ്ങളും എല്ലാം മാറ്റി ചൈതന്യവത്തായ ഒരു പുതു ജീവിതം തരാമെന്നാണ് കർത്താവ് പറയുന്നത്. സമാധാനത്തിന്റെ ജീവിതം! ഒരു നൂതനജീവിതം!

അതിന് മനസ്താപം വരണം. തകർന്ന ഹൃദയം വേണം. ദാവീദിന് ചൈതന്യം കെട്ടുപോയിരുന്നു. പക്ഷേ, ദാവീദ് വിനയപ്പെട്ടു, തകർന്നു. ദാവീദ് വശംകെട്ടവനായി ദൈവസന്നിധിയിൽ വീണു. നിരാശ വന്നു, പക്ഷേ നഷ്ടപ്പെട്ടു പോയില്ല. നിരാശ വന്നപ്പോഴും ദാവീദ് ദൈവത്തിന്റെ അരികിലേക്ക് തന്നെ അടുത്തു ചെന്നു.

കർത്താവേ, നീ എന്നോട് ക്ഷമിച്ചല്ലാതെ ഞാൻ എങ്ങനെ ജീവിക്കും? നല്ല നല്ല അവസരങ്ങൾ ഞാൻ നഷ്ടപ്പെടുത്തിയല്ലോ. ഞാൻ ചൈതന്യം ഇല്ലാത്തവനായി തീർന്നിരിക്കുന്നു. ഓജസ്സ് നഷ്ടപ്പെട്ടുപോയിരിക്കുന്നു. സമാധാനം നഷ്ടപ്പെട്ടു പോയിരിക്കുന്നു. സംതൃപ്തി നഷ്ടപ്പെട്ടുപോയിരിക്കുന്നു. കർത്താവേ, എനിക്ക് പ്രാഗത്ഭ്യം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

ആരുടേയും മുമ്പിൽ ചെന്നു നില്ക്കാൻപോലും എനിക്ക് പ്രാഗത്ഭ്യമില്ല. ഞാൻ രാജാവാണ്, ഉന്നതനായ ഒരു ഭരണകർത്താവാണ്, യിസ്രായേലിന്റെ മധുര ഗായകനാണ്, കർത്താവിന്റെ ദീർഘദർശിയാണ്. കർത്താവിന്റെ സന്നിധിയിൽ നിന്ന് വചനം വാങ്ങിച്ച് ജനത്തിനു കൊടുക്കുന്ന ഒരു പ്രവാചകനുമാണ്. രാജാവും ദീർഘദർശിയും പ്രവാചകനുമായ ദാവീദ് തളർന്നുപോയി. ദാവീദ് ഉള്ളു നുറുങ്ങി അനുതപിച്ചു കരഞ്ഞു.

നമുക്ക് എന്തെല്ലാം നഷ്ടങ്ങൾ വന്നാലും എന്തെല്ലാം പോരായ്മകൾ വന്നാലും അതിൽനിന്ന് കരേറ്റം കിട്ടാൻ ഒരേയൊരു പോംവഴിയേയുള്ളൂ. കർത്താവിന്റെ പാദപീഠത്തിൽ ചെന്ന് വീഴുക. അങ്ങോട്ട് ആശ്രയിക്കുക. കർത്താവേ, ഇതാണെന്റെ അവസ്ഥ. ഞാൻ നിന്റെ കൈപ്പണിയാണല്ലോ. നീയാണല്ലോ എനിക്ക് ഇത്രയും കാലം ഈ ഭൂമിയിൽ വസിക്കാൻ കൃപ തന്നത്. നീയല്ലേ ഇത്രയും കാലം എന്നെ കൊണ്ടുനടന്നത്? ഞാൻ തകർന്നുപോയി, നിന്നെ ഞാൻ അറിയാതെപോയി, നിന്നെ ഞാൻ വേദനിപ്പിച്ചുപോയി. നിന്റെ സ്നേഹമുള്ള ഹൃദയത്തെ ഞാൻ നൊമ്പരപ്പെടുത്തിപ്പോയി. കർത്താവേ, എനിക്കു മോചനം തരണമേ. എനിക്ക് ചൈതന്യം തരണമേ. ദാവീദ് പ്രാർത്ഥിച്ചു.

തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തോടുകൂടി ദാവീദ് ദൈവസന്നിധിയിൽ ചെന്ന് പ്രാർത്ഥിച്ചപ്പോൾ ഒരു മഹാഭാഗ്യം കിട്ടി, കർത്താവ് ദാവീദിന്റെ പാപം ക്ഷമിച്ചു കൊടുത്തു. നാഥാൻ പ്രവാചകൻ പറഞ്ഞു: “യഹോവ നിന്റെ പാപം മോചിച്ചു തന്നിരിക്കുന്നു.” (2 ശമുവേൽ 12 : 13)

ദൈവം നമ്മുടെ മദ്ധ്യത്തിൽ തരുന്ന ഒരു വലിയ അനുഗ്രഹമാണ്, “നിന്റെ പാപം മോചിച്ചു തന്നിരിക്കുന്നു” എന്നു പറയുന്ന ദൈവത്തിന്റെ വചനം. ഇതിൽപ്പരം ഭാഗ്യം മറ്റൊന്നില്ല. പാപം മോചിച്ചു കിട്ടുമ്പോൾ നമ്മുടെ ക്ഷീണം മാറും. എല്ലാ പാപവും മോചിച്ചു എന്ന ദൈവശബ്ദം

പ്രവാചകന്റെ നാവിൽക്കൂടി കേൾക്കുമ്പോൾ എന്തൊരു സമാധാനമാണ്! എന്തൊരു പ്രാഗത്ഭ്യമാണ്! എന്തൊരു ധൈര്യമാണ്!

അതുകൊണ്ട് അഹങ്കരിക്കയല്ല. എന്റെ പാപമൊക്കെ ക്ഷമിച്ചുകിട്ടി ഞാൻ വലിയ ആളായി എന്നു ഭാവിച്ചാൽ എല്ലാ കൃപയും നഷ്ടപ്പെട്ടു പോകും. എന്നാൽ ദാവീദിന് അന്നു മുതൽ ഒരു വലിയ വിനയം കിട്ടി.

പലരുടെയും ധാരണ, ക്രിസ്തീയജീവിതം എന്നാൽ കഷ്ടപ്പാടില്ലാത്ത ജീവിതം എന്നാണ്. രോഗമില്ലാത്ത ജീവിതം. പരീക്ഷയെല്ലാം പാസാകുന്ന ജീവിതം. നല്ല ഉന്നതശമ്പളമുള്ള ജോലി കിട്ടുന്ന ജീവിതം. ഒരല്ലലുമില്ല, അലട്ടലുമില്ല, സമാധാനമായി ജീവിക്കുന്ന ജീവിതം. ക്രിസ്തുവിന്റെ പിന്നാലെ പോയാൽ നമ്മുടെ ആവശ്യങ്ങൾ കർത്താവ് നടത്തിത്തരും, രോഗം മാറ്റിത്തരും, രോഗം വരാതെ കാക്കും, ആപത്തുവരാതെ കാക്കും, നഷ്ടം വരാതെ കാക്കും, ഇങ്ങനെയെല്ലാമുള്ള ചില മോഹനസ്വപ്നങ്ങളാണ് നമ്മുടെ ഹൃദയത്തിൽ നെയ്തു വച്ചുകൊണ്ടിരിക്കുന്നത്.

എന്നാൽ എന്താണ് ക്രിസ്തു കാണിച്ചുതന്ന മാതൃക. അവന്റെ പിന്നാലെ പോകാൻ അവന്റെ മാതൃക നമുക്കു തന്നിരിക്കുന്നു.

ദുരിതങ്ങളും പ്രയാസങ്ങളും ക്ലേശങ്ങളും കഷ്ടപ്പാടുകളും തെറ്റിദ്ധാരണകളും എതിർപ്പുകളും പോരാട്ടങ്ങളും ആക്രമണങ്ങളും എല്ലാമുള്ള ഒരനുഭവമാണ് നമുക്ക് വച്ചിരിക്കുന്നത്. അത് പുഞ്ചിരിയോടെ ഏറ്റെടുക്കാൻ തയ്യാറായില്ലെങ്കിൽ ക്രിസ്തീയ ജീവിതത്തിന്റെ യാതൊരു പടിയിലേക്കും കയറുന്നില്ല എന്നാണർത്ഥം; താഴത്തെ പടിയിൽത്തന്നെ നിൽക്കുന്നതേയുള്ളൂ.

നാം മാനസാന്തരപ്പെട്ടു. ദൈവത്തിനായി ജീവിതം സമർപ്പിച്ചു. പാപം കൂടാതെ ജീവിക്കണമെന്ന് തീരുമാനിച്ചു. പ്രകടമായ പാപമൊന്നും വരുന്നില്ല. പക്ഷേ, യേശുക്രിസ്തുവിന്റെ

പിന്നാലെ പോവുക എന്നാലെന്താണ്? അത് പലപ്പോഴും നമുക്കറിഞ്ഞുകൂടാ.

ക്രിസ്തുവിന്റെ ശിഷ്യനായി പോവുക എന്നു പറഞ്ഞാൽ തന്നെത്തന്നെ ത്യജിക്കുകയാണ്. എന്റെ ഇഷ്ടങ്ങൾ ത്യജിക്കുകയാണ്. എന്റെ ജീവിതത്തിൽ ഞാൻ താല്പര്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം വേണ്ട എന്നു വയ്ക്കുകയാണ്. എനിക്ക് ഹിതമായ കാര്യങ്ങളെല്ലാം ഞാൻ മാറ്റിവയ്ക്കുകയാണ്. എല്ലാവരും എന്നെ വെറുക്കുകയാണ്. കർത്താവ് പറഞ്ഞു: "എന്റെ നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും", "അവസാനത്തോളം സഹിച്ചുനില്ക്കുന്നവനോ രക്ഷിക്കപ്പെടും." ലൂക്കോസ് 21 : 17, മത്തായി 24 : 13.

എല്ലാവരും പകയ്ക്കുമ്പോൾ ഭാരപ്പെടരുത്, നിരാശപ്പെടരുത്, തളരരുത്. നിങ്ങളെക്കുറിച്ച് ഇല്ലാത്ത കാര്യങ്ങൾ അപവാദമായി പറഞ്ഞുപരത്തി എന്നു വരും. ഒട്ടേറെ പ്രശ്നങ്ങളെ അതിജീവിക്കേണ്ടിവരും. അനേകമനേകം യാതനകളിൽക്കൂടി കടന്നുപോകേണ്ടിവരും. പക്ഷേ, തളരരുത്. കാരണം, ക്രിസ്തീയ ജീവിതം കുരിശിന്റെ വഴിയാണ്.

സ്വന്തപ്പെട്ടവരെന്നു വിചാരിക്കുന്നവർപോലും ഓടിമാറുന്ന ഒരു പാതയാണിത്. മൂന്നരക്കൊല്ലം കൂടെ നടന്ന ശിഷ്യന്മാരിൽ യോഹന്നാൻശ്ലീഹാ ഒഴികെ ബാക്കി ആരെയും ക്രൂശിന്റെ താഴ്വരയിൽ കാണുന്നില്ല. സന്ദർഭം വന്നപ്പോൾ എല്ലാവരും വിട്ടേച്ചുപോയി. അവർക്ക് വിശ്വാസമില്ലാത്തതുകൊണ്ടല്ല, യേശുവിനോട് സ്നേഹം ഇല്ലാത്തതുകൊണ്ടുമല്ല. സന്ദർഭം വന്നപ്പോൾ അതിനെ നേരിടാനുള്ള കരുത്ത് അവർക്കില്ലാതെ പോയി. എന്താണ് ക്രിസ്തുവിന്റെ പിന്നാലെ പോവുക എന്ന് അവർക്ക് മനസ്സിലാക്കാൻ സാധിക്കാതെ പോയി.

ഇത് മുള്ളിന്റെ പാതയാണ്! മുള്ളുപാകിയിരിക്കുന്ന പാത! It is not a bed of roses! ഇത് പുഷ്പശയ്യയല്ല! പൂമെത്തയല്ല!

ഇത് path of thorns - മുള്ളുകളുടെ പാതയാണ്.

ഞാനും ഒരു കാലത്ത് ധരിച്ചിരുന്നു, ഞാൻ മാനസാന്തരപ്പെട്ടു, പിന്നെ പ്രയാസങ്ങളൊന്നുമില്ലല്ലോ. രോഗം വരില്ലല്ലോ, കഷ്ടപ്പാടുകൾ മാറിയല്ലോ. മരണം വഴിമാറിപ്പോയല്ലോ. അഞ്ചുമരണം നടന്ന വീട്ടിൽ ജനിച്ച എനിക്ക് മരണം ഒരു ഭീതിവിഷയം തന്നെയായിരുന്നു. പക്ഷേ, ക്രിസ്തീയജീവിതത്തിലേക്ക് വന്നാൽ അതൊന്നും വരില്ലല്ലോ. ഒരു സമയം വരെയും ഇങ്ങനെയെല്ലാമുള്ള ചിന്തകളാണ് ഞാൻ പുലർത്തിക്കൊണ്ടിരുന്നത്.

എന്നാൽ ഞാൻ ക്രിസ്തുവിനായി ജീവിതം വേർതിരിച്ചു കർത്താവിന്റെ വേല ചെയ്യാമെന്ന് വിചാരിച്ചപ്പോഴേക്കുമാണ് എതിർപ്പുകൾ വന്നത്. ഒരിക്കലും പ്രതീക്ഷിക്കാത്ത സ്ഥാനങ്ങളിൽ നിന്ന് എതിർപ്പുകൾ വരുന്നു, ആക്രമണങ്ങൾ വരുന്നു, തെറ്റിദ്ധാരണകൾ വരുന്നു. എന്നെ അപഹസിക്കുന്നു, ആക്ഷേപിക്കുന്നു, പുച്ഛിക്കുന്നു, തുച്ഛീകരിക്കുന്നു. എന്നെ മാറ്റി നിർത്തുന്നു.

ഇതൊക്കെ വന്നപ്പോൾ ആദ്യം എനിക്ക് വെപ്രാളമുണ്ടായി. തീർച്ചയായിട്ടും ഒരു വിഷമമുണ്ടായി. എത്രയോ മാന്യമായി ജീവിക്കാമായിരുന്നു എനിക്ക്! ഞാൻ ചിന്തിച്ചതാണ്. ദൈവം കൃപയാൽ എല്ലാം തന്നിട്ടുണ്ട്. എനിക്കും ഭാര്യക്കും ജോലിയുണ്ട്. ജീവിക്കാൻ നെല്ലുണ്ട്, പാടമുണ്ട്, കൃഷിയുണ്ട്. വേറെ പ്രശ്നങ്ങളൊന്നുമില്ല.

പക്ഷേ, എതിർപ്പുകൾ വന്നപ്പോൾ, പലരും പരിഹസിച്ചപ്പോൾ, പലരും ആക്ഷേപിച്ചപ്പോൾ, ഞാൻ നിഷ്ക്കളങ്കമായി പെരുമാറിയ ആളുകൾ ചിലർ എന്നെ അതല്ലാത്ത വിധത്തിൽ കണ്ടപ്പോൾ, അപ്പോഴെല്ലാം ഉള്ളിൽ വേദനയുണ്ടായി.

ഒരിക്കൽ ഞാൻ വചനശുശ്രൂഷയ്ക്കായി തനിയെ പ്രാർത്ഥിച്ച് ഒരുങ്ങുന്ന സമയം. മനസ്സിൽ ഭാരങ്ങളുണ്ട്. എന്റെ വിദ്യാർത്ഥികൾപോലും എന്നെ കളിയാക്കുന്നല്ലോ, എന്റെ

കൂടെ ജോലിചെയ്യുന്നവർ എന്നെ പരിഹസിക്കുന്നല്ലോ, ഇതൊക്കെ എന്റെ മനസ്സിലുണ്ട്. പെട്ടെന്ന് ഒരു വാക്യം മനസ്സിലേക്ക് വന്നു. പലപ്പോഴും വായിച്ചിട്ടുള്ള വാക്യമാണ്.

> *"എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ."* *മത്തായി 5 : 11, 12*

പെട്ടെന്ന് ഞാൻ അവിടെ സ്തംഭിച്ചുനിന്നു. സ്ഥലമോ സാഹചര്യമോ നോക്കിയില്ല ഞാൻ ദൈവത്തെ സ്തുതിച്ചു. കാരണം, എനിക്കു ധൈര്യമായി. എന്തെല്ലാം ഇവിടെ വന്നാലും യേശുക്രിസ്തുവിന്റെ പിന്നാലെയാണ് ഞാൻ പോകുന്നത് എന്നുള്ളതിന് മാറ്റമൊന്നുമില്ലല്ലോ. തീർച്ചയായിട്ടും മാറ്റമില്ല, ഉറപ്പാണ്. കർത്താവിന്റെ വേലയ്ക്കാണ് ഞാൻ ഇറങ്ങിയിരി ക്കുന്നത്. അതും എനിക്കുറപ്പാണ്.

എന്തെല്ലാം പ്രയാസങ്ങൾ നേരിട്ടാലും വിഘ്നങ്ങൾ വന്നാലും എതിർപ്പുകൾ വന്നാലും പരിഹാസങ്ങൾ വന്നാലും അത് എന്റെ നന്മയ്ക്കായി, കർത്താവ് എനിക്കു പ്രതിഫലം തരാനായി മാറ്റിവച്ചിരിക്കുന്നതാണ്. അതെല്ലാം എനിക്ക് സ്വർണ്ണക്കിരീടങ്ങളാണ്, നിത്യതയിലേക്കുള്ള തങ്കക്കിരീടങ്ങളാണ് എന്നു ഞാൻ മനസ്സിലാക്കിയപ്പോൾ ഞാൻ അറിയാതെ ദൈവത്തെ സ്തുതിച്ചുപോയി. ഭാഗ്യം! അതിനുശേഷം ഒരിക്കലും ആളുകൾ ആക്ഷേപിക്കുമ്പോൾ എനിക്കു പ്രയാസം തോന്നിയിട്ടില്ല. ഇല്ലാത്തതു പറയുമ്പോൾ എനിക്ക് ബുദ്ധിമുട്ട് തോന്നിയിട്ടില്ല. കാരണം, എനിക്കറിയാം, പ്രതിഫലം കൂടിക്കൊണ്ടിരിക്കുന്നു.

ക്രിസ്തീയജീവിതം നിങ്ങൾ ധരിക്കുന്നതുപോലെയുള്ള ജീവിതമല്ല. ക്രിസ്തുപോയതു പോലെയുള്ള ജീവിതമാണ്. "അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു

പോയിരിക്കുന്നു.” (1 പത്രോസ് 2 : 21)

ഇപ്പോൾ നിങ്ങൾക്ക് കർത്താവിനോടു പറയാം: കർത്താവേ, അങ്ങനെയുള്ള ഒരു ജീവിതത്തിന് എനിക്ക് സമ്മതമാണ്. നിന്റെ പിന്നാലെ വരുമ്പോൾ ഏതു കഷ്ടതയും ഏത് എതിർപ്പും ഏത് അപമാനവും സഹിക്കാനും വഹിക്കാനും സമ്മതമാണ്. ഏതു രോഗവും ഏതെല്ലാം പ്രതിസന്ധികളും ഏതെല്ലാം കഷ്ടനഷ്ടങ്ങളും എന്തെല്ലാം വന്നാലും കർത്താവേ, നിന്നോട് പറഞ്ഞ വാക്കിൽനിന്ന് ഞാൻ പിന്മാറുകയില്ല. “യഹോവയോടു ഞാൻ പറഞ്ഞുപോയി എനിക്ക് പിന്മാറിക്കൂടാ.” (ന്യായാധിപന്മാർ 11 : 35)

ക്രിസ്തീയജീവിതം എന്നും തകർന്ന ഹൃദയത്തിന്റെ ജീവിതമാണ്. എന്നും താഴ്മയുള്ള ജീവിതമാണ്. എന്നും നുറുങ്ങിയ മനസ്സിന്റെ ജീവിതമാണ്. എന്നും അനേകമനേകം പ്രതിസന്ധികളെ അതിജീവിച്ചുപോകാനുള്ള ജീവിതമാണ്. പ്രതിസന്ധികളെ അഭിമുഖീകരിക്കാനുള്ള ജീവിതമാണ്.

നിങ്ങളുടെ പല ആശകളും നടന്നില്ല എന്നു വരും. ഒരു കുഞ്ഞിനെ വേണമെന്ന് ആശിച്ചു, നടന്നില്ല എന്നു വരും. അതുകൊണ്ട് ക്രിസ്തീയജീവിതം ഇട്ടേച്ചുപോകാൻ പാടില്ല. കുഞ്ഞുണ്ടായില്ലേ? ദൈവത്തിനറിയാം എന്താണെന്ന്. വേണമെങ്കിൽ തരാൻ കർത്താവ് ശക്തനാണ്. നിങ്ങൾ അപേക്ഷിക്കണം, യാചിക്കണം. കർത്താവേ, എന്റെ ആഗ്രഹം ഇതാണ്. എനിക്ക് ഈ ഭൂമിയിൽ ഒരു ഓമനപ്പൈതലിനെ ലാളിക്കാൻ ആഗ്രഹമുണ്ട്. എന്റെ ആഗ്രഹം നീ അറിയുന്നുണ്ടല്ലോ. നിനക്ക്, വേണമെങ്കിൽ ചെയ്തുതരാൻ സാധിക്കും. കാരണം, നിനക്ക് അസാദ്ധ്യമായിട്ട് ഒന്നുമില്ല.

ഒരിക്കൽ ഒരു ദൈവദാസിയുടെ സാക്ഷ്യം കേട്ടു. വിവാഹശേഷം ക്യാൻസർ ബാധിച്ചു. ഗർഭപാത്രത്തിലെ ക്യാൻസർ ആയിരുന്നു. വളരെ കൂടുതലായി. ജീവിതം കിട്ടുമോ എന്നു സംശയിച്ചു. ഭാഗ്യവശാൽ ചികിത്സ ചെയ്തു,

ഗർഭാശയം മാറ്റിക്കളഞ്ഞു, എങ്കിലും ജീവിക്കാൻ പറ്റി. അവർ പറഞ്ഞു: ഇപ്പോൾ എനിക്കു രണ്ടു മക്കളുണ്ട്! ഞാൻ അത്ഭുതപ്പെട്ടുപോയി. ഗർഭപാത്രമില്ല. അത് ഡോക്ടർമാർ എടുത്തുമാറ്റി. പിന്നെ രണ്ടുമക്കളുണ്ടായി!

മനുഷ്യർ വിചാരിച്ചാൽ മനസ്സിലാവുകയില്ല ഇതെന്താണെന്ന്. ഇതൊക്കെ ചില അത്ഭുതങ്ങളാണ്. മനുഷ്യർക്ക് ചിന്തിക്കാൻ വയ്യാത്ത അത്ഭുതങ്ങൾ! മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല!

നിങ്ങൾ ദൈവത്തോട് പറയണം: എന്റെ ജീവിതത്തിൽ ഒരത്ഭുതം നടക്കണം. ഒന്നാമത്തെ അത്ഭുതം എന്താണ്? യേശുവിനായി ജീവിതം വേർതിരിക്കുക എന്ന മഹാത്ഭുതം. ക്രിസ്തുവിന്റെ പിന്നാലെ പോകാനുള്ള തീരുമാനമെടുക്കാനുള്ള മഹാത്ഭുതം. ഏത് സാഹചര്യത്തിലും യേശുക്രിസ്തുവിന്റെ പിന്നാലെ പോകും എന്ന് തീരുമാനമെടുക്കുന്ന മഹാത്ഭുതം.

സഹോദരങ്ങളേ, പ്രയാസങ്ങളുടെയും ദുരിതങ്ങളുടെയും കഷ്ടപ്പാടിന്റെയും മദ്ധ്യത്തിൽ സ്തോത്രം പാടാനുള്ള കഴിവ്, പ്രയാസങ്ങളുടെ മദ്ധ്യത്തിൽ ചിരിക്കാനുള്ള ശക്തി, സ്വർഗ്ഗത്തിലെ ദൈവം നിങ്ങൾക്ക് തരും.

# പതിമൂന്ന്

*"ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്ക് വേണ്ടിയത്: പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ; ആ മഹാപുരോഹിതന്മാരെപ്പോലെ ആദ്യം സ്വന്തപാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നേ. അത് അവൻ തന്നെത്താൻ അർപ്പിച്ചുകൊണ്ട് ഒരിക്കലായിട്ടു ചെയ്തുവല്ലോ."*

*എബ്രായർ 7 : 26, 27*

ഇത്രയും ഉന്നതനായ രാജാധിരാജൻ, അവൻ നമ്മുടെ പ്രിയനാണ്. അവൻ എന്റെ യേശുവാണ്. ഇതാണ് നമ്മുടെ ധൈര്യം. അവനെന്റെ കർത്താവാണ്. അവനെന്റെ യജമാനനാണ്. അവനെന്റെ അപ്പനാണ്. അവനെന്റെ വീണ്ടെടുപ്പുകാരനാണ്. അവനെന്റെ നിധിയാണ്. അവനെന്റെ സമ്പത്താണ്. അവനെന്റെ പ്രിയരിൽ പ്രിയനാണ്. അവനെനിക്ക് ജീവന്റെ ജീവനാണ്. അവനെന്റെ ആത്മാവിന്റെ ഉടയവനാണ്. അവനെന്നെ നേർവഴിയിൽ നടത്തുന്നവനാണ്. അവനെന്നെ ആഴമുള്ള കുഴിയിൽനിന്ന് കോരിയെടുത്തവനാണ്. കുഴഞ്ഞ ചേറ്റിൽ താണുകൊണ്ടിരുന്ന എന്നെ പൊക്കിയെടുത്തവനാണ്. അധ:പതിച്ചുപോയ എന്നെ ഉയർത്തിയവനാണ്. എനിക്ക് അഡ്രസ്സ് തന്നവനാണ്.

ഈ നിസ്സാര പാപിയെ കാണാൻ തിരുമനസ്സായ

ദൈവസ്നേഹമേ, നിനക്കു വന്ദനം. നിനക്ക് സ്തുതി. നിനക്ക് ആരാധന. ഈ നിസ്സാരനായ എന്നെ, വിലകെട്ടവനായ എന്നെ നീ നിന്റേതാക്കിത്തീർത്തല്ലോ. എന്തൊരു ഭാഗ്യം!

> *"ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വത വാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായ വൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ള വരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു." യെശയ്യാവ് 57 : 15*

ഞാൻ ശാശ്വതവാസിയാണ്, ഉയർന്നിരിക്കുന്നവനാണ്, സ്വർഗ്ഗാധിസ്വർഗ്ഗങ്ങൾക്ക് അടക്കാൻ വയ്യാത്ത അത്ര ഔന്നത്യത്തിൽ വസിക്കുന്നവനാണ്. നിത്യതേജോമയനാണ്. അണ്ഡകടാഹത്തെ മുഴുവൻ നിർമ്മിച്ച് അതിന്റെ സ്ഥാനത്ത് ആക്കിയവനാണ്. ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും നക്ഷത്രരാശികളെയും നിർമ്മിച്ച് അതാതിന്റെ സ്ഥാനത്ത് നിർത്തിയവനാണ്. ഉന്നതനായ ദൈവം! അഖിലാണ്ഡത്തെ മുഴുവനും കൈകൊണ്ട് മെനഞ്ഞവനായ ദൈവം! നിത്യനായ ദൈവം! ഈ ദൈവം മനസ്താപമുള്ളവരുടെ ഹൃദയത്തിൽ വസിക്കുന്നു. തകർന്നിരിക്കുന്നവരുടെ ഹൃദയത്തിൽ വസിക്കുന്നു.

നാം താഴ്മയുള്ളവരാകണം, വിനയമുള്ളവരാകണം. എന്തെല്ലാം നേട്ടങ്ങൾ കിട്ടിയാലും എത്ര ഉയർന്നാലും നാം വിനയമുള്ളവരായിരിക്കണം. കർത്താവേ, നീ ഇല്ലെങ്കിൽ ഞാൻ പൂജ്യം. നാഥാ, അവിടുന്ന് എന്റെ ജീവിതത്തിൽ ഇല്ലെങ്കിൽ ഞാൻ വെറും പൂജ്യം. ഒരു വിലയുമില്ല.

യേശു എന്ന ഒന്ന് ആദ്യം ഇട്ടിട്ടാണ് പൂജ്യം വരുന്നതെങ്കിൽ പത്താകും. ഞാൻ പൂജ്യമാണ്. പക്ഷേ, ആദ്യം യേശുവന്നാൽ

ഞാൻ വിലയുള്ളവനാണ്. ഒന്ന് പത്തായി. ഒരു പൂജ്യം കൂടി ഇടുന്നു നൂറ് ആയി. ഒരു പൂജ്യം കൂടി ഇടുന്നു, ആയിരമായി. ഒരു പൂജ്യം കൂടി ഇടുന്നു, പതിനായിരമായി.

യേശുക്രിസ്തു നിങ്ങളുടെ ഉള്ളത്തിൽ വന്നാൽ നിങ്ങൾ വിലയുള്ളവരാകും. നിങ്ങൾ ഭാഗ്യശാലികളായി മാറും. നിരാശകൾ മാറിപ്പോകും. വാട്ടങ്ങൾ മാറിപ്പോകും. ക്ലേശങ്ങൾ മാറിപ്പോകും. നിങ്ങളുടെ ഹൃദയത്തിൽ നിതാന്തശാന്തി കതിരിടും.

ക്രിസ്തു വസിക്കുമ്പോൾ അതിന്റെ ഫലങ്ങൾ പ്രവൃത്തിയിൽക്കൂടി വെളിപ്പെടും. വാക്കിൽക്കൂടി വെളിപ്പെടും. ക്രിസ്തു എന്റെ ഉള്ളിൽ വസിക്കുന്നുണ്ടെങ്കിൽ എന്റെ വാക്കുകളിൽ ആർദ്രതയുണ്ടായിരിക്കും. ഓരോ പെരുമാറ്റത്തിലും സവിശേഷതയുണ്ട്. ജീവിതം തന്നെ ചിട്ടപ്പെട്ടതായിത്തീരും. അലങ്കോലപ്പെട്ട ജീവിതമല്ല. കാരണം, ജീവിതത്തെ നിയന്ത്രിക്കുന്നത് ക്രിസ്തുവാണ്.

താഴ്മയുള്ളവരുടെ ഹൃദയത്തിൽ ക്രിസ്തു വസിക്കും. ജീവിതത്തിൽ ആകെയൊരു മാറ്റമുണ്ടാകും. യോഗത്തിന് വരുമ്പോൾ മാറ്റമുണ്ട്. ദൈനംദിന ജീവിതത്തിൽ മാറ്റമുണ്ടോ? ചിന്തിക്കൂ. വീട്ടിൽ മാറ്റമുണ്ടോ? പിള്ളേർ എന്തെങ്കിലും ബഹളമുണ്ടാക്കുമ്പോൾ അവരെ പ്രാകുക, ശപിക്കുക. തെറ്റാണത്. ഒരിക്കലും ചെയ്യരുത്. ഏതെങ്കിലും തെറ്റുകുറ്റങ്ങൾ വന്നാൽതന്നെയും നിങ്ങൾ സ്നേഹത്തോടെ കാണണം. അവരെ സ്നേഹത്തോടെ ശാസിക്കണം. സ്നേഹത്തോടെ ശിക്ഷിക്കുകയും ചെയ്യാം, കുഴപ്പമില്ല. പക്ഷേ, അവരുടെ ഉള്ളിലുള്ള പിശാചിനെയാണ് ശിക്ഷിക്കുന്നത്.

കുട്ടികൾ തെറ്റായ വഴിക്ക് പോകുമ്പോൾ ശിക്ഷിച്ചെങ്കിലേ ചിലപ്പോൾ നേർവഴിക്കു വരികയുള്ളൂ. ശിക്ഷിക്കുന്നത് കുഞ്ഞിനെയല്ല, അവന്റെ ഉള്ളിൽ കുടിയിരിക്കുന്ന പിശാചിനെയാണ്. ഇതൊക്കെ നിങ്ങൾ ആത്മാവിൽ

മനസ്സിലാക്കണം.

യേശു ഉള്ളിൽ വസിക്കുമ്പോൾ ഹൃദയത്തിൽ എപ്പോഴും ഒരു ശാന്തതയുണ്ടായിരിക്കും. ഒന്നിലും ബഹളം വയ്ക്കുകയില്ല, ഒച്ചപ്പാടുണ്ടാക്കുകയില്ല. ഒന്നിലും അഹങ്കാരം വരികയില്ല. അനേകം വിശ്വാസികൾ വീഴുന്നത് അഹങ്കാരത്തിലാണ്. എനിക്ക് ഇന്ന കാര്യത്തിൽ കൂടുതൽ നിശ്ചയമുണ്ടെന്നോ, പ്രാപ്തിയുണ്ടെന്നോ ഉള്ള ചിന്തകൾ. മോനേ, നിന്റെ പ്രാപ്തി എന്തുണ്ട്? ദൈവം തന്ന കൃപയല്ലേ? ദൈവത്തിന്റെ കൃപ മാറിപ്പോയാൽ ഞാൻ വെറും കരിക്കട്ട. എവിടെക്കൊണ്ടു വച്ചാലും അവിടെ കരിപിടിക്കും. എന്നാൽ യേശുക്രിസ്തു ഉണ്ടെങ്കിലോ നീ തീക്കനലാണ്.

പരീക്ഷാഹാളിൽ ചെന്നിരിക്കുമ്പോൾ സ്വർഗ്ഗത്തിലെ ജീവനുള്ള ദൈവത്തിന്റെ കരം നിന്റെ കൈയിൽ പിടിച്ചിരിക്കും. ഓഫീസിലിരുന്ന് ജോലി ചെയ്യുമ്പോൾ, നൂലാമാല പിടിച്ച ജോലിയാണെങ്കിലും വളരെ ക്ലേശമുള്ള ജോലിയാണെങ്കിലും യേശുക്രിസ്തു അവിടെ പരിഹാരം തന്ന് ആ ജോലിയിൽ ഏറ്റവും വിശ്വസ്തമായി നില്ക്കാനുള്ള കൃപ നൽകും.

എബ്രാഹാം ലിങ്കൺ യേശുക്രിസ്തുവിനെ മാനിച്ച അനുഗൃഹീതനായ അമേരിക്കൻ പ്രസിഡന്റായിരുന്നു.

എയ്സൻ ഓവർ, വളരെ ഉന്നതമായ സ്ഥാനത്തിരുന്ന് ദൈവത്തെ മാനിച്ചിരുന്നു. ഡാക് ഹാമർഷീൽഡ്, ദൈവത്തെ മാനിച്ച മനുഷ്യനായിരുന്നു.

നിങ്ങളെല്ലാവരും ദൈവത്തെ മാനിക്കുന്നവരാകണം. ദൈവത്തെ മാനിച്ചാൽ ദൈവം നിങ്ങളെ വാലല്ല, തലയാക്കും. (ആവർത്തനം 28 : 13). ക്രിസ്തുവിനെ സേവിച്ചുനോക്കൂ. നിങ്ങളെ എല്ലാ രംഗത്തും ഐശ്വര്യമായി അവൻ നടത്തും. ഈ ഭൗതികമായ ജീവിതത്തിൽ നിങ്ങൾക്ക് കാമ്പും കരുത്തും ശക്തിയും ബലവും തരും. നിങ്ങളുടെ ജീവിതം

അനുഗൃഹീതമായിത്തീരും, ശോഭനമായിത്തീരും. കുടുംബ ജീവിതം ഭദ്രമായിത്തീരും. ഭാര്യയും ഭർത്താവും ഒരു ഹൃദയമായിത്തീരും. മാതാപിതാക്കളും മക്കളും ഒരു ഹൃദയമായിത്തീരും. സഹോദരങ്ങൾ തമ്മിൽ ഒരു ഹൃദയമായിത്തീരും.

സ്നേഹം നിറയും. സ്നേഹം വാഴും. നിങ്ങളുടെ ജീവിതത്തിൽ വാസ്തവമായ സ്നേഹമുണ്ടോ? സഹോദരികളേ, നിങ്ങൾ ഭർത്താവിന് പൂർണ്ണമായി വിനയപ്പെട്ടിരിക്കുന്നുണ്ടോ? പൂർണ്ണമായി കീഴ്പ്പെട്ടിരിക്കുന്നുണ്ടോ? ഒരു പക്ഷേ, ഭർത്താവിനു ചില ബലഹീനതകൾ ഉണ്ടെങ്കിലും നിങ്ങൾ ഒരു കൈത്താങ്ങൽ കൊടുക്കുന്നുണ്ടോ? അതോ, എന്നും അദ്ദേഹത്തെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുകയാണോ? അദ്ദേഹത്തെ നിശിതമായി വിമർശിച്ചുകൊണ്ടിരിക്കുകയാണോ? അദ്ദേഹത്തോട് ധിക്കാരം കാണിക്കുകയാണോ? ഒരിക്കലും പാടില്ല.

ഭാര്യക്ക് ചില ബലഹീനതകളുണ്ടോ? ഏതെങ്കിലും ചില പോരായ്മകളുണ്ടോ? നിങ്ങൾ കൈത്താങ്ങൽ കൊടുക്കണം. സ്നേഹപൂർവ്വം, മധുരമായ സംഭാഷണംകൊണ്ട്, മധുരമായ വാക്കുകൾകൊണ്ട് അവളെ യഥാസ്ഥാനപ്പെടുത്തണം. അതാണ് ദൈവിക വഴി.

മക്കൾ വഴിതെറ്റിപ്പോവുകയാണോ? അവരെ പെട്ടെന്ന് ശാസിക്കുകയോ, ശിക്ഷിക്കുകയോ ഒന്നും ചെയ്യരുത്. അവർക്ക് സ്നേഹം കൊടുക്കുക. അനേകം ആൺകുട്ടികളും പെൺകുട്ടികളും വഴിതെറ്റിപ്പോകുന്നതിന് കാരണം അവർക്ക് സ്നേഹം കിട്ടാത്തതാണ്. എപ്പോഴും അവരെ പിടിച്ചു കെട്ടിയിട്ടിരിക്കുന്നതുപോലെ, ജയിലിൽ ഇട്ടിരിക്കുന്നതുപോലെയൊക്കെയാണ് അവരോട് പെരുമാറുന്നത്.

അവരുടെ പ്രായത്തിൽ സ്വാഭാവികമായും അവർക്കു വേണ്ട സ്വാതന്ത്ര്യം കിട്ടിയില്ലെങ്കിൽ അവർക്ക് repulsion –

എതിർപ്പുവരും. അവർ rebellious ആകും. അതിനിട കൊടുക്കരുത്. അവരെ സ്നേഹിക്കണം. "പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കരുത്" എന്ന് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. മക്കളെ കോപിപ്പിക്കരുത്. (എഫെസ്യർ 6:4)

നിങ്ങളുടെ ജീവിതം സ്നേഹോഷ്മളമായിരിക്കണം. എല്ലാ രംഗങ്ങളിലും സ്നേഹം കൊടുക്കുന്നവരായിരിക്കണം. സ്നേഹം വാങ്ങുന്നവരല്ല, കൊടുക്കുന്നവരായി*ത്തീരണം.*

*"ദൈവം നിഗളികളോട് എതിർത്തുനിൽക്കുകയും താഴ്മയുള്ളവർക്കു കൃപ നൽകുകയും ചെയ്യുന്നു."*
*യാക്കോബ് 4 : 6*

താഴ്മയുള്ളവർക്കാണ് കൃപ. താഴ്മ വേണം. വിനയം, സൗമ്യത, എളിമ, അതൊക്കെ ആയിരിക്കട്ടെ നിങ്ങളുടെ ആഭരണങ്ങൾ.

നിങ്ങൾ എവിടെയെങ്കിലും exceed ചെയ്ത് നല്ലരീതിയിൽ നിന്നു എന്നിരിക്കട്ടെ. എന്നാൽ അതിൽ നിങ്ങൾ അഹങ്കരിക്കരുത്. നിങ്ങൾക്ക് അങ്ങനെ നല്ല രീതിയിൽ നില്ക്കാനും നിങ്ങളുടെ ജീവിതം excellent ആയിത്തീരാനും ഇടയായിത്തീർന്നത് ദൈവത്തിന്റെ കൃപകൊണ്ടാണ്.

പൗലോസ്ശ്ലീഹാ അങ്ങനെ ആയിരുന്നു. എല്ലാറ്റിനും ദൈവകൃപയിലാണ് ആശ്രയിച്ചത്. കർത്താവേ, എനിക്കിന്ന് സംസാരിക്കാൻ കഴിഞ്ഞത് നിന്റെ കൃപയാണ്. എനിക്കിന്ന് കണ്ണുകാഴ്ച തന്നത് കൃപയാണ്. എന്റെ കൈകൾക്ക് ബലം തന്നത് നിന്റെ കൃപയാണ്. എന്റെ പ്രായത്തിലോ അതിൽ കുറഞ്ഞോ പ്രായമുള്ളവർ അനേകർ കൈയ്ക്ക് ബലമില്ലാതിരിക്കുന്നു! എത്രയോ പേർ അന്ധരായിരിക്കുന്നു! എത്രയോപേർ കാതു കേൾക്കാതിരിക്കുന്നു! എത്രയോ പേർ ഊമരായിരിക്കുന്നു!

ചിന്തിച്ചാൽ കൃപയെ ഓർത്ത് സ്തുതിക്കാനേയുള്ളൂ.

ഓരോന്നോരോന്ന് എടുത്തെടുത്ത് വർണ്ണിച്ചു സ്തുതിക്കാം. കർത്താവേ, എല്ലാറ്റിനായും ഞാൻ നിന്നെ സ്തുതിക്കുന്നു. സ്നേഹിതാ, നിനക്ക് ഒരു ഡിഗ്രി കിട്ടിയെങ്കിൽ ദൈവം തന്ന കൃപയാണ്, നിന്റെ കഴിവുകൊണ്ടല്ല. എവിടെയെങ്കിലും ഔന്നത്യം പ്രാപിച്ചാൽ ദൈവം തന്ന കൃപയാണ്. നിങ്ങൾ കൃപക്കുവേണ്ടി യാചിക്കണം. കർത്താവേ, എനിക്ക് എളിമയുള്ള ഹൃദയം തരണമേ. ഒന്നിലും ഉയരാനില്ല. പൊങ്ങച്ചം നടിക്കാനില്ല. എല്ലാം കൃപമാത്രം.

നമുക്കീ വചനം വായിക്കാൻ ഇടയാകുന്നതും കൃപ! ദൈവത്തിന്റെ വചനം കേൾക്കാൻ ഇടയാകുന്നതും കൃപ! നമുക്ക് ഒരു തീരുമാനമെടുക്കാൻ സാധിക്കുന്നത് കൃപ! സമർപ്പണം നമ്മുടെ ഹൃദയത്തിൽ വരുന്നത് കൃപ! ഞാൻ ഇതുവരെ ജീവിച്ചതുപോലെ പോരാ, മാറ്റം വന്നു ജീവിക്കണമെന്ന് തോന്നുന്നത് കൃപ! എല്ലാം ദൈവത്തിന്റെ കൃപ! എല്ലാറ്റിന്റെയും ഉത്തരവാദി ദൈവം മാത്രം. ക്രിസ്തുമാത്രം!

ആ ക്രിസ്തുവാണ് നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്നത്. നിങ്ങൾ താഴ്മയുള്ളവരാകുവിൻ. അവൻ താഴ്മയുള്ളവരോടുകൂടെ വസിക്കുന്നു.

*''കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയർത്തും.''*

*യാക്കോബ് 4 : 10*

*"അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റ ബലമുള്ള കൈക്കീഴെ താണിരിപ്പിൻ."*

*1 പത്രോസ് 5 : 6*

താഴ്മ വരണം. വിനയം വരണം. തക്കസമയം വരുമ്പോൾ കർത്താവ് ഉയർത്തും. നാമായിട്ട് ഉയരണ്ട. തന്നത്താൻ ഉയർത്തണ്ട. തന്നത്താൻ ഉയർത്താൻ നോക്കിയാൽ നാം വീണുപോകും, താണുപോകും.

എന്റെ ദൈവം എനിക്ക് എന്തു തരുന്നോ അത് സന്തോഷം. കർത്താവേ, നീ എന്നെ എവിടെ ആക്കുന്നോ സന്തോഷം. മുഴുവൻ അധികാരം നിന്റെ കൈയിലാണ്. ഒരിക്കൽ ഞാൻ എന്റെ ജീവിതം നിനക്കു തന്നില്ലേ? എന്റെ ജീവിതത്തിന്റെ മുഴുവൻ അധികാരവും നിന്നെ ഏല്പിച്ചില്ലേ? ഇനി എന്റെ കാര്യം ഞാനല്ല, നീയാണ് നോക്കുന്നത്. എന്റെ കുടുംബത്തിന്റെ കാര്യം, എന്റെ മക്കളുടെ കാര്യം ഞാനല്ല, എന്റെ ശുശ്രൂഷയുടെ കാര്യം ഞാനല്ല, നീയാണ് നോക്കുന്നത്. എല്ലാം യേശുവേ നിന്റേതുമാത്രം.

ശാശ്വതവാസിയായ ദൈവം! മോശയുണ്ടായിരുന്നു; കാലം തികഞ്ഞപ്പോൾ മോശ ഭൂമിയിൽ നിന്നു മാറ്റപ്പെട്ടു. യോശുവയുണ്ടായിരുന്നു. യോശുവയും കാലം തികഞ്ഞപ്പോൾ പോയി. അനേകം ഭക്തന്മാരായ പ്രവാചകന്മാരുണ്ടായിരുന്നു. ഏലിയാവുണ്ടായിരുന്നു, എലീശയുണ്ടായിരുന്നു, ശമൂവേൽ പ്രവാചകനുണ്ടായിരുന്നു, ദാവീദ്‌രാജാവുണ്ടായിരുന്നു. അവരൊക്കെ അവരവരുടെ കാലം തികച്ചു പോയി. പക്ഷേ, അനാദികാലത്ത് ഈ ഭൂമിയെ നിർമ്മിച്ചവനായ ദൈവം ഇന്നും ജീവിക്കുന്നു. അവൻ ഉന്നതനാണ്. അവൻ ശാശ്വതവാസിയാണ്.

ഈ ദൈവത്തെ നിങ്ങൾക്കൊന്നു തന്നത്താൻ അനുഭവിക്കാൻ പറ്റുമോ? ജീവനുള്ള ദൈവം! ആരെല്ലാം മാറിയാലും അവൻ മാറുകയില്ല. മനുഷ്യർ മാറും. സ്നേഹിതന്മാർ മാറും. കൂട്ടുകാർ മാറും.

“കൂട്ടുകാർ പിരിഞ്ഞിടും സോദരർ കൈവിടും
മാതാപിതാക്കളും മറന്നുപോകും
മരണത്തിൻ കൂരിരുൾ താഴ്‌വര കഴിവോളം
പിരിയാതെൻ കൂടവേ പാർത്തിടും താൻ.

നിത്യമാം സ്നേഹത്തിൻ ആഴമുയരവും
നീളവും വീതിയും ആരാഞ്ഞിടാ
ഇഷ്ടരിൽ നിന്നെല്ലാം തിരഞ്ഞെടുത്തോ എന്നെ

ശുദ്ധരോടൊത്തു വസിപ്പതിനായ്."

ഒരേയൊരു കാര്യം മാത്രം നിങ്ങൾ ഓർക്കുക. ആരെല്ലാം മറന്നാലും കർത്താവേ, ഇന്ന് നീ എന്റെ ഹൃദയത്തിൽ വസിക്കണമേ. താഴ്മയുള്ളവരുടെ ഹൃദയത്തിൽ വസിക്കുന്ന ദൈവമേ, മനോവിനയമുള്ളവരുടെ ഹൃദയത്തിൽ വസിക്കുന്ന ദൈവമേ, ഇന്ന് നീ എന്റെ ഹൃദയത്തിലേക്ക് വരണമേ. ഞാൻ പലപ്പോഴും തീരുമാനമെടുത്തിട്ടുണ്ട്. പക്ഷേ, ആ തീരുമാനം പാലിക്കാൻ പറ്റിയില്ല. പലപ്പോഴും നിന്നോട് ഞാൻ വാക്കുപറഞ്ഞതാണ്. പക്ഷേ, പിന്നെയും പുറകോട്ടു മാറി. ഞാൻ എന്റെ ജീവിതത്തിൽ എടുത്ത പല തീരുമാനങ്ങളും ലംഘിച്ചുപോയി.

ഒരു പ്രാവശ്യം കൂടി നിന്റെ കൃപയുടെ ശീതളകിരണങ്ങൾ എന്റെമേൽ വന്ന് പതിയണമേ. നിന്റെ കൃപയുടെ തണുത്ത രശ്മികൾ എന്റെമേൽ വന്നുപതിയണമേ. ഇപ്പോൾ തൃക്കരം എന്റെമേൽ നീട്ടണമേ. നാഥാ, ഞാനിതാ താഴുന്നു. അഭിമാനിക്കാൻ ഒന്നുമില്ല. അഹങ്കരിക്കാൻ ഒന്നുമില്ല. ഉള്ളതു നീ മാത്രം.

യേശുവേ, നീ മാത്രമാണെനിക്കുള്ളത്. നീയാണെന്റെ സ്വത്ത്. നീയാണെന്റെ സമ്പത്ത്. നീയാണെന്റെ രക്ഷകൻ. നീയാണെന്റെ വീണ്ടെടുപ്പുകാരൻ. നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തമാണ് എന്നെ വീണ്ടെടുത്തത്. കർത്താവേ, ഞാൻ വിശ്വസിക്കുന്നു. നിന്റെ കൈകളിൽനിന്നും കാലുകളിൽ നിന്നും ഒഴുകിയ തിരുരക്തം, ആ മുറിവുകളിൽനിന്ന് ഇന്ന് ഒഴുകിക്കൊണ്ടിരിക്കുന്ന തിരുരക്തം അതാണെന്നെ കഴുകി ക്കൊണ്ടിരിക്കുന്നത്. ഇന്നും എന്നെ ശുദ്ധീകരിക്കുന്നത്; നിന്റെ രാജ്യത്തിനു വേണ്ടി എന്നെ ഒരുക്കുന്നത്. ആ തിരുരക്തം ഇപ്പോൾ എന്റെമേൽ തളിക്കണമേ.

ഇപ്പോൾ നിന്റെ തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. എന്നെ കഴുകണമേ. എന്നെ വീണ്ടെടുക്കണമേ. എന്നെ

വിശുദ്ധീകരിക്കണമേ. എന്നെ നിന്റെ സ്വന്തമാക്കിത്തീർക്കണമേ.

ശത്രുവായ പൈശാചികന് അവകാശമുള്ള എല്ലാറ്റിൽ നിന്നും എന്നെ വിടുവിക്കണമേ, ദുഷ്ടപ്പിശാചിനെ എന്നിൽ നിന്ന് മാറ്റി, ശാശ്വതവാസിയായ ജീവനുള്ള ദൈവമേ, എന്റെ ഹൃദയത്തിൽ നീ വസിക്കണമേ.

നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ. നിങ്ങൾ കർത്താവിനോട് പറയൂ:

കരുണയുള്ള കർത്താവേ, എന്റെ ജീവിതം ഞാൻ നിനക്കു തരുന്നു. എന്റെ ഭാവി ഞാൻ നിന്നെ ഏല്പിക്കുന്നു. എന്റെ ദേഹവും ദേഹിയും ആത്മാവും അവിടുത്തെ കരങ്ങളിലേക്ക് ഞാൻ ഭരമേല്പിക്കുന്നു. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ
138. യഥാസ്ഥാനപ്പെടുവിൻ
139. ഭീരു ധീരനാകയോ?

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |